# ബൈബിൾഭാഷ്യം

## ദരിദ്രരോടുള്ള സദ്‌വാർത്ത

ദരിദ്രരോടുള്ള സദ്‌വാർത്ത:
ക്രിസ്തുസന്ദേശത്തിന്റെ സാമൂഹ്യാനുമാനങ്ങൾ

ജോർജ്ജ് എം. സഖാരസ് പ്രഭു എസ്. ജെ.

ഈശോയും ദരിദ്രരും യോഹന്നാന്റെ സുവിശേഷത്തിൽ

സാമുവേൽ രായൻ

സഭയും സാമൂഹ്യാവബോധവും
പൗലോസിന്റെ ലേഖനങ്ങളിൽ

ഫാ. തുരുത്തുമാലിൽ

ധനികരും ദരിദ്രരും യാക്കോബിന്റെ ലേഖനത്തിൽ

ഡോ. മാത്യു വെള്ളാനിക്കൽ

ബൈബിളും ആരാധനക്രമത്തിൽ



1978

സെപ്റ്റംബർ

www.malankaralibrary.com

# പത്രാധിപസമിതി

ചീഫ് എഡിററർ

മാത്യു വെള്ളാനിക്കൽ

അസി: എഡിററർ

ജോസഫ് കോട്ടയ്ക്കൽ

മാനേജിംഗ് എഡിററർ

തോമസ് കയ്യാലപ്പറമ്പിൽ

ബുക്ക്സ് റിവ്യൂ എഡിററർ

ജോർജ്ജ് മങ്ങാട്ട്

അസോ: എഡിറേറഴ്സ്

ജോൺ ബക്ക്മാൻസ്, പൂനാ
സി. എം. ചെറിയാൻ, ഡൽഹി
ജോർജ്ജ് കുന്താനം, ആലുവാ
ലൂസിയൻ ലെഗ്രാൻഡ്, ബാംഗ്ളൂർ
കെ. ലൂക്ക്, തൃശ്ശൂർ
ജോസഫ് പാത്രപാങ്കൽ, ബാംഗ്ളൂർ
ആർ. ജെ. രാജാ, തിരുച്ചിറപ്പള്ളി
ജോർജ്ജ് സ്വാരസ് പ്രഭു, പൂനാ
ജെ. എൻ. എം. വൈൻഗാർഡ്സ്, ന്യൂയോർക്ക്

എഡിറേറാറിയൽ അഡ്വൈസേഴ്സ്

റുഡോൾഫ് പെഷ്, ഫ്രാങ്ക്ഫർട്ട്, പ. ജർമ്മനി
ഇഞ്ഞാസ് ദ് ലാ പോത്തെരി, റോമാ, ഇററലി
റുഡോൾഫ് ഷ്നാക്കെൻബുർഗ്, വ്യൂർസ്ബർഗ്, പ. ജർമ്മനി
ബ്രൂസ് വോട്ടെർ, ഷിക്കാഗോ, അമേരിക്ക

പബ്ളീഷർ

മോൺ. സക്കറിയാസ് വാഴപ്പിള്ളി

www.malankaralibrary.com

## മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്കു്

ബൈബിൾഭാഷ്യത്തിനു് മാന്യവരിക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ പ്രോത്സാഹനങ്ങൾക്കും നിർദ്ദേശങ്ങൾക്കും, സഹകരണത്തിനും ഞങ്ങൾ അതീവകൃതജ്ഞരാണു്. എന്നാൽ ഒരു കാര്യം ഇത്തരുണത്തിൽ ഓർമ്മിപ്പിക്കട്ടെ. പേപ്പറിന്റെ വിലയും, അച്ചടിനിരക്കും, തപാൽ കൂലിയും കഴിഞ്ഞ വർഷത്തെയപേക്ഷിച്ചു് ഈ വർഷം കൂടുതലാണു്. അതുകൊണ്ടു് 'ഭാഷ്യ'ത്തിന്റെ വരിസംഖ്യ അടുത്ത വർഷം മുതൽ 8 രൂപയായിരിക്കും. ആത്മാർത്ഥമായ സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിച്ചുകൊണ്ടു്

മാനേജർ,<br>
ബൈബിൾഭാഷ്യം<br>
വടവാതൂർ<br>
കോട്ടയം—686010

---

ആരാധന ജീവിതത്തെ ധന്യമാക്കുന്നതിനും, വ്യക്തികളുടെയും സമൂഹങ്ങളുടെയും അന്തരാത്മാക്കളെ സ്വർഗ്ഗീയതയുടെ ഉദാത്തതയിലേയ്ക്കു ഉയർത്തുന്നതിനും സഹായകമായ പുതിയ ഗാനങ്ങൾ അടങ്ങിയ 'ഗാനധാര'യുടെ 4—ാം പതിപ്പു് തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ആവശ്യമുള്ളവർ എഴുതുക.

St. Thomas Book Stall,<br>
St. Thomas Ap. Seminary<br>
Vadavathoor,<br>
Kottayam—686010.

---

Printing: Catholic Mission Press Training Centre, Kottayam
Published from St. Thomas Ap. Seminary, Kottayam-10
By Msgr. Vazhappilly.

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിന്

ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം

വാല്യം VII ലക്കം 3 സെപ്റ്റംബർ, 1978

## ദരിദ്രരോടുള്ള സദ്വാർത്ത

പേജ്

അവതരണക്കുറിപ്പ് 231

ദരിദ്രരോടുള്ള സദ്വാർത്ത: 233
ക്രിസ്തുസന്ദേശത്തിന്റെ സാമൂഹ്യാനുമാനങ്ങൾ
ജോർജ് എം. സ്വാരസ് പ്രഭു എസ്. ജെ.

ഈശോയും ദരിദ്രരും യോഹന്നാന്റെ സുവിശേഷത്തിൽ 261
സാമുവേൽ രായൻ

സഭയും സാമൂഹ്യാവബോധവും 285
പൗലോസിന്റെ ലേഖനങ്ങളിൽ
ഫാ. തുരുത്തുമാലിൽ

ധനികരും ദരിദ്രരും യാക്കോബിന്റെ ലേഖനത്തിൽ 304
ഡോ. മാത്യു വെള്ളാനിക്കൽ

ബൈബിൾ ആരാധനക്രമത്തിൽ 320

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം—686010

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അഭിനന്ദനങ്ങൾ!!

ബൈബിൾഭാഷ്യത്തിന്റെ ചീഫ് എഡിറ്ററായി
പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡോ. മാത്യു
വെള്ളാനിക്കലച്ചനെ പരിശുദ്ധപിതാവു്
റോമിലെ പൊന്തിഫിക്കൽ
ബിബ്ലിക്കൽ കമ്മീഷനംഗം
എന്ന സ്ഥാനത്തേയ്ക്കു്
നിയമിച്ചിരിക്കുകയാണു്.

ഈ ഉന്നതസ്ഥാനലബ്ധിയിൽ അദ്ദേഹത്തിനു്

ഞങ്ങളുടെ

**അനുമോദനങ്ങൾ!! ആശംസകൾ!!**

www.malankaralibrary.com

# അവതരണക്കുറിപ്പ്

സഭയ്ക്ക് വേദനിക്കുന്നവരോടും യാതനയനുഭവിക്കുന്നവരോടുമുള്ള കടമ കേവലം ദാനധർമ്മങ്ങളിലൂടെയും താത്ക്കാലിക ദുരിതാശ്വാസപ്രവർത്തനങ്ങളിലൂടെയും പൂർത്തിയാകുന്നുവെന്ന് അവർ വിശ്വസിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം 'സഭ' അവളുടെ അസ്തിത്വത്തിന്റെ—ദരിദ്രരുടെ സഭയെന്ന നിലയിൽ—അർത്ഥം കണ്ടു പിടിക്കുവാൻ ശ്രമിക്കുകയാണ്. ഭൗതികത്വത്തിന്റെ കനത്ത ചങ്ങലകൾ ഭേദിച്ച് ദരിദ്രരെ അവരുടെ വിമോചനത്തിലൂടേയും, വികസനത്തിലൂടെയും, വളർച്ചയിലൂടെയും ദൈവമക്കളുടെ സമുന്നതപദവിയിലേക്കുയർത്തുവാൻ സഭ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുകയാണിപ്പോഴും. സഭയുടെ ജീവിതത്തിന്റെ അവശ്യസ്വഭാവമായി 'സുവിശേഷദാരിദ്ര്യ'ത്തെ പുന:രാവിഷ്ക്കരിച്ചിട്ടുണ്ട്. ഇഹത്തിൽ അവളുടെ ദൈവികലക്ഷ്യം — യേശുവിന്റെ ദൗത്യം തുടരുക — സാക്ഷാത്ക്കരിക്കുവാൻ ഒഴിച്ചു കൂടാൻ വയ്യാത്ത ഒരു ഘടകമാണിത്. മർദ്ദിതർക്കും, ബന്ധിതർക്കും ദരിദ്രർക്കും, ചൂഷിതർക്കും രക്ഷയുടെ ദിവ്യസന്ദേശം നൽകുവാൻ അവതരിച്ച ഈ പുന:രാവിഷ്ക്കരണത്തിന്റെ മുഴുവൻ പ്രസക്തിയും മനസ്സിലാക്കുവാൻ നാം വെളിപാടിന്റെ ഉറവിടങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. 'ബൈബിൾഭാഷ്യത്തിന്റെ ഈ ലക്കം ''സഭയും ദരിദ്രരും'' എന്ന വിഷയത്തെ ആസ്പദമാക്കി, പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ ഒരു പഠനം നടത്തുന്നു.

ആദ്യത്തെ ലേഖനം 'പൂനാ ഡി നോബിലി കോളേജി'ലെ ഡോ. ജോർജ്ജ് സ്വാരസിന്റേതാണ്. ദരിദ്രർക്ക് യേശു നൽകിയ സദ്വാർത്തയെപ്പറ്റി സമാന്തരസുവിശേഷങ്ങളിൽ കാണുന്ന വസ്തുതകളെ അപഗ്രഥിക്കുകയാണ് അദ്ദേഹമിവിടെ.

പിന്നീട്, ഡൽഹിയിലെ 'വിദ്യാജ്യോതി'യിൽ പ്രൊഫസറായ സാമുവൽ രായൻ എസ്. ജെ. നാലാമത്തെ

www.malankaralibrary.com

സുവിശേഷത്തിൽ യേശുവും ദരിദ്രരും തമ്മിലുള്ള ബന്ധത്തെപ്പററി ലളിതവും മനോഹരവുമായ ഒരു വിശദീകരണം നൽകുന്നു.

മൂന്നാമത്തേതു്, 'ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് തിയോളജിയി'ലെ വി. ഗ്രന്ഥാദ്ധ്യാപകനായ ഡോ. ജോസഫ് തുരുത്തുമാലിയുടെതാണു്. സെൻറ് പോൾ സ്ഥാപിച്ച ക്രൈസ്തവസമൂഹങ്ങളിലുണ്ടായിരുന്ന ധനശേഖരണരീതികളുടെ ദൈവശാസ്ത്രപരമായ ഒരു വിശദീകരണമാണിതു്.

അവസാനമായി, കോട്ടയം അപ്പസ്തോലിക് സെമിനാരിയിലെ--ഡീനും വി. ഗ്രന്ഥാദ്ധ്യാപകനുമായ ഡോ. മാത്യു വെള്ളാനിക്കൽ, ''ധനികരും ദരിദ്രരും വി. യാക്കോബിന്റെ ലേഖനങ്ങളിൽ'' എന്നതിനെപ്പററി ഒരു ചർച്ച നടത്തുന്നു. സാമൂഹികമായ ഉച്ചനീചത്വങ്ങളും വിഭാഗീയ ചിന്തകളും, സങ്കുചിതമനഃസ്ഥിതിയും സഭയുടെ അഖണ്ഡതയും, ഐക്യവും, തകർത്തപ്പോൾ വി. യാക്കോബ് നൽകിയ സാമൂഹ്യതത്വങ്ങളുടെ രൂപഭാവങ്ങൾ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു.

www.malankaralibrary.com

# ദരിദ്രരോടുള്ള സദ്‌വാർത്ത:

## ക്രിസ്തു സന്ദേശത്തിന്റെ സാമൂഹ്യാനുമാനങ്ങൾ

വളരെയധികം ദരിദ്രമായ ഒരു ലോകത്തിലാണ് നാമിന്നു ജീവിക്കുക. ഇന്ത്യയിൽ ഇന്നു ജീവിക്കുന്ന 60.4 കോടി ജനങ്ങളിൽ 24.7 കോടി ജനങ്ങളുടെയും ജീവിതനിലവാരം ദാരിദ്ര്യരേഖയിലോ അതിനല്പം മുകളിലായിട്ടോ ആണ് നിലകൊള്ളുന്നതു്. (അതായതു് അവക്ത്യാവശ്യമുള്ള ഭക്ഷണാവശ്യങ്ങൾ വളരെ ബുദ്ധിമുട്ടി അവർ നിർവ്വഹിച്ചുകൊണ്ടുപോകുന്നു.) അതേസമയം വേറൊരു 24.7 കോടി ജനങ്ങളുടെ കാര്യമാകട്ടെ ഇതിലും കഷ്ടമാണ്. അവരുടെ ജീവിതനിലവാരം ദാരിദ്ര്യരേഖയ്ക്കുമടിയിലാണു നില്ക്കുന്നതു്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു് സാധിക്കാത്തവരാണവർ. ഏതാണ്ട് ഒരു കോടി ജനങ്ങൾക്കുമാത്രമേ ആവശ്യത്തിനു വസ്ത്രമോ, പാർപ്പിടാദി സൗകര്യങ്ങളോ ഉള്ളു.[1] ഈ പ്രകാരമുള്ള ദാരിദ്ര്യം തീർച്ചയായും വൻതോതിലുള്ള പോഷകാഹാരക്കുറവിലേക്കു നയിക്കുന്നു. ഇന്ത്യയിലെ ജനങ്ങളിൽ 70 ശതമാനത്തിനുപോലും ആവശ്യമുള്ളത്ര പോഷകാഹാരം ഇന്നു ലഭിക്കുന്നില്ല. ഈ ദൗർലഭ്യം രണ്ടു തരത്തിലുണ്ട്—അളവിലും ഗുണത്തിലും. ചിലർക്കു വേണ്ടിടത്തോളം പ്രോട്ടീൻ, വിറ്റമിൻ എന്നിവ കിട്ടുന്നില്ല. ചിലർക്കാകട്ടെ നന്നായി വളരുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യമുള്ള ഏറ്റം കുറഞ്ഞ അളവ് (1500–2000 കലോറി) ഭക്ഷണം പോലും ലഭിക്കാറില്ല. തത്ഫലമായി വർഷംതോറും 5 ലക്ഷത്തോളം കുട്ടികൾ പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾക്കിരയാകുന്നു.[2] 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ 60 ശതമാനവും വളർച്ച മുരടിപ്പിക്കുന്ന വിവിധ രോഗങ്ങൾക്കു വിധേയരാണ്.[3] വിശപ്പ്, തളർച്ച, ജോലി ചെയ്യുന്നതിനുള്ള അശക്തി, താഴ്ന്ന രോഗപ്രതിരോധശക്തി, ബുദ്ധിമാന്ദ്യം എന്നീ രീതികളിൽ ഇപ്രകാരമുള്ള ദാരിദ്ര്യത്തിനു നാം കൊടുക്കേണ്ടിവരുന്ന വില വാസ്തവത്തിൽ വളരെ ഭയാനകമാണ്. അതുപോലെ തന്നെയാണ് തങ്ങളുടെ പ്രിയപ്പെട്ടവർ വിശന്നും, രോഗികളായും, ശോഷിച്ചു മരിക്കുന്നതു നിസ്സഹായതയോടെ നോക്കി നിൽ

www.malankaralibrary.com

ക്കാൻ മാത്രം വിധിക്കപ്പെട്ടവരുടെ സ്ഥിതിവിശേഷം. അവരുടെ ദൈനംദിന ഹൃദയവ്യഥയെപ്പററി ഒന്നും പറയാതിരിക്കുകയാണു ഭേദം.[4]

രാക്ഷസീയവും വിമാനവീകരണാത്മകവും രൂക്ഷവുമായ ഈ സാഹചര്യത്തിൽ ക്രിസ്തുവിൻെറ സന്ദേശം 'ദരിദ്രർക്കുള്ള സദ്‌വാർത്ത'യായി നമുക്കെങ്ങനെ പ്രഘോഷിക്കുവാൻ കഴിയും? ക്രിസ്തു നമ്മിൽനിന്നും ആവശ്യപ്പെടുന്നതു് ഏതാണ്ടു് അതുതന്നെയുമാണു്. ലൂക്കായുടെ സുവിശേഷത്തിൽ (4, 16–21) അവിടുന്നവകാശപ്പെടുന്നുണ്ടു് ദരിദ്രരോടു സദ്‌വാർത്ത അറിയിക്കുന്നതിനായി (euaggelizasthai ptochois) അരൂപിയാൽ അവിടുന്നു അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു എന്നു്. തൻെറ മെസയാനിക വ്യക്തിത്വത്തിൻെറ ഏററവും വ്യക്തമായ തെളിവായി അവിടുന്നു ചൂണ്ടിക്കാണിക്കുന്നതും ദരിദ്രരോടുള്ള സുവിശേഷ പ്രസംഗമാണു്. (Ptochoi euaggelizontai) (Lk. 7, 18–23). മാത്രമല്ല താൻ പ്രസംഗിക്കുവാൻ വന്നിരിക്കുന്ന ദൈവരാജ്യം വാസ്തവത്തിൽ ദരിദ്രരുടേതു മാത്രമാണെന്നും ആയതിനാൽ ദരിദ്രർ ഭാഗ്യവാന്മാരാകുന്നുവെന്നും (makarioi hoi ptochoi) അസന്നിഗ്ദ്ധമായി അവിടുന്നു പ്രഖ്യാപിക്കുന്നു (Lk. 6, 20–26). ക്രിസ്തുവിൻെറ വിസ്മയകരങ്ങളായ ഈ വാക്കുകൾ നാം എപ്രകാരമാണു് മനസ്സിലാക്കുക? ഭാഗ്യവാന്മാരാകുന്നു എന്നു് അവിടുന്നു പ്രഖ്യാപിച്ച ദരിദ്രർ ആരെല്ലാമാണു്? ഉപഭോഗവസ്തുക്കളിൽനിന്നും മററെല്ലാ ലൗകികവസ്തുക്കളിൽനിന്നുമുള്ള വിരക്തി—ആദ്ധ്യാത്മിക ദാരിദ്ര്യം—അതാണോ അവിടുന്നു വിവക്ഷിച്ച ദാരിദ്ര്യം? അതോ നാം മുമ്പു കണ്ടവിധമുള്ള നിർദ്ധനതയാണോ? ദരിദ്രർ എങ്ങനെയാണു അനുഗ്രഹീതരാകുക? അവരോടു പ്രസംഗിക്കപ്പെടുന്ന 'സദ്‌വാർത്ത' എന്താണു്?

സങ്കീർണ്ണമായ ഈ ചോദ്യങ്ങൾക്കു്[5] ശരിയായ ഒരുത്തരം കിട്ടണമെങ്കിൽ ധനത്തോടുള്ള ക്രിസ്തുവിൻെറ മനോഭാവം കൂടി കണക്കിലെടുക്കേണ്ടതുണ്ടു്. ദരിദ്രരോടുള്ള അവിടുത്തെ സദ്‌വാർത്താ പ്രഖ്യാപനം (cf. Lk. 4, 16–21; 7, 18–23; 6, 20–26) ധനത്തിൻെറ അപകടങ്ങളെപ്പററി പ്രതിപാദിക്കുവാനുള്ള (cf. Mt. 6, 19–24; Mk. 10, 17–27; Lk. 12, 16–21; 16, 19–31) അവിടുത്തെ വ്യഗ്രതയുടെ മറുവശമാണു്. ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ താൻ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നു് ക്രിസ്തു പറഞ്ഞപ്പോൾ അവിടുന്നുദ്ദേശിച്ചതു് എന്താണെന്നു വിശദമായിക്കാണുന്നതി

www.malankaralibrary.com

നമുമ്പ് (Lk. 4, 16–21; 6, 20–26– ഇവയെ അടിസ്ഥാനമാക്കി) സമ്പത്തിനെപ്പറ്റിയുള്ള അവിടുത്തെ മുന്നറിയിപ്പുകൾ എന്തൊക്കെയായിരുന്നുവെന്ന ചുരുക്കമായിട്ടെങ്കിലും പരിശോധിക്കേണ്ടതുണ്ട് (Mk. 10, 23–27 നെ അടിസ്ഥാനമാക്കിയാണ് ഈ പരിശോധന).

## A. സമ്പത്തു മൂലമുള്ള നാശം

### 1. സമ്പന്നർക്കു എത്ര പ്രയാസം

സമ്പത്തിനോടുള്ള സ്നേഹം, സമ്പത്തു കൈവശം വെയ്ക്കുന്നതുതന്നെ അവിടുത്തെ അനുഗമിക്കുന്നതിനു തടസ്സമായി നില്ക്കാമെന്ന് പല പ്രാവശ്യം സുവിശേഷങ്ങളിൽ ക്രിസ്തുനാഥൻ വ്യക്തമായി പറയുന്നുണ്ട്. ഈ പ്രതിബന്ധം എത്രമാത്രം വലുതായിരിക്കാമെന്ന് ധനവാനായ യുവാവിന്റെ കഥയിലൂടെ (Mk. 10, 17–22) വ്യക്തമാകുന്നു. ആ യുവാവിനു ഉന്നതമായ ആദർശങ്ങളുണ്ടായിരുന്നു. കുററമററ ഒരു ജീവിതമായിരുന്നു അവൻേറതു്. (10, 20) തന്റെ വലുതായ സമ്പത്തുപേക്ഷിക്കുവാൻ സന്നദ്ധനല്ലാതിരുന്ന അവൻ ക്രിസ്തുവിനെ അനുഗമിക്കാതെ പിന്തിരിഞ്ഞു പോകുകയാണ് (10, 22)[6]. തന്റെ ധനം സാധുക്കൾക്കു വിട്ടുകൊടുത്തശേഷം, ലൗകികവസ്തുക്കളിൽനിന്നും മുക്തിനേടി ദൈവത്തിൽ സ്നേഹപൂർണ്ണമായ ആശ്രയം വെയ്ക്കുന്നതിനും ആനന്ദനിർഭരമായ ജീവിതസ്വാതന്ത്ര്യം അനുഭവിച്ചറിയുന്നതിനും ക്രിസ്തു പ്രദർശിപ്പിച്ച സ്നേഹത്തിന്റെ അടയാളം (10,21)[7] അവനെ പ്രേരിപ്പിച്ചില്ല.

ഈ കഥയുടെ ഗുണപാഠം വളരെ പ്രധാനപ്പെട്ടതാണ്. ഇതു് ക്രിസ്തുവും ശിഷ്യരും തമ്മിലുള്ള ഒരു സംഭാഷണത്തിലൂടെ (Mk 10, 23-27) മർക്കോസ് സുവിശേഷകൻ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. എല്ലാവർക്കും ബാധകമായ ഒരു പൊതുതത്വമെന്ന നിലയിൽ ശക്തിപൂർവ്വം അതു ചിത്രീകരിച്ചിരിക്കുന്നു. ഈ സംഭാഷണഭാഗം സുവിശേഷകൻ രൂപപ്പെടുത്തിയിരിക്കുന്നതു് ക്രിസ്തുവിന്റെ തന്നെ ഒന്നോ അതിലധികമോ യഥാർത്ഥ സൂക്തങ്ങൾ[8] ഈ സംഗതമായ ആശയം കിട്ടത്തക്കവിധം തന്മപൂർവ്വം കൂട്ടിയിണക്കിയായിരിക്കണം.

www.malankaralibrary.com

## Mark 10, 23 - 27

23
ഈശോ ചുററും നോക്കി ശിഷ്യരോടു പറഞ്ഞു:
A "സമ്പന്നർ ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര ദുഷ്കരം."
24
B അവിടുത്തെ വാക്കുകൾ കേട്ടു ശിഷ്യർ ആശ്ചര്യഭരിതരായി. (ethambounto)
അവിടുന്നു അവരോടു വീണ്ടും പറഞ്ഞു
A "മക്കളേ ധനത്താലാശ്രയിക്കുന്നവനു് ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം."
25
C "ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്."
26
അവർ അത്യന്തം വിസ്മയിച്ച് (perissos exeptessonto)
B പരസ്പരം പറഞ്ഞു: "അങ്ങനെയെങ്കിൽ രക്ഷപ്പെടുവാൻ ആർക്കാണു കഴിയുക?"
27
ഈശോ അവരെ സൂക്ഷിച്ചു നോക്കിയിട്ടു പറഞ്ഞു:
A "മനുഷ്യർക്ക് അതു് അസാദ്ധ്യമാണ്; ദൈവത്തിനു് അങ്ങനെയല്ല; എല്ലാം അവിടുത്തേക്കു സാദ്ധ്യമാണ്."

25–ാം വാക്യം ആകർഷണീയമാംവിധം അതിശയോക്തി പരമാണ്. അതിൽ കേന്ദ്രീകരിച്ചുകൊണ്ടാണ് സംഭാഷണം രൂപം കൊള്ളുന്നതു്. ഏതാണ്ടു് ഒരേ വാക്കുകളിൽ തന്നെ രണ്ടുപ്രാവശ്യം (VV 23 & 24b) ക്രിസ്തു സമ്പത്തിന്റെ നാശത്തെക്കുറിച്ചു പരാമർശിക്കുന്നു. അവിശ്വസനീയമായ എന്തോ ശ്രവിച്ച വിസ്മയമാണ് അവ ശിഷ്യരിലുളവാക്കുന്ന പ്രതികരണം (VV 24a & 26). "ഈശോ അവരെ നോക്കിയിട്ട്" (V. 23) എന്ന മുഖവുരയോടെയാണ് സംഭാഷണം ആരംഭിക്കുക. അതേ ശൈലിയോടുകൂടിത്തന്നെ അവിടുന്നു ശിഷ്യർക്കു നൽകുന്ന ഉറപ്പോടുകൂടി സംഭാഷണം യഥാവിധി അവസാനിക്കുകയും ചെയ്യുന്നു (V. 27).

25–ാം വാക്യത്തിൽപ്പറയുന്ന സൂചിക്കുഴയിലൂടെ കടക്കുന്ന ഒട്ടകത്തിന്റെ കാര്യം ആ സംഭാഷണത്തിന്റെ കേന്ദ്ര

www.malankaralibrary.com

ബിന്ദുവാണ്, ഘടനാപരമായും ആശയപരമായും. ആ ഒററ ഉദാഹരണത്തിലൂടെത്തന്നെ ആ സംഭാഷണത്തിൻെറ സന്ദേശം മുഴുവനും നൽകുന്നുണ്ട്. ഭാവനാപൂർണ്ണവും ഏററെക്കുറെ വിചിത്രവുമായ ഇത്തരം ഉപമകൾ ക്രിസ്തുവിൻെറ ഒരു പ്രത്യേകതയത്രെ. സർഗ്ഗാത്മകമായ ഭാവനാ ചിത്രങ്ങളെ, അവ വിരോധാഭാസമായിത്തോന്നാമെങ്കിലും അവതരിപ്പിക്കുക ക്രിസ്തുവിനു താത്പര്യമായിരുന്നു (cf. Mk 8, 35; 9, 43; Mt 10, 34; 15, 14). 'ഒട്ടകവും', 'സൂചിക്കുഴയും' വ്യാഖ്യാനിച്ചു ലഘൂകരിക്കുവാനുള്ള ഒരു ശ്രമം ചിലർ നടത്തുന്നുണ്ട്. സൂചിക്കുഴ എന്നതു് ജെറുസലെമിൻെറ ചുമരുകളിലെ ഒരു ചെറിയ വാതിലാണെന്നു ചിലർ വ്യാഖ്യാനിക്കുന്നു. (ഈ ആശയം ആദ്യമായി പ്രത്യക്ഷപ്പെടുന്നതു് 9-ാം നൂററാണ്ടിലുള്ള ഒരു വ്യാഖ്യാന ഗ്രന്ഥത്തിലത്രെ.)[10] Kametos (=ഒട്ടകം) എന്നവാക്കു് മർക്കോസിൻെറ സുവിശേഷത്തിൽ Kamilos (= കപ്പലിൻെറ വടം)[11] വായിക്കാമെന്നും അവർ പറയുന്നു. ഇവർ യഥാർത്ഥമായ സന്ദേശം മനസ്സിലാക്കുന്നില്ല. ക്രിസ്തുവിൻെറ വാക്കുകൾ ഭാവനാപൂർണ്ണവും അതിശയോക്തി കലർന്നതുമാണ്. നീത്യരക്ഷയെ സംബന്ധിച്ചിടത്തോളം സമ്പത്തു് തരണം ചെയ്യാൻ പാടില്ലാത്ത വലിയൊരു പ്രതിബന്ധം തന്നെയാണ്. ആക്ഷേപം തന്നെ രസിക്കുകയില്ലാത്ത ഈ സത്യം ശ്രോതാവിനെ അസ്വപ്രജ്ഞനാക്കുംവിധം അവൻെറ മനസ്സിൽ പതിപ്പിക്കുന്നതിനാണ് അറിയപ്പെടുന്ന ഏററവും വലിയ മൃഗത്തേയും (ഒട്ടകം) ഏററവും ചെറിയ സുഷിരത്തേയും അടുപ്പിച്ചു വെച്ചിരിക്കുക. "ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം, ഒട്ടകം സൂചിക്കുഴയിലൂടെ കടന്നു പോകുന്നതാണ്" — ഇതിൻെറ അർത്ഥം സൗമ്യമായിപ്പറഞ്ഞാൽ, ധനവാൻെറ നീത്യരക്ഷ അസാദ്ധ്യമാണെന്നത്രെ.

## 2. ദൈവവും മാമോനും

എന്തു കൊണ്ടാണ് ക്രിസ്തുവിൻെറ അഭിപ്രായത്തിൽ സമ്പത്തു് നീത്യരക്ഷയ്ക്കു ഇത്രവലിയ തടസ്സമായിത്തീരുന്നതു്? സമ്പത്തിനെയും നീത്യരക്ഷയേയും പററി അവിടുന്നു പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം ഒരുമിച്ചു പരിശോധിക്കുന്നപക്ഷം താഴെപ്പറയുന്ന രണ്ടു നിഗമനങ്ങളിൽ നാമെത്തിച്ചേരും.

1) സമ്പത്തു് ഒരുവനെ ദൈവരഹിതനാക്കുന്നു. അമിതമായ ധനാർജ്ജനം വഴി ഒരു വ്യക്തി അത്യാഗ്രഹിയായി മാറുന്നു.

www.malankaralibrary.com

(pleonexia) 13 ലൗകിക സമ്പത്തു കുന്നുകൂട്ടുന്നതിലായിരിക്കും അവന്റെ ശ്രദ്ധമുഴുവനും. തത്ഫലമായി സ്വർഗ്ഗീയസമ്പത്തിന്റെ കാര്യം അവൻ മറന്നു പോകുന്നു (Mt 6, 19-21). ധനംകൊണ്ടു നേടിയെടുക്കാവുന്ന ലൗകികസുഖഭോഗങ്ങൾക്കും അധികാരങ്ങൾക്കുമപ്പുറം ഒന്നിലും അവൻ മൂല്യം കണ്ടെത്തുകയില്ല. വരുവാനിരിക്കുന്ന നാളുകളിൽ ''തിന്നു കുടിച്ചു സന്തോഷിക്കുന്നതിനുവേണ്ടി'' ഭൗതിക സമ്പാദ്യങ്ങൾകൊണ്ടു അറപ്പുരകൾ നിറയ്ക്കുന്ന വിഡ്ഢിയായ ധനികനു തുല്യനാണവൻ (Lk 12, 16-21). അല്ല, അവൻ തന്നെയാണാ ഭോഷനായ ധനികൻ. ലൗകിക സമ്പത്തിന്റെ സുഭിക്ഷതയിലല്ല ഒരുവന്റെ ജീവിതഭദ്രത (ജീവിതമേന്മയും) കണക്കാക്കേണ്ടതെന്നു് വളരെ വ്യക്തമായി ക്രിസ്തു പഠിപ്പിക്കുന്നുണ്ടു് (Lk. 12, 15). വിഡ്ഢിയായ ധനികൻ അക്കാര്യം മറന്നുകളയുന്നു. അവനെപ്പോലെയാണു് എല്ലാ ധനവാന്മാരും ചെയ്യുന്നതു്. (ഇക്കാര്യത്തിൽ ആരെയും ഞെട്ടിക്കുന്ന വിധത്തിലുള്ള നമ്മുടെ ഇന്നത്തെ ഉപഭോക്തൃസമൂഹത്തിന്റെ സ്ഥിതിയും വളരെ പ്രസക്തമാണു്.) അവന്റെ ജീവിതത്തിൽ ദൈവത്തിനു സ്ഥാനമേയില്ല. ഒരു പ്രായോഗിക നിരീശ്വരനായി മാറുന്നു അവൻ. ബൈബിൾ ശൈലിയിൽപ്പറഞ്ഞാൽ ഒരു 'ഭോഷൻ' (aphron) കാരണം, സങ്കീർത്തകൻ പറയുന്നതുപോലെ, ഭോഷനാണു് തന്റെയുള്ളിൽപ്പറയുന്നതു് 'ദൈവമില്ല' എന്നു് (Ps 14, 1).

2) സമ്പത്തു് ഒരുവനെ ഹൃദയശൂന്യനമാക്കിത്തീർക്കുന്നു. തന്റെ സഹജീവികളുടെ ആവശ്യങ്ങളെ അനുഭവിച്ചറിയുവാൻ അവൻ അപര്യാപ്തനാണു്. ധനവാന്റേയും ലാസറിന്റേയും സംഭ്രമജനകമായ ഉപമയിലൂടെ (Lk. 16, 19–31) യേശു പഠിപ്പിക്കുന്ന പാഠം ഇതുതന്നെയാണു്. നമുക്കിന്നു ലഭിച്ചിരിക്കുന്ന ആ ഉപമയിൽ വ്യക്തമായ രണ്ടു ഭാഗങ്ങളുണ്ടു്. ഒരുപക്ഷെ ആദ്യകാലങ്ങളിൽ വ്യത്യസ്തവും സ്വതന്ത്രവുമായ രണ്ടു ഭാഗങ്ങളായിരുന്നിരിക്കണം.14ഓരോന്നിനും അതിന്റേതായ ലക്ഷ്യവും ഉണ്ടായിരുന്നു. അതിലെ രണ്ടാംഭാഗം (vv 27–31) അടയാളങ്ങൾക്കുവേണ്ടി മുറവിളി കൂട്ടിയിരുന്നവർക്കുള്ള മുന്നറിയിപ്പാണു്. ദൈവവെളിപാടായ വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കാത്തവർ എപ്രകാരമാണു് മരിച്ചവരിലൊരുവൻ ഉയിർത്തെഴുന്നേററു തിരികെവന്നു എന്തെങ്കിലും പറഞ്ഞാൽ വിശ്വസിക്കുക?15 ദരിദ്രരെ വിസ്മരിച്ചതിന്റെ പേരിൽ ധനവാന്മാരെ ദൈവരാജ്യത്തിൽനിന്നും മാററിനിറുത്തുന്നു എന്നതാണു് ആദ്യഭാഗപ്രതിപാദ്യം (vv 19–26).

www.malankaralibrary.com

പേരു പറഞ്ഞിട്ടില്ലാത്ത ഒരു ധനികനും ലാസർ[16] എന്ന പേരുള്ള ഒരു ദരിദ്രനും തമ്മിലുള്ള വലുതായ വൈരുദ്ധ്യങ്ങൾ വ്യക്തമായി ചിത്രീകരിച്ചുകൊണ്ടാണ് ഉപമ ആരംഭിക്കുക. ധനവാൻ പട്ടുവസ്ത്രങ്ങൾ ധരിച്ചും എല്ലാദിവസവും സുഖഭോജനം നടത്തിയും സുഖമായി ജീവിച്ചു (16–19). പൊട്ടിയൊലിക്കുന്ന വ്രണങ്ങളോടുകൂടിയ ലാസർ യജമാനൻെറ മേശയിൽനിന്നും വീഴുന്ന അപ്പക്കഷണങ്ങൾകൊണ്ടു വിശപ്പടക്കുവാൻ ആഗ്രഹിച്ചിരുന്നു (20–21)[17]. അവർ മരിക്കുമ്പോൾ നാടകീയമായ ഒരു തകിടംമറിച്ചിലാണ് സംഭവിക്കുന്നത്. അവരുടെ സ്ഥിതികളിൽ 16, 22–23). യാചകനായിരുന്ന ലാസർ സ്വർഗ്ഗത്തിൽ പോയി. ധനവാനാകട്ടെ നരകത്തിലും. മാത്രമല്ല, അവരുടെ ജീവിതനിലകളിലും വൈരുദ്ധ്യാത്മകമായ മാററം സംഭവിച്ചു. ഒരിക്കൽ വിശപ്പടക്കാൻ വഴികാണാതെ വലഞ്ഞ പിച്ചക്കാരൻ ഇന്ന് അബ്രാഹത്തിൻെറ മേശയിൽനിന്നും സംതൃപ്തിയോടെ ഭക്ഷിക്കുന്നു. അതേസമയം ആ ധനവാനാകട്ടെ ദാഹിച്ചു പരവശനായിട്ടാണ് ഇപ്പോൾ ആകാംക്ഷാപൂർവ്വം സ്വർഗ്ഗത്തിലേക്കു നോക്കുന്നത്.

വളരെ വേഗത്തിലും നാടകീയമായ വിധത്തിലുള്ളതുമായ ഈ തകിടംമറിച്ചിലാണ്, പരിണാമമാണ് പ്രസ്തുത ഉപമയിലെ പ്രധാനപ്പെട്ട ആശയം എന്നതു വ്യക്തമാണ്. ദൈവരാജ്യത്തിൻെറ വിസ്ഫോടനം അനിവാര്യമായ ചില തകിടംമറിച്ചിലുകൾ മൂല്യക്രമത്തിൽ വരുത്തും (cf Lk 6,20–26). നിലനില്ക്കുന്ന മൂല്യങ്ങളെ മാററി അവയുടെ സ്ഥാനത്തു സുശക്തമായ കർശനമായ ചില മൂല്യങ്ങളെ സ്ഥാപിക്കും.[18] ഈ സത്യം തൻെറ ശ്രോതാക്കളെ ബോദ്ധ്യപ്പെടുത്തുവാനാണ് ഈ ഉപമയിൽ ഇത്ര നാടകീയമായ രംഗങ്ങൾ യേശു ഉപയോഗിച്ചിരിക്കുന്നത്. മറെറാരു സന്ദേശംകൂടി ഈ ഉപമ നമ്മെ പഠിപ്പിക്കുന്നുണ്ട്. തൻെറ പടിവാതിൽക്കൽ കിടക്കുന്ന യാചകനോടുള്ള ധനികൻെറ നിർവികാരമായ അവഗണനയിലേക്കു പരോക്ഷമായിട്ടെങ്കിലും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. യേശുവിൻെറ ശ്രോതാക്കളിൽ ആർക്കും ഇതു പിടികിട്ടാതെ വരില്ലായിരുന്നു. യഹൂദനിയമങ്ങൾ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും ശപിച്ചിട്ടുള്ള ഒരു സാമൂഹ്യവിരുദ്ധപ്രവർത്തിയാണ് ഒരുവൻ എന്നും സുഭിക്ഷമായി ഭക്ഷിച്ച് ജീവിക്കുകയും ഒരു യാചകൻ അവൻെറ വീട്ടുവാതിൽക്കൽ വിശന്നുനിൽക്കുകയും ചെയ്യുക എന്നത്.[19] ധനവാൻ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടതിൻെറ കാരണം പാവങ്ങളുടെ നേർക്കുള്ള അയാളുടെ വലുതായ അവഗണന ആയിരുന്നുവെന്ന് ഉപമ സൂചിപ്പിക്കുന്നുണ്ട്,

www.malankaralibrary.com

വ്യക്തമായി പറയുന്നില്ലെങ്കിലും. സമ്പത്ത് നമ്മെ കൊണ്ടെത്തിച്ചേക്കാവുന്ന ക്രൂരമായ നിസ്സംഗതയെപ്പററി ഈ ഉപമ നമുക്ക് മുന്നറിയിപ്പു നൽകുന്നുണ്ട്.[20]

അതുകൊണ്ട് ധനം സ്വർഗ്ഗരാജ്യപ്രാപ്തിക്ക് മാററാനാവാത്ത തടസ്സം സൃഷ്ടിക്കുന്നു. സമ്പത്ത് അവന്റെ ഏക ശ്രദ്ധാവിഷയമായി മാറും, ഏററവും വലിയ മൂല്യം അതായിരിക്കും. സമ്പത്ത് അവന്റെ 'ഹൃദയം' കീഴടക്കുന്നു. എന്തെന്നാൽ "നിന്റെ സമ്പാദ്യം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും" (Mt. 6, 21). റെസിഫിലെ (ഉത്തര ബ്രസീൽ) മെത്രാനായ ഡോം ഹെൽഡ കാമറ സമ്പത്ത് മനുഷ്യനെ കൊണ്ടെത്തിക്കുന്ന ഭീകരമായ മനുഷ്യത്വമില്ലായ്മയെപ്പററി ഇപ്രകാരം പറയുന്നു:

സമ്പത്തിന്റെ വിപത്തുകളെപ്പററി യേശു നൽകിയ മുന്നറിയിപ്പുകൾ വെറും അതിശയോക്തികളാണെന്നു എന്റെ ബാല്യകാലത്തു ഞാൻ ചിന്തിച്ചിരുന്നു. അതേക്കുറിച്ച് കൂടുതൽ നന്നായി ഇന്നെനിക്കറിയാം. സമ്പന്നനായിരിക്കുകയും അതേ സമയംതന്നെ മനുഷ്യരോടുള്ള കാരുണ്യത്തിന്റെ പാൽ വററാതെ സൂക്ഷിക്കുകയും ചെയ്യുക എന്നത് എത്രയോ ദുഷ്കരമാണെന്ന് ഞാനറിയുന്നു. അപകടകരമാംവിധം അതു മനുഷ്യനേത്രങ്ങളെ ചെതുമ്പലുകൾകൊണ്ടു മൂടുന്നു. മനുഷ്യകരങ്ങളേയും, കണ്ണുകളേയും ഹൃദയത്തേയും മാരകമായി മരവിപ്പിക്കുന്നു.[21]

സമ്പത്ത് മാരകമാണ് മുതലാളിത്ത വ്യവസ്ഥിതിയിൽ ജീവിക്കുന്ന ധനികരായ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ആഹ്വാനത്തിൽനിന്നും ഗുരുതരമായ രീതിയിൽ ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്നു. ഈ ലോകത്തിലും പരലോകത്തിലും കഴിയുന്നത്ര ആസ്വദിക്കുവാൻ കിണഞ്ഞു പരിശ്രമിക്കുകയാണവർ. അതുകൊണ്ടാണ് "ആർക്കും ഒരേസമയം രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല .... നിങ്ങൾക്കു ദൈവത്തെയും മാമോനെയും ശുശ്രൂഷിക്കാനാവില്ല" (Mt. 6, 24), എന്ന് അവിടുന്ന് നിർദ്ദാക്ഷിണ്യമായ വിധത്തിൽത്തന്നെ സമർത്ഥിക്കുന്നതു്, മുന്നറിയിപ്പ നൽകുന്നതു്.

## B. ദരിദ്രർക്കുള്ള വെല്ലുവിളി

ആവശ്യത്തിലധികം സ്വത്തു കൈവശം വച്ചുകൊണ്ട് അതു സുഖത്തിന്റേയും അധികാരത്തിന്റേയും ഉറവിടമായി കണക്കാക്കുകയോ, സ്വത്തിനോടൊട്ടിച്ചേർന്ന മനോഭാവം വച്ചു

www.malankaralibrary.com

പുലർത്തുകയോ ചെയ്യുന്നതിനെ യേശു രൂക്ഷമായി എതിർത്തു. അവിടുത്തെ എതിർപ്പു മുഴുവനും ധനത്തോടാണ്, ധനവാന്മാരോടല്ല. ഇതിനൊരു മറുവശംകൂടി നാം കാണുന്നുണ്ട്. സമ്പത്തിനെ എപ്രകാരം അവിടുന്നെതിർത്തുവോ അപ്രകാരം തന്നെ തീക്ഷ്ണമായി ദരിദ്രരെ അവിടുന്നു സ്നേഹിച്ചു. (ദാരിദ്ര്യത്തെയല്ലെന്നു പ്രത്യേകം ഓർക്കുക!) നേരാംവിധം ജീവിക്കുന്നതിനാവശ്യമായ സാമ്പത്തികവും സാമൂഹികവുമായ കഴിവുകൾ ഇല്ലാതിരുന്നവരുടെ വക്താവായിരുന്നു അവിടുന്ന്. പരസ്യജീവിതം ആരംഭിച്ചപ്പോൾ തൻെറ ദൗത്യം വ്യക്തമാക്കിക്കൊണ്ട് അവിടുന്ന് (യേശു) ചെയ്ത ഉദ്ഘാടന പ്രസംഗത്തിൻെറ അന്തഃസത്ത ദരിദ്രരോടുള്ള ഒരു സമർപ്പണ പ്രഖ്യാപനമായിരുന്നു (Lk. 4, 16–30). പിന്നീട്, സമതലപ്രസംഗത്തിൽ സുവിശേഷഭാഗ്യ പ്രഖ്യാപനത്തിലൂടെ (Lk. 6, 20–26) ക്രിസ്തു ആ വസ്തുത ഒന്നുകൂടി ശക്തിപൂർവ്വം വ്യക്തമാക്കി. തൻെറ പ്രധാനപ്പെട്ട പൊതു പ്രസംഗങ്ങളുടെ നാന്ദി സമതലപ്രസംഗമായിരുന്നല്ലോ. ദാരിദ്ര്യത്തോടും ദരിദ്രരോടുമുള്ള ക്രിസ്തുവിൻെറ സമീപനം എന്തെന്നറിയണമെങ്കിൽ മേലുദ്ധരിച്ച രണ്ടു സുവിശേഷഭാഗ്യങ്ങളെപ്പററിയുള്ള ഒരു പഠനമാവശ്യമാണ്.

## 1. ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ (Lk. 4, 16–30)

തൻെറ ജന്മനഗരമായ നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു നടത്തിയ ഗംഭീരമായ പ്രസംഗത്തിലൂടെ അവിടുന്നു തൻെറ ദൗത്യനിർവ്വഹണം ആരംഭിച്ചുവെന്നാണ് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നത് (Lk. 4, 16–30). അതുളളം അവിടുത്തെ തിരക്കു പിടിച്ച പ്രസംഗപര്യടന പരമ്പരയിലെ ആദ്യത്തെ പ്രസംഗമെന്ന നിലയിലല്ല ഉദ്ഘാടനകർമ്മം എന്ന നിലയിൽ തന്നെയാണ് സുവിശേഷകൻ അതു വിവരിക്കുക. നസ്രത്തിലെ തൻെറ പ്രസംഗത്തിലൂടെ ക്രിസ്തു തൻെറ ജീവിതദൗത്യം ആരംഭിക്കുകയാണ്, അതിൻെറ സന്ദേശം അതു നമുക്കു നൽകുന്നുമുണ്ട്. തൻെറ ദൗത്യത്തെക്കുറിച്ച് തനിക്കു തന്നെയുള്ള അവബോധം ക്രിസ്തു വെളിപ്പെടുത്തുകയാണിവിടെ. അതു് വിപ്ലവാത്മകമായ ഒരു നയ പ്രഖ്യാപനമായിരുന്നു. മാത്രമല്ല, തൻെറ സകല പ്രവർത്തികളുടെയും ആത്യന്തികാർത്ഥവും അവിടുന്നു വ്യക്തമാക്കുന്നു.

സാബത്താചരണങ്ങളിൽ പങ്കുകൊള്ളുന്നതിനുവേണ്ടി (മുൻപു പലപ്പോഴും ചെയ്തിരുന്നതുപോലെ) സിനഗോഗിൽ

www.malankaralibrary.com

ചെല്ലുന്ന ക്രിസ്തു വായിക്കുവാനായി എഴുന്നേററു നിൽക്കുകയാ
ണ്. ഏശയ്യാനിവ്യായുടെ പുസ്തകം അദ്ദേഹത്തിനു നൽക
പ്പെടുന്നു[22]. അവിടുന്നു പുസ്തകം തുറന്ന് 61-ാം അദ്ധ്യായം ഒ
ന്നു മുതൽ മൂന്നുവരെയുള്ള വാക്യങ്ങൾ വായിക്കുന്നു. തൻെറ
പ്രവാചകദൗത്യത്തെപ്പററി പ്രവാചകൻ പറഞ്ഞിട്ടുള്ള വാക്കു
കളാണവിടുന്ന് വായിച്ചതു്.[23] പുസ്തകം ശുശ്രൂഷകൻെറ കൈ
യിൽ കൊടുത്തതിനുശേഷം വായിച്ച ഭാഗം അവിടെ സന്നി
ഹിതരായിരുന്നവർക്കു വ്യാഖ്യാനിച്ചു കൊടുക്കുവാനായി യേശു
ഇരിപ്പിടത്തിലിരുന്നു. സ്വന്തം നഗരവാസികൾ അവിടുത്തെ
വാക്കുകൾ ശ്രവിക്കുവാൻ സാകൂതം സശ്രദ്ധരായി നിശബ്ദ
രായിരിക്കുകയാണ്. അവരുടെയെല്ലാം ദൃഷ്ടികൾ യേശു
വിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇടിമുഴക്കത്തിൻെറ ശക്തി
യോടെ അവിടുന്നു പ്രഖ്യാപിക്കുന്നു, ''നിങ്ങൾ കേട്ട തിരു
വെഴുത്ത് ഇന്നു പൂർത്തിയായിരിക്കുന്നു.'' (4, 20)

ആരെയും ഞെട്ടിക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു അതു്.
തൃതീയ (III) ഏശയ്യായിൽ[24] അറിയിച്ചിട്ടുള്ള രക്ഷ അവർ
കേട്ടുകൊണ്ടിരിക്കുന്ന അതേ നിമിഷത്തിൽ തന്നെ ഒരു യാഥാ
ർത്ഥ്യമായി തീർന്നിരിക്കുന്നു എന്നാണവിടുന്നു പറഞ്ഞതു്.
അവിടുന്നു സംസാരിച്ചുകൊണ്ടിരിക്കുന്ന നേരത്തുതന്നെ ദൈവ
ത്തിൽ നിന്നുള്ള നിർണ്ണായകമായ രക്ഷ ഉദയം ചെയ്തു തുട
ങ്ങിയിരിക്കുന്നു. ദരിദ്രർക്കുള്ള സദ്വാർത്തയുടെ (രക്ഷയുടെ)
യഥാർത്ഥ സന്ദേശവാഹകൻ 5 നൂററാണ്ടുകൾക്ക് അപ്പുറം ജീവി
ച്ചു മരിച്ച പ്രവാചകനല്ല; പ്രത്യുത പരിശുദ്ധാത്രുപിയെ പൂ
ർണ്ണതയിൽ സ്വീകരിച്ച ക്രിസ്തുതന്നെയാണ്. മാമോദീസാ
വേളയിൽ അവിടുന്നു പരിശുദ്ധാത്മാവിനെ പൂർണ്ണതയിൽ
സ്വീകരിച്ചു (Lk. 3, 21–22). തൃതീയ ഏശയ്യായിലെ
ദൗത്യം യഥാർത്ഥത്തിൽ തൻേറതുതന്നെയാണെന്ന് അവിടുന്നു
പ്രസ്താവിക്കുകയാണ്. ക്രിസ്തുനാഥൻ സ്വീകരിച്ചിരിക്കുന്ന
ദൗത്യത്തിൻെറ ലക്ഷ്യവും ഇപ്പോൾ നടത്തിയ പ്രഖ്യാപനവും
ഒരുപോലെ ആശ്ചര്യജനകമാണ്.

തൻെറ സ്വന്തമായി അവിടുന്ന് ഭരമേററിരിക്കുന്ന ആ
നയപ്രഖ്യാപനം (മാനിഫെസ്റ്റോ) (Lk 4,18–19) തികച്ചും
ഭൗമികവും യഥാർത്ഥവുമായ രീതിയിലാണവതരിപ്പിച്ചിരിക്കു
ന്നതു്. ദരിദ്രർക്കു സദ്വാർത്തയറിയിക്കുകയാണ് തൻെറ കട
മയെന്നു യേശു പ്രഖ്യാപിക്കുന്നു. (വിമോചനത്തിൻെറ സദ്
വാർത്താപ്രഖ്യാപനം). കടങ്ങൾ ഇളവു ചെയ്തു കൊടുക്കുക, പി
തൃസ്വത്തു തിരികെ നൽകുക, അടിമകളെ സ്വതന്ത്രരാക്കുക

www.malankaralibrary.com

(Lev 25, 8-17;25-28) എന്നിവ ഇസ്രായേൽക്കാരുടെ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായിരുന്നു[25]. അടിമകൾക്കു വിടുതലും, കുരുടക്കു കാഴ്ചയും, പീഡിതർക്കു വിമോചനവും നൽകി കൊണ്ടു ക്രിസ്തു ഉൽഘാടനം ചെയ്തിരിക്കുന്ന രക്ഷയുടെ മുന്നോടി മാത്രമായിരുന്നു പഴയനിയമത്തിലെ ജൂബിലിവർഷാചരണപരിപാടികൾ. അവിടുത്തെ പ്രസ്താവന മുഖ്യമായും ഒരു സാമൂഹ്യനയപ്രഖ്യാപനമായിരുന്നു. അതിൽ 'ആദ്ധ്യാത്മികമായി' ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പഴയനിയമ ഭാഗത്തിൽ നിന്നും ലൂക്കായുടെ സുവിശേഷത്തിൽ മന:പൂർവ്വം വരുത്തിട്ടുള്ള മാററങ്ങൾ സാമൂഹ്യവശത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നതിനുവേണ്ടിയത്രെ.

ഐസ. 61, 1–2 ഉദ്ധരിക്കുമ്പോൾ യേശു ഉപയോഗിക്കുന്നതു ഹീബ്രൂമൂലഭാഷയിലുള്ളതല്ല. പകരം സപ്തതി (Lxx)യിൽ നിന്നുമാണു. ഹീബ്രുവിൽ 61,16 ''ബന്ധിതൎക്ക കാരാഗൃഹം തുറന്നു കൊടുക്കുവിൻ'' എന്നാണു കൊടുത്തിരിക്കുന്നതു. എന്നാൽ സപ്തതീയിലാകട്ടെ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നതുപോലെ "കുരുടക്കു കാഴ്ച നൽകുവാൻ'' എന്നത്രെ. രണ്ടു സുപ്രധാന വ്യതിയാനങ്ങളോടെയാണു യേശു സപ്തതിയിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളതു, "ഹൃദയം തകൎന്നവരെ ആശ്വസിപ്പിക്കുവാൻ'' എന്ന അദ്ധ്വാക്യം 61,1–ൽ നിന്നും ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നു. "പീഡിതൎക്ക വിമോചനം നൽകുവാൻ'' എന്നുള്ളതു 58, 6–ൽ നിന്നും കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്നു.

| Lk 4, 18-19 | Is 61,1-2 (Lxx) |
| --- | --- |
| കൎത്താവിൻെറ അരൂപി എൻെറ മേലുണ്ടു എന്തെന്നാൽ, ദരിദ്രരെ സുവിശേഷം അറിയിക്കുവാനായി അവിടുന്നു എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. | കൎത്താവിൻെറ അരൂപി എൻെറമേലുണ്ടു. എന്തെന്നാൽ, ദരിദ്രരെ സുവിശേഷം അറിയിക്കുവാനായി അവിടുന്നു എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. |
| തടവുകാൎക്ക മോചനവും, കുരുടൎക്ക കാഴ്ചയും അടിച്ചമൎത്തപ്പെട്ടവൎക്ക സ്വാതന്ത്ര്യവും, കൎത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ (Keryxai) അവിടുന്നു എന്നെ അയച്ചിരിക്കുന്നു. | ഭഗ്നഹൃദയരെ സുഖപ്പെടുത്താനും, തടവുകാൎക്ക മോചനവും, കുരുടൎക്ക കാഴ്ചയും, കൎത്താവിനു സ്വീകാര്യമായ വത്സരവും വിളംബരം ചെയ്യുവാൻ (Kalesai) അവിടുന്നു എന്നെ അയച്ചിരിക്കുന്നു. |

www.malankaralibrary.com

ഈ മാററങ്ങൾ യാദൃശ്ചികമായി സംഭവിച്ചതാകുവാൻ വഴിയില്ല. ക്രിസ്തീയ ഭാഷാസ്വാധീനത്തിന്റെ ഫലമായിട്ടാണ് സപ്തതിയിൽ കർത്താവിനു സ്വീകാര്യമായ വത്സരം ''വിളംബരം ചെയ്യുവാൻ'' (Kalesai) എന്നതിനു പകരം ലൂക്കാസുവിശേഷകൻ ''പ്രഖ്യാപിക്കുവാൻ'' (Keryaxi) എന്ന വാക്ക Is 61,2–ൽ ഉപയോഗിച്ചിരിക്കുന്നത് എന്നുള്ള കാര്യം വളരെ വ്യക്തമാണ്. 'സദ്വാർത്ത' പ്രഖ്യാപനത്തിന്റെ സാങ്കേതികപദമായി തീർന്നിരിക്കുന്നു. ''പ്രഖ്യാപിക്കുക'' (Kerysseim) എന്ന വാക്ക് നൽകപ്പെടാതിരിക്കേണ്ടതിനാണ് ''ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ'' എന്നു വി. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. യഥാർത്ഥത്തിൽ ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ''[26] എന്നതു തികച്ചും സാമൂഹികമായ ഒരു ധന്യതാവാദമായിരുന്നു. അതിനു നൽകിയിരിക്കുന്നതുപോലെ മതാത്മകമായ വ്യാഖ്യാനം ഉണ്ടാകാതിരിക്കേണ്ടതിനാണ് ''ഭഗ്നഹൃദയർ'' എന്ന വാക്ക് Is 61,1–ൽ നിന്നും മാററിക്കളഞ്ഞതും, അതിനു പകരം Is 58, 6-ൽ നിന്ന് ''അടിച്ചമർത്തപ്പെട്ടവർ'' എന്ന വാക്ക കൂട്ടി ചേർത്തതും. വളരെ വൈകി മാത്രമാണ് സുവിശേഷവ്യാഖ്യാതാക്കൾ ഈ സത്യം മനസ്സിലാക്കിയത്[27] വളരെ വേഗം ആദ്ധ്യാത്മികമായി വ്യാഖ്യാനിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ''ഭഗ്നഹൃദയരെ സുഖപ്പെടുത്താൻ'' എന്നുള്ളത് ഐസ 61,1-2 വാക്യങ്ങളിൽ നിന്നും നീക്കിയശേഷം ''അടിച്ചമർത്തപ്പെട്ടവർക്ക സ്വാതന്ത്ര്യം നല്കുവാൻ'' എന്നുള്ളത് അതിന്റെ സാമൂഹ്യമായ പ്രാധാന്യം വളരെ വ്യക്തമാണ്— 58, 6—ൽനിന്നും കൂട്ടിച്ചേർത്തതും മുകളിൽ പറഞ്ഞ കാരണം കൊണ്ടല്ലാതെ മറെറന്തുകൊണ്ടാണെന്നും മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

Lk 4, 18-19 വരെയുള്ള യേശുവിന്റെ നയപ്രഖ്യാപനം പ്രഥമവും പ്രധാനവുമായി സാമൂഹ്യമായിട്ടു നാം കണക്കാക്കണം. അതിൽ വലിയ സംശയത്തിനു സ്ഥാനമില്ല. കാരണം, ഒന്നാമതായി അവിടുന്നുദ്ധരിക്കുന്ന ഐസ 61, 1–3 വരെ വാക്യങ്ങൾ അടിമത്വത്തിനുശേഷം ഇസ്രായേലിൽ തിരിച്ചെത്തിയിരിക്കുന്ന ദുർഭഗരും, ദാരിദ്ര്യക്ലേശമനുഭവിക്കുന്നവരുമായ അവശിഷ്ട ഇസ്രായേലിനോടുള്ള പ്രഖ്യാപനമാണ്.[28] രണ്ടാമതായി Lev. 25–ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള ജൂബിലി വർഷാചരണ നിബന്ധനകളിലേക്ക് ആ പ്രഖ്യാപനം വ്യക്തമായ സൂചന നല്കുന്നുണ്ട്. മൂന്നാമതായി ആദ്ധ്യാത്മികമായ വ്യാഖ്യാനം ഉണ്ടാകാതിരിക്കേണ്ടതിനായി ലൂക്കാ സുവിശേഷകൻ രചനാ സമയത്തു വരുത്തുന്ന മനഃപ്പൂ

www.malankaralibrary.com

ഷ്ടമായ മാററങ്ങളും ശ്രദ്ധേയമാണ്. ക്രിസ്തു ഇവിടെ പ്രഖ്യാപിക്കുന്ന രക്ഷ പ്രഥമത സാമൂഹികവും, സാമ്പത്തികവും, സാമുദായികവുമായ അടിച്ചമർത്തലുകളിൽ നിന്നുമുള്ള വിമോചനമാണ്.[29] വാസ്തവത്തിൽ അവിടുത്തെ ആഗമനോദ്ദേശ്യം—ദരിദ്രരോടുള്ള 'സദ്വാർത്താ' പ്രഖ്യാപനമത്രെ.

മർക്കോസിന്റെ സുവിശേഷത്തിൽ (Mk 6, 1-6) വിവരിക്കുന്ന യേശുവിന്റെ നസ്രത്തിലെ തിരസ്കരണവും, ആദിമ ക്രൈസ്തവസമൂഹങ്ങളിൽ നിലനിന്നിരുന്നതും ലൂക്കാ യ്ക്കറിവുള്ളതുമായ കുറെ പാരമ്പര്യങ്ങളും കൂട്ടിച്ചേർത്ത് അദ്ദേഹം വീണ്ടും എഴുതിയുണ്ടാക്കിയതാണ് നസ്രത്തിലെ സിനഗോഗിൽ വച്ചുള്ള യേശുവിന്റെ ഉദ്ഘാടനപ്രസംഗം[30] (Lk 4, 16-30). ബൈബിൾ പണ്ഡിതന്മാരിൽ ഭൂരിഭാഗവും സമ്മതിക്കുന്ന കാര്യമാണിത്. ദരിദ്രരോടുള്ള പ്രത്യേകമായ ആഭിമുഖ്യം ലൂക്കായുടെ മാത്രമായ ഒരു പ്രത്യേകതയാണ്. എന്നിരുന്നാലും യേശുവിന്റെ നയപ്രഖ്യാപനത്തിലെ സാമൂഹ്യമായ ഊന്നൽ ലൂക്കാസുവിശേഷകന്റെ വ്യാഖ്യാന ഫലമല്ല. ക്രിസ്തുവിന്റെ മനോഭാവത്തെ പ്രതിഫലിപ്പിക്കുക മാത്രമെ സുവിശേഷകൻ ഇവിടെ ചെയ്യുന്നുള്ളു. തന്റെ ദൗത്യത്തിന്റെ സാമൂഹികവശത്തെപ്പററിയുള്ള (ഐസ. 61, 1—3 അടിസ്ഥാനമാക്കിയുള്ള) അവബോധം യേശുവിന്റെ തന്നെ മററു പ്രസ്താവനകളിലും വ്യക്തമായികാണാം. നീ തന്നെയോ വരുവാനിരിക്കുന്നവൻ എന്നുള്ള സ്നാപകയോഹന്നാന്റെ ചോദ്യത്തിനു് അവിടുന്നു നൽകുന്ന മറുപടി (Lk 7 18-23 = Mt 11, 2-6) ശ്രദ്ധേയമാണ്. ജനക്കൂട്ടത്തോടുള്ള അവിടുത്തെ പ്രസംഗം (Lk 6, 20-26 = Mt 5, 3-12) ആരംഭിക്കുന്നതും സാമൂഹിക വശത്തിനു പ്രാധാന്യം നൽകികൊണ്ടാണ്. ദരിദ്രരോടുള്ള അവിടുത്തെ ജീവിതസമർപ്പണത്തിന്റെ ആഴവും വ്യാപ്തിയും വ്യക്തമായി കാണിക്കുന്നതാണ് ഈ സുവിശേഷഭാഗ്യങ്ങൾ.

## 2. ദരിദ്രർ എത്രയോ ഭാഗ്യവാന്മാർ! (Lk 6, 20-26)

ലൂക്കായുടെ സുവിശേഷത്തിലെ കർത്താവിന്റെ സമതലപ്രസംഗം ആരംഭിക്കുന്നതു് നാലു ധന്യതാവാദങ്ങളോടും (beatitudes), അവയോടു ചേർന്ന നാലു ശാപങ്ങളോടും കൂടിയാണ്. അവയിൽ ആദ്യത്തെ 3 ധന്യതാവാദങ്ങൾ വളരെയേറെ സാമ്യമുള്ളതും ഒന്നിച്ചു പോകുന്നതുമാണ്. മാത്രമല്ല വളരെ സുവ്യക്തമായ രീതിയിൽ നാലാമത്തേതിൽ നിന്നും

www.malankaralibrary.com

ഭിന്നവുമത്രെ. അതുപോലെ തന്നെ മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന സമാന്തരവാക്യങ്ങളിൽ നിന്നും അവ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു.

## Lk 6, 20–23

20
ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങൾക്കുള്ളതാകുന്നു.
21
ഇപ്പോൾ വിശപ്പു സഹിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ തൃപ്തരാക്കപ്പെടും.
ഇപ്പോൾ കരയുന്ന നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ചിരിക്കും.
22
മനുഷ്യപുത്രനെ പ്രതി മനുഷ്യർ നിങ്ങളെ വെറുക്കുകയും നിന്ദിക്കുകയും പുറംതള്ളുകയും നിങ്ങളുടെ പേരു് നിന്ദ്യമായി കരുതി തിരസ്കരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു.
23
അന്നു നിങ്ങൾ ആനന്ദിക്കുവിൻ! സന്തോഷിച്ചു തുള്ളിച്ചാടുവിൻ! എന്തെന്നാൽ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലുതായിരിക്കും; അവരുടെ പിതാക്കൾ പ്രവാചകന്മാരോടു പ്രവർത്തിച്ചിരുന്നതും ഇങ്ങനെ തന്നെയാണു്.

## Mt 5, 3–12

3
ആത്മനാ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.
4
കരയുന്നവർ ഭാഗ്യവാന്മാർ; അവർക്കാശ്വാസം ലഭിക്കും.
5
സൗമ്യശീലർ ഭാഗ്യവാന്മാർ; ഭൂമി അവകാശമായി കിട്ടും.
6
ധർമ്മത്തെക്കുറിച്ചു് വിശപ്പും ദാഹവും ഉള്ളവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.
11
മനുഷ്യർ എന്നെപ്രതി നിങ്ങളെ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്കെതിരായി പല തരത്തിലുള്ള അപവാദങ്ങൾ പരത്തുമ്പോൾ, നിങ്ങൾ ഭാഗ്യവാന്മാരാകുന്നു.
12
അപ്പോൾ നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇങ്ങനെതന്നെ പീഡിപ്പിച്ചിട്ടുണ്ടു്.

www.malankaralibrary.com

ലൂക്കായുടെ സുവിശേഷത്തിലെ നാലാമത്തെ ധന്യതാവാദം (Lk. 6, 22–23) ആദ്യ മൂന്നു ധന്യതാവാദങ്ങളിൽനിന്നും പ്രത്യക്ഷമാംവിധം വ്യത്യാസപ്പെട്ടിരിക്കുന്നു. ഉത്ഥാനാനന്തര ക്രിസ്തീയ സമൂഹത്തിന്റെ പ്രശ്നത്തിലേക്കാണതു വിരൽചൂണ്ടുന്നതു് (ക്രിസ്ത്യാനികളായിത്തീർന്ന യഹൂദരേ സിനഗോഗുകളിൽ നിന്നും പുറത്താക്കിയിരുന്നു).[31] അനേകം വാക്കുകളിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ള ആ ധന്യതാവാദം ആദിമ ക്രൈസ്തവ സമൂഹത്തിന്റെ സംഭാവനയാകുവാനാണു് കൂടുതൽ സാദ്ധ്യത. ആദ്യത്തെ മൂന്നു ധന്യതാവാദങ്ങളുടെ ശൈലി വളരെ ഋജുവും താളാത്മകവുമാണു്. യേശുവിന്റെ വാക്കുകളുടെ ഏററം പ്രധാന സവിശേഷതയായിരുന്നു അവ. അക്കാരണങ്ങളാൽ ആ ധന്യതാവാദങ്ങൾ യേശുവിന്റെ തന്നെ വാക്കുകളാണെന്നു നിസ്സംശയം പറയാം. മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന അവയുടെ സമാന്തര ഭാഗങ്ങളേക്കാൾ (Mt. 5, 3–6) കൂടുതൽ ആധികാരികമാണു് ലൂക്കായുടെ സുവിശേഷത്തിലേതു്. മത്തായിയുടെ സുവിശേഷത്തിലെ ഈ ഭാഗങ്ങൾ സൂചിപ്പിക്കുന്നതു് അതു ലൂക്കായുടേതു പോലെ ആധികാരികമല്ല എന്നത്രേ. കാരണം:

a. ''ദരിദ്രർ'' എന്നതു് ''ആത്മാവിൽ ദരിദ്രർ'' (Mt. 5, 3) എന്നും, ''ഇപ്പോൾ വിശക്കുന്ന നിങ്ങൾ'' എന്നതു് ''ധർമ്മത്തെ (നീതി) കുറിച്ചു വിശപ്പും ദാഹവും ഉള്ളവർ'' (Mt. 5, 6) എന്നും, ''ഇപ്പോൾ കരയുന്ന നിങ്ങൾ'' എന്നതു് (അതായതു് സങ്കടങ്ങളും വിഷമങ്ങളും ബാഹ്യമായി പ്രകടിപ്പിക്കുന്നവർ) വെറുതെ ''കരയുന്നവർ'' (Mt. 5, 4) എന്നാക്കി മത്തായി സുവിശേഷകൻ മാററി. ഇതുവഴി മത്തായി സുവിശേഷകൻ ക്രിസ്തുവിന്റെ ശരിയായ ധന്യതാഭാവത്തിനു് ആദ്ധ്യാത്മികമായ ഒരു പരിവേഷം ചാർത്തി.

b. ഐസ. 61, 1–3 വരെ വാക്യങ്ങളിലെ പ്രധാനപ്പെട്ട ആശയങ്ങളുടെ (വാക്കുകളുടെ) ക്രമമനുസരിച്ചു് (ദരിദ്രർ—കരയുന്നവർ—വിശക്കുന്നവർ എന്നീ ക്രമത്തിൽ) മത്തായിയുടെ സുവിശേഷത്തിലെ ധന്യതാവാദങ്ങൾക്കു് ഒരു പുനഃക്രമീകരണം നടത്തിയിട്ടുണ്ടു്.

c. ''സൗമ്യശീലർ ഭൂമി അവകാശമായി അനുഭവിക്കും'' (Ps. 37, 11) എന്നതു് ഒരു സുവിശേഷഭാഗ്യമായി രൂപപ്പെടുത്തിയിരിക്കുകയാണു്. ഇതു് ആദ്യത്തെ സുവിശേഷഭാഗ്യത്തിൽ (5, 5) സമാന്തരമായി നിൽക്കുന്നതുമത്രെ. ഇങ്ങനെ ചെയ്തതിന്റെ ഉദ്ദേശ്യം നന്നാലു വീതമുള്ള രണ്ടു സെററു സുവി

www.malankaralibrary.com

ശേഷഭാഗ്യങ്ങളെ താളാത്മകമായ ശൈലിയിൽ അവതരിപ്പിക്കുക എന്നതായിരുന്നു. അഷ്ടസൗഭാഗ്യ പ്രഖ്യാപനങ്ങളോടെയാണല്ലൊ സുപ്രസിദ്ധമായ ഗിരിപ്രഭാഷണം സമാരംഭിക്കുന്നത്[32].

ലൂക്കായുടെ സുവിശേഷത്തിലെ ആദ്യത്തെ ധന്യതാവാദങ്ങളിലും നാം ശ്രവിക്കുക യേശുവിന്റെ തന്നെ വാക്കുകളാണ്. ഒരു പക്ഷേ അവിടുന്നു പറഞ്ഞത് മദ്ധ്യമപുരുഷ (second person) നിലായിരുന്നിരിക്കില്ല. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നതുപോലെ പ്രഥമ പുരുഷനിൽ (third person) ആകാനാണു സാദ്ധ്യത. കാരണം പഴയനിയമത്തിലെ അനുഗ്രഹ വചസ്സുകളും ശാപങ്ങളുമൊക്കെ പ്രഥമപുരുഷനിലാണ് (cf. Ps. 1, 1; 31, 1; 41, 1; Is. 5, 8-12) നാം കാണുന്നത്. താൻ എഴുതുന്ന ക്രിസ്തീയ സമൂഹത്തിൽ മാത്രമായി ഈ ധന്യതാവാദങ്ങളെ, അനുഗ്രഹങ്ങളെ പരിമിതപ്പെടുത്തുന്നതിനു വേണ്ടി രചനാസമയത്തു ലൂക്കാ സുവിശേഷകൻ സ്വീകരിച്ച ഒരു അനുരൂപണമായിരിക്കണം "നിങ്ങൾ" എന്ന പ്രയോഗം. യേശു അഭിസംബോധന ചെയ്യുന്ന ദരിദ്രരും, കരയുന്നവരും, വിശക്കുന്നവരും മൂന്നു വ്യത്യസ്ത വിഭാഗത്തിൽപ്പെട്ടവരല്ല. അവർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ—"'സ്വർഗ്ഗരാജ്യം' 'സംതൃപ്തി' (മിശിഹായുടെ മെസയാനിക വിരുന്നിലെന്നപോലുള്ളത്)! 'ചിരി'" (മെസയാനിക സന്തോഷത്തോടെയുള്ളത്) എന്നിവ വ്യതിരക്തങ്ങളായ 3 കാര്യങ്ങളല്ല. ആദ്യത്തെ മൂന്നു ധന്യതാവാദങ്ങളും — വ്യാകരണപരമായി അവയുടെ ഘടനയും രൂപവും എങ്ങനെയിരുന്നാലും (എന്തായിരുന്നാൽ തന്നെയും) ഒരേ ഒരു സുവിശേഷഭാഗ്യമാണവ പ്രകാശിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ഏററവും പ്രധാനപ്പെട്ട സുവിശേഷ സൗഭാഗ്യമെന്നു (നാം) വിളിക്കുന്ന "ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ ദൈവരാജ്യം അവരുടേതാകുന്നു" എന്നല്ലാതെ മറെറാന്നുമല്ലത്.

### a) ആരാണു ദരിദ്രർ?

അപ്പോൾ ഈ ധന്യതാവാദത്തിന്റെ അർത്ഥമെന്താണ്? "ഭാഗ്യവാന്മാർ" എന്നു ക്രിസ്തു വിളിച്ച "ദരിദ്രർ" ആരാണ്? എന്തിനാണ് അവരെ "ഭാഗ്യവാന്മാർ" എന്നവിടുന്നു വിളിച്ചത്? എന്തിലാണ് അവരുടെ ധന്യത അടങ്ങിയിരിക്കുന്നത്? ലൂക്കായുടെ സുവിശേഷത്തിലെ ആദ്യത്തെ ധന്യതാ

www.malankaralibrary.com

വാദത്തിന്റെ ഗ്രീക്കുമൂലം ഇപ്രകാരമാണ്: 'Makarioi hoi ptochoi' (''ദരിദ്രർ അനുഗ്രഹീതർ''). ഇതിലെ 'ptochos' എന്ന വാക്കിന്റെ അർത്ഥം വെറും ദാരിദ്ര്യമല്ല; നിസ്സ്വതയാണ്. 'ptochoi' എന്നതിനേക്കാൾ കുറെക്കൂടി സൗമ്യമായ പദമാണ് penes (=ദരിദ്രർ). അഹർവൃത്തിക്കുവേണ്ടി അദ്ധ്വാനിക്കേണ്ട, അത്യാവശ്യത്തിൽ കൂടുതലായ ജീവിതസൗകര്യങ്ങളില്ലാത്ത, സ്വന്തം വസ്തുവകകളില്ലാത്ത മനുഷ്യൻ എന്നാണ് ഈ വാക്കിനു നൽകുന്ന വിശദീകരണം. എന്നാൽ ptochos (നിർധനൻ) എന്ന വാക്കിന്റെ വിശദീകരണം അത്യാവശ്യ ജീവിതസൗകര്യങ്ങൾ പോലുമില്ലാത്ത, ജീവസന്ധാരണാർത്ഥം ഭിക്ഷ തെണ്ടേണ്ടി (ഇരക്കേണ്ടി) വരുന്നവൻ എന്നത്രെ.[33] അപ്പോൾ തികഞ്ഞ നിർധനരും നിരാശ്രയരുമാണ് ക്രിസ്തുവിന്റെ ധന്യതാവാദത്തിലെ 'ദരിദ്രർ'. നിർധനർ ഭാഗ്യവാന്മാർ, എന്തെന്നാൽ ദൈവരാജ്യം അവരുടേതാകുന്നു'' എന്നു യേശുവിന്റെ ധന്യതാവാദത്തെ, സവിശേഷഭാഗ്യത്തെ മാററിയെഴുതുവാൻ ഒരു പക്ഷെ ഈ അവസരത്തിൽ നാം പ്രേരിതരായേക്കാം.

എന്നാൽ മേൽപറഞ്ഞവിധം തന്നെയാണോ ക്രിസ്തു അനുദ്ദേശിച്ചതു് എന്ന കാര്യം സംശയാസ്പദമാണ്. അറമായഭാഷയായിരുന്നു അവിടുന്നുപയോഗിച്ചിരുന്നതു് (ഗ്രീക്കല്ല). ദരിദ്രർ എന്നതിനു് യേശു ഉപയോഗിച്ച അറമായവാക്കു് അല്ലെങ്കിൽ inwetanayya എന്നതാണ്. (അവയുടെ ഹീബ്രുരൂപ

— v — n

ങ്ങൾ a niyyim, anawim എന്നിവയത്രെ). ഈ അറമായവാക്കുകൾക്ക വളരെയധികം അർത്ഥവ്യാപ്തിയാണുള്ളതു്. ഏതെങ്കിലും വിധേന അടിച്ചമർത്തപ്പെട്ട് തങ്ങളുടെ വിലയും നിലയും കുറഞ്ഞുപോയവരെയെല്ലാം ഈ വാക്കുകൾ ഉൾക്കൊള്ളുന്നുണ്ട്. സാമ്പത്തികപ്രശ്നത്തിൽപ്പെട്ടുഴലുന്ന നിർധനർ മാത്രമല്ല ക്രിസ്തു അഭിസംബോധന ചെയ്ത ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുക. സാമൂഹ്യമായി പുറംതള്ളപ്പെട്ടവർ (Mk2, 15-17 or Lk 15,1–2 എന്നീ ഭാഗങ്ങളിലെ ചുങ്കക്കാരും പാപികളും). എളിയ മതവിശ്വാസികൾ നിരക്ഷരകുക്ഷികൾ (നിരക്ഷരർ) (Mt 18, 10 ലെ ചെറിയവൻ) മാനസികരോഗികൾ (Mk 9, 14–29; 5, 1–20 എന്നിവിടങ്ങളിലേതുപോലുള്ള അപസ്മാരരോഗികളും പിശാചുബാധിതരും പാപത്തിന്റെ ശിക്ഷയാണ് രോഗങ്ങളും ശാരീരികമായ വൈകല്യങ്ങളും (Jn 9,2) എന്ന ചിന്താഗതിയുടെ ഫലമായി അമിതമായ വ്യഥയും ലജ്ജയും സഹിച്ചിരുന്നവരായ വികലാംഗർ, അംഗവിഹീനർ (Mk 1, 32–34; 3,7–12;6,53–56 എന്നീ ഭാഗങ്ങളിൽ കാണുന്നതു

www.malankaralibrary.com

പോലെ ക്രിസ്തുവിന്റെ സമീപം തടിച്ചു കൂടുന്ന അന്ധരും, ബധിരരും, മുടന്തരും) എന്നിവരെല്ലാമാണ് ക്രിസ്തു അഭിസംബോധന ചെയ്ത ദരിദ്രരുടെ കൂട്ടത്തിൽ പെടുന്നത്. നിർദ്ധനർ, നിരക്ഷരർ, സമൂഹഭ്രഷ്ട് കല്പിച്ചവർ, മതപരമായി അശുദ്ധർ, രോഗികൾ എന്നിവരെല്ലാമാണ് യേശു 'ദരിദ്രർ' എന്ന വാക്കിൽ ഉൾക്കൊള്ളിച്ചിരിക്കുക. ഇവർ താഴ്ന്ന ജനവിഭാഗവും നിയമം അറിവില്ലാത്തവരുമായിരുന്നു. മത–സാമൂഹിക മണ്ഡലങ്ങളിൽ ഉന്നതന്മാരെന്നു കരുതിയിരുന്നവർ മേൽപറഞ്ഞവരെയെല്ലാം പുച്ഛിച്ചു വിളിച്ചിരുന്ന പേരാണ് 'ammê ha 'ārês' (=മണ്ണിന്റെ മനുഷ്യർ). "ദരിദ്രർ" എന്ന ഒററവാക്ക് ammê ha 'ārês' എന്ന വാക്കു സൂചിപ്പിച്ചിരുന്ന സകലരെയും യേശു ഉൾപ്പെടുത്തുന്നുണ്ട്.

തങ്ങളുടെ നിസ്സഹായതയും ദാരിദ്ര്യവും മൂലം ദൈവത്തിൽ മാത്രം പരിപൂർണ്ണമായ ശരണം വെയ്ക്കുന്ന ഭക്തനും വിശ്വസ്തനുമായ ഇസ്രായേൽക്കാരനെപ്പററി പറയുന്നതിന് (യാഹ്‌വയുടെ ദരിദ്രർ) വിപ്രവാസാനന്തര ഇസ്രായേലിൽ 'anāwîm' എന്ന വാക്കുപയോഗിക്കുവാൻ തുടങ്ങി. അങ്ങനെ ആ വാക്കിന് മതപരമായ ഒരു അർത്ഥവ്യാപ്തി കൈവന്നു[34]. ഈ വികാസത്തിന്റെ മാറെറാലികൾ ക്രിസ്തുവിന്റെ "ദരിദ്രർ" എന്ന വാക്കിലും വ്യക്തമായി മുഴങ്ങി കേൾക്കാം. "ആത്മാവിൽ ദരിദ്രർ" (Mt 5,3) എന്ന ശൈലീപ്രയോഗം വഴി മത്തായി സുവിശേഷകൻ ഈ ആശയത്തെ കൂടുതൽ പ്രസ്പഷ്ടമാക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ സുവിശേഷഭാഗ്യത്തിന്റെ പ്രഥമവും പ്രധാനവുമായ പരാമർശം സാമൂഹികമാണ്, മതപരമല്ല. ക്രിസ്തുവിന്റെ സുവിശേഷ സൗഭാഗ്യം അടിച്ചമർത്തപ്പെട്ടവരുടേതാണ് (മർദ്ദിതരുടേതാണ്).

ക്രിസ്തു ഭാഗ്യവാന്മാർ എന്നുദ്ഘോഷിച്ച 'ദരിദ്രരു'ടെ കൂട്ടത്തിൽപ്പെട്ടവരാണ് നമ്മുടെ ഇടയിൽ ഇന്നു ഹരിജനങ്ങൾ. ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരുടെ സമൂഹങ്ങളിൽ പോലും അവർ ഇന്നും അനുദിനം മനുഷ്യത്വപരമല്ലാത്ത ക്രൂരതകൾക്കിരയാകുന്നു. അതിനീചവും വികാരാത്മകവുമായ വിവേചനങ്ങൾ അവർക്കു സഹിക്കേണ്ടി വരുന്നു. ഒരു പക്ഷേ ഇത് അവിശ്വസനീയമായിതോന്നാം. ചേരി നിറഞ്ഞ നമ്മുടെ വൻ പട്ടണങ്ങളിൽ തല ചായ്ക്കാനിടമില്ലാതെ തെരുവീഥികളിൽ

www.malankaralibrary.com

കിടന്നുറങ്ങുന്നവരും, ബസ്സ്റ്റാൻഡുകളിലും റെയിൽവേസ്റ്റേഷനുകളിലും ഭിക്ഷയാചിച്ചുകൊണ്ടു നമുക്കു ചുറ്റും കറങ്ങി നടക്കുന്ന അംഗവിഹീനരായ യാചകരുമൊക്കെ ഈ 'ദരിദ്ര' വിഭാഗത്തിൽപ്പെട്ടവരാണ്. നിരാശയിലും തളർച്ചയിലും അനുദിനജീവിതം തള്ളിവിടുന്ന ലക്ഷോപലക്ഷം ഭൂരഹിതരായ കൂലിവേലക്കാരും 'ദരദ്രീർ' തന്നെ. അതെ, ഇവരെയാണ് ക്രിസ്തുനാഥൻ ""ഭാഗ്യവാന്മാർ'' എന്നു വിളിക്കുന്നത്.

൬ ദരിദ്രർ എന്തുകൊണ്ടു ഭാഗ്യവാന്മാരാകുന്നു?

എന്തുകൊണ്ടാണ് ക്രിസ്തു അവരെ അനുഗ്രഹീതർ എന്നു വിളിക്കുന്നത്? തീർച്ചയായും ദാരിദ്ര്യം അതിൽ തന്നെ ഒരു നല്ല സംഗതിയായതുകൊണ്ടല്ല. ദാരിദ്ര്യം ഒരുവനെ വേഗം അനുസരണശീലമുള്ളവനും ദൈവത്തോടു തുറന്ന മനോഭാവം പുലർത്തുന്നവനുമാക്കിത്തീർക്കുന്നു എന്നീ കാരണങ്ങൾ പൊക്കിക്കാണിച്ചുകൊണ്ട് ദാരിദ്ര്യത്തെ ചിലപ്പോൾ ഒരനുഗ്രഹമായി തന്റെ നിസ്സഹായാവസ്ഥയെ മനസ്സിലാക്കി ദരിദ്രർ ദൈവത്തിങ്കലേക്കു തിരിയുകയും അവിടുത്തെ ആശ്രയിക്കുകയും ചെയ്യുന്നു. (ഈ 'അനുഗ്രഹ'ത്തിൽ അവർക്കു യാതൊരു പങ്കുമുണ്ടായിരുന്നില്ലെന്നതു് ഒരു നഗ്നസത്യം.) ഈ പറഞ്ഞവ ആദ്ധ്യാത്മികദാരിദ്ര്യത്തെ സംബന്ധിച്ച് ശരിയായിരിക്കാം. ലൗകികവസ്തുക്കളോടുള്ള വിരക്തി നിത്യരക്ഷയ്ക്കാവശ്യമായ ഒരു മനോഭാവമായി ക്രിസ്തുനാഥൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. വിമാനവീകരണാത്മകമായ അടിച്ചമർത്തുന്ന ദാരിദ്ര്യത്തിനു മതപരമായ എന്തെങ്കിലും മൂല്യമുണ്ടോ എന്നു തീർച്ചയായും ഒരിക്കലും അങ്ങനെ പ്രസ്താവിക്കുന്നില്ല. ദാരിദ്ര്യം ഒരു തിന്മയാണ്. അതിനൊരു അന്ത്യം വരുത്തുവാനാണ് അവിടുന്നു വന്നിരിക്കുന്നത്. അതുകൊണ്ടാണ് ദരിദ്രർ അനുഗ്രഹീതരായിരിക്കുന്നതു്. ദരിദ്രർ ആരും ഇനി ആ നില തുടരേണ്ടതില്ല. അവർ അനുഗ്രഹീതരായിരിക്കുന്നു. ""ഇപ്പോൾ വിശക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ സംതൃപ്തരാക്കപ്പെടും.'' ദൈവരാജ്യം നടപ്പാക്കുന്ന സമഗ്ര വിപ്ലവത്തിന്റെ ഗുണഭോക്താക്കളാണു ദരിദ്രർ. അതിനാൽ അവർ ഭാഗ്യവാന്മാരാകുന്നു (''ദരിദ്രരേ നിങ്ങൾ അനുഗ്രഹീതർ! ധനവാന്മാരേ നിങ്ങൾക്കു ഹാ! കഷ്ടം!)

പഴയനിയമ പാരമ്പര്യത്തിൽ കാണുന്ന ദൈവത്തിനു ദരിദ്രരോടുള്ള പ്രത്യേക മമത ക്രിസ്തുനാഥന്റെ പ്രസ്താവനയുടെ പിന്നിലും നമുക്കു കാണാം.[35] നീതിമാനായ ദൈവം അനീതിക്കിരയാകുന്നവരെ അതിൽനിന്നും രക്ഷിക്കണം. പഴയനിയമം കാണിച്ചു തരുന്ന ദൈവം ദരിദ്രർക്കും അടിച്ചമർത്തപ്പെ

www.malankaralibrary.com

ട്ടവർക്കും വേണ്ടി പടപൊരുതുന്നവനാണ്. ബലഹീനന്മാരെ സംരക്ഷിക്കുക രാജാവായ അവിടുത്തെ ചുമതലയുമത്രെ. അശക്തരോടും അശരണരോടുമുള്ള ദൈവത്തിന്റെ വാത്സല്യം വ്യക്തമാക്കുവാൻ പോരുന്ന അനേകം വേദപുസ്തകഭാഗങ്ങളുണ്ട്. വിധവ, അനാഥൻ, അഭയാർത്ഥി എന്നിവരോടുള്ള പെരുമാററം തന്നെ ഉദാഹരണമാണ് (Dt. 10, 17–19; Ps. 68, 5). ക്ഷേമരാഷ്ട്രം എന്ന ആശയം ഉദയം ചെയ്തിട്ടില്ലായിരുന്ന കാലത്ത് നിസ്സഹായാവസ്ഥയുടെ പരകോടികളായിരുന്ന ഈ സ്ഥിതിവിശേഷങ്ങൾ. അതുപോലെ തന്നെയാണ് ഭൂമിയിലെ അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടി നടത്തുന്ന ന്യായവാദങ്ങൾ (Ps 76, 9, 146; 5–9). യാഹ്വേ പാവങ്ങളുടെ കാര്യത്തിൽ തൽപരനാണ്. അതുപോലെയുള്ള താല്പര്യം ജനങ്ങളിൽനിന്നും അവിടുന്ന് പ്രതീക്ഷിക്കുന്നു (Dt 24, 17–18: Jer 7, 5–7; Ps 82, 1–4). വളരെ തീവ്രമായ ഒരാഗ്രഹമാണിത് (Ex 22, 21–24). രാജാക്കന്മാരിൽനിന്നും അവിടുന്നിതു പ്രതീക്ഷിക്കുന്നുണ്ട് (Jer 22, 1–5). തന്റെ പ്രവാചകരിലൂടെ എല്ലാ വിധ അനീതികളേയും അടിമത്തങ്ങളേയും ഉഗ്രമായി അവിടുന്നു ശപിക്കുന്നുണ്ട് (Amos 2, 6–8 4, 1–3; 6, 4–7; 8, 4–10; Hos 2, 1–3: Mich 2, 1–3 Is 3, 13–17; 5, 8–10; 10, 1–4; Jer 5, 26–29; 34, 17–21; Is 34, 1–24). ''കർത്താവിന്റെ വചനം കേൾക്കുവാൻ വേണ്ടി'' ഇസ്രായേൽ ജനം അതിയായി വിശക്കുന്ന ഒരു ദാരിദ്ര്യത്തിലേക്ക് അവർ ചെന്നെത്തുന്നതും പാവപ്പെട്ടവരെ അവർ പീഡിപ്പിക്കുകയും ചൂഷണം ചെയ്യുകയും ചെയ്താൽ! ആമോസ് പ്രവാചകൻ അവർക്ക് മുന്നറിയിപ്പു നൽകുകയാണ്. അതായത് യാഹ്വേ തന്റെ ജനത്തെ പരിപൂർണ്ണമായും പരിത്യജിക്കും (Amos 8, 11–12) എന്ന്. ജറമിയാസ് പ്രവാചകൻ ഉദ്ഘോഷിക്കുന്ന 'ദൈവത്തെ അറിയുക' എന്നതുകൊണ്ട് നീതിപ്രവർത്തിക്കുകയാണെന്നു വിവക്ഷ (Jer 22, 13–17). ദരിദ്രരെ അവഗണിക്കുന്നുവെന്നതിൽ നിന്നുള്ള ഒരു രക്ഷപെടലായി നടത്തുന്ന അനുഷ്ഠാനങ്ങൾ ദൈവത്തിനു് ഒരിക്കലും സ്വീകാര്യമല്ലാ എന്ന് ഐസയാസ്, ഹോസയാ എന്നീ പ്രവാചകന്മാർ ശക്തിമത്തായി പ്രസ്താവിക്കുന്നു (Is 58, 6–9; Hos 6, 6).

## C ദരിദ്രർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യം എന്താണ്?

ദൈവത്തിനു് ദരിദ്രരോടുള്ള താല്പര്യത്തിന്റെ സാരസംഗ്രഹവും മകുടവുമാണ് ക്രിസ്തുവിന്റെ സുവിശേഷ സൗ

www.malankaralibrary.com

ഭാഗ്യം. ഭൂമിയിലെ അടിമകളെ വിമോചിതരാക്കുന്നതിന് ദൈവം തന്നിലൂടെ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു (ദൈവരാജ്യം സമാഗതമായിരിക്കുന്നു) എന്നാണവിടുന്നു പ്രസ്താവിക്കുന്നതു്. ഭൂമിയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ സ്വർഗ്ഗത്തിൽ സമ്പന്നരായി തീരും എന്നു പറഞ്ഞു് ആ ആദ്ധ്യാത്മികമേലങ്കി (പ്രഭാപൂരം) ചാർത്തി ക്രിസ്തു ഉദ്ഘോഷിച്ച വിമോചനത്തെ നമുക്ക് ഒഴിവാക്കാനൊക്കുകയില്ല. 'മരണാനന്തരം സ്വർഗ്ഗം കിട്ടും'. എന്നുള്ള നമ്മുടെ വിശദീകരണം ക്രിസ്തുനാഥൻ പ്രസംഗിച്ച ദൈവരാജ്യത്തിന്റെ ലൗകിക (ഭൗതിക) വശത്തോടു നീതി പുലർത്തുകയില്ല. ദൈവരാജ്യമെന്നു വെച്ചാൽ മാനവചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലാണല്ലൊ.

വ്യക്തിപരവും സാമൂഹ്യവുമായി തങ്ങളെ ഞെരുക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന എല്ലാവിധ അടിമത്തങ്ങളിൽനിന്നും എല്ലാവരേയും (ദരിദ്രരേയും സമ്പന്നരേയും) വിമോചിക്കുന്ന ദൈവിക വിപ്ലവമാണു് ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്യുന്നതു്. മനുഷ്യന്റെ മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്ന, അനുദിനം അവനെ കാർന്നുതിന്നുന്ന ദാരിദ്ര്യത്തിൽനിന്നു മാത്രമല്ല, സമ്പത്തും അധികാരങ്ങളും കൈയടക്കി വെച്ചു മററുള്ളവരെ അടിമകളാക്കുന്ന ദുഷ്പ്രേരണകളിൽ നിന്നും അതു മനുഷ്യനെ രക്ഷിക്കും. ദരിദ്രരെ സമ്പന്നരാക്കി ഇപ്പോഴത്തെ ചൂഷിതവർഗ്ഗത്തെ ചൂഷകരാക്കി മാററുവാനല്ല ക്രിസ്തു വന്നിരിക്കുന്നതു്. ഒരു ഹൃദയ പരിവർത്തനം അവിടുന്നു ലക്ഷ്യമാക്കുന്നുണ്ടു്. അതോടൊപ്പം ചൂഷണസമൂഹ സംവിധാനങ്ങളുടെ ഒരു വ്യതിയാനവും അവിടുന്നു സമാരംഭിച്ചിരിക്കുന്നു. സമഗ്ര വിമോചനത്തിന്റെ പരിസമാപ്തിക്കു് ഇവരണ്ടും ഒന്നിച്ചു ചേരണം. അപ്പോഴാം മാത്രമേ ആ വിമോചനത്തിന്റെ ആത്യന്തിക ലക്ഷ്യമായ പുതിയൊരു ജനതതി ജന്മം കൊള്ളുകയുള്ളു.

ദൈവത്തിന്റെ നിരുപാധിക സ്നേഹത്തിലാണു് ദൈവരാജ്യം ആത്യന്തികമായി അടങ്ങിയിരിക്കുന്നതു്. ഈ ദൈവസ്നേഹത്തിന്റെ വിമോചനാത്മകമായ വെളിപാടിനു് എത്രമാത്രം വിശാല മന:സ്ഥിതിയോടുകൂടെ നാം പ്രത്യുത്തരം നൽകുമോ അത്രമാത്രമേ ദൈവരാജ്യം ഒരു യാഥാർത്ഥ്യമായി തീരുകയുള്ളു. ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും മൂല്യസംഹിതകൾക്കും അനുരൂപനായി ജീവിക്കുന്നതിനും അവിടുന്നു വിഭാവനം ചെയ്ത സമത്വത്തിന്റേയും സഹോദര്യത്തിന്റേയുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനു് നാം എത്രമാ

www.malankaralibrary.com

ത്രം പരിശ്രമിക്കുമോ അത്രമാത്രം ആദ്ധ്യാത്മിക ദാരിദ്ര്യം (ലൗകിക വസ്തുക്കളോടുള്ള വിരക്തി) വളരുകയും അടിച്ചമർത്തുന്ന ദാരിദ്ര്യം (നിദ്ധനത്വം) നമ്മുടെ ജീവിതത്തിൽ നിന്നും അപ്രത്യക്ഷമാകുകയും ചെയ്യും (Rev. 21, 1–4). ഒരു ക്രിസ്തീയസമൂഹത്തിൽ നിദ്ധനത്വമോ അത്യാഗ്രഹമോ ഉണ്ടാകുവാൻ പാടില്ല. ആദിമ ക്രൈസ്തവ സമൂഹം (ജെറുസലം സമൂഹം) നമുക്കു കാണിച്ചു തരുന്ന തെളിവാണ്—"ദാരിദ്ര്യമനുഭവിച്ചിരുന്നവരാരും അവരുടെ ഇടയിലില്ലായിരുന്നു" (Acts 2, 44–45: 4, 32–35).

നമ്മുടെ ഇടയിൽ നിലനില്ക്കുന്ന ഉപഭോഗതൃഷ്ണയും കടുത്ത ദാരിദ്ര്യവും നമ്മുടെ ക്രിസ്തീയ ജീവിതം ഒരു പരാജയമാണെന്നതിന്റെ തെളിവാണ്. വിശന്നു പൊരിയുന്നവരുടെയിടയിൽ വലിയ സമ്പന്നന്മാരായ ക്രിസ്ത്യാനികൾ (അത്യാഗ്രഹികളും) ഉണ്ടെന്നുള്ളതു് വലിയൊരുതപ്പുതന്നെയാണ്. എന്തെല്ലാം സ്വകാര്യസുകൃതാഭ്യാസങ്ങളും നടത്തിയാലും, എത്രമാത്രം തുക പരസ്യമായി ദാനം നൽകിയാലും ഈ തിന്മ മാഞ്ഞു പോകുകയില്ല. ചുരുക്കമായി പറഞ്ഞാൽ നമ്മുടെ അത്യാഗ്രഹം നമ്മുടെ ദൈവരാഹിത്യത്തിന്റെ ലക്ഷണമാണ്. നിർദ്ധനന്മാരുടെ അസ്തിത്വം ക്രിസ്തുവിനോടുള്ള നമ്മുടെ അവിശ്വസ്തതയുടെ തെളിവും ദൈവം മാമോന ഘടകവിരുദ്ധമാണ് (Mt 6,24). ദരിദ്രരോടുള്ള അതിയായ താല്പര്യത്തിന്റെ പെട്ടെന്നുള്ള ഒരു ബഹിർസ്പുരണത്തിൽ ക്രിസ്തുനാഥൻ അവരുമായി തികഞ്ഞ താദാത്മ്യം സ്ഥാപിക്കുന്നു (മത്താ 25, 31–46). നമ്മുടെ ഉപഭോഗതൃഷ്ണ ദൈവത്തിനെതിരായ തെരഞ്ഞെടുപ്പാണ്. ദരിദ്രരോടുള്ള അവഗണന ക്രിസ്തുവിനോടുള്ള അവഗണനയും.

ജോർജ് എം. സ്വാരസ്പ്രഭു എസ്. ജെ.

വിവ: ജോയി ആട്ടമാക്കീൽ

## Notes


1 D. Barreto, *The Indian Situation* (Bangalore: Centre for Social Action, 1976) 14.

2 K. N. Pandey, "Malnutrition: A Major National Problem", *Indian Express*, 5/8/1978, p. 6.

3 Barreto, *op. cit.* (n. 1 above) 19f.

4 For a deeply moving description of what it means to live in poverty in a (Brazilian) slum, cf. Carolina Maria de Jesus, *Child of the Dark* (NY: Signet Books, 1962).


www.malankaralibrary.com

5 No really thorough study has yet been made of Jesus' attitude towards poverty and the poor. But useful material may be gathered from the following studies: R. Batey, *Jesus and the poor* (NY: Harper & Row, 1972); M. Hengel, *Property and Riches in the Early Church* (London: SCM Press, 1974); R. J. Sider, *Rich Christians in an Age of Hunger: A Biblical Study* (NY: Paulist Press, 1977); H-J. Degenhardt, *Lukas, Evangelist der Armen* (Stuttgart: KBW, 1965); J. Dupont, *Les Beatitudes*, tomes I–III (Paris: Gabalda, 1958–69). cf. also G. Mangatt, "Jesus' Good News to the Poor", *Jeevadhara* 3 (1973) 300–17.

6 The Greek text has *ktemata* here, a word which describes landed property rather than money and possessions (cf, the *chremata* of 10, 23). The rich man of the story is (as would be expected in the Paleatine of Jesus' time) a rich landlord.

7 The *egapesen auton* of the Greek could indicate a loving gesture made by Jesus, even a kiss given by him. cf. E. Lohmeyer, *Das Evangelium des Markus* (Goettingen: KEK, 1967) 211; R. Pesch, *Das Markusevangelium*, II (Freiburg: HTKNT, 1977) 140.

8 Cf. E. Schweizer, *The Good News According to Mark* (London: SPCK, 1971) 209f; Pesch, *Markus* (n. 7 above) 136 f.

9 As in v. 21, the "looking" of Jesus serves to draw attention to what he says, and may also express his affectionate concern for his disciples (addressed only here in the Gospels as "children"), who are finding it difficult to swallow so hard a saying on riches.

10 Schweizer, *Mark* (n. 8 above) 213.

11 W. Grundmann, *Das Evangelium nach Markus* (Berlin: THKNT, 1973) 213.

12 Compare the similar saying from the Babylonian Talmud: You come indeed from Pumbeditha, where an elephant is made to pass through the eye of a needle" (b. B. M. 38b). J. Jeremias, *The Parables of Jesus* (London: SCM Press, 1972) 195, points out that the elephant was the largest

www.malankaralibrary.com

animal known in Mesopotamia, as the camel was the largest known in Palestine. The image in the Talmud is thus the exact Babylonian equivalent of that used by Jesus.

13 From the frequency with which *pleonexia* occurs in the many NT lists of sins (Mk 7,22: Rom 1, 29; Eph 5, 3; Col 3,5; 2 Pet 2, 14) it is clear that the early Church followed the lead of Jesus in regarding greed (the motive power of our consumer capitalistic society) as a deadly evil.

14 Cf. J. D. Crossan, "Parable and Example in the Teaching of Jesus", *Semeia* 1 (1974) 79-81. Against Jeremias, *op. cit.* (n. 12 above) 186, where the parable as a whole is classified as one of the four double-edged parables used by Jesus, Crossan believes that its second part (vv 27-31) with its obivous echoses of Lk 24, is an addition of the early Church, "in the line of an allegorical allusion to the Jewish refusal to accept either Moses and the prophets as witnesses to the resurrection of Jesus or the risen Lord himself" (80). The original parable uttered by Jesus would then have comprised only vv 19-26.

15 So J. Ernst, *Das Evangelium nach Lukas* (Regensburg; RNT, 1977) 477; Jeremias, *op. cit.* (n. 12 above) 187; "He who will not submit to to the Word of God, w[ill] not be converted by a miracle.

16 The fact that the beggar is named while the rich man is not is significant, given the importance that names have in the Bible. God 'knows' the beggar as it were 'by name', The name given to him is itself significant. For *Lazaros* is the Greek form of the Hebrew *lazar* a rabbinic abbreviation of *'el'azar*, which means 'God helps'.

17 Luke's description of Lazarus, "longing to be filled (*epithymon chortasthenai*) with what fell from the rich man's table" and licked by unclean dogs (16, 21), parallels that of the Prodigal Son in exile, who also lived with uncelan swine and "kept on longing to be filled (*epethymei chortasthenai*) with the husks on which the swine used to feed" (15, 16). Both are images of

www.malankaralibrary.com

extreme physical need and humiliating social rejection.
18 The revolution expressly formulised in the beatitudes of Lk 6, 20 - 26 (see below) is anticipated in Mary's Magnificat: "He has filled the hungry with good things, but the rich he has sent away empty" (1, 53). So the poet Wilfred Meynell can say of Mary:

This is very she who sings. / "The poor God filleth with good things"; And rebel she who dares to say: / "But empty sends the rich away."

19 J. d. M. Derrett, "Fresh Light on St. Luke XVI: II. Dives and Lazarus and the Preceding Sayings", *NTS* 7 (1960 61) 373.

20 So Derrett, *ibid*.: "Failure to deal righteously with *mammon* leads to 'Hell'" — so that the parable is seen as the mirror image of that of the Unjust Steward in Lk 16, 1-10. For Ernst, *Lukas* (n. 15 above) too, the parable contains an implicit exhortation, urging its listeners not just to almsgiving but to effective care for the needy brother (476). Against this, Jeremias, *op. cit.* (n. 11 above), sees the point of the parable in its 'epilogue' which teaches the lesson that "the demand for a sign is an evasion and a sign of impetinence" (187); while Crossan, *op. cit.* (n. 14 above) locates it in the dramatic reversal of the situations of the rich man and Lazarus, through which "the kingdom's disruptive advent could be metaphorically portrayed and linguistically made present"(81). All these meanings are doubtless to be found in the parable, for like any symbolic form it is not to be interpreted too narrowly.

21 Helder Camara, *Revolution through Peace* (Ny: Harper & Row, 1971) 142, quoted in Sider, *op. cit.* (n.5 above) .39

22 The synagogue service at the time of Jesus would have included the following elements: (a) a confession of faith (the *shema*) which consisted in the recitation of Dt 6, 4-9;11,13-21: Num 15, 37-41; (b) prayers of praise (the *tefillah*) which by the time of Jesus had been more or less standardised into the *shemoneh* esreh, the eighteen benedictions; (c) a reading from the Pentateuch or Law (the *parashah*), by one or more readers each reading

www.malankaralibrary.com

at least three verses; (b) a second reading from the Prophets (the *haphtarah*); (e) a homily on the readings by the president of the synagogue or an invited guest; (f) a concluding prayer by the homilist—cf. G.F. Moore, *Judaism in the First Centuries of the Christian Era*, vol. 1 (Ny: Schocken Books, 1971) 291–307. Luke describes only the last part of the service, but his description as far as it goes (Jesus standing up to read, handing the scroll to the 'attendant', sitting down to deliver his 'homily', is accurate enough.

23 Cf. C. Westermann; *Isaiah 40–66* (London: SCM Press, 1969) 365.

24 In contrast to Deutero-Isaiah whose promise of a blessing "looks on the change as already brought about as far as God is concerned," Trito-Isaiah announces a "turning in grace which God is to make a reality in an indeterminate, although near, future"—Westermann, *ibid.*, 367.

25 On the Jubilee Year, cf. R. de Vaux, *Ancient Israel* (London: Darton Longman and Todd, 1961) 175-77.

26 See the discussion on the Lukan beatitudes below.

27 Grundmann, *Lukas* (n.11 above) 120f, offers no Explanation for the changes. Ernst, *Lukas* (n.15 above) 170 believes that Is 58,6 has been added as an interpretative comment on the "to proclaim to prisoners freedom" of Is 61,1c. This is scarcely a satisfactory explanation, for it does not tell us how Is 58,6 'interprets' an expression at least as clear as itself; nor why Luke should have dropped the immediately preceding line about the "broken hearted". Equally unsatisfying is the explanation offered by H. Schurmann, *Das Lukasevangelium*, I (Freiburg: HTKNT, 1969) 229, who suggest that "to bind up the broken hearted" was dropped (not by Luke but by a later copyist of the Gospel, for S. accepts as genuine the reading supported by a few mss in which the expression is kept), because it was throught to be inconsistent with the fact that Jesus worked no miracles

www.malankaralibrary.com

in Nazareth; while Is 58,6 was added (by Luke) to further elaborate the idea of the Jubilee Year announced in 61,2. But "to bind up the broken hearted" does not imply the working of miracles, so that there is no reason why it should have been dropped merely because Jesus is not shown working miracles in Nazareth. And the idea of a Jubilee Year surely does not need the reinforcement that Is 58,6 allegedly give it. Ours is in fact the only explanation which makes sense if the two changes in the quoted text (the ommission of Is 61,1c and the addition of Is 58,6) are seen as parts of a single meaningful editorial operation.

28 Cf. Westermann, *Isaiah* (n.23 above) 295f.

29 Ernst, *Lukas* (n. 15 above) 171.

30 Cf. specially, R.B, Tannehill, "The Mission of Jesus", in *Jesus in Nazareth*, ed. W. Eltester (Berlin: de Gruyter, 1972) 51–75, who accounts for Lk 4,16–30 in terms of Luke's editing of Mk 6,1–6 (in 4,23–24), his use of non-markan traditions (in 4,25–27) and his own free composition (in 4,16–21 and 4, 28–30). But H. Schurmann, "Zur Traditionsgeschichte der Nazareth Perikope', in *melanges Bibliques en hommage au R.P. Beda Rigaux*, ed. A Descamps & A. Halleaux (Gembloux: Duculot, 1970) 187–205, believes that Lk 4, 16–30 is a substantially a pre-Luken narrative belonging to the Q tradition, formed by the addition (at a pre-Luken stage) of vv 17–21 and vv 25–27 to a core-narrative (vv 16. 22. 23–24. 28–30) which was in fact an earlier form of the rejection story of Mk: 6, 1–6.

31 Cf. Ernst, *Lukas* (n.–15 above) 219.

32 Cf. Dupont, *op. cit* (n. 5 above) I, for a very thorough study of the literary relationships between the beatitudes of Matthew and Luke.

33 Cf. W. Barclay, *The Plain Man Looks at the Beatitudes* (London: Fontana, 1963) 16–19.

34 Cf. A. Gelin. *The Poor of Yahweh* (Collegeville: Liturgical Press, 1964).

www.malankaralibrary.com

35 Powerfully presented by J. P. Miranda, *Marx and the Bible* (NY: Orbis Books, 1974) 35—108.

36 On the role of the king as the protector of the 'poor in the ancient Middle East and Israel, cf. Dupont, *op. cit.* n. 5 above) 11, 53—90. This role was not altogether unlike that ascribed to the king in the laws of Manu, one of which states: "If the king did not untiringly inflict punishment on those to be punished, the stronger would roast the weak like a fish on a spit" (Manu VII, 20)—quoted from *Hindu Polity* (*The Ordinances of Manu*), translated by A. C Burnell (Ludhiana: Kalyani Publishers, 1972) 150.

www.malankaralibrary.com

# ഈശോയും ദരിദ്രരും യോഹന്നാൻെറ സുവിശേഷത്തിൽ

നാലാമത്തെ സുവിശേഷം ഇൻഡ്യയിൽ പ്രത്യേകം പ്രകീർത്തിക്കപ്പെടുന്നുണ്ട്. അതിലെ ധ്യാനാത്മകതയുടെ ചക്രവാളവും നിഗൂഢതയുടെ അന്തരീക്ഷവുമാണതിനു കാരണം. ഈ സുവിശേഷത്തിലെ ചരിത്രപരമായ വശങ്ങളുടെ നിരൂപണം വളരെ അടുത്ത കാലത്തുണ്ടായിട്ടുള്ളതാണ്. ചരിത്രപരതയെന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നതു കേവലം സ്ഥലകാലസംഭവങ്ങളുടെ വിവരണത്തിലുള്ള വിശ്വസ്തത മാത്രമല്ല പ്രത്യുത കുറെക്കൂടി അഗാധമായ അർത്ഥത്തിൽ അതു് ജീവിതസംബന്ധിയായിട്ടുള്ളതാണ്. മിക്കപ്പോഴും മർദ്ദിക്കപ്പെട്ടവരായ ജനസമൂഹത്തിൻെറ സങ്കടങ്ങളും, പ്രതീക്ഷകളും, സംഘട്ടനങ്ങളും, ചലനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണിതു്. ഈ അർത്ഥത്തിലാണ് നാലാമത്തെ സുവിശേഷം ചരിത്രപരമാണെന്ന് പ്രത്യേകാർത്ഥത്തിൽ ഞാൻ അഭിപ്രായപ്പെടുന്നതു്. പ്രസ്തുത സുവിശേഷത്തിലെ സാമൂഹ്യതാത്പര്യം മൂന്നാമത്തെ സുവിശേഷത്തിൽനിന്നും ഒരുപക്ഷെ അത്ര സ്പഷ്ടമല്ലെങ്കിലും ഒട്ടും കുറവല്ല. നാലാമത്തെ സുവിശേഷത്തിലെ ഗൂഢവിജ്ഞാനം ചരിത്രപരമായ ഒന്നാണ്. അതിലെ ധ്യാനനിഷ്ഠ, ക്രിസ്തുവിൻെറ ജനസേവനത്തിലൂടെയും സ്നേഹത്തിലൂടെയും ആവിഷ്കരിക്കപ്പെട്ട ദൈവമഹത്വം, എന്നിവ സ്പഷ്ടമാണ്. യോഹന്നാൻെറ സുവിശേഷം ദൈവം സ്നേഹിക്കുന്ന ജനത്തിൻെറ കഷ്ടാവസ്ഥയോടും ആവശ്യങ്ങളോടും സാദ്ധ്യതകളോടും സജീവമായി ബന്ധപ്പെട്ടിരിക്കുന്നു.

## ചുററിസഞ്ചരിച്ചും ജനക്കൂട്ടത്തെ കണ്ടും (6:1–2;7.1)

സമവീക്ഷണസുവിശേഷങ്ങൾ പാവങ്ങളോടും സമൂഹത്തിൽനിന്നും പുറംതള്ളപ്പെട്ടവരോടുമുള്ള ക്രിസ്തുവിൻെറ കാരുണ്യം വ്യക്തമാക്കുന്നുണ്ട്. തൻെറ രാജ്യത്തേയും ജനങ്ങളേയും അവരുടെ ജീവിതസാഹചര്യങ്ങളേയുംപററി തനിക്കു നേരിട്ടു ലഭിച്ച അനുഭവാധിഷ്ഠിതജ്ഞാനത്തിൻെറ വെളിച്ചത്തിൽ ഒരു വ്യത്യസ്ഥ സാമൂഹ്യവ്യവസ്ഥിതിക്കായുള്ള ക്രിസ്തുവിൻെറ പ്രവർത്തനങ്ങൾ ഇവിടെ ദൃശ്യമത്രെ. പ്രത്യക്ഷമായ ജീവിതസാഹചര്യങ്ങളിൽ വ്യക്തിപരമായി ഇടപ്പെട്ടുകൊണ്ടുള്ള ഒരു സ

www.malankaralibrary.com

മീപനരീതിയാണ് ക്രിസ്തു സ്വീകരിച്ചത്. ഈ രീതിയാണ് ദൈവസൃഷ്ടിയായ ചരിത്രത്തിൽ കാണുന്നതു്. "ഈശോ ഗലീലിയ മുഴുവനും ചുററി സഞ്ചരിച്ച് സിനഗോഗുകളിൽ പഠിപ്പിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനങ്ങളുടെ ഇടയിലെ എല്ലാവിധ രോഗികളെയും വ്യാധിതരേയും സുഖപ്പെടുത്തുകയും ചെയ്തു". (Mt 4:23; cfr. Lk 8,1) ഇപ്രകാരമുള്ള നയമാണ് ക്രിസ്തു സ്വീകരിച്ചതും ശ്രദ്ധാപൂർവ്വം അനുവർത്തിച്ചതും. "അടുത്ത ദിവസം രാവിലെ അവിടുന്നു ഒരു വിജനസ്ഥലത്തേക്കു പോയി. ജനങ്ങൾ അവിടുത്തെ അന്വേഷിച്ചു ചെന്നു. തങ്ങളുടെ അടുക്കൽ നിന്നു പോകരുതെന്ന് അവർ അവിടുത്തെ നിർബ്ബന്ധിച്ചു എന്നാൽ അവിടുന്നവരോട് പറഞ്ഞു ദൈവരാജ്യത്തെപ്പററിയുള്ള സദ്‌വാർത്ത മററു പട്ടണങ്ങളിലും എനിക്കു പ്രസംഗിക്കേണ്ടതുണ്ട്. അതിനായിട്ടാകുന്നു ഞാനയക്കപ്പെട്ടിരിക്കുന്നതു്"(Lk 4:42-43). "അവിടുന്നവരോടു പറഞ്ഞു അടുത്തുള്ള പട്ടണത്തിലേക്ക് നമുക്കു പോകാം അവിടെയും ഞാൻപ്രസംഗിക്കേണ്ടിയിരിക്കുന്നു" (Mk 1, 38). അതുകൊണ്ട് ഈശോ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററി സഞ്ചരിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും എല്ലാ രോഗികളെയും വ്യാധിതരെയും സുഖപ്പെടുത്തുകയും സിനഗോഗുകളിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു (Mt. 9,35).

നാലാമത്തെ സുവിശേഷത്തിലും ക്രിസ്തു നിരന്തരം കർമ്മോന്മുഖനാണ്. യോഹന്നാൻ ജ്ഞാനസ്നാനപ്പെടുത്തുന്ന ജോർഡാൻ നദിയുടെ തീരത്തു് ഈശോയെ നമുക്ക് ദർശിക്കാവുന്നതാണ്. ഈശോ സമീപപ്രദേശങ്ങളിലെവിടെയോ ആണ് താമസിച്ചിരുന്നതു് (1: 29,39). ആദ്യദ്ധ്യായം അവസാനിക്കുന്നതിനുമുമ്പെ ഗലീലിയിലേക്കു പോകുവാൻ ഉള്ള ക്രിസ്തുവിന്റെ ഉദ്ദേശ്യം സൂചിപ്പിക്കുന്നുണ്ട് (1:43). കാനായിലും കഫർനോമിലും ക്രിസ്തുവിനെ നാം കണ്ടു മുട്ടുന്നു. തുടർന്ന് ഉടനെതന്നെ അവിടുന്നു പെസഹാതിരുനാളവസരത്തിൽ ദേവാലയത്തിൽ ഊർജ്ജസ്വലനായി കാണപ്പെടുന്നു. അനന്തരം യൂദയാ വിട്ട് ഗലീലിയിലേക്ക് തിരികെപോകുന്നു. എന്നാൽ മടക്കയാത്രയിൽ പുതിയ ഒരു ശിഷ്യസമൂഹത്തിന്റെ അപേക്ഷയനുസരിച്ച് ക്രിസ്തു സമറിയായിൽ രണ്ടു ദിവസം താമസിക്കുന്നു. (4:3-4, 40,43). വീണ്ടും ക്രിസ്തു കാനാ സന്ദർശിക്കുന്നു. അനന്തരം ജറുസലമിലേക്ക് പോകുന്നു. അവിടെ തിരുനാൾ വേളയിൽ ജനങ്ങൾ സമ്മേളിക്കും. ജനക്കൂട്ടമാണ് ക്രിസ്തുവിന്റെ ശ്രദ്ധയുടെ കേന്ദ്രബിന്ദു. ആറാമദ്ധ്യായത്തിൽ ക്രിസ്തു ഗലീലിയിലാണ്. അവിടുന്നു ത

www.malankaralibrary.com

ളാകം കടക്കുകയും പിന്നീട് തിബീരിയാസ് തടാകത്തിലൂടെ കഫർനോമിലേക്ക പോകുകയും ചെയ്യുന്നു. അതിനുശേഷം കുറെ സമയത്തേക്ക് ക്രിസ്തു ഗലീലിയിൽ സഞ്ചരിച്ചു. രഹസ്യമായി ജറുസലം വരെ പോകുന്നുണ്ടെങ്കിലും അവിടുന്നു യൂദയായിൽ സഞ്ചരിക്കാൻ (രഹസ്യമായി) ഇഷ്ടപ്പെടുന്നില്ല (7: 1–10). തന്നെപ്പററി ജനതാമദ്ധ്യത്തിലുള്ള ആശയഗതികൾ കേൾക്കുകയും പരസ്യമായിത്തന്നെ അവയെ അഭിമുഖീകരിക്കുവാൻ ക്രിസ്തു തീരുമാനമെടുക്കുകയും ചെയ്യുന്നു. കുറെ ദീർഘസമയത്തേക്ക് ക്രിസ്തു ജറുസലമിലും പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്നതും നമുക്ക കാണാം (7, 8, 9, 10. 22–23:11). ലാസറിനെ ഉയർപ്പിച്ച ശേഷം, കൊലപാതകന്മാർ നിമിത്തം ക്രിസ്തു യൂദയായിൽ പരസ്യമായി സഞ്ചരിക്കാതിരിക്കാൻ നിർബ്ബന്ധിതനായിത്തീരുന്നു. തന്മൂലം ആ സ്ഥലം ഉപേക്ഷിച്ച് മരുഭൂമിക്ക സമീപമുള്ള എഫ്രായിം പട്ടണത്തിലേക്ക പോയി (11:53–54). എന്നാൽ പെസഹാക്ക് ഒരാഴ്ച മുമ്പ് ബഥനിയിലേക്ക് പോകുന്നു. അവിടെനിന്ന് ജറുസലമിലേക്കും. അവിടെ വച്ച് ക്രിസ്തു മരിക്കുന്നു (12: 1–12).

## 2. കള്ളന്മാരും, കൂലിക്കാരും, കവർച്ചചെയ്യപ്പെട്ട ആടുകളും (10. 1,8,10–13)

ഗ്രാമങ്ങളിലൂടെയും പട്ടണങ്ങളിലൂടെയും ചുററി സഞ്ചരിച്ച ക്രിസ്തു എന്താണ് കാണുകയും ശ്രദ്ധിക്കുകയും ചെയ്തത്? മത്തായി സുവിശേഷകൻെറ വീക്ഷണത്തിൽ ക്രിസ്തു തൻെറ സഞ്ചാരവേളയിൽ ''എല്ലാവിധ വ്യാധികളാലും രോഗങ്ങളാലും'' കഷ്ടപ്പെടുന്ന ജനങ്ങളെയാണു കണ്ടത്. എല്ലാവിധ രോഗങ്ങളാൽ വേദനിക്കുന്നവരേയും എല്ലാവിധ കഷ്ടപ്പാടുകളാൽ വിഷമിക്കുന്നവരേയും പിശാചു ബാധിതരേയും അപസ്മാരരോഗികളേയും തളർവാദപീഡിതരേയും അവിടുന്നു കണ്ടു. (Mt. 4. 23–24) ഈശോ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ചു.......... ജനക്കൂട്ടത്തെ കണ്ടപ്പോൾ ഈശോക്ക് അവരുടെമേൽ അനുകമ്പ തോന്നി. കാരണം ഇടയനില്ലാത്ത ആടുകളെപ്പോലെ അവർ നിരുത്സാഹരും നിരാലംബരുമായിരുന്നു. അവർ അത്യധികം ക്ഷീണിതരായി വീണു കിടക്കുന്നവരെപ്പോലെയും കൊയ്തെടുക്കപ്പെടാത്തതും അവഗണിക്കപ്പെട്ടതും വളരെ മൂല്യമുള്ളതുമായ വിളഞ്ഞു പാകമായ വയലിനോട് സദൃശരുമായിരുന്നു (Mt. 9: 35–37, Jn. 4: 35 കാണുക). അദ്ധ്വാനിക്കുന്ന ജനസമൂഹത്തെയാണ് ക്രിസ്തു കണ്ടത്. അവർ കഠിന പ്രയത്നം ചെയ്തിരുന്നു. വളരെ ഭാരമുള്ള ചുമടുകൾ അവർ വഹിച്ചിരുന്നു. അവക്ക് വിശ്രമ

www.malankaralibrary.com

മില്ലായിരുന്നു. കാലികമായ അവരുടെ ആവശ്യങ്ങൾ സാധിച്ചിരുന്നില്ല. അവരുടെ സാമൂഹ്യമായ അപമാനത്തിനു് ഒരറുതിയുമില്ലായിരുന്നു (Mt. 11: 28). ഈജിപ്തിലെ ഫറവോയുടേയും അദ്ദേഹത്തിന്റെ പ്രമാണികളുടേയും കീഴിലുള്ളവരെപ്പോലെയായിരുന്നു അവർ. അഥവാ അവരെ സ്വതന്ത്രരാക്കുന്നതിനും വിശ്രമത്തിന്റേയും വിമോചനത്തിന്റേതുമായ ഒരു സാബത്തും നൽകുന്നതിനുവേണ്ടി ദൈവം ഒരിക്കലും ഇടപെടാതിരുന്നതുപോലുള്ള ഒരു അവസ്ഥയായിരുന്നു അവരുടേതു്. മോശ അവരുടെ ഭാരങ്ങൾ ലഘൂകരിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികളായ ഫരിസേയരും വേദപണ്ഡിതരും വഹിക്കുവാൻ പ്രയാസമേറിയ ചുമടുകൾ മനുഷ്യരുടെ തോളിൽ കെട്ടിവയ്ക്കുന്നു. എന്നാൽ വിരൽകൊണ്ടുപോലും ഒന്നു താങ്ങിക്കൊടുക്കാനവർക്കു മനസ്സില്ല (Mt 23: 1–4).

യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ ഈദൃശാനുഭവങ്ങൾ ചിലപ്പോൾ തത്തുല്യ പദങ്ങളിൽത്തന്നെ രേഖപ്പെടുത്തുന്നുണ്ടു്. കാനായിൽ വച്ചു് യേശുവിനു തന്റെ പരിചയസീമയിൽപ്പെട്ട അനവധി ഭവനങ്ങളിലൊന്നിനു് നേരിട്ട ലജ്ജയ്ക്കും സംഭ്രമത്തിനും അവിടുന്നു സാക്ഷിയാണു്. വിവാഹാവസരം പോലുള്ള വിശേഷാവസരങ്ങളിൽ വേണ്ടത്ര വീഞ്ഞുണ്ടായിരിക്കുന്നതിനും അങ്ങനെ അത്യാഡംബരപൂർവ്വം ആഘോഷിക്കുന്നതിനും പാവപ്പെട്ടവർക്കു സാധിക്കുമായിരുന്നില്ല (2: 1–11). സകല ജനതകൾക്കും വേണ്ട പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടേണ്ട ദേവാലയത്തിൽ വച്ചു് നടന്ന കാര്യങ്ങൾ കുണ്ഠിതത്തോടെയാണു് ക്രിസ്തു വീക്ഷിച്ചതു്. (Mk 11: 17 = 1 Sa 56:7). ദേവാലയത്തിലെ സ്ഥലം ജനങ്ങൾക്കു് നിഷേധിക്കപ്പെട്ടു, സിംഹഭാഗവും ശക്തന്മാർക്കും അവകാശവിശേഷമുള്ളവർക്കും കൊള്ളലാഭമുണ്ടാക്കുന്നതിനായി കച്ചവടം നടത്തുന്നതിനായി ഉപയോഗിച്ചിരുന്നു. (2:14ff) സമറിയായിൽ യേശു യഹൂദരുടെ മുൻവിധിയേയും അയിത്താചാരധിഷ്ഠിതനിയമങ്ങളേയും തരണം ചെയ്യേണ്ടി വന്നു. ജനങ്ങൾ അവരുടെ സമ്മിശ്രമായ പിൻതുടർച്ചയെ പഴിച്ചു. അതോടൊപ്പം ആരാധനക്രമപരമായി അശുദ്ധരായ ജനക്കൂട്ടത്തെ പുച്ഛിച്ചു; ജറുസലമിലുള്ള ആരാധനക്കു വിസമ്മതിച്ചവർ ശപിക്കപ്പെട്ടു. ഗരിസിം മലയിൽ ഉണ്ടായിരുന്ന ദേവാലയം യഹൂദ മഹാ പുരോഹിതന്മാർ ചുട്ടെരിച്ചതു് ചുരുങ്ങിയതു് 160 വർഷങ്ങൾക്കു മുമ്പാണു്.[4] ജറുസലമിലെ അജകവാടത്തിനു സമീപമുള്ള കുളത്തിലെ സ്തംഭശ്രേണികളിൽ അന്ധരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിട

www.malankaralibrary.com

ന്നിരുന്നു. അവരുടെ മദ്ധ്യേ ഇരുപതും മുപ്പതും അതിൽ കൂടുതലും വർഷങ്ങളായി അവഗണിക്കപ്പെട്ട മുടന്തരുമുണ്ടായിരുന്നുവെന്ന് ഈശോക്കറിയാമായിരുന്നു. അവർ അധികാരികളാലും അശ്രദ്ധരായ ആരാധകരാലും അവഗണിക്കപ്പെട്ടവരും കൂടുതൽ കഴിവും സ്വാർത്ഥമതികളും കരുത്തുറ്റവരുമായ രോഗികളാൽ ചവിട്ടി മെതിക്കപ്പെട്ടവരുമായിരുന്നു (5: 1–7). ഗലീലി കടൽത്തീരത്തും അതിന്റെ സമീപത്തുള്ള മലയോരങ്ങളിലും പ്രസംഗിച്ച ക്രിസ്തുവിന്റെ ശ്രദ്ധാവിഷയം വിശന്നു വലഞ്ഞിരുന്ന വലിയ ജനക്കൂട്ടമാണ് (6:1-6). ഇപ്രകാരമുള്ള സ്പഷ്ടമായ സംഗതികൾ പൊതുവായ ജീവിതാവസ്ഥയെ—അപ്പവും വീഞ്ഞും, ആരോഗ്യവും സഹായവും പ്രതീക്ഷയും മഹത്വവുമില്ലാതിരുന്ന ജനങ്ങളുടെ ജീവിതഗതിയുടെ രൂപഭാവങ്ങളെ സൂചിപ്പിക്കുന്നവയാണ്. വിവിധതരം വേദനയുടെയും നികൃഷ്ടാവസ്ഥയുടെയും രംഗങ്ങൾ ഓരോന്നോരോന്നായി ക്രിസ്തുവിന്റെ കണ്ണിലും കരളിലും ആഴത്തിൽ തട്ടുന്നുണ്ട്. ഈ രംഗങ്ങളുടെ യഥാർത്ഥരൂപം യോഹന്നാന്റെ സുവിശേഷത്തിലെ ഓരോ പേജിലൂടെയും നമ്മുടെ മുമ്പിലവതരിപ്പിക്കുന്നുണ്ട്. ക്രിസ്തു അവയെപ്പറ്റി ചിന്തിക്കുകയും അവയുടെ കാരണങ്ങളന്വേഷിച്ച് ഇപ്രകാരമുള്ള ദുരവസ്ഥക്കൊരറുതി വരുത്തുവാൻ മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുകയാണ്. ക്രിസ്തുതന്നെ നൽകുന്ന പരിതസ്ഥിതിയുടെ ആകെക്കൂടിയുള്ള വിവരണം മത്താ. 9: 35–37 വാക്യങ്ങളിൽ അനുസ്മരിപ്പിക്കുന്ന ആശ്രയരഹിതമായ ആടും അവഗണിക്കപ്പെട്ട വിളവും—നിരാശയിലും ദാരിദ്ര്യത്തിലും അടിക്കടി താണുകൊണ്ടിരിക്കുന്ന ജനസമൂഹത്തെ രക്ഷിക്കാനായി യാതൊന്നും ചെയ്യാതിരുന്ന അധികാരികളോടും പുരോഹിതന്മാരോടും പ്രഭുക്കന്മാരോടുമുള്ള പരുഷമായ വിമർശനമാണ്. അവരുടെ നയങ്ങളാണ് ഇപ്രകാരമുള്ള ശോചനീയമായ അവസ്ഥയിലേക്ക് ജനങ്ങളെ തള്ളിവിട്ടത്. ഈ കൊള്ളയിൽ അവർക്കും പങ്കുണ്ടായിരുന്നു. ഇവിടെ യഥാർത്ഥ ഇടയരില്ലായിരുന്നു. അവർ കള്ളന്മാരും കൊള്ളക്കാരും പിടിച്ചുപറിക്കുന്നവരുമായിരുന്നു. അവർ രക്ഷിക്കുവാനല്ല വരുന്നത് പിന്നെയോ മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനുമാണ്; ശ്രദ്ധയോ ഉത്തരവാദിത്വമോ ഇല്ലാത്ത അവർ തികച്ചും കൂലിക്കാരാണ്. ചെന്നായ് വരുന്നതു കാണുമ്പോൾ ഓടിപ്പോകുന്നു. ആടുകൾ പിടിക്കപ്പെടുകയും ചിതറിക്കപ്പെടുകയും ചെയ്യുന്നു (10: 1–7.13). ചൂഷണം നടത്തുകയും ലജ്ജിപ്പിക്കുകയും ചെയ്യുന്ന ക്രൂരവും നശീകരണാത്മകവുമായ ശക്തികൾക്ക് അടിമപ്പെട്ടിരിക്കുന്ന ഭിന്നിച്ചു നിൽക്കുന്ന ഒരു സമൂഹമായിട്ടാണ് സാധാരണ ജനങ്ങളെ ക്രിസ്തു കണ്ടത്.

www.malankaralibrary.com

കള്ളന്മാരും ചെന്നായ്കളും 'ക്രിസ്തുവിൻെറ പ്രവർത്തനത്തിൻെറ ചരിത്രപരമായ ശത്രുക്കളെ' കക്ശമായി സൂചിപ്പിക്കുന്നവയാണ്(R. Brown). അവർ തിന്മയുടെ വെറും പൊതുരൂപങ്ങളല്ല. ക്രിസ്തുവിൻെറ സേവനംകൊണ്ടു് ധന്യരായ ദരിദ്രരായ ജനങ്ങളുടെ ചരിത്രപരമായ എതിരാളികളെയും പത്രക്ഷമായി സൂചിപ്പിക്കുന്നവയാണവ. വിധവകളെ ചൂഷണം ചെയ്യുകയും അവരുടെ ഭവനങ്ങൾ വിഴുങ്ങുകയും നിയമത്തിൻെറ കാതലായ വശങ്ങളായ നീതിയും കാരുണ്യവും അവഗണിക്കുകയും അതെസമയം നിസ്സാര കാര്യങ്ങളെച്ചൊല്ലി ശണ്ഠകൂടുകയും ചെയ്യുന്നവരെയും ഇതു് സൂചിപ്പിക്കുന്നു (Mt. 23. 14, 23). അവ വളരെ ആഴവും പരപ്പുമുള്ള യാഥാർത്ഥ്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നതു്.

10. 1–18 വാക്യങ്ങളും മററുള്ളവയെപ്പോലെ മർദ്ദിതരും ദരിദ്രരുമായവരോട് ക്രിസ്തുവിനുള്ള താല്പര്യം പ്രകാശിപ്പിക്കുന്നവയാണ്. അന്നത്തെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ സ്ഥിതിഗതികളുടെ പശ്ചാത്തലത്തിൽ വേണം ഇവ ഗ്രഹിക്കുവാൻ. ബി. സി. 63 വരെ പലസ്തീന ഒരു റോമൻ കോളനിയായിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ റോമൻ ആധിപത്യം ജനങ്ങൾക്കും രാജ്യത്തിനും വലിയൊരു ഭാരമായിരുന്നു. പലസ്തീനായിലെ ജനങ്ങൾ കൂട്ടമായി ഉൽപാദിപ്പിക്കുന്നവയുടെ സിംഹഭാഗവും റോമിലെ ഉന്നതജീവിത നിലവാരം തുടർന്നുകൊണ്ടു പോകാനായി ത്രിവിധ വ്യത്യസ്ത നികുതികൾ ചുമത്തിക്കൊണ്ടു് അപഹരിച്ചെടുത്തിരുന്നു. വ്യക്തിപരമായ മറെറാരു നികുതിയിലൂടെ (Tributum) വിളവെടുപ്പിൻെറ കാൽഭാഗവും ജനങ്ങൾ കൊടുക്കേണ്ടിയിരുന്നു. 6000 ദിവസത്തെ പ്രയത്നത്തിനു് തുല്യമായ 6000 ദെനാറാകളും പ്രതിവർഷം റോമിലേക്കു് കൊണ്ടുപോകേണ്ടിയിരുന്നു. രാജ്യത്തു് താവളമടിച്ചിരുന്ന റോമൻ പട്ടാളത്തിൻെറ ചെലവിനുവേണ്ടിയും നികുതി കൊടുക്കണമത്രെ. ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു് സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിനും ചില നികുതികൾ ഉണ്ടായിരുന്നു. ഇതിനു പുറമെ പലപ്പോഴായി റോമൻ ഉദ്യോഗസ്ഥന്മാരും പലസ്തീനായിലെ അവരുടെ മിത്രങ്ങളും വഴി അനൗദ്യോഗിക നികുതികളും ഈടാക്കിയിരുന്നു. റോമാക്കാർ ബൃഹത്തായ വസ്തുവകകൾ പിടിച്ചെടുത്തു് അവരെ പിൻതാങ്ങുന്നവർക്കു് അവ നൽകിയിരുന്നു. സദുക്കായർ അങ്ങനെ വലിയ പ്രഭുക്കന്മാരും റോമൻ നയതന്ത്രപ്രവർത്തനങ്ങളുടെ ഉപകരണങ്ങളുമായിത്തീർന്നു. പ്രമുഖമായ നാലു് സദുക്കായകുടുംബങ്ങളിൽനിന്നാണു പ്രധാന പുരോഹിതനെ

www.malankaralibrary.com

റോമാക്കാർ തെരഞ്ഞെടുക്കുന്നതു്. അദ്ദേഹം റോമൻ താല്പര്യങ്ങളോടു് കൂറു പുലർത്തേണ്ടിയുമിരുന്നു. ഈ സമ്പന്നവർഗ്ഗം അതിന്റെ ശക്തിവഴി ദൈവാലയ പ്രവർത്തനങ്ങളെ നിയന്ത്രിച്ചു. ദേവാലയനികുതി, പുരോഹിതർക്കു നൽകിയിരുന്ന ദശാംശം, തിരുനാളുകൾക്കു് കുടുംബപരവും വ്യക്തിപരവുമായി നൽകിയിരുന്ന സംഭാവനകൾ, പണംകൈമാററത്തിൽനിന്നും ബലിയർപ്പിക്കുന്നതിനുള്ള മൃഗങ്ങളെ വിററുകിട്ടുന്നതിൽ നിന്നുള്ള വരുമാനം, ആരാം താമസമുള്ള സ്ഥലത്തുനിന്നുള്ള റവന്യൂ എന്നിവ വഴിയും അവർ സമ്പത്തു് വർദ്ധിപ്പിച്ചു. റോമനാധിപത്യത്തിനു ശേഷവും രാജ്യത്തിൽ തുടർച്ചയായ അഗാധമായ ഒരു പാപ്പരത്വം ഉണ്ടായി. സഭയുടെയും സ്റ്റേററിന്റേയും വിവിധ നികുതികൾ സാധാരണ ജനങ്ങളെയും കൃഷിക്കാരെയും അടിമകളെയും വല്ലാതെ ക്ലേശിപ്പിച്ചു. തൊഴിലില്ലായ്മ വർദ്ധിച്ചു. ഭൂവുടമകളും താഴ്ന്ന തരക്കാരും തമ്മിലുള്ള വിടവു് കൂടുതൽ വ്യാപിച്ചു. ഇപ്രകാരമുള്ള സാമൂഹികവും സാമ്പത്തികവുമായ ചുമടുകളോടു് മതപരമായവയും ഫരിസേയർ കൂട്ടിച്ചേർത്തു. സാധാരണ ജനങ്ങളിൽ നല്ല ഭാഗവും പാപികളായി പരിഗണിക്കപ്പെട്ടു. കാരണം മതപരമായി പുറന്തള്ളപ്പെട്ടവർ ആചാരവിധിപ്രകാരം അശുദ്ധരത്രെ. തൊഴിലാളികളെന്ന നിലയിൽ അവർക്കു് ഇടനിലക്കാരെപ്പോലെ എല്ലാ ശുദ്ധീകരണനിയമങ്ങളും പാലിക്കുക വിഷമം. ഈ വിധമുള്ള സാഹചര്യത്തിലാണു് ഈശോ ജീവിച്ചിരുന്നതു്. ഇപ്രകാരമുള്ള ഒരവസ്ഥയിലാണു് ക്രിസ്തു തന്റെ ജനങ്ങളെ അവഗണിക്കപ്പെട്ട കൊയ്ത്തായും കവർച്ച ചെയ്യപ്പെട്ട ആട്ടിൻപററമായും ദർശിച്ചതു്. എന്നിട്ടു് ക്രിസ്തു എന്തുചെയ്തു?

### 3. മറിച്ചിടലും മാററവും. (2: 9, 15)

ഈശോ ദരിദ്രരോടു് പ്രത്യേക താല്പര്യം കാണിക്കുകയും അവരുമായി അടുത്തിടപെടുകയും ചെയ്തു. അവരോടൊന്നിച്ചു ഭക്ഷിച്ചും പാനംചെയ്തും അവരുടെ താല്പര്യം തന്റേതുമാക്കിത്തീർത്തു. തങ്ങളെത്തന്നെ വീണ്ടും സ്വയം കണ്ടെത്തുവാൻ സഹായിച്ചു, അവരുടെ അഭിമാനവും വിശ്വാസവും ശക്തിയും വീണ്ടും സ്ഥാപിക്കപ്പെട്ടു. യോഹന്നാന്റെ സുവിശേഷം ഈശോയുടെ ഈദൃശപ്രവൃത്തികൾ ആദ്യ അദ്ധ്യായത്തിൽതന്നെ വ്യക്തമാക്കുന്നുണ്ടു്. അദ്ധ്വാനിക്കുന്നവരും കഠിനഭാരം വഹിക്കുന്നവരും ജോലിക്കാരുമായ ജനങ്ങളാൽ ചുററപ്പെട്ടവനായിട്ടാണു് ഈശോയെ ചിത്രീകരിച്ചിരിക്കുന്നതു്. (Mt. 11: 28) അന്ത്രയോസ്, ശീമയോൻ, പത്രോസ്, ഫീലിപ്പു്, നത്താനിയേൽ. ഇവരിൽ രണ്ടുപേർ വേറെ അഞ്ചു

www.malankaralibrary.com

പേരോട്ട ചേന്ന് മീൻപിടുത്തക്കാരായിട്ട് അവസാനാദ്ധ്യായത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നു. അവർ പെസഹാസംഭവത്തിന്റെ പാരവശ്യത്തിനും ആവേശത്തിനും ശേഷം വലയുമെടുത്തു് അന്നന്നയപ്പത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യേണ്ടിയുമിരുന്നു (21,1–3. 1,35–51). ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ഈശോ അവരോടുകൂടിയുണ്ട്.

21–ാം അദ്ധ്യായത്തിലെ മീൻപിടുത്തം അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ആത്യന്തികവിജയത്തിന്റെ അടയാളവും അച്ചാരവുമാണ്. അവരുടെ ജീവിതസമരം പ്രതീക്ഷയിൽ അധിഷ്ഠിതമാണെങ്കിൽ നിമിഷനേരത്തേക്ക യഥാർത്ഥമോ അയഥാർത്ഥമോ ആയി പ്രയത്നം തോന്നാമെങ്കിലും അവസാനം അവക്ക് വിജയം സുനിശ്ചിതം. തൈബീരിയസ് തടാകത്തിന്റെ തീരത്തുള്ള പ്രഭാതഭക്ഷണവേള—അതിന്റെ കുടുംബത്തിലെ ശാന്തവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിൽ—ലൂക്കായുടെ മലയിലെ ഈശോയുടെ ധന്യതാവാദത്തിന്റെ പ്രതിരൂപാത്മകമായ പ്രവൃത്തിയും അതിന്റെ പ്രാഥമികമായ യാഥാർത്ഥ്യവത്കരണവുമാണ്, "ശിഷ്യരെ നോക്കി അവിടുന്നരുളിച്ചെയ്തു ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ ദൈവരാജ്യം നിങ്ങൾക്കുള്ളതാകുന്നു. ഇപ്പോൾ വിശപ്പു സഹിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ നിങ്ങൾ തൃപ്തരാക്കപ്പെടും. ഇപ്പോൾ കരയുന്ന നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ചിരിക്കും (Lk. 6: 20–21). നാലാമത്തെ സുവിശേഷത്തിന്റെ അവസാന ഗ്രന്ഥസംഗ്രഹകൻ ഇതു് ഉദ്ദേശിച്ചില്ലായിരിക്കാം. എന്നാൽ മുഴുവൻ വിവരണവും ഈ രണ്ടു ഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്നതു് ശ്രദ്ധേയമാണ് (1-21 അദ്ധ്യായങ്ങൾ). പ്രസ്തുതാദ്ധ്യായങ്ങളിൽ ഈശോയെ ദരിദ്രരോടും അദ്ധ്വാനിക്കുന്നവരോടും അവരുടെ പ്രയത്നം, മോഹഭംഗങ്ങൾ, പ്രതീക്ഷകൾ എന്നിവയോട് പ്രത്യേക താത്പര്യമുള്ളവനായി ചിത്രീകരിച്ചിരിക്കുന്നു.

രണ്ടാമത്തെ അദ്ധ്യായത്തിൽ ഒരു വിവാഹാഘോഷത്തിനുവേണ്ട സാമഗ്രികൾ തയ്യാറാക്കാൻ കഴിവില്ലാത്ത വിധം ദരിദ്രമായ കാനായിലെ ഒരു ഭവനത്തിലാണ് ഈശോയെ നാം വീണ്ടും കാണുക. ലജ്ജയിലും ബുദ്ധിമുട്ടിലും ഞെരുങ്ങി കഴിയുന്ന മുഴുവൻ സമൂഹങ്ങളുടെയും ഒരു മാതൃകയാണ്, അവയെ പ്രതിനിധീകരിക്കുന്ന ഒന്നാണ് ഈ ഭവനം. "അവക്ക് വീഞ്ഞില്ല" അവരുടെ സമൂഹത്തിലെ നിരവധിപേർക്കും അപ്പം ഇല്ലായിരുന്നു. അവക്ക് ബഹുമതിയോ പ്രതീക്ഷയോ അവരുടെ ജീവിതത്തെ ബാധിക്കുന്ന തീരുമാനങ്ങളിൽ

www.malankaralibrary.com

ഭാഗഭാഗിത്വമൊ ഭാവിയെപ്പററി ദീർഘവീക്ഷണമൊ ഉണ്ടാ
യിരുന്നില്ല. ഇപ്രകാരമുള്ള പരിതസ്ഥിതികളിൽ ഇടപെടു
ന്നതിനും സഹായിക്കുന്നതിനുമായിട്ടാണ് യേശു വന്നിരിക്കു
ന്നതെന്നാണ് കാനാ സംഭവം പഠിപ്പിക്കുന്നത്. ദേവാലയ
ത്തിലെ സംഭവവും ഇതുതന്നെയാണ് നമ്മെ അനുസ്മരി
പ്പിക്കുന്നത്. ഈ വിവിധ സംഭവങ്ങളും ഈശോസ്സ് തന്റെ
ദൗത്യത്തെപ്പററിയും കർമ്മപരിപാടിയെപ്പററിയും ഉള്ള ഒരുൾ
ക്കാഴ്ചയെ വ്യക്തമാക്കുന്നുണ്ട്. മർദ്ദിതർക്കു മോചനവും ദരിദ്ര
ർക്കു സദ്വാർത്തയുമെന്ന് ലൂക്ക 4:18—ൽ രേഖപ്പെടുത്തിയിരി
ക്കുന്ന വിജ്ഞാപനത്തിലും ഇതു് ഉൾക്കൊള്ളുന്നുണ്ട്. രണ്ടാ
മധ്യായത്തിന്റെ വിവിധഭാഗങ്ങളും ഭൗതികം, ആദ്ധ്യാത്മികം,
സാമ്പത്തികം, രാഷ്ട്രീയം, മതപരം ആരാധനാപരം എ
ന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ രംഗത്തും ഒരു സമൂലപ
രിവർത്തനം നടത്തുവാനുള്ള ക്രിസ്തുവിന്റെ ഉദ്ദേശ്യം കാണാം.
വെള്ളം വീഞ്ഞാക്കി മാററുന്നതിനും ആവശ്യങ്ങളിൽ വേണ്ടതു
നല്കുന്നതിനും ആചാരാനുഷ്ഠാനപരമായ മതങ്ങളുടെ സ്ഥാനത്തു്
യഥാർത്ഥ ജനത്തിന്റെ യഥാർത്ഥമായ ആവശ്യങ്ങളും സാദ്ധ്യത
കളും കണക്കിലെടുക്കുന്ന സ്നേഹം പുനഃസ്ഥാപിക്കുന്നതിനു
മായി അവിടുന്നു വന്നു.

ഇപ്രകാരമുള്ള ഈശോയുടെ ഉദ്ദേശ്യങ്ങൾകൊണ്ട് മർദ്ദി
തവർഗ്ഗം വളരെ ഗാഢമായി സംയോജിക്കപ്പെട്ടു. ഇവിടെ
അവരുടെ പ്രതിനിധിയാകട്ടെ അധ്വാനിക്കുന്ന വർഗ്ഗത്തിൽ
പെട്ട ഒരു സ്ത്രീയാണ്— ഈശോയുടെ മാതാവായ മറിയം.
സ്വാഭാവികമായിത്തന്നെ അവർ താഴ്ന്ന വർഗ്ഗത്തിന്റെ ജീ
വിതഗതിയെപ്പററി അവബോധമുള്ളവളാണ്, തല്പരയാണ്.
ദരിദ്രരുടെ ശോചനീയാവസ്ഥയിലേക്ക് തിടുക്കത്തിൽതന്നെ
ശ്രദ്ധ തിരിക്കുകയാണ്. "ഇതിനൊരു മാററം വരുത്തുന്ന
തിന് എന്തെങ്കിലും ചെയ്യാൻ നിനക്കു കഴിയുകയില്ലേ?"
എന്ന ആശയമാണ് അവർ ഈശോയുമായി നടത്തുന്ന സം
ഭാഷണത്തിൽ കാണുന്നത്. ഈശോയുടെ മറുപടിയുടെ അർ
ത്ഥം ഇപ്രകാരം പ്രസ്താവിക്കാം. "നിന്റെ ഈ ആഭിമുഖ്യം
എന്റെ ദൗത്യവുമായി ബന്ധപ്പെട്ടതല്ലേ? എന്റെ സമയ
മായിട്ടില്ലേ?" ദരിദ്രർക്കു വേണ്ടി നിലകൊള്ളുന്നതും മർദ്ദിത
ർക്കുവേണ്ടി പ്രവർത്തിക്കുന്നതും അപകടകരവും വൈഷമ്യമുള്ളതു
മാണെന്ന്" ഈശോക്കറിയാമായിരുന്നു. മനുഷ്യന്റെ വിമോ
ചനത്തിനുള്ള സമരാരംഭത്തേയും ഇപ്പോൾതന്നെ ക്രിസ്തു തന്റെ
"സമയത്തിലേക്കു" പ്രവേശിക്കുകയാണെന്ന വസ്തുതയുമാണ്
ഇതു സൂചിപ്പിക്കുന്നത്. ഈ പ്രത്യേക സാഹചര്യത്തിലും
മറിയത്തിന്റെ ഇടപെടലിലും ദൈവത്തിന്റെ സ്വരം ശ്രവി

www.malankaralibrary.com

കുന്നതിനും തന്റെ സമയത്തിന്റെ സാംഗത്യം ഗ്രഹിക്കുന്നതിനും ഈശോയ്ക്കു കഴിഞ്ഞു. സമരം സമാരംഭിച്ചു കഴിഞ്ഞുവെന്നും ജനങ്ങൾക്ക് ഈശോക്ക് പൂർണ്ണ പിന്തുണ നൽകിയെന്നും വളരെ സന്തോഷത്തോടെ മറിയത്തിനും കാണാൻ കഴിഞ്ഞു. 'അവൻ പറയുന്നതുപോലെ ചെയ്യുക' എന്നതായിരുന്നു മറിയത്തിന് പരിചാരകർക്ക് നൽകാനുണ്ടായിരുന്ന അഭ്യർത്ഥന. കാരണം ഈശോ ഇക്കാര്യത്തിൽ ഇടപെടുമെന്ന് അവർക്ക് നിസംശയം അറിയാമായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ അമ്മ പ്രത്യക്ഷപ്പെടുന്നത് ഈശോയുടെ സമയവുമായി ബന്ധപ്പെട്ടാണ് എന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. കാനായിലെ സമയത്തിന്റെ ആരംഭത്തിലും അപഹരിക്കപ്പെട്ട ദരിദ്രർക്ക് വേണ്ടിയുള്ള സമരത്തിന്റെയും പ്രവർത്തനത്തിന്റെയും ആരംഭത്തിലും അവസാനം ഈശോയുടെ മരണത്തിലവസാനിക്കുന്ന സമരഭൂമിയിലെ സമയത്തിന്റെ നിർണ്ണായകനിമിഷത്തിലും ഈശോ ഏതിനായി ദൃഢപ്രതിജ്ഞ ചെയ്തോ. ഏതു കാര്യത്തിനായി സ്വജീവൻ നൽകിയോ അതിനെ അംഗീകരിച്ചാദരിച്ചുകൊണ്ട് മറിയം കാൽവരിയിലും ഈശോയുടെ അടുത്തുണ്ട്. മാഗ്നിഫിക്കാത്തിലെ വിപ്ളവഗാനം അതു് ആലപിക്കുന്നതിന് ഏറ്റം അനുയോജ്യമായ വ്യക്തിയായി ആദിമക്രൈസ്തവർ മറിയത്തെ കണ്ടതിൽ അത്ഭുതപ്പെടാനില്ല. ഈശോയിലൂടെ പ്രവർത്തിച്ച ദൈവം പ്രഭുക്കന്മാരെ അവരുടെ സിംഹാസനങ്ങളിൽ നിന്നും തട്ടിമറിച്ചിട്ട്, താഴ്ന്നവരെ ഉയർത്തുന്നവനായിട്ടാണ് പ്രകീർത്തിക്കപ്പെട്ടിരിക്കുന്നത് (Lk.1 48–53)

കാനായിൽ സംഭവിച്ചതു് ക്രിസ്തുവിൽ ആവിഷ്കൃതമായ ദൈവമഹത്വത്തിന്റെ ആരംഭമായിരുന്നു. ദൈവം ക്രിസ്തുവിലൂടെ ജനങ്ങളുടെ മഹത്വത്തിൽ അവരെ സ്നേഹിക്കാനും രക്ഷിക്കാനും യോഗ്യനാണെന്നുള്ളതിന്റെ ഒരടയാളമായിരുന്നു അതു്. മലമുകളിൽ ശോഭിക്കുന്ന ആ അത്ഭുതാവഹമായ പ്രകാശമല്ല ദൈവത്തിന്റെ പ്രാഭവം. പ്രത്യുത പ്രത്യേകാവശ്യങ്ങളെ മുൻനിർത്തിയുള്ള നിർദ്ദിഷ്ടസേവനങ്ങളിലൂടെ വെളിവാക്കപ്പെട്ട അവിടുത്തെ സ്നേഹമാണിതു്. വീഞ്ഞില്ലാത്തവർക്ക് വീഞ്ഞു നൽകുന്നതും, അപ്പമില്ലാത്തവർക്ക് അപ്പം കൊടുക്കുന്നതും, അന്ധർക്ക് കാഴ്ച പ്രദാനം ചെയ്യുന്നതും ഇതിനുദാഹരണങ്ങളാണ്. (cf 9,3;11,4;2:11). നാം ശിഷ്യരാണെന്നുള്ളതിന്റെ അടയാളം പരസ്പരസ്നേഹമായിരിക്കുന്നതുപോലെ (13;35) ക്രിസ്തുവിന്റെ ദരിദ്രരോടുള്ള കാരുണ്യമാണ് അവിടുത്തെ മെസയാനിക ദൈവപുത്രസ്ഥാനങ്ങളുടെ അടയാളം.

www.malankaralibrary.com

സ്ഥാപകൻെറ ശിഷ്യർക്കു നൽകുന്ന മറുപടിയിലൂടെ ഈ സത്യം ക്രിസ്തു തന്നെ വ്യക്തമാക്കുന്നുണ്ട്. "തടവിലായിരുന്ന യോഹന്നാൻ മിശിഹായുടെ പ്രവർത്തനങ്ങളെപ്പററി കേട്ടിട്ട്, തൻെറ ശിഷ്യന്മാരെ അവിടുത്തെപ്പക്കലേക്കയച്ചു ചോദിച്ചു: "വരുവാനിരിക്കുന്നവൻ അങ്ങു തന്നെയോ, അതോ ഞങ്ങൾ മറെറാരാളെ പ്രതീക്ഷിക്കണമോ?" ഈശോ മറുപടി പറഞ്ഞു. നിങ്ങൾ കേൾക്കുന്നതും കാണുന്നതും, ചെന്ന് യോഹന്നാനെ അറിയിക്കുക. കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു; ബധിരർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (Mt.11:2-5). കാനാ ഒരടയാളമാണ്. കാരണം അവിടുത്തെ പ്രവൃത്തിയിലൂടെ ഈ മഹാസമൂഹത്തിൽ അടിസ്ഥാനപരമായ ഒരു പരിവർത്തനത്തിന് തുടക്കം കുറിക്കുകയാണ്. സദ്വാർത്ത അനുഭവവേദ്യമായിത്തീരാൻ പോവുകയാണെന്നുള്ള സ്വരം ശ്രവിക്കാൻ തുടങ്ങുകയാണവർ. ഇപ്രകാരമുള്ള പ്രവർത്തനത്തിലൂടെ ദാരിദ്ര്യത്തിൻെറ സ്ഥാനത്ത് സമ്പന്നതയും, ആചാരവിധികൾക്ക് പകരം സേവനവും, ബന്ധനത്തിനു പകരം സ്വാതന്ത്ര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് ദൈവത്തിൻെറ രക്ഷാകരസ്നേഹം ദൃശ്യമാക്കിത്തീർക്കുന്നത്. ഹൃദയങ്ങളെ വിശ്വാസദീപ്തിയിലേക്കാനയിക്കുന്നതു്. റോമൻമേധാവിത്വത്തിലമർന്ന എണ്ണമററ ഗ്രാമങ്ങളിലൊന്നായ സമറിയായിലെ സിക്കാർ ഗ്രാമത്തിൽ യേശു താമസിക്കുന്നതായും നാം കണ്ടു കഴിഞ്ഞു (ch 4). പ്രഭുക്കന്മാരും അവരുടെ ദേവാലയവും ആ ഗ്രാമത്തെ സാമ്പത്തികമായും സാമൂഹ്യമായും വളരെ അധഃപതിപ്പിച്ചിരുന്നു. അവജ്ഞയുടേയും വിവേചനത്തിൻെറയും മർദ്ദനത്തിൽനിന്നും സങ്കുചിതവും മതപരവുമായ പാരമ്പര്യങ്ങളുടെ ജയിലറകളിൽനിന്നും തികച്ചും വികലമായ ദൈവത്തെപ്പററിയുള്ള ധാരണകളിൽനിന്നും വിമോചനം നൽകുകയായിരുന്നു ക്രിസ്തുവിൻെറ സേവനലക്ഷ്യം. സദ്വാർത്ത അവർക്കു നൽകി. സ്വാതന്ത്ര്യത്തിൻെറ നൂതനാഭിമുഖ്യം സമറിയായിലെ ജനങ്ങൾ സസന്തോഷം സ്വാഗതം ചെയ്തു. അവരുടെ വിശ്വാസം അവിശ്വാസികളായ പണ്ഡിതരുടേതിൽ നിന്നും ജറുസലേമിലെ ധനവാന്മാരുടേതിലും ശക്തന്മാരുടേതിലും നിന്നും തീർത്തും വിരുദ്ധമായിരുന്നു. ഇതു് യോഹന്നാൻെറ സുവിശേഷത്തിൽ തന്നെ വ്യക്തമാണ്.

അതുവരെ ഗ്രാമത്തിലെ ദരിദ്രർ അവഗണിക്കപ്പെട്ട ഒരു വിളവായിരുന്നു. എന്നാൽ അവരുടെ കൊയ്ത്താരംഭിച്ചിരിക്കുന്നു; ക്രിസ്തുവിൻെറ കർമ്മപരിപാടിയിൽ അതു് അനുസ്യൂതം തുടരുന്നു. ഈശോ ഉദ്ധരിച്ച പഴമൊഴിക്ക് അതി

www.malankaralibrary.com

ൻേറതായ തീവ്രതയുണ്ടു്. ''ഒരാൾ വിതക്കുന്നു, മറെറാരാൾ കൊയ്യുന്നു'' (4:37). ഇതു് പ്രഥമമായ ജീവിതത്തിൻെറ അസന്തുലിതാവസ്ഥയേയും മർദ്ദന സാഹചര്യങ്ങളേയും വിചിന്തനം നടത്തിയുള്ള ദോഷൈകവാദമായിരുന്നു. (Mt. 25:24 ലെ ഹൃദയകാഠിന്യമുള്ള മനുഷ്യൻ വിതക്കാത്തിടത്തു് കൊയ്യുന്നതുപോലെ); അഥവാ അധർമ്മത്തിനെതിരെയുള്ള യാഹ്വേയുടെ ശിക്ഷയായിരിക്കാം (as in Amos 5, 11; Micah 6.13–14; Hos 4. 10; Dt 28: 38–44). എന്നാൽ ഈശോ പ്രസ്തുത സുഭാഷിതം നവീനവും ക്രിയാത്മകവും ശുഭപര്യവസായിയുമായ അർത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതു്. ദരിദ്രരുടെ ചൂഷണത്തെ ഒട്ടും ഇതു് സൂചിപ്പിക്കുന്നില്ല, പ്രത്യുത ക്രിസ്തു രൂപം കൊടുക്കുന്ന നിസ്വാർത്ഥമായ സാഹോദര്യത്തിൽ സന്നിഹിതമായ യുഗാന്തോന്മുഖമായ സമ്പന്നതയിലേക്കുള്ള അവരുടെ പ്രവേശനമാണതു് സൂചിപ്പിക്കുന്നതു്. ഈശോയുടെ സുവിശേഷവും പ്രവർത്തനവും വഴി ദരിദ്രരുടെയും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറയും ജീവിതാവസ്ഥകൾ മാററം സംഭവിക്കുന്നു. അദ്ധ്വാനിക്കുന്നവർ സ്വയം വിമോചിക്കപ്പെടുവാൻ സന്നദ്ധരും കഴിവുള്ളവരുമായിത്തീരുന്നു (4. 35–38).

ജെറുസലമിലെ അജകവാടത്തിൽ രോഗികളായ ഒരു ജനക്കൂട്ടം കിടന്നിരുന്നു. കരുണാമയനായ ഈശോ അവർക്കു് ഓരോരുത്തർക്കും സുഖപ്രാപ്തിയും സമഗ്രമായ ആരോഗ്യവും പ്രദാനം ചെയ്തു. എന്നാലിവിടെ യേശുവിൻെറ ഹൃദയാഭിലാഷം തൻെറ അനുഗാമികൾക്കു് സേവനത്തിൻെറ ഒരു മാതൃക കാണിച്ചുകൊടുക്കുകയായിരുന്നു. രോഗികളിലെ ഏററം അവഗണിക്കപ്പെട്ടവരെയും സഹായമാവശ്യമുള്ളവരെയും തകർന്നവനും നിന്ദ്യനും, 38 വർഷത്തെ ദുരിതത്തിൻെറയും മോഹഭംഗത്തിൻെറയും പിടിയിലമർന്നവരുമായ മുടന്തന്മാരിലേക്കു് അവരുടെ ശ്രദ്ധതിരിക്കുകയായിരുന്നു ഈശോ. അവർ മരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജീവിക്കാനുള്ള ആശ നശിച്ചിരുന്നു. മനുഷ്യാവകാശങ്ങൾക്കൊ മാന്യതകൾക്കോ യാതൊരു പരിഗണനയുമില്ലാത്തതും മാനുഷികമൂല്യങ്ങൾക്കു് മുൻതൂക്കം കൽപിക്കാത്തതും, അയൽക്കാരനെ മറന്നുകൊണ്ടുള്ളതും, വ്യക്തിഗതവും, മത്സരാങ്കിതവും സ്വാർത്ഥപൂരിതവുമായ പരിത:സ്ഥിതിക്കൊത്തു ജീവിക്കുക അസാദ്ധ്യമായിരുന്നു. രോഗി അവിടുത്തോടു പറഞ്ഞു ''പ്രഭോ, വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല; ഞാൻ ചെല്ലുമ്പോഴേക്കും മററാരെങ്കിലും എനിക്കു മുമ്പെ ഇറങ്ങിക്കഴിയും'' (5,7). ഇപ്രകാരം സാകല്യമായൊരു സാഹചര്യത്തിലാണു് ക്രിസ്തു ഇടപെട

www.malankaralibrary.com

ന്നത്. ജീവിതത്തോടും ആവശ്യത്തോടുമുള്ളമനുഷ്യൻെറ ആഭിമുഖ്യത്തിനു് ഒരു സമൂലമാററം അവിടുന്നാഹ്വാനം ചെയ്യുന്നു. മനുഷ്യർ സഹകരിക്കാൻ തയ്യാറാവണം. മുടന്തനെ സ്വന്തകാലിൽ നടക്കാൻ കഴിവുള്ളവനാക്കിക്കൊണ്ടു് ക്രിസ്തു പറയുന്നു അവൻ തൻെറയും തൻെറ ജീവിതത്തിൻെറയും ഉത്തരവാദിത്വം വഹിക്കണമെന്നു്. "നീ സുഖപ്പെടുവാനാഗ്രഹിക്കുന്നുവോ?" എന്ന ക്രിസ്തുവിൻെറ ചോദ്യത്തിലൂടെ മത്സരപൂർണ്ണമായ സാമ്പത്തിക, രാഷ്ട്രീയ അനുഷ്ഠാനങ്ങൾക്കു് ബലിയാടുകളായി കഴിയുന്നവർ തങ്ങളുടെ മോചനത്തിനായി സ്വയം ബോധവാന്മാരാകേണ്ട, സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട ആവശ്യകത സ്പഷ്ടമാക്കുന്നുണ്ടു്.

രോഗവിമുക്തിയെ തുടന്നു വരുന്ന 5—ാം അദ്ധ്യായത്തിലെ സംഭാഷണം മുടന്തനായ മനുഷ്യനെ മരിച്ചതായും സുഖപ്രാപ്തി ഉത്ഥാനപ്രവർത്തിയായും ചിത്രീകരിച്ചിരിക്കുന്നു. ദീർഘകാലം ചൂഷിതരും ചവിട്ടിമെതിക്കപ്പെട്ടവരുമായിരുന്നവർ കല്ലറയിൽ കിടക്കുന്നവരെപ്പോലെ അദൃശ്യരും അശക്തരുമാണു്. എന്നാൽ ദൈവത്തിൻെറ വചനം വീണ്ടും ജീവിക്കുന്നതിനും കാണുന്നതിനും കേൾക്കുന്നതിനും, കല്ലറകളിൽനിന്നും ജയിലുകളിൽനിന്നും പുറത്തു വരുന്നതിനും അവരെ പ്രാപ്തരാക്കുന്നു. മനുഷ്യത്വത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള ജനമുന്നേററത്തിനു് തടസ്സം സൃഷ്ടിക്കുവാൻ ഒരു സാമ്പത്തിനെയും അന്ധമായ പാരമ്പര്യത്തേയും അനുവദിച്ചുകൂടാ. അവരുടെ തന്നെ മഹത്വത്തിനുവേണ്ടിയുള്ള സമരം വഴി അവർ ദൈവത്തിൻെറ പ്രവർത്തനത്തിനു് തുടക്കമിടുകയാണു്. ദൈവം സുഖിക്കുന്ന ജനവിഭാഗത്തിലൊരുവനല്ല പിന്നെയോ അവിടുന്നൊരു ജോലിക്കാരനാണു്, തൊഴിലാളി ആണു്. "എൻെറ പിതാവു് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കും" (5:17). ജനങ്ങളുടെ കഷ്ടാവസ്ഥയെ കണക്കിലെടുത്തുകൊണ്ടും അവരെ നൂതനവും ധന്യവുമായ ജീവിതത്തിലേക്കുയർത്തിക്കൊണ്ടും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരെ പൂർണ്ണ പുരുഷന്മാരും സ്ത്രീകളുമാക്കിത്തീർത്തുകൊണ്ടുമാണു് പിതാവായ ദൈവവും ഈശോയും പ്രവർത്തിക്കുന്നതു്. മരിച്ചവരുടെ ഉത്ഥാനം മർദ്ദിതരായ ജനങ്ങളുടെ ക്ഷോഭത്തിനു് ആരംഭമിടുന്നു. പഴയ യുഗത്തിൻെറ ആവർത്തനത്തിനു പകരം പുതിയൊരു യുഗം സൃഷ്ടിക്കുന്നതിനു് ഇവ സഹായകമാകുമ്പോൾ ഈ ഭൗതികചലനങ്ങളും ദൈവത്തിൻെറ പ്രവർത്തനമായിത്തീരുന്നു.

മരണത്തിനു ഹേതുവായിട്ടുള്ള കാരണങ്ങളിലൊന്നു് അപ്പമില്ലായ്മയാണു്. കോടിക്കണക്കിനു് കുട്ടികൾ, സ്ത്രീ

www.malankaralibrary.com

കൾ, പുരുഷന്മാർ ഭക്ഷണദൗർലഭ്യത്തിൽ കഴിയുമ്പോൾ പരിദേവനത്തിന്റെ കേന്ദ്രമായ റോമാ സാമ്രാജ്യത്തിൽ നടമാടിയതുപോലെ കുറച്ചുപേർ സുഖസമൃദ്ധിയിൽ കഴിയുകയാണു്. ജനങ്ങൾ തലമുറകളായി അനുഭവിച്ച ദാരിദ്ര്യത്തിന്റെ ഫലമായുണ്ടായ ദുർബലതകൾ, രോഗങ്ങൾ, ചിരസ്ഥായിയായ വിശപ്പ് എന്നിവ മൂലം വളരെ വിഷമിച്ചു. സാധാരണജനങ്ങളുടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും ദൗർലഭ്യതയ്ക്കു് പ്രധാന പരിഗണന നൽകുന്നുണ്ടു് യോഹന്നാന്റെ സുവിശേഷം. ഈ ആഭിമുഖ്യം ക്രിസ്തുവിന്റെ പ്രവർത്തനത്തിൽ ദൃശ്യമാണു്. അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുത സംഭവ വിവരണം മാത്രമാണു് നാലു സുവിശേഷങ്ങളിലും പൊതുവായി കാണുന്നതു്. യോഹന്നാന്റെ സുവിശേഷം രണ്ടാമദ്ധ്യായത്തിൽ പ്രസ്തുത ആഭിമുഖ്യം ഈശോയുടെ അമ്മ വഴി പ്രകാശിപ്പിക്കപ്പെടുന്നു. 6–ാം അദ്ധ്യായത്തിൽ ക്രിസ്തുതന്നെ ഇതു് പ്രകാശിപ്പിക്കുന്നു. ''ഇവർക്കു് ഭക്ഷിക്കാൻ അപ്പം നാം എവിടെനിന്നു വാങ്ങും?'' (6:5) സമാന്തര സുവിശേഷങ്ങളിലെ രണ്ടാമത്തെ അപ്പം വർദ്ധിപ്പിക്കൽ കഥയിലും ക്രിസ്തുതന്നെയാണു് ആദ്യമായി രംഗത്തു വരുന്നതു്. ''ഈ ജനക്കൂട്ടത്തോടു് എനിക്കു അലിവു തോന്നുന്നു ഇവരെ പട്ടിണിയായി വിട്ടയച്ചാൽ ഇവർ വഴിയിൽ തളർന്നു വീഴാനിടയുണ്ടു്'' (Mt. 15. 32ff; Mk. 8: 1–19). ശിഷ്യരാകട്ടെ ഈശോയോടു് ജനങ്ങളെ വിട്ടയക്കാനും അവർതന്നെ ഭക്ഷണം നേടിക്കൊള്ളുമെന്നും ഉപദേശിക്കാനിടയുണ്ടു്. എന്നാലിതു തീർച്ചയായും ഈശോക്കു ചെയ്യുവാൻ കഴിയില്ല. ''നിങ്ങൾ തന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ'' (Mk. 6:36) ഇപ്രകാരമുള്ള സാമൂഹ്യാവബോധം ക്രിസ്തുവിൽ എപ്പോഴുമുണ്ടായിരുന്നു. ഭക്ഷണമില്ലാതെ വിശന്നു വലയുന്ന ജനത്തെ കാണുമ്പോൾ ക്രിസ്തു ചോദിക്കുന്നു ''ഈ ജനത്തിനു വേണ്ട ഭക്ഷണം എവിടെനിന്നു വാങ്ങിക്കും?'' യഥാർത്ഥത്തിൽ ദൗർലഭ്യമല്ല പ്രശ്നം. ജനങ്ങൾ ഉത്പാദിപ്പിച്ചതും ദൈവം അവർക്കു നൽകിയിരിക്കുന്നതുമായവ ജനങ്ങൾക്കു് എത്തിച്ചു കൊടുക്കുക എന്നതാണു് പ്രശ്നം. ഉത്പാദനത്തിലും വിതരണരംഗത്തിലും സാമ്പത്തിക രാഷ്ട്രീയരംഗത്തിലുള്ളതുപോലുള്ള ഒരു പ്രശ്നമല്ലിതു്. പഴയ നിയമത്തിൽ സംഖ്യയുടെ പുസ്തകം 11–ാം അദ്ധ്യായത്തിൽ അപ്പത്തിന്റെ പ്രശ്നം. അധികാരത്തിന്റെയും, ശക്തിയുടെയും, സംഘടനയുടെയും പ്രശ്നമാണു്. ഒരു സാമ്പത്തിക പ്രശ്നത്തെ അഭിമുഖീകരിക്കുന്നതു് ആസ്തിയും ശക്തിയും പങ്കുവച്ചും നേതൃത്വത്തെ പുന:സംഘടിപ്പിച്ചുമാണു്. അതായതു് എല്ലാവരും എല്ലാവർക്കുംവേണ്ടി നില

www.malankaralibrary.com

കൊള്ളുന്ന ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതി സൃഷ്ടിക്കുന്നതിലൂടെയാണ്. മനുഷ്യവംശത്തെ പ്രത്യക്ഷത്തിൽ തന്നെ പരാജയപ്പെടുത്തുകയും ഭൂരിഭാഗം പേർക്കും ദാരിദ്ര്യമുളവാക്കുകയും ജനങ്ങളെ ഉയർന്നവരും താഴ്ന്നവരുമായി വിഘടിപ്പിക്കുന്നതും യുദ്ധങ്ങൾക്ക് ബീജാവാപം ചെയ്യുന്നതുമായ പഴയതും വ്യക്തിപരവും, മത്സരാങ്കിതവും, ആദായം ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായ വ്യവസ്ഥിതിയെ മാററിക്കൊണ്ടുമാണിതു് സാധ്യമാകുക. യോഹന്നാൻ 6–ാം അദ്ധ്യായത്തിൽ പൊതുവായ നിയന്ത്രണവും അപ്പവും ഭൂമിയും പങ്കുവച്ചുകൊണ്ടുള്ളതുമായ ഒരു പുതിയ സാമൂഹ്യക്രമം പ്രതീരൂപാത്മകമായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനടിസ്ഥാനം ഈശോ എന്ന വ്യക്തിയോടും അവിടുത്തെ വീക്ഷണങ്ങളോടും മൂല്യങ്ങളോടുമുള്ള വിശ്വാസവും ശിഷ്യത്വവും അർപ്പണവുമാണ്. കേവലം സമ്പന്നതയും ഉപഭോഗവും നമ്മെ മനുഷ്യത്വമുള്ളവരാക്കുകയില്ല. സംഖ്യ 11–ാം അദ്ധ്യായത്തിലേതുപോലെ അവ ജീവഹാനി വിളിച്ചു വരുത്തുന്നു. വിശ്വാസം വഴിയുള്ള അർപ്പണം കൂടാതെയും അപ്പവും തന്നെത്തന്നെയും മററുള്ളവർക്കു കൊടുക്കാതെയും നമുക്ക് യഥാർത്ഥ മനുഷ്യരാകാൻ കഴിയുകയില്ല. അപ്പരഹിതരുടെ ഉത്ഥാനം സംഭവിക്കുന്നതു് അത്യാഗ്രഹത്തിലൂടെയല്ല പ്രത്യുത ഈശോയുടെ ദർശനങ്ങളേയും മൂല്യങ്ങളേയും വിശ്വാസപരമായി സ്വാംശീകരിക്കുന്നതിലൂടെയും മരണംവരെയുള്ള അവിടുത്തെ സമരത്തിന്റെ ആത്മസാക്ഷാത്കാരത്തിലൂടെയും വിശ്വസ്തമായ സംഘടിത ശക്തിയിലൂടെയും പ്രവർത്തിയിലൂടെയുമാണ് ഒരു അപ്പത്തിന്റേയും ജീവിതാടിസ്ഥാനത്തിന്റേയും വിശ്വാസപരമായ അംഗീകാരം ("eating") മുഴുവൻ ധനത്തിന്റേയും അപ്പത്തിന്റേയും (യൂക്കരിസ്റ്റിലേതുപോലെ) പങ്കുവയ്ക്കലിലേക്ക് വിരൽ ചൂണ്ടുന്നു. തൽഫലമായി വീഞ്ഞില്ലാതേയും നിത്യമായി മുടന്തു ബാധിച്ചതുമായ വ്യവസ്ഥിതിയിലൂടേയും ജനക്കൂട്ടങ്ങളുടെ വിശപ്പിലൂടേയും പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുന്ന മരണത്തിന്റെ അടിസ്ഥാനപരമായ രൂപങ്ങളെ ഉന്മൂലനം ചെയ്യുന്നു. നവീനവും ഉയിർത്തെഴുന്നേററതുമായ ഒരു മാനുഷികത വളരുന്നു. ഇതു് അവസാന ദിവസമോ? അതെ അവസാന ദിനം ഉത്ഥിതനായ യേശുവിൽ ഇപ്പോൾ തന്നെ സന്നിഹിതമാണ്, ഒരു നവയുഗം പിറന്നിരിക്കുന്നു. വിശക്കുന്ന ജനക്കൂട്ടത്തിന്റെ ഭക്ഷണത്തിന്റെ പ്രശ്നം, ഈശോയെന്ന യാഥാർത്ഥ്യത്തിനു് കൊടുക്കേണ്ട മറുപടിയും വിശ്വാസവും കൗദാശികാനുഷ്ഠാനങ്ങളും ഉയർന്നവരും താഴ്ന്നവരുമില്ലാത്ത എല്ലാവരും തുല്യരായി ജോലിക്കാരായി സഹോദര സഹോദരിമാ

www.malankaralibrary.com

രോപ്പാലെ വർത്തിക്കുന്ന യുഗാന്ത്യോന്മുഖ സമൂഹം എന്നീ കാര്യങ്ങൾ 6—ാമദ്ധ്യായത്തിൽ കൂട്ടിക്കലർത്തി പ്രതിപാദിച്ചിരിക്കുന്നു.

രാജകീയസ്ഥാനം തിരസ്കരിച്ചുകൊണ്ടു് (6:14-15) ക്രിസ്തു സമൂഹത്തെ സംബന്ധിച്ചു് തനിക്കുള്ള ധാരണയും നാം നേരത്തെ കണ്ടതുപോലുള്ള ജനങ്ങളോടു് അവിടുത്തേക്കുള്ള മനോഭാവവും എന്തെന്നു് വ്യക്തമാക്കുന്നു. രാജാക്കന്മാർ എപ്പോഴും ചൂഷിതരായ ഉന്നത വർഗ്ഗത്തിൽപ്പെട്ടവരാണെന്നു് ക്രിസ്തുവിനറിയാമായിരുന്നു. ആരംഭത്തിൽ ഇസ്രായേൽ രാജവില്ലാത്ത വർഗ്ഗരഹിതമായ ഒരു സാഹോദര്യസ്വഭാവമുള്ള സമൂഹമായിരുന്നു. ഇസ്രായേൽക്കാരുടെ പരമ്പരാഗതമായ സ്വാതന്ത്ര്യത്തെയും സാഹോദര്യത്തെയും നശിപ്പിക്കുമെന്നു കരുതി സാമുവേൽ രാജകീയസ്ഥാനം തുടങ്ങുന്നതിനെതിരെ പടവെട്ടി. എന്നാൽ സാമുവൽ ഭയപ്പെട്ട, വെറുത്ത തിന്മ കാലക്രമേണ സ്ഥാനം പിടിച്ചു. ഈശോ രാജാവാകുമായിരുന്നില്ല, മാത്രമല്ല ഒരിക്കലും അവിടുന്നു് അധികാരത്തിനായി പരക്കം പായുകയുമില്ലായിരുന്നു. തൻെറ ശിഷ്യരിലൊരുവനേയും രാജകീയ അഥവാ പ്രഭുത്വപരമായ സ്ഥാനങ്ങൾ കൈയടക്കാൻ ഒരിക്കലും അവിടുന്നു അനുവദിക്കുകയുമില്ല (Lk.22:24-27;Jn: 4-15, Mk 10:42-45 Mt 4:1-11). ക്രിസ്തു ഉൾക്കൊണ്ടിരുന്ന, താൻ ഉൾക്കൊള്ളാനാഗ്രഹിച്ച ദരിദ്രരും, അദ്ധ്വാനിക്കുന്നവരുമായ ജനവിഭാഗത്തിൽനിന്നും വ്യത്യസ്തമായി അവിടുത്തെ കാണുക വിഷമം. അവിശ്വാസികളായ സഹോദരന്മാരുടെ കാഴ്ചപ്പാടനുസരിച്ചു്, ആഡംബരം കാട്ടുവാനും അവിടുന്നു വിസമ്മതിച്ചു. മററുള്ളവരുടെ ദൃഷ്ടിയിൽ വലിയ സ്ഥാനം പിടിച്ചു പററുന്നതിനു എതിരായിരുന്നു അവിടുന്നു് (7:1—9). ശക്തന്മാരുടെയും ധനവാന്മാരുടെയും കപടതകൾ മോഹങ്ങൾക്കുമൊത്തു് അവിടുന്നു ഒന്നും പ്രവർത്തിച്ചില്ല പ്രത്യുത സ്വതന്ത്രനും സത്യസന്ധനുമായി നിലകൊണ്ടു. ദരിദ്രരോടുള്ള വിശ്വസ്തതക്കു് യാതൊരു കളങ്കവും വരുത്താതെ അവരുടെ ദാസനെന്ന ബഹുമതി നേടി. ഈശോ നൽകുന്ന സമാധാനം കരിശിൽ നിന്നും ശക്തന്മാരോടുള്ള സംഘർഷത്തിൽനിന്നും ഉയിർകൊള്ളുന്നതാണു്. ക്രൂരമായ രാജ്യലാഭത്തിൻേറയും സൈന്യസന്നാഹത്തിൻേറയും കൊളോണിയൽ ഭീകരത്വത്തിൻേറയും സൃഷ്ടിയായ 'പാക്സ് റൊമാനാ'. നൽകുന്ന സമാധാനത്തിൽനിന്നും ഭിന്നമാണിതു് (14—27).

8—ാം അദ്ധ്യായത്തിൽ അബ്രാഹത്തിൻെറ സന്തതികളെന്നഭിമാനിക്കുന്ന യഹൂദന്മാരോടു് ഒരിക്കലും ആരെയും കൊ

www.malankaralibrary.com

ല്ലുകയോ ചൂഷണം ചെയ്യുകയൊ ചെയ്യാത്ത അബ്രാഹത്തെപ്പോലെ പ്രവർത്തിക്കാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നുണ്ട്. യഹൂദരാകട്ടെ മററുള്ളവരെ ഹനിക്കവാനും ചൂഷണം ചെയ്യുവാനമാണ് ശ്രമിച്ചിരുന്നത്. അവശരോടുള്ള ഒരു വെല്ലുവിളിയായിരുന്നു ഇതു്. അബ്രാഹം മർദ്ദിതർക്കും അക്രമികൾക്കെതിരെ പടവെട്ടി; തനിക്കു ലഭിച്ച ഭൂമി സ്നേഹപുരസ്സരം പങ്കിട്ടെടുത്തു. ദൈവം തങ്ങളുടെ പിതാവെന്നഭിമാനിക്കുന്നവരോട്, മററുള്ളവരെ ദൈവമക്കളെന്ന രീതിയിൽ ബഹുമാനത്തോടും നീതിയോടും കൂടി പെരുമാറുവാനാണ് ക്രിസ്തു ആവശ്യപ്പെടുന്നതു്. ക്രിസ്തുവിൻെറ വീക്ഷണത്തിൽ ജനങ്ങളെ മർദ്ദിക്കുന്ന, ഞെരുക്കുന്ന ആർക്കും തന്നെ ദൈവം തങ്ങളുടെ പിതാവാണെന്നു് പറയാനവകാശമില്ല. മർദ്ദകരുടെ പിതാവു് പിശാചാണ്. അവനാകട്ടെ ആരംഭം മുതലേ ഒരു കൊലയാളിയാണ്, നുണയനും, നുണയുടെ പിതാവുമാകുന്നു. (8: 31—47). നീതി പ്രവർത്തിക്കാതെ മററുള്ളവരുടെ അവകാശത്തെ ധ്വംസിക്കുന്നവർ വ്യാജമാണു ചെയ്യുന്നതു്. സ്വാതന്ത്ര്യത്തെ ഹനിക്കുകയും നീചവും നിന്ദ്യവുമായ, മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്ന പരിതോവസ്ഥകൾ സൃഷ്ടിക്കുകയും ചെയ്യുന്നതു വഴി അതു് ചരിത്രത്തിൻെറ മുഴുവൻ ഗതിയേയും തടസപ്പെടുത്തുന്നു. ചരിത്രത്തിനു രൂപം കൊടുക്കുകയെന്നുവച്ചാൽ സ്വതന്ത്രമായിരിക്കുകയും സ്വാതന്ത്ര്യം നൽകുകയെന്നുമാണ്. ദൈവിക വെളിപാടിനോട്ട് വിശ്വസ്തത പാലിക്കുകയാണ്, അതായതു് ലോകത്തോടുള്ള ദൈവത്തിൻെറ സ്നേഹവും ദരിദ്രരോടുള്ള അവിടത്തെ പ്രത്യേക താല്പര്യവും പരിപാലനയും അംഗീകരിക്കുകയാണ്. ''നീതിയായിട്ടുള്ളതു് പ്രവർത്തിക്കുന്ന യാഹ്വേ എപ്പോഴും മർദ്ദിതരുടെ ഭാഗത്താണ്'' (Ps.103:6). സ്വീകരിക്കുകയും അനുഭവമാക്കി പകർത്തുകയും ചെയ്ത ഈ സത്യമാണ് ജനങ്ങളെ സ്വതന്ത്രമാക്കാൻ പര്യാപ്തമായതു്. ജനങ്ങളുടെ വിമോചനത്തിനായിട്ടാണ് ഈശോ സ്വയം അർപ്പിക്കപ്പെട്ടിരിക്കുന്നതു്. (8:31—32; Lk. 4: 18).

9—ാം അദ്ധ്യായത്തിൽ അത്യന്തം ആകർഷകവും നാടകീയവുമായ വിധത്തിൽ ക്രിസ്തു അന്ധനായ ഒരു യാചകന് കാഴ്ചയും ഉൾക്കാഴ്ചയും നൽകുന്നതു് രേഖപ്പെടുത്തിയിട്ടുണ്ട്. വൈയക്തികാനുഭവത്തിലൂടെ ഈശോയുടെ സേവനവും അതിൻെറ അർത്ഥവും ധീരതയോടെ ആ യാചകൻ പറയുകയാണ്. പാപത്തിൽ ജനിക്കുകയും അതിലാണ്ടു കിടക്കുകയും ചെയ്തിരുന്ന അധികാരികളുടെ അധിക്ഷേപിക്കലിനു വിധേ

www.malankaralibrary.com

യരായിരുന്നു അവർ. അവർ സിനഗോഗിൽനിന്നും പുറന്തള്ളപ്പെട്ടു. തന്റെ ആദർശത്തോട്ട് ആത്മാർത്ഥത പുലർത്തിയ ഈശോ പുറന്തള്ളപ്പെട്ടവരോട് ചേർന്നു അവരെ കണ്ടെത്തി അവരുടെ സുഹൃത്തായി. പ്രകാശവും ഇരുളും പ്രവർത്തനതല്പരതയും വസ്തുതകളെ അംഗീകരിക്കാതിരിക്കുന്ന മനഃസ്ഥിതിയും തമ്മിലുള്ള സംഘട്ടനം വളരെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. കൂടാതെ ദരിദ്രർ എപ്രകാരമാണ് ധനവാന്മാരെ അസദ്വാർത്തയായും ഈശോയെ സദ്വാർത്തയായും കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്തതെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ഏഴ്, പത്ത് അദ്ധ്യായങ്ങളിലെപ്പോലെ ഈശോ തന്റെ തിരഞ്ഞെടുപ്പുമൂലം തർക്കത്തിന്റെ അടയാളമായി വിഭജനത്തിന്റെ ഖഡ്ഗം വഹിക്കുന്നവനും പലരുടേയും ഹൃദയവിചാരങ്ങളും നിരവധി മാമൂലുകളും വ്യവസ്ഥിതികളും വെളിപ്പെടുത്തുന്നവനും ആയിത്തീന്നു,(7:12–13 25–27; 40–44 50–52; 10: 19–21, Lk. 2;35; Mt. 10: 34–35).

10–ാം അദ്ധ്യായത്തിലെ ആടുകൾ ജനങ്ങളെയാണ് സ്പഷ്ടമായി സൂചിപ്പിക്കുന്നത്. ഈ ജനത്തെയാണ് ശക്തന്മാർ തങ്ങളുടെ സ്വാർത്ഥലാഭത്തിനായി കത്തൃത്വം നടത്തുകയും ബലിയാടാക്കുകയും തോലുരിയുകയും ചെയ്തിരുന്നത്. ഇപ്രകാരം ചൂഷിതരായ ജനക്കൂട്ടത്തോടുള്ള താത്പര്യംനിമിത്തം അവരുടെ മതപരവും ഭൗതികവുമായ കാര്യങ്ങളെല്ലാം ഒത്തൊരുമിച്ച് നിയന്ത്രിച്ചിരുന്ന ഫരിസേയർക്കും സദുക്കായർക്കും പുരോഹിതന്മാർക്കുമെതിരെ ക്രിസ്തു തന്റെ അധിക്ഷേപം പ്രകടമാക്കുന്നു. "മക്കബായരുടെ കാലം മുതൽ ക്രിസ്തുവിന്റെ സമയം വരെയുള്ള പുരോഹിതപ്രമാണികളുടെയും രാഷ്ട്രതന്ത്രജ്ഞന്മാരുടെയും അതിക്രമങ്ങളെ ഈശോ അധിക്ഷേപിച്ചു." ഇവരെ തീർച്ചയായും ക്രിസ്തുവിനുമുമ്പുള്ള വ്യാജ ഇടയന്മാരുടെയും കള്ളന്മാരുടെയും കൊള്ളക്കാരുടെയും പട്ടികയിൽ പെടുത്താവുന്നതാണ്. ഹസ്മോണിയൻ, ഹെറോദിയൻ കാലഘട്ടങ്ങളിലെ രാഷ്ട്രീയഗതികളുടെ സമരത്തിൽ ഫരിസേയരും അപമാനിക്കപ്പെടുകയുണ്ടായി. ഉപമയുടെ വിശകലനത്തിനായി ഉപയോഗിച്ചിരിക്കുന്ന ശക്തിയേറിയ ഭാഷ മത്തായി 23–ാം അദ്ധ്യായത്തിലേതുമായി താരതമ്യപ്പെടുത്താവുന്നതാണ്. പ്രസ്തുത ഭാഗത്ത് വേദപണ്ഡിതരും ഫരിസേയരും ജനങ്ങളുടെമേൽ അനീതിപരമായി നടത്തിയിരുന്ന അധികാരത്തെ ഈശോ അധിക്ഷേപിക്കുന്നുണ്ട്. ( R. Brown, The Gospel according to John, Anchor Bible; 1. P. 393–394 ) അധികാരികളോടുള്ള ഒരു മുന്നറിയിപ്പ് മാത്രമല്ല യോഹന്നാൻ

www.malankaralibrary.com

10, മത്തായി 20 എന്നീ അദ്ധ്യായങ്ങളിൽ നാം കാണുന്നത്. പ്രത്യുത ജനങ്ങളുടെ കൺമുമ്പിൽ വച്ചുതന്നെ ചൂഷകരായ അധികാരികളെ താറുമാറാക്കുന്നതാണ്. എസക്കിയേൽ 34-ാം അദ്ധ്യായത്തിൽ ആടുകൾക്ക നാശംവരുത്തിയ വിഡ്ഢികളായ ഇടയന്മാരും പുരോഹിതരും നീക്കപ്പെടുകയാണ്. ക്രിസ്തു അവഗണിക്കപ്പെട്ട, ചിതറിക്കപ്പെട്ട ആടുകൾക്കുവേണ്ടി നില കൊള്ളണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം, ക്രിസ്തുവിനു പിതാവിൽ നിന്നു ലഭിച്ച ആഹ്വാനവും. മുടന്തന്റെ സുഖ പ്രാപ്തിയിലും അന്ധന്റെ കാഴ്ചയിലും ഉൾക്കാഴ്ചയിലും വീഞ്ഞിന്റേയും അപ്പത്തിന്റേയും സുലഭ്യതയിലും പ്രതിരൂപാത്മകമായി ചിത്രീകരിച്ചിരിക്കുന്ന ജീവിതത്തികവ് അവക്ക് സുസാദ്ധ്യമാക്കാനായി ജീവൻ പണയപ്പെടുത്തിക്കൊണ്ട് ക്രിസ്തുവിനു പ്രവർത്തിക്കേണ്ടിയിരുന്നു. ഇടയൻ ചെന്നായ്ക്കളിൽ നിന്നും ആടുകളെ രക്ഷിക്കുന്നതു് പരമ്പരാഗതമായൊരു പ്രതിരൂപമാണ്. (Acts 20, 28; I Pt 2-25) ചെന്നായ്ക്കളെന്നതു് താത്വികം മാത്രമായിരിക്കണമെന്നില്ല. ഈശോയ്ക്കു് നേരിടേണ്ടിയിരുന്ന മിക്കസംഗതികളിലുമെന്നപോലെ അവ സാമ്പത്തികമൊ രാഷ്ട്രീയമൊ ആകാം. എന്തെന്നാൽ തത്വം സാമ്പത്തികവും രാഷ്ട്രീയവുമായ രംഗങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നതു്. എല്ലാ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രവർത്തികളും മനുഷ്യന്റേയും സമൂഹത്തിന്റേയും പ്രത്യേക സിദ്ധാന്തത്തെയും മൂല്യസംഹിതയെയും ദൈവത്തെ സംബന്ധിച്ച ഒരു പ്രത്യേക ഉൾക്കാഴ്ചയുടെ ചക്രവാളത്തെയും സൂചിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുണ്ട്. എല്ലാവിധ അനുഷ്ഠാനങ്ങളും ധാരണകളും ക്രിസ്തുവിനു സ്വീകാര്യമല്ല. ലാസറിനെ ഉയർപ്പിക്കുന്ന സംഭവത്തിൽ (John 11) യേശുവിനു് പാവപ്പെട്ടവരോടുള്ള താത്പര്യവും അനുകമ്പയും അതിന്റെ പരമകാഷ്ഠയെ പ്രാപിക്കുന്നു. മൃതനായ ലാസർ ലോകത്തിലെ സകല അധസ്ഥിതരെയുമാണ് പ്രതിനിധീകരിക്കുന്നതു്. അധികാരരഹിതരും വിനീതരുമായ അധസ്ഥിതർ ചേരികളിലും, ചെററപ്പുരകളിലും, ജീർണ്ണഭവനങ്ങളിലും കിടന്നുനശിക്കുന്ന ദരിദ്രലക്ഷങ്ങൾ, ഏററവും ചുരുങ്ങിയ ജീവിത സൗകര്യങ്ങളിൽ ബന്ധിതരായവർ, സ്വാതന്ത്ര്യത്തിൽനിന്നും വിലക്കപ്പെട്ട് നിശബ്ദതയും അടിമത്തത്തിനുമായി വിധിക്കപ്പെട്ട ഹതഭാഗ്യർ. ഈ സന്ദർഭത്തിൽ നാം ധനവാന്റേയും ദരിദ്രന്റേയും (ലൂക്ക് 16: 19–31) ഉപമയിലെ ദാരിദ്ര്യപീഡിതനായ ലാസറിനെ അനുസ്മരിച്ചുപോകും. അതോടൊപ്പം സാധാരണ കാണുന്ന മൂന്നാമത്തേയും നാലാമത്തേയും സുവിശേഷങ്ങൾ തമ്മിലുള്ള സുദൃഢബന്ധത്തെക്കു

www.malankaralibrary.com

റിച്ചും ഈ രണ്ടു സന്ദർഭങ്ങളിലുമുള്ള ലാസറിന്റെ സ്ഥിതി
ഒന്നുതന്നെയാണ്; ലാസർ സാദൃശ്യപ്പെടുത്തുന്നതു് ജീവിത
വും ജീവിത ഭാഗധേയവും നിഷേധിക്കപ്പെട്ട സംഹാരത്തി
നും അവഗണനയ്ക്കും വിധേയരായ മനുഷ്യവർഗ്ഗത്തിലെ ഭൂ
രിഭാഗത്തെയാണ്. യേശുവിന്റെ ഇടപെടൽ എല്ലാ തര
ത്തിലുമുള്ള മരണശക്തിക്കെതിരായുള്ള ഒന്നാണ്. "ലാസറെ
പുറത്തു വരിക" എന്നുള്ള യേശുവിന്റെ വാക്കുകൾ ഭൂമിയി
ലെ നീതിക്കുള്ള ഒരു ക്ഷണമാണ്. അവരുടെ ബന്ധനാ
ലയങ്ങളേയും മേലധികാരികചട്ടക്കൂടുകളെയും ഭേദിക്കാനുള്ള ഒരു
ക്ഷണം, തങ്ങൾക്കും തങ്ങളുടെ പിതാക്കന്മാർക്കും അർഹതപ്പെട്ട
ഒരു ഭൂമിയിൽ ഇനിയൊരിക്കലും അധമ മനുഷ്യസാഹചര്യ
ങ്ങളിൽ ജീവിക്കുന്നതിനോടു് യോജിക്കാതിരിക്കുന്നതിനുമുള്ള
ഒരാഹ്വാനം "കെട്ടുകളഴിച്ചു് അവനെ സ്വതന്ത്രനായി പോ
കാനനുവദിക്കു" എന്നു് യേശുവിന്റെ കല്പനയും ശിരസ്സും
പാദവും ബന്ധിക്കപ്പെട്ടിരിക്കുന്ന ഭൂമിയിലെ അധസ്ഥിതരോ
ടാണ് അരുളിച്ചെയ്യപ്പെട്ടതു്. അല്ലാതെ അവരുടെ യജമാന
ന്മാരോടല്ല. കാരണം പരിത്യക്തരും ക്രൂശിതരുമായ മനുഷ്യ
പുത്രനിലൂടെയാണ് പരിത്യക്തരും ക്രൂശിതരുമായ മനുഷ്യ
മക്കൾക്കു് രക്ഷ കൈവന്നതു്. അല്ലാതെ കാരാഗൃഹങ്ങളുടെ
യൊ യുദ്ധങ്ങളുടെയൊ സമ്പത്തിന്റെയൊ ശത്രുസംഹാരത്തി
ന്റെയൊ യജമാനന്മാരിൽ നിന്നല്ല.

വേദനയുടെ ഒരു പ്രധാന നിമിഷത്തിൽ യേശു നിൽ
ക്കുന്നതു് മരണത്തിനും മനുഷ്യനെ ക്ഷയിപ്പിക്കുകയും തരം താ
ഴ്ത്തുകയും ചെയ്യുന്ന സർവ്വതിനും എതിരായുള്ള വാക്കുകളോ
ടും പ്രവൃത്തികളോടും കൂടിയാണ്. അവിടത്തെ മനസ്സലി
ഞ്ഞു. അവിടുന്നു ദുഃഖാർത്തനായി വികാരംകൊണ്ടു് ക്ഷോഭി
ക്കുകയും വിങ്ങിപ്പൊട്ടുകയും ചെയ്തു. നെടുവീർപ്പിട്ടു. എന്നാൽ
അതിൽ കൂടുതലായി തന്റെ കോപം പ്രകടിപ്പിക്കുകയും രോ
ഷം വെളിപ്പെടുത്തുകയും ചെയ്യുന്നു. അവിടുന്നു കോപിഷ്ടനാ
യതിനു കാരണമുണ്ടു്. അവിടുന്നു സാത്താന്റെ പ്രഭുത്വത്തെ
യും അവന്റെ തിന്മയുടെ സാമ്രാജ്യത്തിന്റെ മുഖ്യപ്രകടനങ്ങ
ളായ മരണത്തെയും— അതിന്റെ വ്യത്യസ്തരൂപങ്ങളാണ്
രോഗവും വിശപ്പും—മുഖാഭിമുഖം ദർശിക്കുന്ന ഒരു സാഹച
ര്യത്തിലായിരുന്നു. യേശുവിന്റെ ആ കോപം മനുഷ്യനെ
വേദനിപ്പിക്കുകയും നിഷ്ക്രിയനാക്കുകയും ചെയ്യുന്ന ഏതൊരു
അധികാരത്തിനും വ്യവസ്ഥിതിക്കുമെതിരെ നിലകൊള്ളുന്നു.
മരണത്തിന്റേയും ജീവിതത്തോടുള്ള ഭീഷണിയുടെയും സാഹ
ചര്യത്തിൽ യേശു ജീവനും ജീവദാതാവുമായി നിൽക്കുന്നു;
മരണത്തെ കീഴടക്കിയ നേതാവും പുനരുത്ഥാനവുമായി കാണ-

www.malankaralibrary.com

പ്പെടുന്നു. അവിടുന്നു് നാലു സുവിശേഷത്തിൽ മുഴുവനും ഇപ്രകാരം പ്രത്യക്ഷപ്പെടുന്നു. നശിപ്പിക്കപ്പെട്ട ആട്ടിൻപററത്തിനു് സമൃദ്ധമായ ജീവൻ കൊണ്ടുവരുന്നവനായി (10) അന്ധർക്കു കാഴ്ചയും പരിത്യക്തർക്കു് സ്വീകാര്യതയും സംവഹിക്കുന്നവനായി (9) വിശന്നു വലഞ്ഞ ജനക്കൂട്ടങ്ങൾക്കു് അപ്പവും പുതു ജീവനും നൽകുന്നവനായി (6) മരിച്ചവനേപ്പോലെ ദുർബലനായ മുടന്തനു് സൗഖ്യവും പ്രത്യാശയും വാഗ്ദാനം ചെയ്യുന്നവനായി (5) ന്യൂനീകരണത്തിൻേറയും ദൗർഭിക്ഷ്യത്തിൻേറയും സാഹചര്യങ്ങളിൽ വീഞ്ഞും ആഹ്ലാദവും പ്രദാനം ചെയ്യുന്നവനായി (2) നാലാം സുവിശേഷത്തിലെ പൂർത്തിയാക്കപ്പെട്ട യുഗാന്ത്യോന്മുഖതയിൽ മരണത്തെ ജയിക്കുന്നു. ജീവൻ എന്ന ദാനം ക്രിസ്തുവിൽ ഒരു പ്രത്യക്ഷ യാഥാർത്ഥ്യമാണു്. അതുകൊണ്ടാണു് പാനീയം, ഭക്ഷണം, ആരോഗ്യം, പ്രത്യാശ, ജീവൻ, ക്ഷമ എന്നീ ദാനങ്ങളിൽ അതു യാഥാർത്ഥ്യവൽക്കരണത്തിൻെറ പ്രകൃതിയിൽ ആയിരിക്കുന്നതു്.

## 4. നൽകപ്പെട്ട വില

ഒരു നാടകീയമായ വിരോധാഭാസത്തിലൂടെ ജീവൻ നല്കുന്ന മഹാത്ഭുതം യേശുവിൻെറതന്നെ മരണത്തിലേക്കു നയിക്കുന്നു. ചരിത്രപരമായി അതെങ്ങനെ സംഭവിച്ചു എന്നു നാം ചോദിക്കും? ജനക്കൂട്ടങ്ങൾ യേശുവിൻെറ പ്രബോധനങ്ങളിൽ വിസ്മയാധീനരായിരുന്നതുകൊണ്ടു് പുരോഹിതർ അവിടുത്തെ നിഗ്രഹിക്കാൻ മാർഗ്ഗം അന്വേഷിക്കുന്നതായി വി. മർക്കോസിൻെറ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടു് (Mk. 11:18). ജനങ്ങളിൽ യേശു ഉണർത്തിയ താല്പര്യം യഹൂദാധികാരികളെ പ്രകോപിപ്പിച്ചു. എന്തായിരുന്നു അതിനു കാരണം? കാരണം, ജനങ്ങൾക്കു് സഭാത്മകമായി അന്നതെന്തോ സ്വാതന്ത്ര്യം സ്ഥാപിപ്പിക്കുകയും പ്രത്യാശ നൽകുകയും ചെയ്യുന്നതെന്തോ അതു് ഉന്നതകുലത്തിനു് സഭാർത്ഥയായിരുന്നില്ല— മറിച്ചു് തങ്ങളുടെ മേധാവിത്വത്തിനും പദവികൾക്കുമെതിരെ ഉയർത്തിയ ഒരു ഭീഷണിയായി അവരതു പരിഗണിച്ചു. കയ്യാഫാസ് യേശുവിൽനിന്നു വിമുക്തനാകാൻ ആകാംക്ഷ കാണിച്ചു. കാരണം വിപ്ലവകാരികളിലൊരാളായ ഈ കുഴപ്പക്കാരൻ യഹൂദർക്കെതിരെ നടപടിയെടുക്കാൻ റോമാക്കാർക്കു് പ്രേരണ നൽകും (R. Brown op. cit. I. P. 441). പക്ഷെ യേശു എന്തു കുഴപ്പമാണുണ്ടാക്കിയതു്? ഏതർത്ഥത്തിലാണവിടുന്നു അപകടകാരിയായ വിപ്ലവ നേതാവായതു്? യേശുവിനു് സമ്പത്തില്ലായിരുന്നു. അ-

www.malankaralibrary.com

വിളന്നു് പടയൊരുക്കിയില്ല. അധികാരത്തിനുവേണ്ടി ഒരു ശ്രമവും നടത്തിയതുമില്ല. എന്നിട്ടും യേശു എന്തിനുവേണ്ടി നിലകൊണ്ടുവോ അതു് തങ്ങളുടെ സ്ഥാപനവ്യവസ്ഥയേയും സിംഹാസനങ്ങളേയും പിടിച്ചു കുലുക്കുന്നതായി അധികാരകേന്ദ്രങ്ങൾക്കനുഭവപ്പെട്ടു. യേശു നിലകൊണ്ടതു് ''ശുദ്ധമതത്തിനും'', ''നിത്യജീവനും'', അന്തർഭാവത്തിനും വേണ്ടിയായിരുന്നെങ്കിൽ പോലും റോമാക്കാർ ഇടപെടാൻ ശ്രമിക്കില്ലായിരുന്നു. പുരോഹിതരും ഭ്രുവുടമകളും കൊളോണിയൽ മേധാവികളും യേശുവിന്റെ ദൗത്യത്തിൽ പ്രകോപിതരായെങ്കിൽ അതിനും സാമൂഹികവും രാഷ്ട്രീയവുമായ സൂചനകളുണ്ടായിരുന്നുവെന്നതു് വ്യക്തമാണു്. നിസ്വരായ ജനതതികൾക്കു് പാനം ചെയ്യുന്നതിനും വിശന്നു വലഞ്ഞ ജനക്കൂട്ടങ്ങൾക്കു് ഭക്ഷിക്കുന്നതിനും ഉള്ള അവകാശത്തെ ശക്തമായ പ്രതീകാത്മക നടപടികളിലൂടെ ഉറപ്പിക്കുന്നതിനും അവിടുന്നു് മനോഭാവങ്ങളും വാക്കുകളും ഉപയോഗിച്ചു. നിരാശ്രയസമൂഹങ്ങളോടു് സ്വന്തം കാലിൽ നിൽക്കുന്നതിനും തങ്ങളുടെ ജീവിതത്തെ സ്വയം നിർണ്ണയിക്കുന്നതിനും ഉപദേശിക്കാൻ; അന്ധരേയും കണ്ണുമൂടിക്കെട്ടപ്പെട്ടവരേയും തങ്ങളുടെയും തങ്ങളുടെ ലോകത്തിന്റേയും സത്യസ്ഥിതി ദർശിക്കുന്നതിൽ സഹായിക്കാനും ചുരുക്കത്തിൽ, ലോകത്തെ ഉണർത്താൻ, ജനതതിയെ ഉന്മേഷഭരിതരാക്കാനും പരിവർത്തനത്തിനു് ബീജാവാപം ചെയ്യാനും ജനകീയ വിപ്ലവത്തിന്റെ വിത്തു വിതയ്ക്കാനും അവിടുന്നു തന്റെ ദൗത്യത്തെ പ്രയോജനപ്പെടുത്തി. യേശു ലാസറിനു വാഗ്ദാനം ചെയ്യുന്ന നവജീവനിൽ ഉയർന്നവരും താഴ്ന്നവരുമില്ലാത്ത, ജോലിയിലും അപ്പത്തിലും പ്രത്യാശയിലും പങ്കുപറ്റുന്ന സഹോദരന്മാരും സഹോദരികളും മാത്രമുള്ള പുതിയൊരു സാമൂഹ്യ വ്യവസ്ഥിതിയുടെ കാഹളം ഉൾക്കൊള്ളുന്നുണ്ടു്.

നാലാമത്തെ സുവിശേഷം മറ്റൊന്നുകൂടി വ്യക്തമാക്കുന്നുണ്ടു്, യേശുവിനു് പാവപ്പെട്ടവരോടുണ്ടായിരുന്ന ആഭിമുഖ്യം, അവസാനം മരണകരമായിത്തീരാനിരുന്ന സമരത്തിന്റേയും സാഹസികതയുടെയും ആയ ഒരു ജീവിതത്തോടുള്ള ആഭിമുഖ്യമായിരുന്നെന്നു്. ഈ സമരവും പാവങ്ങൾക്കുവേണ്ടിയുള്ള പ്രതിരോധത്തിനു നൽകേണ്ടിയിരുന്ന വിലയും സുവിശേഷത്തിൽ മുഴുവൻ സൂചിപ്പിക്കപ്പെടുകയോ പ്രകടിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ടു്. ആരംഭത്തിൽ തന്നെ നമ്മോടു പറഞ്ഞിട്ടുണ്ടു് പ്രകാശവും അന്ധകാരവും തമ്മിലുള്ള സംഘട്ടനത്തെപ്പറ്റിയും രാജ്യത്തിൽനിന്നുതന്നെ യേശുവിനു നേരിടേണ്ടി വരുന്ന തിരസ്ക്കരണത്തെപ്പറ്റിയും. ആരംഭം മുതൽ

www.malankaralibrary.com

യേശു ചിത്രീകരിക്കപ്പെടുന്നത് ദൈവത്തിന്റെ കുഞ്ഞാടായിട്ടാണ് — അതിന്റെ ദുഃഖകരവും സംഘട്ടനാത്മകവുമായ എല്ലാ വി. ഗ്രന്ഥാധിഷ്ഠിതപാരമ്പര്യങ്ങളോടും കൂടി. പരിപൂർണ്ണ രൂപാന്തരീകരണം പ്രതീകങ്ങളിൽക്കൂടി സൂചിപ്പിക്കപ്പെടുകയും ആവശ്യക്കാർക്കുവേണ്ടിയുള്ള യേശുവിന്റെ ഇടപെടൽ ആരംഭിക്കുകയും ചെയ്യുന്ന രണ്ടാമത്തെ അദ്ധ്യായത്തിൽ വരുവാനിരിക്കുന്ന മണിക്കൂറിനെയും തന്റെ ശരീരമായ ദേവാലയത്തിന്റെ നാശത്തെയുംകുറിച്ച് സൂചനയുണ്ട്. അധികം താമസിയാതെ, യേശുവിന്റെ "ഉയർത്തലും," "മഹത്വീകരണ"വും സംബന്ധിച്ച വിവരണങ്ങളിൽ അവിടുത്തെ ജീവിതപാതയിലെ കുരിശിന്റെ നിഴൽ വീശുന്നുണ്ട്(3). മുടന്തനെ സുഖപ്പെടുത്തിയശേഷം യേശുവിനോടുള്ള വിദ്വേഷം മൂർദ്ധന്യത്തിലെത്തുന്നു (5:16–18). ആറാമദ്ധ്യായത്തിലെ അപ്പത്തെക്കുറിച്ചുള്ള വിവരണം പരസ്പരവിരുദ്ധമാണ്. അതവസാനിക്കുന്നതാകട്ടെ ശിഷ്യന്മാരിൽ പലരും അവിടുത്തെ ഉപേക്ഷിക്കുകയും, അവിടുന്നു അവരാൽ ഒററിക്കൊടുക്കപ്പെടും എന്നു പ്രസ്താവിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ്. അപ്പോൾ മുതൽ ഈ സംഘട്ടനം വളരുകയും വിപുലമായിത്തീരുകയും ചെയ്യുന്നു. ഏഴും പത്തും അദ്ധ്യായങ്ങളിൽ യേശു ബന്ധിതനും മരണത്തിനായി കല്ലെറിയപ്പെട്ടവനും ആയിത്തീർന്നെങ്കിൽ എന്ന് അധികാരികൾ ആഗ്രഹിക്കുന്നതായി കാണുന്നു. ഈ സന്ദർഭത്തിൽ ഈശോ വ്യക്തമാക്കുന്നുണ്ട്, താൻ ഭീഷണിക്ക് വഴങ്ങുകയൊ ബലപ്രയോഗത്തിനു കീഴടങ്ങുകയൊ, രഹസ്യവധത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുകയൊ ചെയ്യുകയില്ലെന്ന്. തെരഞ്ഞെടുത്ത പാതയിൽനിന്ന് താനൊരിക്കലും വ്യതിചലിക്കുകയില്ല. അവസാനം വരെ അവിടുന്നു ദരിദ്രരുടെ കൂടെ നിൽക്കുകയും പരസ്യമായി അവർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്യും. കാരണം അവിടുന്നു കൊള്ളക്കാരനൊ കൂലിക്കാരനൊ അല്ല; പ്രത്യുത തന്റെ അടിച്ചമർത്തപ്പെട്ട ജനങ്ങളോട് അളവില്ലാത്ത സ്നേഹവും കരുണയുമുള്ള മാതൃകാ ഇടനാണവിടുന്ന്. ദരിദ്രരോടുള്ള ക്രിസ്തുവിന്റെ സമർപ്പണം അതിന്റെ അവസാനത്തെയും, തീവ്രവുമായ അവസ്ഥയിലെത്തുന്ന പതിനൊന്നാമദ്ധ്യായത്തിൽ, അവിടുന്നു ഔദ്യോഗികമായിത്തന്നെ മരണത്തിനു വിധിക്കപ്പെട്ടവനായിത്തീരുന്നു (11:45–54).

യേശുവിന്റെ മരണം ഒരു ദുരന്തകഥയൊ പരാജയമൊ അല്ല. ഒരു ആകസ്മിക സംഭവമൊ ദുർബലസംഗതിയൊ അല്ല. തനിക്കു സാദ്ധ്യമായിരുന്ന ഒരു പിൻവാങ്ങൽ അവിടുന്നു നടത്തിയിരുന്നെങ്കിൽ, അധികാരികളോട് രമ്യപ്പെട്ട്

www.malankaralibrary.com

പാവപ്പെട്ടവരെ അവഗണിച്ച് കരിശിന്റെ വേദനയും മൗഢ്യവും ഉപേക്ഷിച്ചിരുന്നെങ്കിൽ അതൊരു മഹാദുരന്ത പരാജയമാകുമായിരുന്നു. അത്ത് അധമവും മൂല്യരഹിതവും സങ്കുചിതവുമായ യുഗങ്ങളിലൂടെ വളൎന്നുവന്ന നമ്മുടെയെല്ലാം ശൂന്യമായ അഹംഭാവത്തിന്റെ കൊട്ടും സഹാറായിലേക്ക് ഒരു പിടി മണൽക്കൂടി സമ്മാനിക്കുമായിരുന്നു. യേശു ഒരിക്കലും ചെയ്യുകയില്ലാത്തതും അതുതന്നെയാണ്. അങ്ങനെ ചെയ്യാൻ യേശു പ്രലോഭിക്കപ്പെടുകയും വശീകരിക്കപ്പെടുകയും ചെയ്തു. കരിശിൽനിന്നിറങ്ങിവരാൻ അവിടുന്നു ക്ഷണിക്കപ്പെട്ടു. വാഗ്ദാനങ്ങൾ നിരവധി മുഴങ്ങിയെങ്കിലും അവിടുന്നതിനൊന്നും ചെവികൊടുത്തില്ല. യേശു അതൊക്കെ നിരസിച്ചു. യേശുവിന്റെ മരണം തന്നെയനുഗമിച്ച മൂകവജനതയോടും, വീഞ്ഞും അപ്പവും ഇല്ലാതിരുന്ന ജനക്കൂട്ടങ്ങളോടും, തകൎന്നവരോടും, അംഗവിഹീനരും മറ്റിതരുമായ സ്ത്രീപുരുഷന്മാരോടും, ചൂഷിതരായ തൊഴിലാളി വൎഗ്ഗത്തോടും, സംഹാരവിധേയരും തോലുരിക്കപ്പെട്ടവരുമായ ഭൂമിയിലെ നിന്ദിതരോടും, ശവകുടീരങ്ങളിലും ദാരിദ്ര്യം, അജ്ഞത, രോഗം എന്നിവയുടെ കാരാഗാരങ്ങളിലും ബന്ധിതരായവരോടുമുള്ള അവിടുത്തെ സമ്പൂൎണ്ണസമൎപ്പണത്തിന്റേയും വിശ്വസ്തതയുടെയും സമ്പൂൎണ്ണമായ പ്രഘോഷണമായിരുന്നു. യേശുവിന്റെ മരണം മനുഷ്യസ്വാതന്ത്ര്യത്തിന്റേയും മനുഷ്യമഹത്വത്തിന്റേയും ഉറപ്പിക്കലാണ്. അവിടുത്തെ കുരിശ് തിന്മയോടുള്ള നിത്യമായ ചെറുത്തുനില്പിന്റേയും വെല്ലുവിളിയുടെയും സജീവ പ്രതീകമാണ്. അപ്രകാരം അത്ത് പുതിയ മനുഷ്യന്റെയും പുതിയൊരു മാനുഷിക വ്യവസ്ഥിതിയുടെയും ആരംഭമാണ്. നാലാമത്തെ സുവിശേഷത്തിൽ യേശുവിന്റെ 'ഉയൎത്തലിൽ' തന്റെ കരിശിനെയും ഉയിപ്പിനെയും ഉൾക്കൊള്ളിക്കുന്നതുകൊണ്ട് തന്റെ ഉയിൎപ്പ് മരണത്തിൽ അന്തർഭവിച്ചിരിക്കുന്നതായി കാണുന്നത് ശരിയാണ്. (3. 14-15; 12. 23-25; 31-32; 19. 31-37; 20. 21-22) യേശുവിന്റെയും അവിടുത്തെ ശിഷ്യന്മാരുടെയും സമരത്തിന്റെ കേന്ദ്രഭാഗത്തുതന്നെ പുതിയ മനുഷ്യത്വവും പുതിയ ഭൂമിയും രൂപം കൊള്ളുകയാണ്. അമേദ്യമായ പുതിയൊരാറ്റാദം ഉറവെടുക്കുകയാണ്. (16. 20-22; 12-24). അങ്ങനെ യേശുവിന്റെ കുരിശിൽ ഭൂമിയിലെ അധഃസ്ഥിതർ പ്രചോദനവും, ധൈര്യവും പ്രതീക്ഷയും കണ്ടെത്തുന്നു.

വിവ: ജോസഫ് പാനാമ്പുഴ സാമുവേൽ രായൻ

www.malankaralibrary.com

## സഭയും സാമൂഹ്യാവബോധവും പൗലോസിൻെറ ലേഖനങ്ങളിൽ

ദൈവത്താൽ വിളിക്കപ്പെട്ടവനും (1 കൊറ. 1:1) സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കപ്പെട്ടവനും (1 കൊറ 1:17) ക്രിസ്തുവിനെപ്രതി ക്രൂശിക്കപ്പെട്ടവനുമായ (ഗലാ. 2: 20) പൗലോസ് പാവങ്ങളെ സഹായിക്കുന്നതിൽ വളരെ (2:10) ഔത്സുക്യം കാണിച്ചിരുന്നു എന്നതു് വളരെ ശ്രദ്ധേയമാണ്. സമൂഹത്തോടു പൊതുവിലും, പാവപ്പെട്ടവരോടു പ്രത്യേകിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം ലേഖനങ്ങളിൽ വിഭിന്ന അളവുകളിൽ നമുക്കു കാണുവാൻ കഴിയും. എന്നാൽ അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളിൽ ഏററം സ്മരണീയമായിട്ടുള്ളതു് ദുരിതാശ്വാസപ്രവൎത്തനങ്ങളാണ്. അവ അദ്ദേഹം സ്വതന്ത്രമായി സംഘടിപ്പിച്ചു എന്നു മാത്രമല്ല പല പ്രതികൂലസാഹചര്യങ്ങൾ നേരിട്ടിട്ടും മുഴുവനായി നടപ്പിൽ വരുത്തുകയും ചെയ്തു. ദരിദ്രസഹോദരൎക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കുകയെന്ന ഏററം ശ്രേഷ്ഠമായ പ്രവൃത്തി കൂട്ടായ്മയുടെ ഭാഗമായും, വരപ്രസാദമായും, സേവനമായും, ആരാധനയായും ദൈവസ്തുതിയായും അദ്ദേഹം കരുതി (2 കൊറ 8:4; 1 കൊറ 16:3 റോമ 12: 25; 2 കൊറ 9:12; 9:5). ഇപ്രകാരമുള്ള ഉന്നതപ്രവൃത്തികൾ തൻെറ ദൈവവിളിയോടുള്ള വഞ്ചനയായി അദ്ദേഹത്തിനു് തോന്നിയില്ല.

### ക്രിസ്തീയ സമൂഹത്തിൻെറ സാമൂഹ്യതാല്പൎയ്യങ്ങളെ സൂചിപ്പിക്കുന്ന വി. ഗ്രന്ഥഭാഗങ്ങൾ

ക്രിസ്തീയ സമൂഹത്തിൻെറ സാമൂഹ്യസ്വഭാവത്തെ വ്യക്തമായി സൂചിപ്പിക്കുന്ന വി. ഗ്രന്ഥഭാഗങ്ങൾ വളരെ ഇല്ല. ഈ പ്രബന്ധത്തിൽ നമ്മുടെ ശ്രദ്ധ പ്രധാനമായും ശേഖരണത്തെ കുറിക്കുന്ന വി. ഗ്രന്ഥഭാഗങ്ങളിലാണ് കേന്ദ്രീകരിക്കുക. എന്നിരുന്നാലും വ്യക്തമായോ പരോക്ഷമായോ ക്രിസ്തീയസാമൂഹ്യതാല്പര്യങ്ങളെ സൂചിപ്പിക്കുന്ന ഏതാനും വി. ഗ്രന്ഥഭാഗങ്ങളെക്കുറിച്ചുകൂടി ചിന്തിക്കുന്നതാണ്.

www.malankaralibrary.com

പൗലോസ് തന്റെ ആദ്യകാലലേഖനങ്ങളിൽ എല്ലാവർക്കും നന്മ ചെയ്യുവാനും (1 തെസ 4:9–10), ദരിദ്രരെ സഹായിക്കുവാനും (5,14–15) പരസ്പരം പ്രോത്സാഹിപ്പിക്കുവാനും അലസതകൂടാതെ ജോലിചെയ്ത് സമൂഹത്തോടുള്ള തങ്ങളുടെ കർത്തവ്യം നിറവേററുവാനും (2 തെസ 3:6–13) തെസ്സലോനിയരെ ഉപദേശിക്കുന്നു.

പ്രമുഖ ലേഖനങ്ങളിലും ഇപ്രകാരമുള്ള ഉപദേശങ്ങൾ ഉണ്ട്. അപ്പസ്തോലൻ, അവരുടെ സ്വത്തുക്കൾ മററു വിശ്വാസികളുമായി പങ്കു വയ്ക്കുവാനും, പരസ്പരം ബഹുമാനിക്കുവെന്നും, ക്ഷമിക്കുവാനും, ദയ കാണിക്കുവാനും, ആതിഥേയത്വവും മററുള്ളവരുടെ കാര്യങ്ങളിൽ താല്പര്യവും പുലർത്തുവാനും, റോമാക്കാരെ ഉപദേശിക്കുന്നു. അവർ കഠിനാദ്ധ്വാനം ചെയ്യുകയും ശത്രുക്കളോടു പൊറുക്കുകയും വേണം (റോമ.12:10–21).

വിശക്കുന്ന സഹോദരങ്ങളെ ഇരുത്തിക്കൊണ്ട് ആരാധനാസമൂഹത്തിൽവച്ച് കൊറീന്ത്യർ ഭക്ഷിച്ചതിന് പൗലോസ് അവരെ കുററപ്പെടുത്തുന്നുണ്ട്. അങ്ങനെ ആരാധനസമൂഹത്തിലും സഭയുടെ സാമൂഹ്യതാല്പര്യത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വ്യക്തമാക്കി (1കൊറ.11: 20–22,33). ഒരു ശരീരവും ഭിന്ന അവയവങ്ങളും എന്ന അപ്പസ്തോലന്റെ ദൈവശാസ്ത്രത്തിൽ ഈ ആശയം വളരെ വ്യക്തമാണ് (12: 25,27). ഭാരങ്ങൾ പരസ്പരം പങ്കു പററുന്നതുവഴി പരസ്നേഹത്തിന്റെ കല്പന പൂർത്തീകരിക്കപ്പെടുന്നു (ഗല 6:2). തങ്ങളോടുകൂടി കൊടുക്കുകയും വാങ്ങുകയും, തന്റെ ബുദ്ധിമുട്ടുകളിൽ പങ്കു ചേരുകയും ചെയ്തതിന് (Sygkoinove Dantes) (ഫിലി 4: 14–18). ഫിലിപ്പിയാക്കാർക്കുള്ള ലേഖനത്തിൽ അവരോടുള്ള തന്റെ നന്ദിപ്രകടമാക്കുന്നുണ്ട്. (ഫിലി. 4: 10–13)ª തെസ്സലോണിക്കായിലും മററു സ്ഥലങ്ങളിലുമുള്ള ക്രിസ്ത്യാനികളെ സഹായിക്കുന്നതിന് അവർ പലപ്രാവശ്യം ഭൗതിക സഹായങ്ങൾ നൽകിയിട്ടുണ്ട്. ദൈവത്തിന് സ്വീകാര്യവും സന്തുഷ്ടവുമായ ബലി, പരിമളധൂപം എന്നൊക്കെയാണ് അവരുടെ സംഭാവനയെ ശ്ലീഹാ വിശേഷിപ്പിക്കുക (4:18). ദൈവം തീർച്ചയായും അവർക്ക് സമ്മാനം നൽകും.

ഫിലോമിനെഴുതിയിട്ടുള്ള ലേഖനത്തിൽ അടയാത്മിയും അടിമയുമായ ഒനേസിമൂസിനോടു പൗലോസിനുണ്ടായിരുന്ന താല്പര്യവും, എങ്ങനെ ഒനേസിമൂസിനെ പുനരധിവസിപ്പിച്ചു എന്നും വിവരിക്കുന്നുണ്ട്. ക്രിസ്തീയ സ്നേഹം, കൂട്ടായ്മ എന്നിവ സംരക്ഷിക്കാൻ കാണിക്കുന്നത്ര വ്യഗ്രത അടി

www.malankaralibrary.com

മതപരത്തെ ശപിക്കുന്ന കാര്യത്തിൽ ശ്ലീഹാ പ്രകടിപ്പിക്കുന്നില്ലായെന്നതു് ശ്രദ്ധേയമാണു് (ഫിലേ. 9: 15–17).

സഭയുടെ സാമൂഹ്യാവബോധത്തെക്കുറിച്ചു് പീല്ലാല (Deuteropaulin) ലേഖനങ്ങളിലൂടെ വെളിച്ചം പകരുന്നുണ്ടു്. സഭ യഥാർത്ഥ വിധവകളെ സഹായിക്കണം (1 തീമോ. 5: 3–16). നിത്യജീവനിലേക്കു് ധനം സമ്പാദിക്കാനായി ഔദാര്യപൂർവ്വം നന്മപ്രവൃത്തികൾ ചെയ്തു് യഥാർത്ഥ ധനവാന്മാരായിത്തീരാൻ ശ്ലീഹാ ധനവാന്മാരെ ഉപദേശിക്കുന്നു (6: 17–19). കാരണം, വിശ്വാസി നന്മപ്രവൃത്തികൾക്കായി സ്വയം സമർപ്പിക്കണം (തീത്തോസ് 3: 8, 13, 14).

## സംഭാവന ശേഖരണത്തിൻെറ ചരിത്രം

ഇത്രയും പ്രാരംഭമായി പറഞ്ഞതിനു ശേഷം അപ്പസ്തോലിക സഭയുടെ സാമൂഹ്യാവബോധത്തെക്കുറിച്ചു് ചരിത്രപരമായ ഒരു ഹ്രസ്വാവലോകനം നടത്താം. ജെറുസലത്തുള്ള പാപങ്ങളെപ്പററി ചിന്ത വേണമെന്നു് (mnemoneuein) പൗലോസ് ആവശ്യപ്പെടുന്നുണ്ടു് (ഗലാ. 2:10). ജെറുസലേം സഭക്കു വേണ്ടിയുള്ള സംഭാവനകൾ പരിഗണനയ്ക്കും അംഗീകാരത്തിനുമാണു്. തൻെറ ദൌത്യത്തിൻെറ മൗലിക ഭാഗമായി ഈ സംഭാവന ശേഖരണം ഉത്സാഹത്തോടും സന്നദ്ധതയോടും കൂടി ഏറെറടുത്തു.

ജെറുസലം ക്രിസ്ത്യാനികളെ സഹായിക്കുന്നതിനുള്ള പ്രഥമ പ്രായോഗിക നടപടികൾ കൊറീന്ത്യർക്കുള്ള നിർദ്ദേശങ്ങളിൽ കാണാനാവും (1 കൊറ. 16: 1–4). നിർദ്ദേശങ്ങൾ വളരെ ചുരുങ്ങിയ വാക്കുകളിലാണു്. ഇതിൽനിന്നു് ഒരുപക്ഷേ, കൊറീന്ത്യാക്കാർ ഇതെപ്പററി നേരത്തെ അറിഞ്ഞിരുന്നെന്നോ, അല്ലെങ്കിൽ പൗലോസിൻെറ കത്തുമായി വന്നിട്ടുള്ളവനും കൊറീന്തിയിലുണ്ടായിരുന്നവനുമായ തീത്തോസ് അവരെ പഠിപ്പിക്കുമെന്നോ ഊഹിക്കാം. ആദ്യമായി ഗലാത്തിയായിലെ സഭകൾക്കു് നൽകിയ ഉപദേശങ്ങൾക്കനുസരിച്ചു് അവർ പ്രവർത്തിക്കുന്നു. അവർ എല്ലാ ആഴ്ചയും തങ്ങൾക്കു കഴിയുന്നതു നീക്കിവെയ്ക്കുകയും ആഴ്ചയിലെ ആദ്യദിവസം അതു് ശേഖരിക്കുകയും വേണം. പൗലോസ് വരുന്നതിനു മുമ്പുതന്നെ അവർ ഇതു് ആരംഭിച്ചിരിക്കണം. അദ്ദേഹം കൊറീന്തിൽ വന്ന ശേഷം അവരുടെ പ്രതിനിധികൾ ശ്ലീഹായുടെ ശുപാർശ കത്തോടു കൂടി ഈ സംഭാവനകൾ ജെ-

www.malankaralibrary.com

രുസലത്തേക്ക് കൊണ്ടു പോകും. അത്യാവശ്യമെന്നു കണ്ടാൽ പൗലോസും അവരോടു കൂടി പോകും.[5]

കൊറീന്ത്യക്കുള്ള രണ്ടാം ലേഖനം എട്ടാം അദ്ധ്യായത്തിൽ സംഭാവന ശേഖരണത്തെപ്പററിയുള്ള ആദ്യ പരിപാടിയുണ്ട് (2 കൊറ. 8). സംഭാവന ശേഖരണത്തിന് തീത്തോസിനെ നിയോഗിച്ചതും (8: 1–6) മാസിഡോണിയൻ സഭയുടെ ഹൃദയാവർജ്ജകമായ മാതൃകയും ഇവിടെ അദ്ദേഹം പരാമർശിക്കുന്നു. താൻ ഉദ്ദേശിച്ചിരിക്കുന്ന പിരിവിന്റെ ശരിയായ നടത്തിപ്പു സംബന്ധിച്ച് പാലിക്കേണ്ട തത്വങ്ങളെപ്പററിയും സജീവ ഭാഗഭാഗിത്വത്തിന്റെ ലക്ഷണങ്ങളെപ്പററിയും അദ്ദേഹം തുടർന്നെഴുതുന്നു (8: 7–15). അവസാനം തീത്തുസിനേയും കൊറീന്തിയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരെയും പ്രശംസിക്കുന്നുമുണ്ട് (8: 16–24).

തുടർന്ന് സംഭാവന ശേഖരണത്തെ കുറിച്ചുള്ള രണ്ടാമത്തെ നിർദ്ദേശമുണ്ട് (2 കൊറ. 9)[6] ആദ്യമായി അക്കിയായിലെ സമൂഹങ്ങളുടെ സന്നദ്ധതയ്ക്കു നന്ദിപറയുകയും സഹോദരങ്ങളെ സംഭാവനകൾ ശേഖരിക്കാനായി അങ്ങോട്ടു അയയ്ക്കുകയും ചെയ്യുന്നു. (9: 1–5) അനന്തരം ഉദാരമായി ദാനം ചെയ്യുന്നവനെ ദൈവം അനുഗ്രഹിക്കുന്നുവെന്ന സത്യം അവരെ ഓർമ്മിപ്പിക്കുന്നുണ്ട്. (9: 6–10) സഹായം സ്വീകരിക്കുന്നവർ തങ്ങൾക്കു ലഭിച്ച സഹായത്തിന് നിരന്തരം നന്ദിപറയുന്ന വസ്തുതയെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നുമുണ്ട് (9:11–15).

സംഭാവനകൾ പൗലോസ് ജെറുസലത്തേയ്ക്കു കൊണ്ടുവരുന്നതാണ് സംഭാവനശേഖരണ ചരിത്രത്തിന്റെ അവസാനഭാഗം. (റോമ 15: 25–31; നടപടി 21: 15; 24: 17) അടുത്തുതന്നെ നടത്താനിരിക്കുന്ന സ്പെയിൻ യാത്രയിൽ താൻ റോമും സന്ദർശിക്കുന്നതാണെന്ന് റോമാക്കാർക്കെഴുതുന്നു. റോമിലേക്ക് പെട്ടെന്ന് യാത്രതിരിക്കാൻ സാദ്ധ്യമല്ല കാരണം ജെറുസലത്തുള്ള പാവപ്പെട്ട ക്രിസ്ത്യാനികൾക്കുള്ള സംഭാവനയുമായി അങ്ങോട്ട് പോകേണ്ടിയിരുന്നു. മാസിഡോണിയരുടേയും അക്കിയാക്കാരുടേയും സന്മനസ്സു മൂലമാണ് ഈ സേവനം സാദ്ധ്യമായത്. അവർ ജെറുസലത്തുള്ള ക്രിസ്ത്യാനികളോട് വളരെ കൃതജ്ഞരാണ്. കാരണം, ജെറുസലേം സഭയുടെ ആദ്ധ്യാത്മിക അനുഗ്രഹങ്ങളിൽ അവർ പങ്കുചേർന്നതുപോലെ തീർച്ചയായും അവരും തങ്ങളുടെ ഭൗതികസമ്പത്തുക്കൾ ജെറുസലമുമായി പങ്കു വച്ചേ പററൂ (റോമ 15:26–27). അപ്പസ്തോല നടപടിയിൽ (18:22;24:17) മാത്രമെ പൗലോസ് സംഭാവന

www.malankaralibrary.com

യുമായി ജെറുസലേം സന്ദർശിച്ചതായി പരാമർശമുള്ളു. ഇതിനെക്കുറിച്ചും പണ്ഡിതന്മാർ വിഭിന്നാഭിപ്രായക്കാരാണ്[8].

## സംഭാവന ശേഖരണത്തിന്റെ രൂപീകരണവും സാഹചര്യവും

സംഭാവന ശേഖരണത്തിന്റെ രൂപീകരണം സാഹചര്യം എന്നിവ സംബന്ധിച്ച് ചില കാര്യങ്ങൾകൂടി വ്യക്തമാക്കാം. പാവപ്പെട്ടവരോടുള്ള പൗലോസിന്റെ താല്പര്യം തന്റെ ദൗത്യത്തിന്റെ ഒരുഭാഗം മാത്രമല്ല പ്രത്യുത തനിക്ക് അത്യാകാംക്ഷയും ഔത്സുക്യവുമുള്ള ഒരു വിഷയവുമാണ് (ഗലാ 2: 10). ഗലേഷ്യാ, അക്കിയ, മാസിഡോണിയ എന്നിവിടങ്ങളിലെ സഭകൾക്കു സംഭാവനശേഖരണം സംബന്ധിച്ച നിർദ്ദേശം നല്കുന്നുണ്ട്, (1 കൊറ. 16: 1; 2 കൊറ. 8: 1) ലേഖനത്തിലെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ അപര്യാപ്തമായി കാണപ്പെടുന്നു. ഇതിന്റെ കാരണം ഒരുപക്ഷേ, സഭകൾക്ക് അതിനെപ്പറ്റി അറിയാമായിരുന്നതാകാം. അല്ലെങ്കിൽ തീത്തോസിനോ, മറ്റേതെങ്കിലും അനുയായികൾക്കോ ആ കാര്യങ്ങളിൽ അവരെ പ്രബുദ്ധരാക്കാമെന്നതുമാകാം (2 കൊറ. 8: 6). കൊറിന്തിലെ സഭയെ സംബന്ധിച്ചിടത്തോളം തീത്തോസിന്റെ പങ്ക് വ്യക്തമാണ്. ആഴ്ചയുടെ ആദ്യദിവസം തന്നെ എന്തെങ്കിലും മാറ്റിവയ്ക്കുവാൻ പൗലോസ് ആവശ്യപ്പെടുന്നു. ഒരുപക്ഷേ മാറ്റിവയ്ക്കേണ്ടത് അവരവരുടെ വീടുകളിൽ തന്നെ ആയിരിക്കാം.[9] കാരണം ശ്ലീഹാ വരുമ്പോൾ അത് തയ്യാറായിരിക്കുമല്ലോ. അവരുടെ പ്രതിനിധികൾക്ക് അംഗീകാര പത്രത്തോടുകൂടി ആ സംഭാവനകൾ ജെറുസലത്തേയ്ക്കു കൊണ്ടുപോകുകയും ചെയ്യാം. അഥവാ ആവശ്യമായി വന്നാൽ അദ്ദേഹത്തിന് അവരോടുകൂടി പോകുകയും ചെയ്യാം (1 കൊറ 16: 4).

സംഭാവന ശേഖരണത്തിന് ഇടയാക്കിയ സാഹചര്യങ്ങളിൽ ആദ്യത്തേത് ജെറുസലേമിൽ സംഭവിച്ച വലുതും നിരന്തരവുമായ കലാപങ്ങളാണ്. അപ്പോൾ അക്കിയായിലെ സഭയുടെ തീഷ്ണതയാൽ പ്രേരിതരായി മാസിഡോണിയായിലെ സഭയും അവരെ സഹായിക്കാൻ മുൻപോട്ടു വന്നു. മാസിഡോണിയായിലെ സഭയ്ക്ക് അക്കിയായിലെ സഭയെക്കാൾ വിജയകരമായി ഇത് നിർവഹിക്കുവാൻ കഴിഞ്ഞു (2 കൊറ 8:1; 9:2). വാസ്തവത്തിൽ തെസ്സലോനിക്ക, പിലിപ്പി, ബോറിയ എന്നിവിടങ്ങളിലെ സഭകൾ അക്രൈസ്തവ

www.malankaralibrary.com

സാഹചര്യങ്ങളിൽ പീഡനങ്ങൾക്കും ദുരിതങ്ങൾക്കും വിധേയരായിരുന്നു. അവരുടെ ഉത്സാഹവും അതിരു കവിഞ്ഞ സന്തോഷവും അവർ അനുഭവിച്ചിരുന്ന ദുരിതങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യേണ്ടതാണ്. എന്നാൽ മാത്രമെ സ്വതന്ത്രമായി തങ്ങളുടെ കഴിവുകൾക്കനുസൃതമായും, ഉപരിയായും അവർ ചെയ്ത സംഭാവന മനസ്സിലാക്കാൻ കഴിയും (2 കൊറ 8:3—4). അതിലുമുപരി വിശുദ്ധന്മാരുടെ സേവനത്തിൽ പങ്കു കൊള്ളുവാൻ തങ്ങളേയും അനുവദിക്കുവാൻ അവർ നിർബ്ബന്ധപൂർവ്വം പൗലോസിനോട് അപേക്ഷിച്ചു. തങ്ങളെ അവകാശത്തിലും അധികാരത്തിലും തങ്ങളുടെതായിട്ടുള്ളതെല്ലാം പരിപൂർണ്ണമായി സമർപ്പിക്കുവാനുള്ള സന്നദ്ധതയാണ് ഇതു സൂചിപ്പിക്കുക (2 കൊറ. 8:5). ഇതാണ് മാസിഡോണിയാക്കാരെക്കുറിച്ചു പറയാനുള്ളത്.

എന്നാൽ അക്കിയാക്കാരുടെ മനോഭാവത്തെക്കുറിച്ച്, സന്നദ്ധതയെക്കുറിച്ചും പൗലോസിന് തീർച്ചയില്ല (2കൊറ. 9:3). മാസിഡോണിയാക്കാർ തന്നോടു കൂടി വന്ന് അക്കിയാക്കാരുടെ തീഷ്ണതക്കുറവ് മനസ്സിലാക്കാൻ ഇടയായേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ അതു പൗലോസിനും അക്കിയാക്കാർക്കും അപമാനകരമായിരിക്കും. അതുകൊണ്ടാണ് തീത്തോസിനേയും രണ്ടു സഹപ്രവർത്തകരെയും അവരെ സംഘടിപ്പിക്കുവാനായി മുൻകൂട്ടി അയയ്ക്കുന്നത് (2 കൊറ 9:5).

## സംഭാവന ശേഖരണത്തിന്റെ പ്രചോദന കാരണങ്ങളും മൂലതത്വങ്ങളും.

സംഭാവന ശേഖരണത്തിന്റെ സാഹചര്യങ്ങളെപ്പററി ചുരുക്കമായി കണ്ടു കഴിഞ്ഞു. ഇനി അതിന്റെ പ്രചോദന കാരണങ്ങളും മൂലതത്വങ്ങളും ചുരുക്കമായി വിശകലനം ചെയ്യാം.[10] ഒന്നാമതായി, എല്ലാമുണ്ടായിരിക്കെ നമുക്കു വേണ്ടി ഒന്നുമില്ലാത്തവനായ ക്രിസ്തുവിന്റെ മാതൃകയാൽ (2 കൊറ. 8:9) പ്രചോദിതമായിരിക്കണം അതു്. ക്രിസ്തുസംഭവത്തെ ദൈവത്തിന്റെ അവർണ്ണനീയമായ ദാനമായി (9:15) ചിത്രീകരിക്കുന്നു.[11] വ്യക്തികളിൽ പ്രവർത്തിക്കുന്ന ദൈവദാനമാണിതിന്റെ നിദാനം (8:1; 9:14). കൊറീന്ത്യക്കാർ വിശ്വാസത്തിലും പ്രഭാഷണത്തിലും വിജ്ഞാനത്തിലും പൂർണ്ണമായ ഉത്സാഹത്തിലും സ്നേഹത്തിലും മികച്ചു നിന്നതുപോലെ ഈ കാരുണ്യപ്രവർത്തനങ്ങളിലും മുന്നിട്ടു നില്ക്കണം (8:7).

www.malankaralibrary.com

ജീവകാരുണ്യപ്രവർത്തനം വഴി ഒരുവൻ തന്നെത്തന്നെ ക്രിസ്തുവിനു നല്കുകയാണു് (8:5). കൊറിന്ത്യാക്കാർ ജീവകാരുണ്യ പ്രവൃത്തികൾ ആരംഭിച്ചിട്ടു് ഒരു വർഷമായി എന്നുള്ളതും തുടർന്നു കൊണ്ടു പോകുവാൻ സന്നദ്ധരാണു് എന്നുള്ളതും വളരെ പ്രോത്സാഹജനകമാണു് (8:10). എന്നിരുന്നാലും ഈ സന്നദ്ധത അപര്യാപ്തമാണു്. അതിനാൽ തങ്ങളുടെ കഴിവനുസരിച്ചു് അവർഇനിയും സംഭാവന ചെയ്യേണ്ടിയിരിക്കുന്നു(8:11).

മറെറാരു പ്രധാന സംഗതി ഇതു് സ്വതന്ത്രമായി പൂർണ്ണമനസ്സോടും ഔദാര്യത്തോടും സന്തോഷത്തോടും കൂടെ, വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണു് കൂടുതൽ അനുഗ്രഹദായകമെന്നു് അറിഞ്ഞു കൊണ്ടു ചെയ്യുന്നതായിരിക്കണം (8:2–3; 9: 5–7; നട. 24:27; 25:3)[12]. മററുള്ളവർ സുഭിക്ഷതയിലും കൊടുക്കുന്നവർ ദാരിദ്ര്യത്തിലും ജീവിക്കണമെന്നു് ഇതു് അർത്ഥമാകുന്നില്ല. മറിച്ചു്, ജീവസന്ധാരണത്തിനാവശ്യമായ സാധനങ്ങൾ എല്ലാവർക്കും ലഭ്യമാക്കാൻ ശ്രമിക്കുക എന്നതായിരിക്കണം ലക്ഷ്യം (8:13f). എവിടെയെങ്കിലും അവശതയുണ്ടെങ്കിൽ അതു പങ്കുകൊള്ളുവാൻ സുഭിക്ഷതയിൽ കഴിയുന്നവർ പരിശ്രമിക്കണം; പരസ്പരം സഹായിക്കണം. ഇസ്രായേൽക്കാർ പല അളവിൽ മന്ന ശേഖരിച്ചു. എന്നാൽ തങ്ങളുടെ കുട്ടകളിൽ ഓരോരുത്തർക്കും ആവശ്യമായ അളവിൽ മന്ന അവർ കണ്ടു. അപ്രകാരം തന്നെ ക്രിസ്തീയസമൂഹത്തിലും സഹോദര സ്നേഹത്തിന്റെ പേരിൽ വസ്തുക്കൾ പങ്കു വയ്ക്കുവാൻ കഴിയണം (8: 8–15). ദാരിദ്ര്യവും സമ്പൽസമൃദ്ധിയും തമ്മിൽ ഒരു സമനിലാവസ്ഥ കൈവരുത്തുവാൻ വേണ്ടിയാണിതു് (8: 13–15).

വിജയകരമായി കാരുണ്യപ്രവർത്തനം നടത്തുന്നതിനു് ആവശ്യമായ മറെറാരു സംഗതി സംഘാടകരുടെ തീക്ഷ്ണതയും സേവനസന്നദ്ധതയുമാണു് (8:16f). തീത്തോസും അദ്ദേഹത്തിന്റെ രണ്ടു സഹപ്രവർത്തകരും ഉത്തമോത്സാഹികളാണെന്നു മാത്രമല്ല, സഭകളുടെ ഔദ്യോഗിക പ്രതിനിധികൾ കൂടിയാണു് (8:18f). കാരുണ്യപ്രവർത്തനത്തിന്റെ സ്വഭാവത്തെക്കുറിച്ചു് എന്തെങ്കിലും തെററിദ്ധാരണയുണ്ടാകാതിരിക്കുവാൻ വേണ്ടിയാണു് ഇതു പറയുക ((8:20). കാരണം, തന്റെ ആത്മാർത്ഥതയും സത്യസന്ധതയും ദൈവം മാത്രം അറിഞ്ഞാൽ പോര മനുഷ്യരും അറിഞ്ഞിരിക്കണമെന്നു് ശ്ലീഹാക്കു് നിർബ്ബന്ധമുണ്ടു് (8:21). തന്റെ സഹപ്രവർത്തകരെ ശ്ലീഹാ വിശേഷിപ്പിക്കുന്ന വിധത്തിൽനിന്നു് അവരിൽ തനിക്കുണ്ടായിരുന്ന ഉത്തമവിശ്വാസം വ്യക്തമാകുന്നുണ്ടു്. തീ

www.malankaralibrary.com

ത്തോസിനെ ''പൗലോസിൻെറ പ്രതിനിധി''യെന്നും, രണ്ടു സഹോദരങ്ങളെ മാസിഡോണിയൻ സഭകളുടെ അപ്പസ്തോലന്മാരെന്നുമാണ് വിളിക്കുന്നത് (8:23)[13].

അടുത്തതായി, സംഭാവനശേഖരണം സ്വതന്ത്ര ദാനമായുള്ളകൊണ്ട് ആരേയും നിർബന്ധിക്കുകയോ ആരിൽനിന്നും ബലമായി ഈടാക്കുകയോ ചെയ്യരുത്. കാരുണ്യപ്രവൃത്തി എല്ലായ്പ്പോഴും ഒരു സ്വതന്ത്രദാനമായിരിക്കണം (9:5). സമൃദ്ധമായ മറെറാരു വിളവെടുപ്പിനുവേണ്ടിയുള്ള വിതയ്ക്കലാണത്. കാരണം സമൃദ്ധമായ കൊയ്ത്ത് ആഗ്രഹിക്കുന്നവൻ ഉദാരമായി വിതയ്ക്കണം (9:6). ഇപ്രകാരം സൽപ്രവൃത്തികൾ ചെയ്യുന്നവർക്ക് ദൈവം സമൃദ്ധമായി പ്രതിഫലം നൽകും. പഴയ നിയമത്തിൽ ഈ വിശ്വാസം വളരെ രൂഢമൂലമായിരുന്നു (നിയമം. 15:10; സങ്കീ 37:25f; തോബി 12:9; സുഭാഷി 11:24f; 19:17). എല്ലാവിധ ദാനങ്ങളാലും ദൈവം അവനെ നിറയ്ക്കും. ആവശ്യമായതെല്ലാം നൽകുകയും ചെയ്യും. അതിൻെറ ഫലമായി അവൻ നന്മപ്രവൃത്തികളിൽ നിറയും (2 കൊറ. 9:8). ദൈവം എപ്രകാരം ഓരോരുത്തർക്കും അപ്പവും വിത്തും നൽകുന്നുവോ അപ്രകാരംതന്നെ ഉദാരമായി കൊടുക്കുന്നവനും അവിടുന്നു നൽകും. അവരുടെ പരസ്നേഹ പ്രവൃത്തികൾ വർദ്ധിപ്പിക്കുകയും ചെയ്യും. കൊടുക്കുവാനുള്ള താല്പര്യത്തിൽ അവർ വളരുന്നതോടുകൂടി അവരുടെ സേവന സന്നദ്ധതയും വളരും (9:10). ഈ മഹാമനസ്കത ദൈവത്തിനുള്ള നന്ദിപ്രകടനത്തിലേയ്ക്ക് നയിക്കുകയും ചെയ്യും (9:11).

## സാമൂഹ്യസേവനത്തിൻെറ ദൈവശാസ്ത്രത്തിലേക്ക്

സാമൂഹ്യസേവനത്തെക്കുറിച്ചുള്ള പൗലോസിൻെറ ദൈവശാസ്ത്ര വീക്ഷണമെന്തെന്ന് തുടർന്ന് ചിന്തിക്കാം.

പ്രാരംഭമായി പറയട്ടെ, സംഭാവനശേഖരണം വളരെ പ്രയത്നം ആവശ്യമുള്ള ജോലിയാണ്. ആരംഭിച്ചിട്ട് ഒരു വർഷമായെങ്കിലും വളർച്ച മന്ദഗതിയിലാണ് (2 കൊറ. 8:10; 9:2). പൗലോസിന് അതിൻെറ ഭാരം അനുഭവപ്പെട്ടിരുന്നു. (9:3–5). ഒരുപക്ഷേ, തങ്ങളുടെ വാഗ്ദാനങ്ങൾ പാലിക്കാതെ (9:2) കൊറിന്ത്യക്കാർ പിൻവാങ്ങുന്നതു കൊണ്ടായിരിക്കാം, തൻെറ സഹപ്രവർത്തകരോട് എത്രയും വേഗം പ്രവർത്തനം അവസാനിപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നത് (8:6. 16–24). എന്നാൽ അവരോട് ആജ്ഞാപിക്കുവാൻ

www.malankaralibrary.com

അദ്ദേഹം ആഗ്രഹിക്കുന്നില്ല (8:8–10).[14] കാരണം, വിശ്വാസത്തിലും സ്നേഹത്തിലും അവർ മികച്ചു നില്ക്കുന്നതുപോലെ ദൈവികമായ ഈ ജോലിയിലും അവർ മികച്ചു നില്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു (8:7).

സംഭാവന ശേഖരണത്തിൽ ഒരിക്കലും സംശയത്തിനു സ്ഥാനമുണ്ടായിരിക്കരുത് എന്നതാണ് മറ്റൊരു കാര്യം. (8:21) സത്യസന്ധനെന്നു തെളിയിച്ച തീത്തോസിന്റെയും സഭകളുടെ പ്രതിനിധികളായ രണ്ടുസഹോദരന്മാരുടെയും നിയമനം ഇക്കാര്യത്തിൽ വളരെ സഹായകമായിരുന്നു (8:20–23).

കൊറീന്ത്യാക്കാരുടെ പക്ഷത്തു് ഉത്സാഹം കണ്ടെത്തേണ്ടതു് ഈ സംഘാടകരെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായിരുന്നു. ആയതിലേക്ക് പഴയനിയമത്തിലെ സ്നേഹത്തിന്റേയും കരുണയുടേയും നിയമം അവരെ ഓർമ്മിപ്പിക്കുന്നു (8:15; 9: 7,9,10). എവിടെ യഥാർത്ഥ സ്നേഹമുണ്ടോ അവിടെ സുഭിക്ഷതയിൽ കഴിയുന്നവർ അവശരുടെ സഹായത്തിനു് വരുകയും അങ്ങനെ ഒരു സമനിലയിലേക്കു നീങ്ങുകയും ചെയ്യും (8:14). ഉപവിയിൽ അധിഷ്ഠിതമായ സാഹോദര്യത്തിന്റെ ദൃശ്യമായ തെളിവാണ് കാരുണ്യപ്രവൃത്തി (8:8; 9:13). കാരണം, കൊടുക്കുന്നവരും സ്വീകരിക്കുന്നവരും തമ്മിൽ പൂർണ്ണമായ കൂട്ടായ്മ അതു വളർത്തുന്നു (9:14). രൂക്ഷമായ ദാരിദ്ര്യത്തിന്റെ നടുവിലും സന്തോഷത്തോടു കൂടി സംഭാവന നല്കാൻ കഴിഞ്ഞതെങ്ങനെയെന്നു് ഇതു വ്യക്തമാക്കുന്നു (8:2). തങ്ങളുടെ കഴിവിനു് ഉപരിയായി നല്കുവാൻ അവർ സന്നദ്ധരായിരുന്നു. ക്രിസ്തുവിന്റെ സേവനത്തിനു വേണ്ടി അവർ പൂർണ്ണമായി തങ്ങളെത്തന്നെ അപ്പസ്തോലനു് സമർപ്പിച്ചു (8:5). ഈ സേവനസന്നദ്ധതയിലൂടെ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും വ്യക്തമാക്കപ്പെട്ടു (8:1ff 19;9:5–8).

ദൈവം ഒരുവനെ സമ്പന്നനാക്കിയതുകൊണ്ടു് അവനു് നൽകാൻ കഴിയുന്നു (8:1–6). തുടർന്നും നന്മപ്രവർത്തികൾ ചെയ്യുന്നതിനുവേണ്ടി ദൈവം അവനു് ധനവും സമ്പത്തും നൽകുന്നു (9:8–11.) ദൈവം ഉപവിപ്രവർത്തനങ്ങൾ തുടങ്ങുകയും അവയെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

ഇപ്രകാരം പ്രവർത്തിക്കുന്നതിനു് വിശ്വാസികൾ ക്രിസ്തുവിന്റെ മാതൃകയിൽനിന്നു് പ്രചോദനം ഉൾക്കൊള്ളണം. സ്വയം ശൂന്യനാക്കിയ യേശുവാണു് മാതൃക (8:9). ക്രിസ്തു

www.malankaralibrary.com

വിന്റെ ഈ മാതൃകയാണ് ദാരിദ്ര്യത്തിന്റെ നടുവിലും സന്തോഷത്തോടും ഔദാര്യത്തോടും കൂടി സംഭാവന നൽകാൻ അവരെ പ്രാപ്തരാക്കിയത് (8:2). സന്തോഷം, ദാരിദ്ര്യം, ഔദാര്യം എന്നിവയുടെ സഹവർത്തിത്വം ഒരു ക്രിസ്തീയ സാദ്ധ്യതയാണ്.

എല്ലാ ഉപവി പ്രവർത്തനങ്ങളും—ശേഖരണങ്ങളും മററു സഹായങ്ങളും—ദൈവമഹത്വത്തിലും ദൈവസ്തുതിയിലും അവസാനിക്കുന്നു (8:19; 9:11–15) കാരണം, ക്രിസ്തുവിന്റെ സുവിശേഷത്തോടുള്ള വിധേയത്വവും അംഗീകാരവുമാണത് (9:13).

ജെറുസലേമിൽ അടിസ്ഥാനപരമായ അസ്വസ്ഥത പൗലോസിന് മനഃപ്രയാസത്തിന് ഇടയാക്കി എന്നുള്ളത് കാരുണ്യപ്രവർത്തനത്തെപ്പററി ചിന്തിക്കുമ്പോൾ എടുത്തു പറയേണ്ട മറെറാരു സംഗതിയാണ്. ഒരു വശത്ത് യഹൂദർ പാവപ്പെട്ട യഹൂദരെ സഹായിക്കാൻ സംഭാവന നൽകിക്കൊണ്ടിരുന്നു. മറുവശത്ത് യഹൂദക്രിസ്ത്യാനികളെ സഹായിക്കാൻ സഭകളുടെ ഭാഗത്തു നിന്ന് യാതൊരു ശ്രമവുമുണ്ടായില്ല. അതുകൊണ്ട് വിജാതിയ ക്രിസ്ത്യാനികളുടെ സഹകരണത്തോടുകൂടി അവരെ സഹായിക്കുന്നതിന് പൗലോസ് വളരെയധികം താല്പര്യപ്പെട്ടു.

സഭകൾക്ക് ജെറുസലേമിലെ സഭയുടെ ദാരുണസ്ഥിതിയിൽ ഭയം ഉണർത്തുവാൻ ഉതകുന്ന രീതയിൽ പൗലോസ് ഒന്നും സംസാരിക്കുന്നില്ല. എന്നാൽ ക്രിസ്തീയ സാഹോദര്യത്തിലേക്കും, സേവനത്തിലേക്കും, സ്നേഹത്തിലേക്കും സഭകളെ ആകർഷിക്കാൻ ശ്രമിക്കുന്നു.[15]

ഈ ശേഖരണം പൗലോസിന്റെ ജോലികളിൽ യഹൂദവിഭാഗത്തിനുള്ള സംശയവും അനിഷ്ടവും ഇല്ലാതാക്കും. അതോടൊപ്പം യഹൂദക്രിസ്ത്യാനികളും വിജാതിയ ക്രിസ്ത്യാനികളും തമ്മിൽ ഉത്തമ സൗഹൃദം വളർത്തുകയും ചെയ്യും.[16]

ഇതിലെല്ലാമുപരിയായി വിജാതിയ സഭയിൽ പൗലോസിന്റെ ശ്ലൈഹികാധികാരം ഫലദായകമാണെന്നും, മാതൃസഭയായ ജെറുസലേമിനോട് അദ്ദേഹത്തിന് വിശ്വസ്ത സ്നേഹമുണ്ടെന്നും ഈ പ്രവർത്തനങ്ങൾ തെളിയിക്കുന്നു.[17]

ജെറുസലേം സഭയും വിജാതീയക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പൗലോസിനുണ്ടായിരുന്ന അറിവെന്താണെന്ന് ഇത്തരുണത്തിൽ അനുസ്മരിക്കുക ചേർന്നതാണ്.

www.malankaralibrary.com

മാസിഡോണിയായിലെയും അക്കിയായിലെയും സഭകൾ ജെറൂസലേമിലുള്ള ക്രിസ്ത്യാനികളോടുള്ള കടപ്പാടിന്റെ പേരിൽ, സന്തോഷപൂർവ്വം സംഭാവനകൾ ചെയ്തിട്ടുണ്ടെന്ന് പൗലോസ് റോമാക്കാർക്ക് എഴുതുന്നു. ജെറുസലേംസഭയുടെ ആദ്ധ്യാത്മികാനുഗ്രഹങ്ങളിൽ വിജാതിയ ക്രിസ്ത്യാനികൾ പങ്കുചേർന്നെങ്കിൽ, അവരുടെ ഭൗതിക സമ്പത്താകുന്ന അനുഗ്രഹം ജെറുസലേം സഭയുമായി പങ്കു ചേർന്നേ കഴിയൂ (റോമ 15:25-27). ജീവിതത്തിന്റെ വിവിധ മേഖലകളിൽ എല്ലാ ക്രിസ്ത്യാനികളും തമ്മിൽ അഭേദ്യപൂർവ്വമായ ഒരു ഐക്യമുണ്ട്. ഈ ഐക്യം ആദ്ധ്യാത്മിക വശങ്ങളുടെ പങ്കുചേരലിൽ മാത്രമല്ല അടങ്ങിയിരിക്കുക; പ്രത്യുത ഭൗതിക വസ്തുക്കളുടെ ദാനവും ഭൗതികാനുഗ്രഹങ്ങളിലുള്ള പങ്കുചേരലും വളരെ സന്തോഷത്തോടുകൂടി ചെയ്യപ്പെടേണ്ട മാററി വയ്ക്കുവാൻ കഴിയാത്ത ഒരു കടമയാണ്. ഭൗതികദാനങ്ങൾ ഉപയോഗിച്ചും ഒരുവന് ലഭിച്ചിരിക്കുന്ന ആദ്ധ്യാത്മികാനുഗ്രഹങ്ങൾക്ക് നന്ദി പറയുവാൻ കഴിയും. പല സന്ദർഭങ്ങളിലും കരണീയമായിട്ടുള്ളതും ഇതു തന്നെ. ഒരു പ്രതിഫലമായിട്ടല്ല ഇങ്ങനെ ചെയ്യുന്നതു്. സഹവിശ്വാസികളുമായി എല്ലാത്തരത്തിലുള്ള ധനവും പങ്കുവയ്ക്കുവാനുള്ള ഒരു ക്രിസ്ത്യാനിയുടെ സന്നദ്ധതയാണ് ആവശ്യം.

ജെറുസലേത്തു് പട്ടിണിയുണ്ടായതു് വസ്തുക്കൾ പങ്കുവച്ചതിന്റെ പരിണതഫലമായിരുന്നുവെന്ന് വി. അഗസ്റ്റിൻ അഭിപ്രായപ്പെടുന്നു (നടപടി: 2: 49–5; 4:32). ക്രിസ്തുവിന്റെ ദ്വിതീയാഗമനം സമീപസ്ഥമാണ് എന്നുള്ള പ്രതീക്ഷകൊണ്ടുമാകാം അവർ ഇങ്ങനെ പങ്കുവച്ചതു് (2 തെസ്സ 3: 6–12). ഇതിന്റെ പേരിൽ ജെറുസലേമിലെ ക്രിസ്ത്യാനികളെ കുററപ്പെടുത്തികൊണ്ടു് പൗലോസ് ഒന്നും സംസാരിക്കുന്നില്ല. കാരണം സ്നേഹം എല്ലാം ക്ഷമിക്കുന്നു. എല്ലാം വിശ്വസിക്കുന്നു (1 കൊ. 13–7).

സഭൈക്യത്തിന്റെ വെളിച്ചത്തിലും ജെറുസലേം സഭയ്ക്കു് സംഭാവനകൾ നൽകുന്നതിനെ കാണാൻ കഴിയും[18]. കാരണം, ഐക്യത്തിന്റെ നിദാനം ഉപവിയാണ്. കാരുണ്യ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിന് സഭാ സമൂഹങ്ങളെ ഉപവിയുടെ പ്രവർത്തനം കെൽപ്പുററതാക്കുന്നു. അതോടൊപ്പം സഭയിലും സഭാതനയരിലും പ്രവൃത്തിക്കുന്ന വൈദാനമായ അരൂപിയുടെ ശക്തമായ പ്രത്യക്ഷീകരണവുമാണതു്. മാതൃസഭയായ ജെറുസലേമിലെ സഭയുടെ അംഗങ്ങളെ സഹായിക്കാൻ പൗലോസ് ചെയ്ത ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സംഭവിച്ചതും മറെറാന്നല്ല (2 കൊറ. 8: 1–5; 9: 2–4).

www.malankaralibrary.com

ദൈവശാസ്ത്രപരമായി വളരെ അർത്ഥസമ്പുഷ്ടങ്ങളായ പുതിയ വാക്കുകൾ കാരുണ്യ പ്രവർത്തനങ്ങളെ സൂചിപ്പിക്കുവാനായി പൗലോസ് കൊണ്ടുവരുന്ന എന്നുള്ളത് പ്രത്യേകം ശ്രദ്ധാർഹമാണ്. 'സേവനം' (diakonia, 1 കൊറ. 16:15; 2 കൊ. 8:4; 9. 12–13; റോമ. 15,31), 'സംഭാവന' (logeia 1 കൊ. 16.1), 'പ്രസാദവരം' (charis, 1 കൊ 16:3, 2 കൊറ. 8:1; 4,6,7,19), 'കൂട്ടായ്മ' (koinonia, 2 കൊ. 8;4, 9:13, റോമ. 15:26), 'അനുഗ്രഹം' (eulogia 2 കൊ. 9;5), 'ശുശ്രൂഷ' (leitourgia, 2 കൊറ. 9:12, റോമ 15.27),[19] 'സന്നദ്ധത' (prothymia, 2 കൊ. 8.11, 9:2), "ഉദാരമായ ദാനം" (adrotes, 2 കൊ. 8.20), 'ഉദാരശീലം' (aplotes, 2 കൊ. 8:2, 9, 11-13), 'പാവപ്പെട്ടവരെ ഓർക്കുക' (ptochon mnemoneuein, ഗലാ. 2.10) മുതലായ വാക്കുകൾ സംഭാവന ശേഖരണത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു.[20] കാരുണ്യപ്രവർത്തനത്തിന്റെ വിവിധ വശങ്ങൾക്കും ലക്ഷ്യങ്ങൾക്കും പ്രാധാന്യം നല്കുവാനായിട്ടാണ് പല വാക്കുകളും പദസമുച്ചയങ്ങളും ഉപയോഗിച്ചിരിക്കുന്നത്.

"പാവപ്പെട്ടവരെ ഓർക്കുക' എന്ന പദസമുച്ചയം അർത്ഥമാക്കുന്നത് പാവപ്പെട്ടവരുടെ പ്രശ്നങ്ങളിലുള്ള വ്യക്തമായ അവബോധവും ഉദാരതാശയപരമായ പ്രവർത്തനങ്ങളിലൂടെ പ്രകടമാകുന്ന പ്രായോഗിക താല്പര്യവുമാണ്. പഴയ നിയമത്തിൽ ദൈവം ചെയ്ത വിമോചനകൃത്യം—ദൈവം ചെയ്ത അത്ഭുതങ്ങളും പ്രവൃത്തികളും—അനുസ്മരിക്കുക വിശ്വാസത്തിൽ നിന്നുയിർക്കൊള്ളുന്ന നന്ദിപ്രകടനത്തിന്റെ ഭാഗമാണ്. ഈ അനുസ്മരണം സ്തുതിയും ഏറ്റുപറച്ചിലുമാണ് (പുറപ്പാട് 13:-3; 1 ദിനവൃ 16;9. 12). തന്റെ വാക്കുകളും, പ്രവർത്തനങ്ങളും ജീവിതവും കഷ്ടപ്പാടും ഓർക്കുവാൻ വിശ്വാസികളെ പൗലോസ് ആഹ്വാനം ചെയ്യുമ്പോൾ, തന്നെ അനുഗമിക്കുവാനും ആഹ്വാനം ചെയ്യുന്നുണ്ട് (1 തെസ്സ 2:9; 2 തെസ്സ 2. 5; കൊളോ 4:18). ഏപ്രകാരം അദ്ദേഹം ക്രിസ്തുവിന്റെ വാക്കുകളെ അനുസ്മരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നുവോ അപ്രകാരം അവരും പ്രവർത്തിക്കണം. ആകയാൽ 'പാവപ്പെട്ടവരെ ഓർക്കുക' എന്നതിന്റെ അർത്ഥം ഫലപ്രദമായരീതിയിൽ പാവപ്പെട്ടവരുടെ ആവശ്യങ്ങളിൽ താല്പര്യം കാണിക്കുക എന്നാണ്.

കാരുണ്യ പ്രവർത്തനത്തെ 'സേവനം' (diakonia) എന്ന് അദ്ദേഹം വിളിക്കുന്നത് അർത്ഥവത്താണ്. (1കൊ. 16: 15; 2 കൊ. 8; 4; 9: 13; റോ. 15:31) കാരണം,

www.malankaralibrary.com

സേവനമാണ് മഹത്വത്തിലേക്കു ക്രിസ്ത്യാനിയെ നയിക്കുന്ന ഏക
മാർഗ്ഗം. അയൽവാസിയെ സേവിക്കുക, ക്രിസ്തുവിനെ സേവി
ക്കുക, ദൈവത്തെ സേവിക്കുക, ഇവയെല്ലാം ഒന്നുതന്നെയാണ്.
അതിലുപരി യഥാർത്ഥ ക്രിസ്തീയ സേവനം ദൈവത്തിൽ
നിന്നു് ദൈവത്തിലേയ്ക്കുമാണ്. അതുകൊണ്ട് ഒരു പ്രത്യേക
സേവനമായ കാരുണ്യപ്രവർത്തനത്തിൽ ശേഖരണവും വിത
രണവും ക്രിസ്ത്യാനികൾ തമ്മിൽതമ്മിലുള്ള സ്നേഹത്തിലധി
ഷ്ഠിതമായ സേവനത്തിന്റെ ഒരു ഭാഗമാണ്.

അതൊരു ശേഖരണമാണ്. (logeia 1 കൊ. 16: 1 )
വാച്യാർത്ഥം നികുതി, 'ശേഖരിച്ച പണം' എന്നെല്ലാമാണ്.
എന്നാൽ പൗലോസിന്റെ വീക്ഷണത്തിൽ മാതൃസഭ വിജാ
തീയ ക്രിസ്ത്യാനികളിൽ നിന്നാവശ്യപ്പെടുന്നതു് നികുതിയോ,
വീതമോ, ഭാഗമോ അല്ല[22]. അടിച്ചേൽപ്പിക്കപ്പെട്ട നികുതി
യുമല്ല, പ്രത്യുത ദാനമാണ്. 'സേവനം', 'സഹവർത്തിത്വം'
എന്നതെല്ലാം 'ശേഖരണ'ത്തിന്റെ പര്യായങ്ങളാണ്. അവ
യും ഉപവിപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു.

ശേഖരണത്തിന്റെ മറെറാരു പര്യായപദമാണ് 'കൃപ'
(charis). യഥാർത്ഥ അർത്ഥം ദയ, കാരുണ്യം, ആനുകൂല്യം,
സൗമനസ്യം എന്നെല്ലാമാണ്. "നമ്മൾ കൃപവഴി സൗജന്യ
മായി നീതികരിക്കപ്പെട്ടിരിക്കുന്നു" (റോ. 3: 24). രക്ഷാകര
സംഭവത്തെക്കുറിച്ചുള്ള പൗലോസിന്റെ ചിന്താഗതിയാണ്
ഈ വാക്ക് വ്യക്തമായി അവതരിപ്പിക്കുക. കൃപയുടെ ശക്തി
കാരുണ്യപ്രവർത്തനങ്ങളിലൂടെ (2 കൊ. 8) സഭയിൽ പൂർത്തി
യാകുന്നു (ഫിലി 1: 7). കൃപയുടെ ശക്തി ഔദാര്യ കൃത്യ
ങ്ങളും സാദ്ധ്യമാക്കുന്നു (2 കൊ. 8: 1; 9: 1). അതുകൊണ്ട്
ഔദാര്യപ്രവർത്തനമായ ശേഖരണത്തെ 'കൃപ'—'നന്ദി' 'സമ
ർപ്പണം' എന്നെല്ലാം വിളിക്കുന്നതു് ഉചിതമാണ് (1 കൊ. 16
3; 2 കൊ 8: 1. 4. 6. 7. 19)[23]. കാരണം ദൈവത്തിന്റെ ആ
നുകൂല്യത്തിനും സംഭാവന നല്കുന്ന വ്യക്തിയുടെ കാരുണ്യ
ത്തിനും അതു പ്രാധാന്യം നല്കുന്നു എന്നതു തന്നെ.

സംഭാവനയ്ക്കു് 'സഹവർത്തിത്വം' (Koinonia) എന്ന
പ്രയോഗം വളരെ അർത്ഥവത്താണ്. ഭാഗഭാഗിത്വം, പങ്കുപ
ററൽ, കൂട്ടായ്മ, ഐക്യം എന്നെല്ലാമാണ് അർത്ഥം. ക്രിസ്തു
വിലുള്ള, അവിടത്തെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളി
ലും, അന്ത്യത്താഴത്തിലും, അരൂപിയിലും, കൃപയിലുമുള്ള വി
ശ്വാസികളുടെ മതാത്മക ഐക്യത്തേയും പരസ്പര കൂട്ടാ

www.malankaralibrary.com

യ്മയേയും കാണിക്കുവാനാണ് പൗലോസ് ഈ പദം ഉപയോഗിക്കുക. ഇതിന്റെ വെളിച്ചത്തിൽ യഹൂദക്രിസ്ത്യാനികളും വിജാതീയ ക്രിസ്ത്യാനികളും തമ്മിലുള്ള ഏറ്റം ശക്തമായ ഐക്യത്തെപ്പറ്റി അദ്ദേഹം പറയുന്നു. ഇതു് അപ്പസ്തോലന്മാരേയും വിശ്വാസികളേയും സംബന്ധിച്ചും വാസ്തവമാണ് (ഫിലി 4:15). അതുകൊണ്ടു് ആദ്ധ്യാത്മികവസ്തുക്കളിലും ഭൗതികവസ്തുക്കളിലും അവർ പങ്കു ചേരണം. യഹൂദ ക്രിസ്ത്യാനികളും വിജാതീയ ക്രിസ്ത്യാനികളും തമ്മിലുള്ള സഹവർത്തിത്വം ഏറ്റം പ്രകടമായി അതു വ്യക്തമാക്കുന്നു. അതുകൊണ്ടു് കാരുണ്യപ്രവർത്തനത്തെ കൂട്ടായ്മ (സഹവർത്തിത്വം Koinoia) എന്നു് വിളിക്കുന്നു (2 കൊറ 8:4; 9:13; റോ 15:26). ഇതു് ക്രിസ്തുവിലുള്ള സഹവർത്തിത്വമാണ്, കൂട്ടായ്മയാണ്. ഇതു് മതപരമായി പ്രധാനമർഹിക്കുന്നു. കാരുണ്യപ്രവർത്തനം വഴി പ്രകടിപ്പിക്കപ്പെടുന്നു.

ശേഖരണത്തെ സൂചിപ്പിക്കുവാൻ അനുഗ്രഹം (eulogia) എന്ന പദവും പൗലോസ് ഉപയോഗിക്കുന്നുണ്ടു് (2 കൊറ 9:5). ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് നമ്മെ അനുഗ്രഹിക്കുവാനായി ക്രിസ്തുവിനെ ദൈവം അയച്ചു എന്നുള്ളതു നാം ഓർക്കണം (നട. 3:26). അങ്ങനെ നമ്മൾ ക്രിസ്തുവഴി പിതാവിനാൽ അനുഗ്രഹീതരായി (എഫേ. 1:3). എപ്പോഴും ക്രിസ്തുവിന്റെ അനുഗ്രഹം നമ്മിലുണ്ടോ അപ്പോൾ നമ്മൾ മറ്റു് അനുഗ്രഹങ്ങൾക്കും യോഗ്യരാകും. ഭൗതികസമ്പത്തു് യഥാർത്ഥത്തിൽ ദൈവാനുഗ്രഹമാണ്. അതുകൊണ്ടു് ഈ അനുഗ്രഹം നമ്മുടെ സഹ സൃഷ്ടങ്ങൾക്കും ഒരനുഗ്രഹമാകണം. ആകയാൽ എത്രമാത്രം അവ ദൈവത്തിന്റെ അനുഗ്രഹവും മനുഷ്യന് അനുഗ്രഹവുമാകുന്നുവോ അത്രത്തോളം ശേഖരണം ഒരു അനുഗ്രഹമാണ്. ഭൂമിയുടെ മേലുള്ള ദൈവാനുഗ്രഹത്തിന്റെ വിതരണത്തിലുള്ള ഭാഗഭാഗിത്വമാണതു്. നിത്യസൗഭാഗ്യം പിതാവിന്റെ അനുഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു (മത്താ. 25;4f). സ്നേഹം, സേവനം, ക്ഷമ തുടങ്ങിയവയിലൂടെ നമുക്കു ലഭിച്ച ദൈവാനുഗ്രഹം മറ്റുള്ളവർക്കു പകർന്നു കൊടുക്കുന്നുവോ എന്നതായിരിക്കും അതിന്റെ മാനദണ്ഡം (ലൂക്ക. 6;27f; 1 കൊറ. 4:12; റോമ. 12:14. പാവങ്ങളെ സഹായിക്കുക എന്നതു് ഒരു ദാനവും, ഭൂമിയിൽ ദൈവികാനുഗ്രഹങ്ങളിലുള്ള പങ്കുചേരലുമാണ്. പാവങ്ങളെ സഹായിക്കുന്നതു വഴി പിതാവിന്റെ ഏറ്റം ശ്രേഷ്ഠാനുഗ്രഹമായ ക്രിസ്തുവിനേയും, അവിടത്തെ സുവിശേഷത്തേയും നമ്മൾ ഏറ്റു പറയുകയും അനുസരിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ തന്നെ നിത്യരക്ഷ കൈവശപ്പെടുത്തുകയും ചെയ്യുന്നു 24. അതുകൊണ്ടാണ് ശേഖരണത്തെ അനുഗ്രഹം

www.malankaralibrary.com

എന്നു വിളിക്കുന്നതിൽ പൗലോസ് അഗാധമായ അവഗാഹവും, സൈദ്ധാന്തികവും പ്രദർശിപ്പിക്കുന്നുണ്ട് എന്നു പറയുന്നത്.

ശേഖരണത്തിന് ശുശ്രൂഷ (leitourgia)[25] എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതു പ്രസക്തമാണ്. ദൈവമഹത്വത്തിനു വേണ്ടി സമൂഹം ചെയ്യുന്ന മഹത്തായ ജോലിയായിട്ടാണ് ശേഖരണത്തെ കണക്കാക്കുക. അതുകൊണ്ട് ആരാധനയുടെ യോഗ്യത ശേഖരണത്തിനുണ്ട്[26] അതിലുപരി ക്രിസ്തുവിന്റെ ശരീരമായ സഭകളുടെ പരസ്പര ഐക്യത്തിൽ ക്രിസ്ത്യാനികളുടെ സഹോദരസ്നേഹത്തിന്റെ ഫലംകൂടിയാണിതു്. ഇതുകൂടാതെ സാമൂഹ്യജീവിതത്തിലെ ബന്ധങ്ങളിൽ ദൈവത്തിനും മനുഷ്യനും ചെയ്യുന്ന സേവനങ്ങളെ സൂചിപ്പിക്കുന്നതിന് അപ്പസ്തോലൻ തന്റെ ലേഖനങ്ങളിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്[27].

കൊറീന്തിലെ സഭയിൽ പൗലോസ് കാണുവാൻ ആഗ്രഹിച്ച മനോഭാവത്തെ സൂചിപ്പിക്കുവാനാണ് സന്നദ്ധത (Prothymia)[28] എന്ന വാക്ക് ഉപയോഗിക്കുക (2 കൊ. 8:11.12; 9:2). തന്റെ പദ്ധതിയോടു സഹകരിക്കുവാനുള്ള സന്നദ്ധതയിൽ മാത്രമല്ല ഈ മനോഭാവം അടങ്ങിയിരിക്കുക. പ്രവൃത്തിയും സന്മനസ്സും, കടമയും, സ്വാതന്ത്ര്യവുമാണ് ഈ മനോഭാവത്തിന്റെ മുഖമുദ്ര. നിർബ്ബന്ധപൂർവ്വമല്ലാതെ കൊറീന്ത്യാക്കാരെ ഈ മനോഭാവത്തിലേക്കു കൊണ്ടുവരുവാൻ ശ്ലീഹാ ആഗ്രഹിക്കുന്നു. തീക്ഷ്ണതയോടുകൂടി അവർ നൽകുന്ന കാഴ്ചകൾ പൗലോസിന്റെ തന്നെ തീക്ഷ്ണതയെ നിലനിറുത്തുന്നു (2 കൊ. 8:9)[29]. സ്വാതന്ത്ര്യം, തീക്ഷ്ണത എന്നിവയ്ക്കു് കാരുണ്യപ്രവർത്തനത്തിലുള്ള സ്ഥാനം വ്യക്തമാക്കുകയാണ് സന്നദ്ധത എന്ന വാക്കിലൂടെ ശ്ലീഹാ.

ഉദാരശീലം എന്നപ്രയോഗം[30] ഏതൊരു ബലിയർപ്പണത്തിലും അവശ്യം ഉണ്ടായിരിക്കേണ്ട വിശാലമനസ്കതയും ഔദാര്യവും സൂചിപ്പിക്കുന്നു. ഭൗതികവസ്തുക്കളുടെ അർപ്പണത്തെ സൂചിപ്പിക്കുന്നതിന് ഇതുപയോഗിക്കുന്നില്ല (റോ. 12:8; 2 കൊ. 8:2; 9:11.13). കൊറീന്ത്യാക്കാർ പട്ടിണിയുടെ പിടിയിൽ നിന്നും തികച്ചും വിമുക്തരല്ല എന്ന വസ്തുതയും അവരുടെ വിശാല മനസ്കതയെ വ്യക്തമാക്കുന്നു. (2 കൊ. 8:2) പൗലോസിന്റെ സാമൂഹ്യതാല്പര്യങ്ങളുടെ ദൈവശാസ്ത്രചക്രവാളങ്ങളെ കുറിച്ച് അദ്ദേഹം ഉപയോഗിച്ചിരിക്കുന്ന വിശുദ്ധമായ വാക്കുകളുടെ പരിചിന്തനത്തിന്റെ വെളിച്ചത്തിൽ ഇങ്ങനെ തുടർന്നും വിശകലനംചെയ്യാൻ കഴിയും.

www.malankaralibrary.com

അവസാനമായി പൗലോസ് ശേഖരണത്തെ എങ്ങനെ മനസ്സിലാക്കി എന്നു നോക്കാം. 'പണം' എന്നു അർത്ഥം വരുന്ന 'argrion, argyros, chrysion, chrysos' എന്നീ വാക്കുകൾ അദ്ദേഹം ഉപയോഗിച്ചിട്ടില്ല. കാരണം സംഭാവന ശേഖരണത്തെ പണം കൈമാററമായിട്ടല്ല പ്രത്യുത പരിശുദ്ധവും മതപരവുമായ ഒരു ചടങ്ങായിട്ടാണ് പൗലോസ് മനസ്സിലാക്കിയത് എന്നതുതന്നെ[31]. അതിനാലാണ് philanthropia എന്ന വാക്കുപോലും ഇവിടെ അദ്ദേഹം ഉപയോഗിക്കാതിരുന്നതു[32].

## ഉപസംഹാരം

പുതിയ നിയമത്തിലെ മററെല്ലാ പുസ്തകങ്ങളേക്കാളുമധികമായി ആദിമസഭയുടെ സാമൂഹ്യതാല്പര്യങ്ങളെക്കുറിച്ച് പൗലോസിന്റെ ലേഖനങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ആഹ്വാനത്തിന്റെ രൂപത്തിലോ, സംഭാവനയുടെ രൂപത്തിലോ പ്രദർശിപ്പിച്ചിരിക്കുന്ന ഈ താല്പര്യം ദാരിദ്ര്യം, കഷ്ടപ്പാട്, ഇല്ലായ്മ എന്നിവ സഹിക്കുന്ന ഏതെങ്കിലും ക്രിസ്ത്യാനിക്കുവേണ്ടിയാണ്. ഏതെങ്കിലും പദ്ധതിയോ വ്യവസായമോ നടത്തുവാനല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന സമൂഹങ്ങളുടെ സഹനത്തിന്റെ മുമ്പിൽ പ്രാദേശികസഭകളുടേതായ എല്ലാ മതിൽകെട്ടുകളും ബന്ധനങ്ങളും തുറക്കപ്പെടുന്നു. വിജാതീയരുടെ അപ്പസ്തോലനു നന്ദി. വിശ്വാസികളുടെ സമൂഹം അതു എവിടെയായിരുന്നാലും, ഏതു വർഗ്ഗത്തിൽപ്പെട്ടവരായിരുന്നാലും സമൂഹത്തിന്റെ ഏതു നിലയിൽപ്പെട്ടവരായിരുന്നാലും അദ്ദേഹത്തിനു അവരുടെനേരെ ഒരേ താല്പര്യമാണുണ്ടായിരുന്നതു്. ഈ താല്പര്യം ക്രിസ്തുവിനോടുകൂടിയുള്ള കൂട്ടായ്മയിൽ പങ്കുകൊള്ളുവാനുള്ള വിളിയുടെ അവിഭാജ്യഘടകമാണ്. അതുകൊണ്ടു മനുഷ്യദുരിതനിവാരണത്തിനായി ശരിയായ സാമൂഹ്യപരിപാടികളിൽ ഏർപ്പെടുന്നതിൽ ആരും തെററിധാരണ വച്ചുപുലർത്തേണ്ട. എന്നാൽ അവ യഥാർത്ഥ സേവനവും, ക്രിസ്തീയ കൂട്ടായ്മയുടെ പ്രകാശനവും, ദൈവാനുഗ്രഹത്തിന്റെ സൂചനയും, ദൈവികകൃപയുടെ പങ്കുചേരലും, ദിവ്യമായ ശുശ്രൂഷയും, ക്രിസ്തുവിന്റെ സുവിശേഷത്തോടുള്ള വിധേയത്വവും എല്ലാററിലുമുപരിയായി ദൈവമഹത്വത്തിനുവേണ്ടിയും ആയിരിക്കണം എന്നു മാത്രം. ഇപ്രകാരമുള്ള നന്മ പ്രവൃത്തികളിൽ ഏതെങ്കിലും വ്യക്തി പ്രകടമായ സന്തോഷത്തോടും, സന്മനസ്സോടും, ഔദാര്യത്തോടുംകൂടി സ്വതന്ത്രമായി പങ്കെടുത്താൽ ഭൗതികവും ആദ്ധ്യാത്മികവുമായ അനുഗ്രഹങ്ങളാൽ ആ വ്യക്തി സമ്മാനിക്കപ്പെടും. അതോടൊപ്പം ദൈവത്തിനു നിരന്തരമായ നന്ദി പ്രകടനമു-

www.malankaralibrary.com

യി അതു് പരിണമിക്കുകയും ചെയ്യും. ഇക്കാരണത്താലാണു് പരാജയങ്ങളും തിരിച്ചടികളും ബുദ്ധിമുട്ടുകളും നേരിട്ടിട്ടും, ജെറുസലത്തുള്ള സഹിക്കുന്ന ക്രിസ്ത്യാനികളുടെ ദുരിതനിവാരണത്തിനു് ഒരു പദ്ധതി തയ്യാറാക്കുകയും അതു സംഘടിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിൽ പൗലോസ് ഇത്രമാത്രം ബദ്ധപ്പെടുകയും ചെയ്തതു്. ദൈവം ക്രിസ്തുവിൽ നമുക്കു നൽകിയിരിക്കുന്ന അവർണ്ണനീയദാനംമൂലം നമുക്കു് ഇതെല്ലാം സാധിക്കും (2 കൊ. 9:15) അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടെ (റോ. 9:5).

റിവ. തര്യൻ പൈനങ്കൽ ഫാ. തുരുത്തുമാലിൽ

## NOTES

1 The texts are Ga 2, 10; 1 Cr 16,1—3; 2Cr 8&9; Ro 15, 25—28 (Ca Ac 19, 21). As we have to deal with it in the history of collection we shall not take them up for the moment.

2 Bertram, TDNT, ix, 232—3.

3 For the prehistory of the collection see Pruemm. K., Diakonia Pneumatos, I, Roma, 1967, 503f.

4 Michel, TDNT, IV, 682

5 Cf. Conzelmann H., Der erste Brief an die Korinther, 1969, 352f.

6 In all probability there was a considerable period of time between the writing of these two chapters during which some circumstances of the collection plans have changed. This would explain a few repetitions found there: 9, 1f=8, 1f; 9,3—5=8, 16f; 9, 6f=8, 12—15; 9, 9,8–11=8, 14; 9, 8=8,7;

7 According to the Acts there is a collection at Antioch., But it is not the great collection of Paul. Paul and Barnabas bring it to Jerusalem (Ac 11, 29—30; 12,25). For a discussion on it see Haenchen, E., Acts of the Apostles, 1971, p.375–9.

www.malankaralibrary.com

8 For the difficulties and discussions over the interpretation of Ac 24,17 and 18,22 Cf Haenchen, o. c, p. 655; 544.

9 Cf Robertson & Plummer, 1 Corinthians, (ICC), 1971 p. 384 f.

10 For a theology of collection cf Pruemm, K., o. c. II, p. 17–68.

11 The epithet is found nowhere else in the Bible

12 Cf. Roberts R, 'The beatitude of giving and receiving' *in Exp Tim* 48 (1936-37) 438–41; Holzmeister, U. 'Beatum est dare non accipere VD 27 (1949), 98-101.

13 In the New Testament 'apostoloi' is used to denote those who bring collections, Cf Kittel, TDNT, IV, 283

14 Similarly Paul doesn't command Philemon to receive the slave Onesimus, but appeals to him for love's sake (Phm 8—9),

15 It is remarkable that Paul does not appeal for praying in order to alleviate their poverty and suffering, but for concrete expressions for their love and faith.

16 Robertson & Plummer, o. c. p. 382

17 Ibidem

18 Cf. Nickle, K. F. The Collection, London 1966, p. 111–129; Ambrosiano A., 'La Colletta Paolina', in una recente interpretazione', in Ana Bib, 17-18 (1963), p. 591–600.

19 Cf. Zerwick M., Analysis philologica Novi Testamenti Graeci, Rome, 1960, p. 404.

20 Cf. Georgi D., Die Geschichte der Kollekte der Paulus for Jerusalem, in The For, 38, 1965, p. 58 f.

21 Kittel, in TDNT, IV 283

22 Conzelmann, TDNT, IX, 393-396

23 Cf. Hauck, TDNT, III, 804 f.

www.malankaralibrary.com

24 Thuruthumaly J., 'Eulogein' in St. Paul (Dissertation), Rome, 1973, p. 231

25 It occurs 9 times in the NT of which 7 times in Paul including Hebrews. It can signify 'community' work, 'service' or 'cultfunctions'.

26 Windisch, H. Der Zweite Korintherbrief, p. 281

27 Cf, Plummer, II Corinthians (ICC), Edinburgh 1970, p. 265

28 Its nuances may be indicated by 'inclination', 'readiness', 'wish' 'resoluteness and 'zeal'.

29 Rengstorf, TDNT, VI 699–700

30 It means 'simplicity', singleness of heart' or 'generosity' as a result of sufficiency

31 Buck C. H., The Collection for the Saints, Har The Rev. 43, 1950, p. 1–29

32 Plummer, o. c. p. 230

www.malankaralibrary.com

# ധനികരും ദരിദ്രരും യാക്കോബിന്റെ ലേഖനത്തിൽ

ബൈബിൾ പണ്ഡിതന്മാർ, ദൈവശാസ്ത്രജ്ഞന്മാർ, പ്രാസംഗികർ എന്നിവർ സാധാരണ അവഗണിക്കുന്ന, വല്ലപ്പോഴും മാത്രം പരാമർശിക്കുന്ന ഒന്നാണ് യാക്കോബിന്റെ ലേഖനം. പുതിയ നിയമത്തിലെ പൗലോസിന്റെ ലേഖനങ്ങൾക്കു ശേഷമുള്ള ഇതിന്റെ സ്ഥാനവും, ഹ്രസ്വതയുമാകണം ഇതിന് നിദാനം. പൗലോസിന്റെയും യോഹന്നാന്റെയും ലേഖനങ്ങളെ അപേക്ഷിച്ച് "തീരെ വില കുറഞ്ഞതാണിത്" എന്ന പ്രൊട്ടസ്റ്റന്റു ആശയഗതിയുമാകാം. ക്രിസ്തുവിന്റെ പീഡാനുഭവം, ഉത്ഥാനം, യേശുവിന്റെ അത്രുചീത്തുടങ്ങിയ അടിസ്ഥാനപരമായ ക്രൈസ്തവതത്വങ്ങൾ ഈ ലേഖനത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ ക്രൈസ്തവ പ്രാധാന്യം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടിരുന്നു.

ഈ ലേഖനം സ്വീകരിക്കുന്നതിൽ ആദിമ സഭയ്ക്കും പ്രശ്നങ്ങളെ നേരിടേണ്ടി വന്നു. മുറാറേറാറിയൻ കാനൻ ഇതിനെപ്പററി പരാമർശിക്കുന്നേയില്ല. ദ്വിതീയ ശതക ഗ്രന്ഥകാരന്മാരായ തെർത്തുല്യൻ, സിപ്രിയൻ, ഇരനേവൂസ്, ഹിപ്പോളിററസ് എന്നിവരാരും ഇതിൽനിന്നു യാതൊന്നും ഉദ്ധരിച്ചിട്ടില്ല. നീണ്ട വിവാദത്തിനു ശേഷമാണ് ഇതു കാനനിൽ ഉൾപ്പെടുത്തിയതുതന്നെ. നാലാം നൂററാണ്ടിന്റെ അവസാനത്തോടെ മാത്രമേ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടുള്ളൂ.

## യാക്കോബ്, ക്രിസ്തുവിന്റെ പഠനത്തോട് കൂടുതൽ അടുത്ത്

യാക്കോബിന്റെ ലേഖനം അവിരാമമായ ഒരു കത്തല്ല. പരിചിന്തനം ആവശ്യപ്പെടുന്ന ഉപദേശരൂപേണയുള്ള കുറെ ആശയങ്ങളാണ് ഉള്ളടക്കം. ഈ ആശയങ്ങളെ അവതരിപ്പിക്കുകയും, ഉപേക്ഷിക്കുകയും വീണ്ടും അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ചില സുപ്രധാന വാക്കുകളാൽ പരസ്പര

www.malankaralibrary.com

ബന്ധിതങ്ങളാണ് വിവിധ ഭാഗങ്ങൾ. ജപാലയങ്ങളിലെ പ്രസംഗശൈലിയോട് കൂടുതൽ സാമ്യമുണ്ട് അവതരണ രീതിക്ക്. ചില പ്രതിപാദനങ്ങൾ സമാന്തര സുവിശേഷങ്ങളിലെ പ്രതിപാദനരീതിയോട് സാദൃശ്യമുള്ളതാണ്. പൊതുവായ ധാർമ്മികമുന്നറിയിപ്പുകളും, ഉപദേശങ്ങളും, പ്രോത്സാഹനവും പകരുന്ന പരമ്പരാഗതമായ സാഹിത്യശൈലി (parenesis) എന്നിഷയാണ് ഗ്രന്ഥകാരൻ അനുകരിച്ചിട്ടുള്ള മാതൃകയെന്ന പറയാം.

സമാന്തര സുവിശേഷങ്ങളിൽ കാണുന്ന ചില ആശയങ്ങൾ യാക്കോബിന്റെ ലേഖനത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്. "സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുമെന്നുള്ള ശുഭപ്രത്യാശയിൽ വേദനകളിൽ സന്തോഷിക്കുക" (cf. 1: 2, 12 = Mt. 5:11f) 'ദൈവരാജ്യം അവകാശപ്പെടുത്തുന്ന ദരിദ്രർ' (cf. 2:5 = Mt 5:3), 'കരുണ കാണിക്കുന്നവർക്കു ലഭിക്കുന്ന കാരുണ്യം' (cf 2:13 = Mt 5:7) എന്നിങ്ങനെയുള്ള ആശയങ്ങൾ രണ്ടിലും കാണാം. എങ്കിലും സമാന്തര സുവിശേഷങ്ങളിൽ നിന്ന് അതേപടിയുള്ള ഉദ്ധരണികൾ ഒന്നുമില്ല. സമാന്തര സുവിശേഷപാരമ്പര്യത്തിന്റെ സ്വാധീനം ഇതിൽ പ്രകടമാണ്. അതിനാൽ യേശുവിന്റെ പ്രബോധനത്തോട് വളരെ അടുത്തു വരുന്ന ഒരു പാരമ്പര്യത്തിന്റെ പ്രതിധ്വനികളാണ് യാക്കോബ് അനുവാചകന് നല്കുന്നത്.

## യാക്കോബ്, കർത്താവിന്റെ സഹോദരൻ

ലേഖനകർത്താവായ യാക്കോബിന്റെ വ്യക്തിത്വം ഒരു വിവാദവിഷയമാണ്. യാക്കോബ് നാമധാരികളായ ഏഴു പേരുണ്ട് പുതിയനിയമത്തിൽ. യോഹന്നാന്റെ സഹോദരൻ, ശ്ലീഹ, ഇടിനാദത്തിന്റെ പുത്രൻ (മാർക്കോ. 3:17) ; അൽഫേയുടെ മകൻ, ഒരു ശ്ലീഹ (മാർക്കോ 3:18); ജോസേയുടെ സഹോദരനും, ക്രൂശിൻ കീഴിൽ സന്നിഹിതയായിരുന്ന മറിയത്തിന്റെ മകനുമായ ചെറിയ യാക്കോബ്; ഒരു ശ്ലീഹയായ യൂദാ തദ്ദേവൂസിന്റെ പിതാവ് അല്ലെങ്കിൽ സഹോദരൻ (ലൂക്കാ 6:16, മാർക്കോ 3:18); യൂദായുടെ ലേഖനത്തിന്റെ കർത്താവായ യൂദായുടെ സഹോദരൻ (യൂദാ 1); യാക്കോബിന്റെ ലേഖനത്തിന്റെ രചയിതാവ് (യാക്കോ 1:1); കർത്താവിന്റെ സഹോദരനും (ഗലാ 1: 19), ബന്ധുവും, ജറുസലേമിലെ ആദിമസഭയുടെ തലവനുമായ (നട 15: 13, 19) യാക്കോബ്.

www.malankaralibrary.com

ഈ ഏഴുപേർ വ്യത്യസ്ത വ്യക്തികളാകാൻ തരമില്ല. എന്നാൽ പണ്ഡിതന്മാർക്ക് അവരെ പൂർണ്ണമായി വിവേചിച്ചറിയാനും സാദ്ധ്യമല്ല. വ്യക്തമായ തെളിവുകൾ സഹിതം സുവിശേഷങ്ങളിലും പൗലോസിൻെറ ലേഖനത്തിലും (ഗലാ. 1:19) അദ്ദേഹത്തെ യേശുവിൻെറ സഹോദരൻ എന്നു വിളിച്ചിരിക്കുന്നു. ജറുസലേം സഭയുടെ തലവനായ അദ്ദേഹമാണ് (നട 15: 13–29) എ. ഡി. അമ്പതാമാണ്ടിലെ ശ്ലീഹന്മാരുടെ കൗൺസിലിൽ അദ്ധ്യക്ഷപദം അലങ്കരിച്ചത്. ഉത്ഥിതനായ ക്രിസ്തു അദ്ദേഹത്തിന് പ്രത്യക്ഷനായി (1 കൊറി 15:7); പെന്തക്കോസ്താ ദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു (നട 1:14, 2:1–3); ശെമയോൻ പത്രോസും (നട 12.17, ഗലാ 2. 11–12), പൗലോസും (നട 21:18, ഗലാ 1. 18–19) ഒരു അധികാരിയായി അദ്ദേഹത്തെ ആദരിച്ചിരുന്നു. യാക്കോബിൻെറ മരണം വരെയും (62 A. D.) അദ്ദേഹം ജറുസലേം സഭയുടെ നായകനായിരുന്നുവെന്ന് ചരിത്രകാരനായ ജൊസഫസ് (Antiquities 20: 9a) സാക്ഷ്യപ്പെടുത്തുന്നു. നീതിമാനായ യാക്കോബിൻെറ അതുല്യമായ വ്യക്തിത്വത്തിലേക്ക് വിരൽചൂണ്ടുന്ന പാരമ്പര്യങ്ങളുണ്ട് (Eusebius Hist Eccl 2:23). യാക്കോബിൻെറ ലേഖന കർത്തൃത്വം അടിസ്ഥാനരഹിതമല്ല. അതു മാററി നിറുത്തിയാലും, കർത്താവിൻെറ സഹോദരനായ യാക്കോബ്, പുതിയനിയമത്തിലെ ഒരു വ്യക്തി പ്രഭാവനും, തൻെറ വിശ്വസ്തതയും, ആത്മധൈര്യവും മുഖേന സഭാചരിത്രത്തെ സാരമായി സ്വാധീനിച്ച ഒരു മാന്യദേഹവുമാണ്.

## ചരിത്രപശ്ചാത്തലം

സമൂഹത്തിൽ സാമുദായികഭിന്നതകൾ നിലനിന്നിരുന്ന ഒരു കാലത്താണ് ഇത് വിരചിതമായതെന്ന് ന്യായമായും കരുതാം. എല്ലായിടത്തും പക്ഷപാതപരമായ പരിചരണം പ്രതീക്ഷിച്ചിരുന്ന ധനികർ അന്ന് ധാരാളമുണ്ടായിരുന്നു. മതാധികാരികൾപോലും ഈ പ്രവണതയ്ക്ക് വഴിപ്പെട്ടു പോയിരുന്നു. ''സഹോദരരേ, പ്രതാപവാനായ കർത്താവിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്. നിങ്ങളുടെ സഭയിൽ രണ്ടു പേർ വരുന്നെന്നു സങ്കല്പിക്കുക. ഒരാൾ മോടിയായി വസ്ത്രം ധരിച്ചവനും സ്വർണ്ണമോതിരം അണിഞ്ഞവനും, അപരൻ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ദരിദ്രനും. നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചിരിക്കുന്നവനെ നോക്കി 'ഇവിടെ സുഖമായി ഇരുന്നാലും' എന്നും, ദരിദ്രനോട്, 'നീ ഇ-

www.malankaralibrary.com

വിടെ നിൽക്കുക' അല്ലെങ്കിൽ 'എന്റെ പാദപീഠത്തിനരികെ ഇരിക്കുക' എന്നും പറയുന്ന പക്ഷം, നിങ്ങളുടെ ഇടയിൽത്തന്നെ വിവേചനം സൃഷ്ടിച്ച്, നിങ്ങൾ ദുഷ്ടന്യായാധിപന്മാരാകുകയല്ലേ ചെയ്യുന്നതു്'' (cf 2:1–4). റോമൻ സാമ്രാജ്യത്തിൽ, സെനററംഗങ്ങൾ അഥവാ റോമൻ പ്രഭുക്കന്മാർ ഒരു സ്വർണ്ണമോതിരവും, റോമിലെ രാഷ്ട്രീയപ്രവർത്തകർ വെളുത്തു മനോഹരമായ ടോഗ (Toga) പോലുള്ള ഒരു വസ്ത്രവും ധരിക്കുക പതിവായിരുന്നു. പ്രസ്തുത രാഷ്ട്രീയപ്രവർത്തകർ ക്രൈസ്തവ സഭാധികാരികളെ സമീപിച്ച് സമൂഹത്തിൽ പിൻബലം തേടാറുണ്ടായിരുന്നു. അന്നു് സഭകൾക്കു് രാഷ്ട്രീയക്കാരിൽ നിന്നും സംരക്ഷണം ആവശ്യമായിരുന്നു. സമൂഹത്തിലെ സാധുക്കളെ അവഗണിക്കുന്നതിൽ കലാശിച്ചു, ഈ സംരംഭങ്ങൾ. സമൂഹത്തിലെ ഐക്യവും, സേവനമനോഭാവവും ശിഥിലീകരിക്കുന്നതിനു് ഇതു കാരണമായി.

മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്തിരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണു് അന്നു് നിലവിലിരുന്നതു്. ''ഇതാ, നിങ്ങളുടെ വയലുകൾ കൊയ്തവരുടെ കൂലി നിങ്ങൾ അന്യായമായി പിടിച്ചുവച്ചല്ലോ. അതു് നിങ്ങൾക്കെതിരായി നിലവിളിക്കുന്നു. അവയുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ ശ്രവണപുടങ്ങളിലെത്തിയിരിക്കുന്നു''. (cf 5: 4) ''നിങ്ങൾ നീതിമാനെ വിധിക്കുകയും, വധിക്കയും ചെയ്തു. അവൻ നിങ്ങളോടെതിർത്തുമില്ല'' (5: 6). പാവപ്പെട്ടവരോടുള്ള ധനികരുടെ സമീപനം അനീതിപരമായിരുന്നു. ഈ അനീതിക്കെതിരെ കേസു് കൊടുത്താൽ, ധനവാൻ തന്റെ പണവും, സമൂഹത്തിലുള്ള സ്വാധീനവും ഉപയോഗിച്ച് നിരപരാധികളായ ജോലിക്കാരെ ശിക്ഷിക്കുക നിത്യസംഭവമായിരുന്നു. ശമ്പളം നിരസിക്കുന്നതു് ഒരു വിധത്തിലുള്ള വധം തന്നെയായിരുന്നു. ഇപ്രകാരം അനീതി കൊടികുത്തിവാണിരുന്ന ഒരു ചരിത്രപശ്ചാത്തലത്തിലായിരുന്നു, ഈ ലേഖനം എഴുതപ്പെട്ടതു്. ക്രിസ്തുവിന്റെ പഠനങ്ങൾ വ്യക്തമായി ഗ്രഹിച്ചിരുന്ന യാക്കോബു്, സാമൂഹ്യതരംതിരിവുകളും, അസമത്വങ്ങളും നിലവിലിരുന്ന ഒരു പുതിയ പശ്ചാത്തലത്തിൽ, അവ പുനരവതരിപ്പിക്കുകയാണു് ചെയ്യുന്നതു്.

## സമൂഹത്തിലെ തരംതിരിവുകൾ ഒഴിവാക്കുക.

ധനവാന്മാർക്ക് പ്രത്യേക പരിചരണങ്ങൾ നല്കുകവഴി സഭയിൽ എപ്രകാരം പാവപ്പെട്ടവർ അവഗണിക്കപ്പെട്ടവാൻ

www.malankaralibrary.com

ഇടയായി എന്നു നാം കണ്ടുകഴിഞ്ഞു. 2: 1—13 വരെയുള്ള വാക്യങ്ങളിൽ ലേഖകൻ ഈ സ്ഥിതിവിശേഷത്തെ ശപിക്കുകയും, പക്ഷപാതവും, തെറ്റായ തരംതിരിവുകളും ഒഴിവാക്കണമെന്നു് ക്രൈസ്തവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

കർത്താവിലുള്ള വിശ്വാസവും, വ്യക്തിപൂജയും ഒരുമിച്ചു പോവുകയില്ല (2: 1). ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം, വിശ്വാസിയെ ഇത്തരം തരംതിരിവുകൾക്കു് അതീതനാക്കുന്നു. ''ഈശോമിശിഹായിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളായിരിക്കുന്നു. മിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും മിശിഹായെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ, വിജാതീയനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ, പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസം കൂടാതെ നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നത്രെ (3: 26—28). ഈ വിശ്വാസമാണു് ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ മാനദണ്ഡം. തന്റെ ജീവിതത്തിനു് ഇതര ലൗകിക മാനദണ്ഡങ്ങൾ സ്വീകരിക്കാൻ ക്രൈസ്തവനു് പാടില്ല. തരംതിരിവുകൾ സഭയിലെ ഐക്യവും, സേവനസന്നദ്ധതയും കുറയാനും വഴിതെളിക്കും. ഇത്തരം പക്ഷപാതപരമായ പ്രവണതകളെ പഴയനിയമത്തിൽ തന്നെ ശപിച്ചു തള്ളിയിട്ടുണ്ടു്. ''നിങ്ങളുടെ വിധിയിൽ നിങ്ങൾ പക്ഷപാതം കാണിക്കരുതു്; വലിയവനെയും, ചെറിയവനെയും ഒരുപോലെ ശ്രവിക്കണം'' (ആവ 1: 17; cf ലേവ്യ 19: 15—18; ആമോ 5: 11—15). അങ്ങനെയെങ്കിൽ ഐക്യം മുഖമുദ്രയായുള്ള ക്രൈസ്തവസമൂഹത്തിൽ എത്രയോ കൂടുതലായി തരംതിരിവുകളെ നിർമ്മാർജ്ജനം ചെയ്യണം?

## പാവങ്ങൾ; ദൈവത്തിന്റെ സവിശേഷ ശ്രദ്ധയുടെ വിഷയം

ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയ്ക്കും, രക്ഷകന്റെ അനുഗ്രഹങ്ങൾക്കും പാവപ്പെട്ടവർ പാത്രീഭൂതരാകും എന്നതു് പഴയനിയമത്തിലും, പുതിയനിയമത്തിലും പ്രകടമായിക്കാണുന്ന ഒരു ആശയമത്രെ. ''പ്രിയപ്പെട്ട സഹോദരന്മാരേ, ശ്രദ്ധിക്കുവിൻ. വിശ്വാസത്തിൽ ധനികരാകാനും, തന്നെ സ്നേഹിക്കുന്നവർക്കു് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള രാജ്യത്തിന്റെ അവകാശികളാകാനും ലോകത്തിൽ ദരിദ്രരായവരെ ദൈവം തെരഞ്ഞെടുത്തില്ലയോ?'' ''ശക്തന്മാരിൽനിന്നു് ബലഹീ

www.malankaralibrary.com

നരേയും, ചൂഷകരിൽ നിന്നു് ബലഹീനരേയും, ദരിദ്രരേയും രക്ഷിക്കുന്ന'' (സങ്കീ 35: 10) വനായാണു് ദൈവത്തെ പഴയ നിയമം ചിത്രീകരിക്കുന്നതു്. രക്ഷകൻ സദ്വാർത്ത കൊണ്ടു വരുന്നതു് ദരിദ്രർക്കത്രെ (cf ഇസ 61: 1). ക്രിസ്തുവിൻെറ സന്ദേശവും പാവപ്പെട്ടവർക്കുള്ള സുവിശേഷമായിരുന്നു. (മത്താ 11: 3–6; 5–3; ലൂക്ക 4. 18–21) പാവപ്പെട്ടവർ, ധനികന്മാർ എന്നീ തരംതിരിവുകൾ സൃഷ്ടിക്കുന്ന സഭാധികാരികളുടെ പ്രവൃത്തി ദൈവത്തിൻേറയും, ക്രിസ്തുവിൻേറയും പെരുമാററ രീതികളോടു് എത്രമാത്രം എതിരാണെന്നും, അതിനാൽ അക്രൈസ്തവമാണെന്നും ഉറപ്പിച്ചു പറയുകയാണു് യാക്കോബു്.

## ധനവാന്മാർ, ക്രിസ്തുമതത്തിൻെറ മർദ്ദകർ

രണാധികാരികൾ, ധനവാന്മാർ എന്നിവർക്കു് പ്രത്യേകപരിഗണനകൾ നല്കാൻ ആദിമക്രൈസ്തവരെ പ്രേരിപ്പിച്ചതു് അംതുമായുള്ള ബന്ധം വഴി സഭയിൽ ഉളവായിരുന്ന നേട്ടങ്ങളാകണം. എന്നാൽ പ്രസ്തുത ബന്ധം ആത്യന്തികമായി ക്രൈസ്തവരെ ഒരിക്കലും സഹായിക്കില്ലെന്നു് ലേഖകൻ വ്യക്തമാക്കുന്നു. കാരണം അവർ സഭയുടെ പീഡകരായി മാറും. ''വാസ്തവത്തിൽ ധനവാന്മാരല്ലേ നിങ്ങളെ പീഡിപ്പിക്കുന്നതു്? അവരല്ലേ നിങ്ങൾ വഹിക്കുന്ന മഹനീയ നാമത്തെ ദുഷിക്കുന്നതു്?'' (2: 6–7). ക്രൈസ്തവരും, പ്രഭുക്കന്മാരും തമ്മിലുള്ള ധാരണ ഇരുകൂട്ടർക്കും പ്രയോജനകരമായിരുന്നു. പുതിയനിയമവും, ബൈബിളിനു പുറമെയുള്ള ചരിത്ര രേഖകളും അനുസരിച്ചു്, മനോഹരമായ ഉടുപ്പു് അർത്ഥമാക്കുന്നതു് വെളുത്ത ടോഗ (toga) ആണു്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഓഫീസിലേക്കുള്ള സ്ഥാനാർത്ഥികളായ രാഷ്ട്രീയ പ്രവർത്തകരാണു് ഇത്തരം ഉടുപ്പുകൾ സാധാരണയായി ധരിച്ചിരുന്നതു്. വിവിധ സംഘടനകളിലെ അംഗങ്ങളോടു് ഔദാര്യം കാണിച്ചു് അവരുടെ പിൻബലം സമ്പാദിക്കാൻ യത്നിച്ചിരുന്നു. റോമൻ സാമ്രാജ്യത്തിലെ സ്വാധീനശക്തിയുള്ള ധനികരാണു് ഈ പ്രഭുക്കന്മാർ. മതപരവും, ലൗകികവുമായ സംഘടനകൾ ഒരേസമയം സുശക്തരും ധനികരുമായ സംരക്ഷകരെ തേടുന്നതിൽ ഉത്സുകരായിരുന്നു. ധനവാനെ പ്രീതിപ്പെടുത്താനുള്ള വ്യഗ്രതയിൽ, സഭാസമ്മേളനത്തിലേക്കു് കടന്നു വരുന്ന ഇവർക്കു് ക്രൈസ്തവർ ബഹുമാന്യസ്ഥാനങ്ങൾ നല്കുകയും, പാവപ്പെട്ടവനെ നിറുത്തുകയോ നിലത്തു് ഇരുത്തുകയോ ചെയ്തിരുന്നു.

www.malankaralibrary.com

ധനവാന്മാരുമായുള്ള ഈ കൂട്ടുകെട്ടിന്റെ അടിസ്ഥാനം പരസ്പര മേന്മയാകയാൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ താല്പര്യത്തിനു് ഭംഗം വന്നപ്പോൾ കൂട്ടുകെട്ടു് ശത്രുതയായി പരിണമിക്കുക സാധാരണയാണു്. അതിനാൽ ഈ ബന്ധം സഭക്കു് ദോഷമേ വരുത്തൂ. ധനവാന്മാർ സഭാഭക്തരായിത്തീരുന്നതു് ധനം സൂക്ഷിക്കുന്നതുകൊണ്ടല്ല പ്രത്യുതാ ക്രിസ്തീയാദർശങ്ങൾക്കു് വിരുദ്ധമായി, തെറ്റായ അഭിരുചിയോടുകൂടി അതു് കൈവശം വയ്ക്കുന്നതുകൊണ്ടാണു്.

## രാജകീയ നിയമം

സ്വാധീനം ചെലുത്തുന്ന മനുഷ്യരോടു് പ്രത്യേക മമത പുലർത്തുന്ന മനോഭാവത്തെ നേരിടാൻ പഴയനിയമത്തിൽ നിന്നും സുപരിചിതമായ ഒരു ഭാഗം എട്ടാം വാക്യത്തിൽ ലേഖകൻ ഉദ്ധരിക്കുന്നു. ‘‘നിങ്ങൾ നിങ്ങളെ സ്നേഹിക്കുന്നതുപോലെ തന്നെ അയൽക്കാരനെയും സ്നേഹിക്കണം’’ (ലേവ്യ 19:18). ക്രിസ്തുനാഥൻ മത്താ 22. 39–ലും, പൗലോസ് റോമ 13. 10–ലും, വിവരിക്കുന്ന സ്നേഹത്തിന്റെ പ്രമാണംതന്നെയാണു് യാക്കോബും നിയമങ്ങളുടെ പൂർത്തീകരണമായി അവതരിപ്പിക്കുന്നതു്. റോമൻ ചക്രവർത്തിയെക്കാളും മഹാനായ യഥാർത്ഥ രാജാവായ ക്രിസ്തുനാഥൻ പഠിപ്പിച്ച നിയമം എന്ന നിലയിൽ, സ്നേഹത്തിന്റെ പ്രമാണത്തെ ‘‘രാജകീയ നിയമം’’ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. സ്നേഹത്തിന്റെ സവിശേഷം, അനുവാചകരുടെ ഇടയിലുള്ള വിഭിന്നങ്ങളായ ധാരണകൾക്കു് കടകവിരുദ്ധമായി, സാമൂഹ്യ നിയമങ്ങളേയും പൂർത്തീകരിക്കുന്നു എന്ന ആശയവും ഇതിൽ അന്തർലീനമായിട്ടുണ്ടു്. ദൈവം തെരഞ്ഞെടുത്തവരായ പാവപ്പെട്ടവരെ തരംതിരിക്കുന്നതുവഴി ദൈവത്തിന്റെ പദ്ധതിയെ തകിടം മറിക്കുന്നതിനാൽ, ധനികരോടുള്ള പക്ഷപാതപരമായ നയം സ്നേഹത്തിന്റെ പ്രമാണത്തിന്റെ ഘനമായ ലംഘനമാണു് (2. 9).

## സമ്പൂർണ്ണനിയമത്തെ അനുസരിക്കുക

പത്താം വാക്യത്തിൽ പ്രസ്താവിക്കും വിധം നിയമം പൂർണ്ണമായും അനുസരിക്കണം. കാരണം, നിസ്സാരമായ ഒന്നു് ലംഘിച്ചാലും നിയമം ലംഘിക്കപ്പെടുന്നു. അടിസ്ഥാനപരങ്ങളായ നിയമങ്ങളെ മറികടന്നുപോലും, നിയമത്തിന്റെ ബാഹ്യാനുഷ്ഠാനങ്ങളിൽ കടിച്ചുതൂങ്ങികൊണ്ടുള്ള, യഹൂദരുടെ

www.malankaralibrary.com

രീതിയിൽ നിയമം അനുസരിക്കാനുള്ള ചില പ്രവണതകൾ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നാണ് ഈ പ്രസ്താവന സൂചിപ്പിക്കുക. വ്യഭിചാരവൃത്തിക്കെതിരായുള്ള പ്രമാണം പാലിക്കുന്നതിൽ അവർ ശ്രദ്ധാലുക്കളായിരുന്നു (പുറ 20: 14). എന്നാൽ കൊലപാതകത്തിനെതിരായുള്ള പ്രമാണം വേണ്ടവിധം അനുസരിച്ചില്ല (പുറ 20: 13). ഗിരിപ്രഭാഷണത്തിൽ ക്രിസ്തുനാഥൻ നല്കിയ ഏറ്റവും ആഴമേറിയ അർത്ഥങ്ങളിലാണ് (മത്താ 5. 2 ഇടച്ച്), കൊലപാതകത്തിനെതിരായുള്ള പ്രമാണത്തെ ലേഖകൻ ഇവിടെ മനസ്സിലാക്കുന്നുള്ളൂ. സമൂഹത്തിലെ അംഗങ്ങൾക്കെതിരായുള്ള ക്രോധവും, ക്രൂരമായ വാക്കുകൾപോലും പ്രസ്തുത നിയമത്തിന്റെ ലംഘനമാകുമെന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു. നിയമത്തിനുവേണ്ടി ചെല്പ്പാടുണ്ടാക്കുന്ന പലരും സ്വയം നിയമങ്ങൾ കാക്കുന്നില്ല എന്ന വസ്തുത ഇങ്ങനെ ലേഖകൻ വ്യക്തമാക്കുന്നു.

## സ്വാതന്ത്ര്യത്തിന്റെ നിയമത്താലുള്ള വിധി

'സ്വാതന്ത്ര്യത്തിന്റെ നിയമത്താൽ വിധിക്കപ്പെടാനിരിക്കുന്നവരെപ്പോലെ സംസാരിക്കയും, പ്രവർത്തിക്കയും'' ചെയ്യാൻ ലേഖകൻ ഉപദേശിക്കുന്നു (2:12). എന്തു പറയുമ്പോഴും, എന്തു പ്രവർത്തിക്കുമ്പോഴും ഒരു ക്രൈസ്തവൻ അനുസ്മരിക്കണം അവന്റെ അന്തിമവിധിയുടെ മാനദണ്ഡം ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്തിന്റെ നിയമം സ്നേഹത്തിന്റെ നിയമം ആയിരിക്കും എന്ന്. വിശ്വാസികൾ അഭിമുഖീകരിക്കാനുള്ള ആ വിധി മൂശയുടെ വിധിപ്രകാരമുള്ളതിനേക്കാൾ (2:13) കൂടുതൽ തീക്ഷ്ണവും അതേ സമയം ലഘുവുമായിരിക്കും. അവസാനവിധി ക്രിസ്തുനാഥൻ ചിത്രീകരിക്കുന്ന രംഗം (മത്താ 25:31 ഇടച്ച്) ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ. സഹോദരന്മാരിൽ ഏറ്റവും ചെറിയവരോടുപോലും കരുണ കാണിക്കാത്തവരെ മനുഷ്യപുത്രൻ നിത്യാഗ്നിയിലേക്ക് ശിക്ഷിച്ചു തള്ളും. അതേ സമയം കാരുണ്യം വിധിയെ അതിശയിക്കുന്നു. ആകയാൽ കരുണ പ്രദർശിപ്പിച്ചിട്ടുള്ളവർ വിധിയെ ഭയപ്പെടേണ്ടതില്ല.

## വിശ്വാസം കൂടാതെയുള്ള പ്രവൃത്തി നിർജ്ജീവമാകുന്നു (2:14–26)

തരംതിരിവിനും, പക്ഷപാതത്തിനും എതിരെ താക്കീതു ചെയ്തതിനുശേഷം, വിശ്വാസം പ്രാവർത്തികമാക്കേണ്ടതി

www.malankaralibrary.com

ന്റെ ആവശ്യകത ക്രൈസ്തവരെ ബോദ്ധ്യപ്പെടുത്തുകയാണ് യാക്കോബ്. പ്രവൃത്തിപഥത്തിൽ പ്രകടമാകാത്ത വിശ്വാസം വിശ്വാസമല്ലതന്നെ. 'വിശ്വാസവും', 'പ്രവൃത്തികളും' തമ്മിൽ ലേഖകൻ ദർശിക്കുന്ന വ്യത്യാസം ശ്രദ്ധേയമാണ്. ക്രിസ്തുവിലുള്ള, ദൈവത്തിന്റെ രക്ഷാകരവെളിപാടിന്റെ സ്വീകരണമാണ് "വിശ്വാസ"മെങ്കിൽ, വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവികപദ്ധതി, "പ്രവൃത്തികൾ" ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രാവർത്തികമാക്കുന്നു.

## സ്നേഹത്തിന്റെ പ്രവൃത്തികൾ

"പ്രവൃത്തികൾ" എന്നതുകൊണ്ട് വിവക്ഷിക്കുന്നതു് നൈയാമികാനുഷ്ഠാനങ്ങളല്ല, പ്രത്യുത സ്നേഹത്തിന്റെയും, സേവനത്തിന്റെയും പ്രവൃത്തികളാണെന്ന് പതിനഞ്ചാം വാക്യത്തിലെ ഉദാഹരണം വ്യക്തമാക്കുന്നു. "ഒരു സഹോദരനോ സഹോദരിക്കോ, വസ്ത്രമോ ഭക്ഷണമോ ആവശ്യമായിരിക്കെ, നിങ്ങളിലൊരുവൻ അവനോട്, "സമാധാനത്തിൽ പോയി വിശപ്പടക്കുക; തീ കായുക," എന്നു പറയുകയല്ലാതെ, ശരീരത്തിന് വേണ്ടതൊന്നും കൊടുക്കാതിരിക്കുന്നപക്ഷം, അതുകൊണ്ട് എന്തു പ്രയോജനം?" (2:15–16). ജീവിക്കാൻ അവശ്യം ആവശ്യമായ കാര്യങ്ങൾ കൂടി നിഷേധിക്കപ്പെട്ടിരിക്കുന്നവരോട്, ആദ്ധ്യാത്മികമായ അനുഗ്രഹം ലഭിക്കും എന്ന് ഉറപ്പുകൊടുത്തതുകൊണ്ടോ, അർത്ഥസംപുഷ്ടമായ "സമാധാനത്തിൽ പോവുക" എന്നിത്യാദി വാക്കുകൾ പറഞ്ഞതുകൊണ്ടോ ആയില്ല; അവർക്ക് വസ്ത്രം, ഭക്ഷണം തുടങ്ങിയ ശാരീരികാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കണം. ആദിമസഭയിൽ ദിവ്യകാരുണ്യസ്വീകരണാനന്തരം, "സമാധാനത്തിൽ പോവുക" എന്ന അനുഗ്രഹവചസ്സുകൾ ഡീക്കൻ ഉച്ചരിക്കുന്ന പതിവുണ്ടായിരുന്നു. ഈ ആചാരത്തെ മനസ്സിൽ കണ്ടുകൊണ്ട്, സഭയിൽ പ്രത്യേക ശുശ്രൂഷകളിൽ നിയുക്തരായിരുന്നവരെ ഉദ്ദേശിച്ചാകാം യാക്കോബ് ഇതു് എഴുതിയതു്. യഥാർത്ഥമായ ആരാധന ഏതാനും ആചാരവിധികളുടെ ഉരുവിടൽ മാത്രമല്ല; സ്നേഹത്തിന്റെ പ്രവൃത്തികൾ കൂടിയാണ് എന്ന സത്യം ലേഖകൻ ഉറപ്പിച്ചു പറയുന്നു. 1:27–ൽ നാം വായിക്കുന്നു, "പീഡയനുഭവിക്കുന്ന അനാഥരേയും വിധവകളേയും സഹായിക്കയും, ലോകത്തിൽ കളങ്കമററവരായി ജീവിക്കയും ചെയ്യുകയെന്നതാണ് പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ പരിശുദ്ധവും, നിർമ്മലവുമായ ഭക്തി".

പൗലോസിന്റെ ലേഖനങ്ങളിൽ നിഷ്കർഷിക്കുന്നു, വിശ്വാസം പ്രവൃത്തികളിൽ നിഴലിക്കണം, എന്ന അതേ ക്രൈ

www.malankaralibrary.com

സ്വവസിദ്ധാന്തം തന്നെയാണ് ഇവിടേയും പ്രതിഫലിക്കുന്നതു്. "ഈശോമിശിഹായിൽ വിശ്വസിക്കുന്നപക്ഷം പരിച്ഛേദനം നടത്തുന്നതുകൊണ്ടോ, നടത്താത്തതുകൊണ്ടോ പ്രയോജനമൊന്നുമില്ല; സ്നേഹത്താൽ പ്രാവർത്തികമാക്കപ്പെടുന്ന വിശ്വാസംകൊണ്ടേ കാര്യമുള്ളൂ (ഗലാ 5:6).

## 'അക്രമം ഉപയോഗിക്കരുതു്' (4: 1–12)

സംഘട്ടനങ്ങൾക്കും, കലാപങ്ങൾക്കും വഴിതെളിച്ച, അക്രമവാസനകൾ, ക്രോധം, അസൂയ തുടങ്ങിയ വികാരങ്ങൾ കൈമുതലായുള്ളവർ, ആദിമസഭയിലുണ്ടായിരുന്നുവെന്നാണ് 4: 1–12 സാക്ഷിക്കുന്നതു്. അത്തരം ദുരാശകൾ അവരെ വഴക്കുകളിലും, സമരങ്ങളിലും വ്യാപൃതരാക്കി. തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അക്രമമാർഗ്ഗം സ്വീകരിച്ചതാണ് അത്തരം ദാരുണസംഭവങ്ങൾ ഉണ്ടാകാൻ കാരണം.

അവർ ആഗ്രഹിച്ചതെല്ലാം നേടിയെടുക്കുന്നതിൽ അവരുടെ പരിശ്രമങ്ങൾ വിജയിച്ചില്ലാ എന്ന് രണ്ടാം വാക്യത്തിൽനിന്ന് വ്യക്തമാണ്. കൊലപാതകക്കുറ്റംപോലും അവരിൽ ആരോപിച്ചിരിക്കുന്നു. തീക്ഷ്ണമതികളായവരുടെ വിപ്ലവാത്മകവും, പ്രകോപനപരവുമായ പെരുമാറ്റം ക്രൈസ്തവരെ രക്തസാക്ഷിത്വത്തിനും, മരണത്തിനും വിധേയരാക്കി എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. "നിങ്ങൾ കൊല്ലുകയും, അസൂയപ്പെടുകയും ചെയ്യുന്നു (4:2). പ്രകോപനപരവും, അക്രമാസക്തവുമായ സ്വയം–പ്രഖ്യാപനങ്ങൾ അവരുടെ ഭാഗത്തുനിന്നും ഉണ്ടായി എന്നു വേണം ധരിക്കാൻ. ഇതിനെതിരെ അധികാരികൾ അടിച്ചമർത്തലുകളും, മർദ്ദനങ്ങളും, അഴിച്ചുവിട്ടതിൽനിന്നും, അവരുടെ ഈ പെരുമാറ്റം അവരുടെ ക്രിസ്തീയസഹോദരങ്ങളെ മരണത്തിലേക്ക് വലിച്ചിഴച്ചുവെന്ന് വ്യാഖ്യാനിക്കപ്പെട്ടു എന്നാണ് മനസ്സിലാക്കാനാവുക. അതുകൊണ്ട് ഗ്രന്ഥകാരൻ അക്രമാസക്തവും, പ്രകോപനപരവുമായ പ്രവൃത്തികളിൽനിന്ന് മാറി നില്ക്കാൻ അവരെ ഉദ്ബോധിപ്പിക്കുന്നു.

## നീതിരഹിതരായ ധനവാന്മാർക്കെതിരായുള്ള വിധി (5: 1—6)

അനീതി പുലർത്തുന്ന ധനവാന്മാരെ രൂക്ഷമായി ശപിക്കുകയാണ് യാക്കോബ് ഇവിടെ. ഇതു് പഴയ നിയമത്തി

www.malankaralibrary.com

ലെ പ്രവാചകന്മാരെ അനുസ്മരിപ്പിക്കുന്നു (cf. ആമോ 8: 4–8). പ്രത്യക്ഷത്തിൽ ധനവാന്മാരെ മാത്രമേ ഉദ്ദേശിക്കുന്നുള്ളുവെങ്കിലും, യഥാർത്ഥത്തിൽ സമ്പത്ത് ദുരുപയോഗിക്കുന്ന എല്ലാ വിശ്വാസികളേയും മുൻനിർത്തിയുള്ള ഒരു താക്കീതാണിത്. ധനികരാൽ മർദ്ദിക്കപ്പെടുന്നവർക്കുള്ള ആശ്വാസവചനമായും ഇതിനെ വീക്ഷിക്കാം.

നീതിയില്ലാത്ത ന്യായാധിപന്മാർക്ക്, നിരവധി ദുഃഖകാരണങ്ങൾ അവരെ കാത്തിരിക്കുന്ന (4:1)തിനാൽ, ആത്മസംതൃപ്തിയേക്കാൾ, വിലാപത്തിനാണ് കാരണമുള്ളത്. പ്രസ്തുത ദൗർഭാഗ്യകരങ്ങളായ സംഭവങ്ങൾ ഇപ്പോൾ തന്നെ ആരംഭിച്ചു കഴിഞ്ഞു എന്നു ദ്യോതിപ്പിക്കാൻ, ലേഖകൻ ഈ സങ്കടങ്ങളെയെല്ലാം perfect tense–ലാണ് അവതരിപ്പിക്കുന്നത്. പ്രവാചകന്മാരുടെ മാത്രം പ്രത്യേകമായ ഒരു പ്രബോധന ശൈലിയാണിത്. സമ്പത്തിൻെറ നിസ്സാരതയും ഇത് സൂചിപ്പിക്കുന്നു. സമ്പത്തിൻെറ ഫലശൂന്യത (4:2–3), അനീതിക്ക് തത്തുല്യമായ വിധി (4:4–6) എന്നീ നിലകളിലാണ് അവരുടെ കഷ്ടപ്പാടുകളെ വർണ്ണിച്ചിരിക്കുന്നത്.

## സമ്പത്തിൻെറ നിസ്സാരത (5: 2–3)

"നിങ്ങളുടെ ധനം ദ്രവിച്ചുപോയിരിക്കുന്നു. നിങ്ങളുടെ വസ്ത്രം പുഴുവരിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായി സാക്ഷ്യം വഹിക്കും. അത് തീപോലെ നിങ്ങളുടെ ശരീരത്തെ ദഹിപ്പിക്കും. അന്ത്യകാലത്തേക്ക് നിങ്ങൾ കോപാഗ്നി സൂക്ഷിച്ചുവച്ചുയാണ്". മോടി പിടിച്ച വസ്ത്രങ്ങൾ, സ്വർണ്ണം, ശരീരലേപനത്തിനുള്ള എണ്ണ എന്നിവയാണ് മൂന്ന് ആഡംബരവസ്തുക്കളായി പ്രാചീനകാലം മുതൽ കരുതിയിരുന്നത് (cf വെളി 3:18; മത്താ 6:19; നട 20:33). സ്വാഭാവികമായി നാശം സംഭവിക്കാത്ത സ്വർണ്ണവും, വെള്ളിയും, നശിച്ചിരിക്കുന്നു എന്ന പ്രസ്താവന സമ്പത്തിൻെറ അടിസ്ഥാനപരമായ ഫലശൂന്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അവയുടെ നാശം അവ സംവഹിക്കുന്നവർക്കെതിരായുള്ള സാക്ഷ്യമായിരിക്കും. സമ്പത്തിൻെറ നാശം, അതിനെ ജീവിതത്തിലെ പരമാന്ത്യമായി പ്രതിഷ്ഠിച്ചിരിക്കുന്നവർക്കെതിരെയുള്ള സുശക്തമായ ഒരു ആരോപണം കൂടിയാണ്. സമ്പത്തു ശേഖരിക്കുന്നത് അവസാന നാളിലേക്ക് അഗ്നിസംഭരിക്കുന്നതിന് സമമത്രെ. കോപത്തിൻെറ വിധിയെ പ്രതി

www.malankaralibrary.com

നിധികരിക്കുകയാണ് അഗ്നി. അനീതിപരമായി ഈ ജീവിതത്തിൽ സമ്പത്ത് സംഭരിക്കുന്നത് അത് സംഭരിക്കുന്ന വ്യക്തിയുടെ അന്തിമനാശത്തിൽ കലാശിക്കും.

## നീതിയില്ലാത്ത മുതലാളിമാർ (5: 4–6)

മുതലാളിമാരെന്ന നിലയിൽ പ്രഭുക്കന്മാരെന്ന നിലയിൽ പ്രത്യേകിച്ചും, ധനവാന്മാർ ശമ്പളം കൊടുക്കുന്നതിൽ തൊഴിലാളികളെ വഞ്ചിക്കുന്നു. ''ഇതാ, നിങ്ങളുടെ വയലുകൾ കൊയ്തവരുടെ കൂലി നിങ്ങൾ അന്യായമായി പിടിച്ചു വച്ചല്ലോ. അത് നിങ്ങൾക്കെതിരായി നിലവിളിക്കുന്നു. അവരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ ശ്രവണപുടങ്ങളിലെത്തിയിരിക്കുന്നു'' (4:4). ശമ്പളം ''നിലവിളിക്കുന്നു'' വെന്നും (ഉൽപ 4:10–ൽ ആബേലിന്റെ രക്തം നിലവിളിച്ചതുപോലെ), ആ ''നിലവിളികൾ'' ദൈവത്തിന്റെ കാതുകളിൽ എത്തുമെന്നും. യാക്കോബ് പ്രത്യേകം പ്രസ്താവിക്കുന്നു (cf 1 ഹേനോ 47:1). മർദ്ദിതരായ തൊഴിലാളികൾ ദൈവത്തിൽ അഭയം തേടണം. വിധിക്കപ്പെട്ട പാപികളെപ്പോലെ ദൈവതിരുമുമ്പിൽ നില്ക്കുന്ന അവരുടെ അവകാശങ്ങൾ, മുതലാളിമാർക്കെതിരെ, ദൈവം സാധിച്ചുകൊടുക്കും. ആവർത്തനപുസ്തകം 24:15–ൽ ഇക്കാര്യം തറപ്പിച്ചു പറയുന്നുണ്ട്. ''സൂര്യാസ്തമനത്തിനു മുമ്പുതന്നെ അവന്റെ ഓഹരി, അവൻ അത് സമ്പാദിക്കുന്ന ദിവസം തന്നെ നീ കൊടുക്കുക. കാരണം, പാവപ്പെട്ടവനായ അവൻ അത് പ്രതീക്ഷിച്ചിരിക്കുകയാണ്. അല്ലാത്ത പക്ഷം, അവൻ കർത്താവിനോട് നിലവിളിക്കുകയും അത് നിന്നിൽ പാപമായിത്തീരുകയും ചെയ്യും. ''പഴയനിയമത്തിൽ പ്രത്യേകിച്ചും, അതിൽ തന്നെ കൂടുതലായി പ്രവാചകരിലും കാണുന്ന ''സാബത്തിന്റെ കർത്താവ്'' എന്നാണ് ദൈവത്തെ ഇവിടെ വിളിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം ''സൈന്യങ്ങളുടെ കർത്താവ്'' അതായത് സ്വർഗ്ഗീയ സൈന്യങ്ങളുടെ കർത്താവ് എന്നാണ്. അഞ്ചാം വാക്യപ്രകാരം ധനികരുടെ ആഡംബരവും അത്യാർത്തിയും നാശത്തിന്റെ ദിവസത്തേക്കായി അവരുടെ ഹൃദയത്തിന്റെ തൂക്കം വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളു. സുഖജീവിതം വഴി തടിച്ചുകൊഴുക്കുന്ന ഹൃദയത്തിന്റെ ചിത്രീകരണത്തിന് അടിസ്ഥാനം ശരീരശാസ്ത്രത്തിന്റെ നിഗമനങ്ങളല്ല; വിശുദ്ധ ഗ്രന്ഥത്തിന്റെ ഹൃദയത്തെക്കുറിച്ചുള്ള പ്രത്യേകചിന്താഗതിയാണ്. മനസ്സിന്റെ അതായത് ജഡികാസക്തിയുടേയും ദുരാശകളുടേയും ഇരിപ്പിടമാ

www.malankaralibrary.com

യായാണ് വി. ഗ്രന്ഥം ഹൃദയത്തെ വീക്ഷിക്കുന്നത്. ഇത്തരത്തിൽ തങ്ങളുടെ ഹൃദയത്തെ തടിച്ചു കൊഴുപ്പിക്കുന്നതു വഴി, നാശത്തിന്റെ ദിനത്തിൽ നീതിയില്ലാത്ത ധനവാന്മാർ നശീകരണ ശക്തികളുടെ ഇരയായിത്തീരും.

ആറാം വാക്യം സൂചിപ്പിക്കുന്നതുപോലെ ധനികർ പാവങ്ങളെ ചൂഷണം ചെയ്യുന്നത് കൂലിയിലുള്ള വഞ്ചനയിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. നിരപരാധിയെ അഥവാ നീതിമാനെ അവർ വിചാരണയ്ക്കായി കോടതിയിൽ ഹാജരാക്കുകയും, വിധിക്കുകയും തദ്വാരാ അവരെ നൈയാമിക കൊലപാതകത്തിന് വിധേയരാക്കുകയും ചെയ്തു. പക്ഷേ, നീതിമാൻ അവർക്കെതിരെ പ്രതിഷേധിക്കുന്നില്ല. നിരീശ്വരരായ ധനവാന്മാർ നീതിമാന്മാർക്കെതിരെ പുലമ്പുന്ന വാക്കുകളെ ശക്തിയായി എതിർത്തുകൊണ്ടാണ് യാക്കോബ് ഈ ഭാഗം ഉപസംഹരിക്കുന്നത്. സോളമൻ 2:12 ഇവിടെ സ്മരണീയമാണ്, ''അവൻ നമ്മെ ഉപദ്രവിക്കുകയും, പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.'' പൂർണ്ണമായും പാവപ്പെട്ടവരുടെ ഭാഗം ചേരുകയും, ധനികരുടെ നേർക്ക് പൊതുവായ അതൃപ്തി പ്രകടിപ്പിക്കുകയുമാണ് ഗ്രന്ഥകാരൻ. ധനവാന്മാർക്കെതിരായുള്ള ഭീഷണികൾ സമൂഹത്തെ മുഴുവനും നേരിട്ട് ബാധിക്കുന്നവയാണ്. കാരണം, ലേഖകൻ സംസാരിക്കുന്നത് മദ്ധ്യമപുരുഷൻ ബഹുവചനത്തിലാണ്. ഈ വാക്കുകൾ സമൂഹത്തിലെ ശക്തന്മാരേയും ധനികരേയും കാര്യമായി സ്വാധീനിച്ചിരിക്കാൻ ഇടയില്ല. ഈ ലോകത്തിലെ ധനവാന്മാരെ അനുകരിക്കാതെ, ക്രിസ്തുവിൽ ദരിദ്രരായവരുടേതായ വെല്ലുവിളി സമൂഹത്തിൽ അവതരിപ്പിക്കാൻ കടപ്പെട്ടവരായ ക്രിസ്ത്യാനികളായിരുന്നു വാസ്തവത്തിൽ ശ്രോതാക്കളെല്ലാം.

## ദാരിദ്ര്യത്തിന്റെ മതപരമായ പ്രാധാന്യം

''വിനീത സഹോദരൻ തന്റെ ഔന്നിത്യത്തിൽ അഭിമാനിക്കട്ടെ. ധനവാൻ തന്റെ നിസ്സാരതയിൽ അഭിമാനം കൊള്ളട്ടെ. എന്തെന്നാൽ പുല്ലിന്റെ പൂവുപോലെ അത് കൊഴിഞ്ഞുപോകും'' (1:9–10). ഐഹിക സമ്പത്തിന്റെ നിസ്സാരതയും, ശൂന്യതയും, ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ് യാക്കോബ്, ഇവിടെ. സമ്പത്ത് വാരിക്കൂട്ടാൻ അത്യദ്ധ്വാനം ചെയ്യുന്നവരിൽ ആരെങ്കിലും സ്തുതിക്ക് അർഹനാണെങ്കിൽ അത് വിനീതമായ പെരുമാററംവഴി യഥാർത്ഥമായ മഹത്വം നേടുന്നവൻ മാത്രമാണ്, എളിമപ്പെടുത്തപ്പെടുന്നതിൽ മാത്രമേ

www.malankaralibrary.com

ധനികൻ അഭിമാനിക്കാവൂ. ലൗകികസമ്പത്തിന്റെ സൂക്ഷിപ്പുകാരനെന്ന നിലയിൽ പുല്ലിന്റെ പുഷ്പംപോലെ അവൻ തിരോധാനംചെയ്യുകയും ചെയ്യും.

ആദ്ധ്യാത്മികവും, സ്വർഗ്ഗോന്മുഖസ്വഭാവമുള്ളതുമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്ന മഹത്വീകരണം; ക്രൈസ്തവൻ പാർത്തിരിക്കുന്ന, വരുവാനിരിക്കുന്ന മഹത്വീകരണം. ഇക്കാര്യം കൂടുതൽ വ്യക്തമാകും, പരീക്ഷണങ്ങളേയും, കഷ്ടപ്പാടുകളേയുംകുറിച്ച് പൊതുവിൽ, ലേഖകൻ വിവരിക്കുന്ന പശ്ചാത്തലം പരിശോധിച്ചാൽ (1:1—18). ഇവ്വിധം നിരവധി അനർത്ഥങ്ങളിൽ ഒരു പ്രത്യേക രൂപമാണ് ദാരിദ്ര്യം. തങ്ങൾ സഹിക്കേണ്ടിവരുന്ന സങ്കടങ്ങളെപ്പറ്റി ലേഖനത്തിന്റെ അനുവാചകർ അതൃപ്തിയും, അക്ഷമയും പ്രകടിപ്പിച്ചിട്ടുണ്ട് (1:2). തുടർന്നുവരുന്ന ഭാഗങ്ങൾ വ്യക്തമാക്കുന്നു, മർദ്ദനം, രോഗം, ദാരിദ്ര്യം എന്നിവയാണ് പ്രസ്തുത കഷ്ടപ്പാടുകൾ എന്ന്. ദുരിതങ്ങൾ അനുഭവിക്കേണ്ടിവരുമ്പോൾ സസന്തോഷം അപ്രകാരം ചെയ്യണം (cf മത്താ 5: 1 തുടർച്ച്). 1: 3 പ്രകാരം ഒരു വ്യക്തിയെ പൂർണ്ണമായും ബാധിക്കുന്നതാണ് പരീക്ഷണങ്ങൾ; കാരണം അതു വ്യക്തിയുടെ വിശ്വാസത്തെ തന്നെ പരീക്ഷിക്കുന്നതത്രേ. സ്ഥിരമായ വിശ്വസ്തതയാണതിന്റെ അനന്തരഫലം.

യാക്കോബ് ധനവാന് നല്കുന്ന ഉപദേശം ഇതാണ്, "ധനവാൻ തന്റെ നിസ്സാരതയിൽ അഭിമാനം കൊള്ളട്ടെ. എന്തെന്നാൽ പുല്ലിന്റെ പൂവുപോലെ അതു കൊഴിഞ്ഞുപോകും (1: 10). ആദ്ധ്യാത്മികവും, യുഗാന്ത്യോന്മുഖവുമായ അർത്ഥത്തിൽ വേണം ഇതു മനസ്സിലാക്കാൻ. ക്രൈസ്തവവിശ്വാസമനുസരിച്ച് ഒരു ധനികന്റെ ഏകപ്രതീക്ഷ അടങ്ങിയിരിക്കുന്നതു്, ദൈവതിരുമുമ്പിൽ തനിക്കുള്ള ദാരിദ്ര്യവും, നിസ്സാരതയും ബോദ്ധ്യപ്പെടുന്നതിലാണ്. ഇതേ ആശയം പഴയനിയമത്തിലും കാണാം. ജറമിയാസ് 9: 23—24—ൽ നാം വായിക്കുന്നു, "കർത്താവ് അരുൾചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിലും, ശക്തൻ തന്റെ ശക്തിയിലും, ധനികൻ തന്റെ ധനത്തിലും സ്വയം പ്രശംസിക്കാതിരിക്കട്ടെ. ഭൂമിയിൽ കാരുണ്യവും, നീതിയും ചിന്തുന്ന കർത്താവു ഞാനാകുന്നു. ഈ സംഗതി മനസ്സിലാക്കുന്നവർ എനിക്കു പ്രിയപ്പെട്ടവരാണ്. ആകയാൽ, സ്വയം പ്രശംസിക്കുന്നവർ എന്നെ അറിയുകയും, മനസ്സിലാക്കുകയും ചെയ്യുന്നുവെന്നതിൽ പ്രശംസിക്കട്ടെ." ഇതേ ആശയം തന്നെ പൗലോസിന്റെ ലേഖനത്തിലും കാണാം. "ആരെങ്കിലും അഭിമാനിക്കുന്നുവെങ്കിൽ, അവൻ കർത്താ

www.malankaralibrary.com

വിൽ അഭിമാനിക്കട്ടെ'' (1 കൊറി 1: 31). സമ്പത്തിൻെറ ക്ഷണികതയെ കുറിച്ച് ധനവാനെ അനുസ്മരിപ്പിച്ചുകൊണ്ടാണ് ഈ ഉപദേശം നല്കിയിരിക്കുന്നത്. ഒരു വശത്ത് പാവപ്പെട്ടവൻ ദൈവത്തിൽ വിശ്വസിക്കുകയും, മററുള്ളവരിൽ നിന്ന് സ്വീകരിക്കാൻ തയ്യാറായിരിക്കയും ചെയ്യുന്നു; മറുവശത്ത് ധനികൻ ദൈവത്തെ ഭയപ്പെടുകയും, അവിടുന്നുവഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെപ്രതി കൃതജ്ഞനായിരിക്കയും, ഉള്ള സ്വത്ത് മററുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറായിരിക്കയും ചെയ്യുന്നു; ഇരുകൂട്ടരും ആത്മാവിൽ ദരിദ്രരും, അനുഗൃഹീതരുമായി ഭവിക്കുന്നു (മത്താ 5: 3). സുവിശേഷത്തിലെ ഈ ആശയമാണ് യാക്കോബിൻെറ വാക്കുകളിൽ നിഴലിക്കുന്നത്.

ക്രൈസ്തവസമൂഹം സ്നേഹത്തിൻെറ ഒരു സമൂഹമാകണം. ഈ സ്നേഹം യാഥാർത്ഥ്യമാവുക കൊടുക്കാനും, വാങ്ങാനുമുള്ള മനോഭാവം സമൂഹത്തിലെ അംഗങ്ങൾക്കു തമ്മിൽ എത്രമാത്രം ഉണ്ട് എന്നതിനെ ആശ്രയിച്ചാണ്. ദൈവത്തിൽ വിശ്വാസമർപ്പിച്ച സാധുക്കൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുക, ദൈവത്തെ ഭയപ്പെടുന്ന ധനവാന്മാർ നന്ദിപൂർവ്വം ദാനം ചെയ്യുക. എല്ലാവരും മഹത്വവും, സ്തുതിയും, ദൈവത്തിന് സമർപ്പിക്കുകയും, സുമനസ്സരുടെ സമാധാനത്തിനു വേണ്ടി പരിശ്രമിക്കുകയും ചെയ്യുക. അപ്പോൾ ക്രൈസ്തവസമൂഹം ദൈവരാജ്യത്തിൻെറ ക്ഷുദ്രാശ ആയിത്തീരും.

## സമാപനം

സാമൂഹ്യ തരംതിരിവുകൾ നിലവിലിരുന്ന ഒരു ചരിത്രപശ്ചാത്തലത്തിൽ എഴുതപ്പെട്ട യാക്കോബിൻെറ ലേഖനത്തിൽ ഇന്നത്തെ സമുദായത്തിനും ഉപയോഗപ്രദമായ അനേകം അമൂല്യമായ ചിന്താധാരകളുണ്ട്. സമുദായത്തിലെ ധനികരും, സ്വാധീനം ചെലുത്തുന്നവരുമായ മനുഷ്യരോട് പ്രത്യേക മമതയും, പക്ഷപാതവും കാണിക്കുന്ന പ്രവണത സഭാവേദിയിലും കാണാം. സഭയിലെ അംഗങ്ങൾ തമ്മിലുള്ള ഐക്യത്തിനും, സംഘടിത പരിശ്രമങ്ങൾക്കും ഇത് അപകടകരമാണ്. പാവങ്ങളോട് സുവിശേഷം പ്രസംഗിക്കുക എന്ന ക്രിസ്തുവിൻെറ കല്പന നൽകപ്പെട്ടിരിക്കുന്ന സഭയുടെ പ്രതിച്ഛായയെ ഈ പ്രവണത വിരൂപപ്പെടുത്തുന്നു.

ഒരിക്കൽ സഭയുമായി മൈത്രിയിലായിരുന്ന, സഭയിൽ സ്വാധീനം ചെലുത്തിയിരുന്ന മനുഷ്യർ, സഭ അവരുടെ

www.malankaralibrary.com

സ്ഥാപിത താല്പര്യങ്ങളെ എതിർക്കുമ്പോൾ, അവരുടെ മർദ്ദകരും, ശത്രുക്കളുമായി തീർന്നിട്ടുള്ള അനുഭവങ്ങളും സഭാചരിത്രത്തിലുണ്ട്. മതപരമായ ബാഹ്യാനുഷ്ഠാനങ്ങളിൽ കണിശക്കാരായ പല മനുഷ്യരും പരസ്നേഹപ്രവൃത്തികൾ യാതൊന്നും ചെയ്യുന്നില്ല എന്നതു് ഇന്നും പരക്കെ അംഗീകരിക്കപ്പെടുന്ന ഒരു സത്യമാണ്.

തൊഴിൽ മണ്ഡലത്തിലുള്ള എല്ലാ അനീതിപരമായ സ്ഥാപനങ്ങളുടേയും, ബന്ധങ്ങളുടേയും. ശക്തമായ ഒരു ശപിച്ചുതള്ളലായി, ദുഷ്ടന്മാരായ ധനികരുടേയും, അധർമ്മികളായ മുതലാളിമാരുടേയും മേലുള്ള വിധിയെ കണക്കാക്കാം. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കാനുള്ള ഒരു അനശ്വര വെല്ലുവിളിയായി ദാരിദ്ര്യത്തിന്റെ മതപരമായ പ്രാധാന്യം തുടർന്നും വിരാജിക്കും.

വിഖ. ഡി. പന്തല്ലൂക്കാരൻ ഡോ. മാത്യു വെള്ളാനിക്കൽ

www.malankaralibrary.com

# ബൈബിൾ ആരാധനക്രമത്തിൽ

## ഒക്ടോബർ 1: ശ്ലീഹാക്കാലം 3–ാം ഞായർ

### ഫിലിപ്പിയർ 1: 27–30

പൗലോസ് ശ്ലീഹാ ഫിലിപ്പിയിലെ സഭാസമൂഹത്തിന് നല്കുന്ന ഉപദേശ ശകലങ്ങളാണ് ഇന്നത്തെ ലേഖനത്തിൽ നാം വായിക്കുന്നത്. പ്രധാനമായും രണ്ട് ആശയങ്ങളാണ് ഇതിലുള്ളത്. 1. സ്വർഗ്ഗീയ പൗരത്വത്തിനു യോജ്യമായവിധത്തിൽ (സുവിശേഷാനുസൃതമായി) ജീവിക്കണമെന്നും 2. ഇങ്ങനെയുള്ള വിശ്വാസജീവിതത്തിൽ നിരവധി സമരങ്ങളേയും ക്ലേശങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുമെന്നും.

പൗരന്മാരെപ്പോലെ വ്യാപരിക്കാൻ വി. ശ്ലീഹാ ഫിലിപ്പിയരെ ആഹ്വാനം ചെയ്യുന്നു. തങ്ങളുടെ റോമൻ പൗരത്വത്തിൽ അങ്ങേയററം അഭിമാനിക്കുന്ന ഫിലിപ്പിയർക്ക് അതിലേറെ അഭിമാനമാണ് ജ്ഞാനസ്നാനംവഴി ലഭിച്ച സ്വർഗ്ഗീയ പൗരത്വത്തിൽ ഉണ്ടായിരിക്കേണ്ടതു്. അവരുടെ ആകമാനജീവിതം — വാക്കും പ്രവൃത്തിയും പെരുമാററവും — സുവിശേഷത്തിനനുഗുണമായിരിക്കട്ടെ. ക്രിസ്തുശിഷ്യൻെറ ജീവിതരീതി ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി (2 കൊറി 5:17; കൊളോ 3: 1–11) യുടേതുപോലെയായിരിക്കണം. പാപത്തിന് മരിച്ച് ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ജീവിത ശൈലിയാണത്. ആത്മാവിൻെറ ഫലങ്ങളായ സന്തോഷവും സമാധാനവും വിനയവും സ്നേഹവും മധുരശീലവുമെല്ലാം അവിടെ കാണും. അതിനാൽ ക്രിസ്തീയ വിളി സുവിശേഷമെന്ന മഹാദാനത്തെ സ്വീകരിച്ച് സൂക്ഷിച്ചു വയ്ക്കുവാൻ വേണ്ടിയുള്ളതല്ല, മറിച്ച് സുവിശേഷ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ വേണ്ടി കൂടിയുള്ളതാണ്.

ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവന് തൻെറ അനുദിന ജീവിതത്തിൽ വിശ്വാസത്തിനെതിരായ പ്രതിബന്ധങ്ങളെ നേരിടേണ്ടതായി വരും. അങ്ങനെയുള്ള പ്രതിലോമശക്തികളെ എങ്ങനെ നാം അഭിമുഖീകരിക്കണം എന്നാണ് വി. ശ്ലീഹാ സൂചിപ്പിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ വിശ്വാസത്തെ മുറുകെ പിടിച്ച് ഏക ആത്മാവിൽ ഏക മനസ്സോടെ ഒററക്കെട്ടായി മുന്നേറണം. ക്രിസ്തുവിൽ ഒന്നിക്കപ്പെ

www.malankaralibrary.com

ട്ടിരിക്കുന്ന ക്രൈസ്തവർ ഒരേ ആത്മാവിനാൽ നയിക്കപ്പെടുന്നവരാണ്. ഈ ബോദ്ധ്യത്തോടെ ഓരോരുത്തരും സർവ്വശക്തിയും സമാഹരിച്ച് വിശ്വാസത്തിനു വേണ്ടിയുള്ള യുദ്ധത്തിൽ പങ്കു ചേരണം. (1 തിമോ. 6: 11–21) സത്യം കൊണ്ട് അര മുറുക്കി, ധർമ്മത്തിന്റെ പടച്ചട്ട ധരിച്ച്, വിശ്വാസമെന്ന പരിചയും പിടിച്ച്, രക്ഷയുടെ പടത്തൊപ്പിയണിഞ്ഞു ദൈവവചനമാകുന്ന വാളും ഉയർത്തിപ്പിടിച്ച് (എഫേ. 6: 10–18) ആത്മവിശ്വാസത്തോടെ വിശ്വാസത്തിനുവേണ്ടി വീരോടെ പൊരുതുക. ഒരിക്കലും നഷ്ടധൈര്യരാകരുത്.

ക്രൈസ്തവർ ക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം പോരാ, ക്രിസ്തുവിനു വേണ്ടി സഹിക്കുക കൂടി വേണം (ഫിലി. 3: 7–8). സഹനത്തിലൂടെ മാത്രമെ ക്രിസ്തീയവിളിയുടെ, വിശ്വാസത്തിന്റെ ശരിയായ അർത്ഥവും ആഴവും വ്യാപ്തിയും മനസ്സിലാകൂ. ഈ സൂക്തി എപ്പോഴും ഓർക്കുക: ''നാം അവിടുത്തോടു കൂടെ സഹിച്ചുവെങ്കിൽ അവിടുത്തോടുകൂടെ വാഴും'' (2 തിമോ. 2:12). ക്രിസ്തുവിനുവേണ്ടിയും അവിടുത്തെ സുവിശേഷത്തിനു വേണ്ടിയും സഹിക്കാൻ കഴിഞ്ഞതിൽ അഭിമാനം കൊണ്ടു, അപ്പസ്തോലന്മാരും (നടപടി 12: 1–5; 16: 19–25) ആദിമ ക്രൈസ്തവരും (നടപടി 7: 54–60) അവരുടെ സഹനം മററുള്ളവർക്ക് പ്രചോദനമേകി. രക്തസാക്ഷികളുടെ ചുടു രക്തമാണ് സഭയുടെ വളം.

ജോസ് ഐ. മഞ്ഞളി

## ഒക്ടോ. 8: ശ്ലീഹാകാലം 4–ാം ഞായർ എബ്ര. 9: 23–28

## ക്രിസ്തുവിന്റെ ബലിയും പുനരാഗമനവും

ക്രിസ്തുവിന്റെ ബലി പൂർണ്ണമാണെന്നും, അവിടുന്ന് മനുഷ്യർക്കു വേണ്ടി ഒരിക്കൽ സഹിച്ച്, മരിച്ച്, ഉയിർത്തു്, അവരുടെ രക്ഷക്കു വേണ്ടി രണ്ടാമതു വരുമെന്നും ലേഖനകർത്താവ് യഹൂദക്രിസ്ത്യാനികളെ ഉപദേശിക്കുകയാണിവിടെ.

### പരിപൂർണ്ണമായ ക്രിസ്തുവിന്റെ ബലി (വാ. 22–26)

ക്രിസ്തുവിന്റെ ബലി എല്ലാം ഉൾക്കൊള്ളുന്നു. 22–ാം വാക്യത്തിൽ രക്തത്താൽ ഏതു വസ്തുവും ശുദ്ധീകരിക്കപ്പെടുന്നതായി ലേഖകൻ പറയുന്നു. അതിന്റെ വിശദീകരണമെന്നോണം സ്വർഗ്ഗീയസാദൃശ്യങ്ങളുടേയും സ്വർഗ്ഗീയങ്ങളുടേയും വിശുദ്ധീകരണത്തെപ്പററി തുടർന്നു പറയുന്നു. (വാ. 23). സ്വർഗ്ഗീയ സാദൃശ്യങ്ങൾ എന്നതുകൊണ്ട് ദൃശ്യലോകത്തേയും, സ്വർഗ്ഗീയങ്ങൾ എന്നതുകൊണ്ട് അദൃശ്യപ്രപഞ്ചത്തേയുമാണ് വിവക്ഷിക്കുന്നതു്. ഇവയുടെ വിശുദ്ധീകരണം ക്രിസ്തുവിന്റെ ബലിയിലൂടെ നടന്നു.

www.malankaralibrary.com

അതുല്യവും, അനുപമവും, പൂർണ്ണവുമാണ് ക്രിസ്തുവിന്റെ ബലി എന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. പഴയനിയമകാലത്താകട്ടെ ബലി ആവർത്തിക്കപ്പെട്ടിരുന്നു. കാരണം കളങ്കമുള്ള മനുഷ്യനർപ്പിക്കുന്ന ബലി ഒരിക്കലും പൂർണ്ണമാവില്ലല്ലോ. അവിടെ ബലിവസ്തുവും ബലിസമർപ്പകനും കളങ്കരഹിതങ്ങളായിരുന്നില്ല. കളങ്കപൂർണ്ണമാകുമ്പോഴൊക്കെ ബലിയർപ്പകൻ ബലി ആവർത്തിക്കേണ്ടിയിരുന്നു. എന്നാൽ ക്രിസ്തുവാകട്ടെ പാപനാശത്തിനായി ഒരിക്കൽമാത്രം ബലിയർപ്പിച്ചു. ആ ബലി ഒരിക്കലും ആവർത്തിക്കേണ്ടിയിരുന്നില്ല. കാരണം അവിടുന്ന് നിഷ്കളങ്കനും, കളങ്കരഹിതനുമായ ബലിയർപ്പകനും ബലിയാടുമായിരുന്നു.

## വിധിക്കപ്പെടുവാനല്ല വിധിക്കുവാൻ: (വാ. 27–28)

മനുഷ്യൻ ഒരിക്കൽ മരിക്കുന്നു. മരണത്തിനുശേഷം വിധിക്കുവാനായി ഉയിർക്കുന്നു. ക്രിസ്തുവും ഒരിക്കൽ മരിച്ചു. എന്നാൽ ഉയിർത്തത് വിധിക്കപ്പെടുവാനല്ല പ്രത്യുത വിധിക്കുവാനാണ്.

മരണത്തോടെ എല്ലാം നശിക്കുന്നു എന്ന ഗ്രീക്കു ചിന്താഗതിയെ ഉന്മൂലനം ചെയ്തുകൊണ്ട് യഹൂദക്രൈസ്തവർക്ക് ക്രൈസ്തവവിശ്വാസത്തിന്റെ അന്തസത്തയെ മനസ്സിലാക്കിക്കൊടുക്കുകയാണ് ലേഖകനിവിടെ. മരണത്തിനുശേഷം മനുഷ്യൻ തീർച്ചയായും ഉയിർക്കും. ആദിമക്രൈസ്തവർക്ക് ക്രിസ്തു ഉടനെ വരുമെന്ന പ്രത്യാശ ആനന്ദദായകമായിരുന്നു. എന്നാൽ അവിശ്വാസികൾക്ക് വിധി ഒരു ഭീകര യാഥാർത്ഥ്യവും.

ക്രിസ്തു ഒരിക്കൽമാത്രം മരിച്ച് സകല മനുഷ്യർക്കുംവേണ്ടി ബലിയർപ്പിച്ചിട്ടുണ്ട്. ഈ വസ്തുത ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തനും ആശ്വാസം പകരണം. ക്രിസ്തു രണ്ടാമതു വരുന്നത് രക്ഷിക്കുവാനാണ് ശിക്ഷിക്കുവാനല്ല. തന്നെ പ്രതീക്ഷിക്കുന്നവരുടെ രക്ഷയാണ് (29b) അവിടുത്തെ രണ്ടാമത്തെ ആഗമനോദ്ദേശ്യം.

ജേക്കബ് മുള്ളർ.

## ഒക്ടോബർ 15: മൂശക്കാലം 1-ാം ഞായർ റോമ 10, 9–18

## V. 9–10 രക്ഷപ്രാപിക്കുവാനുള്ള മാർഗ്ഗം.

ക്രൈസ്തവജീവിതം അവതാരം ചെയ്ത് ചരിത്രസംഭവമായിത്തീർന്ന ക്രിസ്തുവിൽ കേന്ദ്രീകൃതമാണ്. പ്രസ്തുത ജീവിതത്തിന് ചില കടമകളും ഉത്തരവാദിത്വങ്ങളുമുണ്ട്. ക്രിസ്തു ആരാണെന്നും, അവിടുന്ന് എന്തിനുവേണ്ടി ഈ ലോകത്തിൽ വന്നെന്നും, അവിടുത്തെ പ്രവർത്തനങ്ങൾ ഏതു രീതിയിൽ കൂടിയായിരുന്നെന്നും നാം ശരിയായി മനസ്സിലാക്കണം. അതിനെപ്പറ്റി നമുക്ക് ദൃഢമായ ബോദ്ധ്യവും വിശ്വാസവും ഉണ്ടായിരിക്കണം. ഈ ബോദ്ധ്യത്തിലേയ്ക്കും വിശ്വാസത്തിലേയ്ക്കും മററുള്ളവരേയും നാം പ്രവേശിപ്പിക്കണം. മനുഷ്യന്റെ സമഗ്രമായ വിമോചനം സാധിക്കുന്നതിനുവേണ്ടി ക്രിസ്തു മനുഷ്യാവതാരം ചെയ്യുകയും, പീഡ

www.malankaralibrary.com

സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്യുകയും ചെയ്തു എന്ന സത്യം ജനങ്ങളെ നാം മനസ്സിലാക്കുന്നതോടൊപ്പം ക്രിസ്തു കാണിച്ചുതന്ന ആ പന്ഥാവിലൂടെ നടന്നുകൊണ്ട് സമഗ്രമനുഷ്യന്റെ വിമോചനം സാധിക്കുവാൻ നാം പരിശ്രമിക്കുകയും വേണം.

## ദാനം എല്ലാവർക്കും ഉള്ളത്. (11–13)

എല്ലാവരുടേയും സ്നേഹപിതാവാണു ദൈവം. അവിടുത്തെ സ്നേഹം ജാതിമതഭേദമന്യേ എല്ലാവരിലും ധാരാളമായി അവിടുന്നു ചൊരിയുന്നു. ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്നും ക്രിസ്തു ദൈവമാണെന്ന് ഏറ്റുപറയുന്ന ഓരോ വ്യക്തിയും രക്ഷ പ്രാപിക്കും എന്ന് വി. പൗലോസ്ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുകയാണ്. ഇവിടെ മനുഷ്യ കല്പിതങ്ങളായ വിവേചനങ്ങൾക്കു സ്ഥാനമില്ല. വിശ്വസിക്കുന്നവൻ ഒരിക്കലും ലജ്ജിതനാകേണ്ടിവരുകയില്ല.

## വിളിക്കുന്നതിനും കേൾക്കപ്പെടുന്നതിനും (14–15)

ദൈവത്തെ വിളിക്കുന്നതിനും കേൾക്കപ്പെടുന്നതിനും ചില വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. വിശ്വാസമില്ലാതെ ദൈവത്തെ ആത്മാർത്ഥമായി വിളിക്കുവാൻ സാധിക്കുകയില്ല. വിശ്വാസത്തിന് അറിവു വേണം; അറിവില്ലാത്തവനു് പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കണം. അവർ ഈ അറിവിൽക്കൂടി സത്യം എന്തെന്നു മനസ്സിലാക്കണം അതു് ഉപദേശിച്ചുകൊടുക്കുവാൻ അയയ്ക്കപ്പെട്ടവർ ഉണ്ടാകണം. ദൈവത്തിന്റെ സന്ദേശമാണവർ നൽകുന്നതു്, സ്വന്തം ആശയഗതികളല്ല.

## വിശ്വാസത്തെ ഉണർത്തുന്ന പ്രവൃത്തി. (17–18)

വിശ്വാസത്തിന്റെ അതിപ്രാധാന്യം വി. പൗലോസ് ശ്ലീഹായുടെ ഈ ലേഖനത്തിൽ ആദ്യന്തം കാണുവാൻ സാധിക്കും. വിശ്വാസമില്ലാതെ നീതീകരണമില്ല; സമൃദ്ധമായ ദൈവീകജീവൻ കിട്ടുവാനുള്ള സാദ്ധ്യതയുമില്ല. മിശിഹായെപ്പററിയുള്ള പ്രസംഗത്തിൽനിന്നുമാണ് നമ്മിൽ വിശ്വാസം ഉണ്ടാകുന്നതു്. എല്ലാ പ്രസംഗങ്ങളുടെയും യഥാർത്ഥ നീതീകരണം ഈ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടായിരിക്കണം. ക്രൈസ്തവൻ ക്രിസ്തുവിനെ പ്രസംഗിക്കണം. അതുവഴി മററുള്ളവരുടെ വിശ്വാസത്തെ തട്ടിഉണർത്തുകയും വേണം.

സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി

## ഒക്ടോബർ 22: മൂശക്കാലം 2–ാം ഞായർ നടപടി 1, 1–10

## ആമുഖം (1–3)

## പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു (4–6)

വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവ് ശ്ലീഹന്മാരിലും ശ്ലീഹന്മാർ വഴിയായും സാധിച്ചവയുടെ ഒരു ചരിത്രമാണ് നടപടിപുസ്ത

www.malankaralibrary.com

www.malankaralibrary.com



കം പരിശുദ്ധാത്മാവിനെപ്പററിയുള്ള 'വിശ്വാസസത്യങ്ങൾ' പ്രതിപാദിക്കുന്നതിനാൽ ഇതിനെ പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്നു വിളിക്കുന്നു. തെയോഫിലോസിനെ അഭിസംബോധന ചെയ്തുകൊണ്ടാണ് നടപടിപുസ്തകം ലൂക്കാ ആരംഭിക്കുക.

ദൈവത്തിന്റെ പ്രവർത്തനങ്ങൾ ക്രിസ്തുവിനോടുകൂടി അവസാനിച്ചില്ല. ഭൂമിയിൽ അവിടുന്നു തുടങ്ങിയതു് പരിശുദ്ധാത്മാവു വഴി സഭ തുടരുന്നു. ക്രിസ്തു പഠിപ്പിച്ചവ ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാനം ആവശ്യമാണ്. അതു് സുവിശേഷ പ്രഘോഷണത്തിന് ആവശ്യമാണ്. അതിനാൽ പരിശുദ്ധാത്മാവു വരുന്നതു വരെ കാത്തിരിക്കുവാൻ ശിഷ്യന്മാരോടു് ക്രിസ്തുനാഥൻ ഉപദേശിക്കുകയാണ്. ജറുസലേം വിട്ടു് നാടിന്റെ നാനാഭാഗങ്ങളിലേക്കു പോകേണ്ട നിങ്ങൾ ജറുസലേമിൽ നിന്നു തന്നെ പരിശുദ്ധാത്മാവിനെ സ്വീകരിക്കണം.

## ശിഷ്യരുടെ അജ്ഞത (6–8)

അങ്ങു് എപ്പോഴാണ് ഇസ്രായേലിന്റെ രാജ്യം പുനഃസ്ഥാപിക്കുന്നതു് — ഇസ്രായേൽ ജനത്തിനുണ്ടായിരുന്ന അതേ തെററിദ്ധാരണയാണ് ശിഷ്യരുടേതും. പ്രത്യേക പരിശീലനത്തിനു ശേഷവും ദൈവത്തിന്റെ പദ്ധതിയെപ്പററി ശരിയായ ജ്ഞാനം ശിഷ്യർക്കില്ല.

ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുക ശിഷ്യരുടെ കടമയാണ്. ശിഷ്യർ അപ്പസ്തോലരാണ്. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരേയും അവർ സാക്ഷ്യം വഹിക്കണം. അതിനുള്ള പ്രാപ്തി ലഭിക്കുക പരിശുദ്ധാത്മാവിൽ നിന്നാണ്. ക്രിസ്തുവിന്റെ വേർപാടിനു മുമ്പു് നൽകിയ കടമയാണിതു്. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ക്രിസ്ത്യാനിക്കു് മാററിവയ്ക്കാൻ പാടില്ലാത്ത നിർദ്ദേശം.

## സ്വർഗ്ഗാരോഹണം 9–10

ശിഷ്യന്മാർ കാൺകെ മേഘങ്ങളിൽ എടുക്കപ്പെട്ട ഈശോ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നു എന്നു് വേദപുസ്തകം വിവരിക്കുന്നു (മർക്കോ 16:19). ഇതു് സഭയുടെ ഔദ്യോഗിക പഠനവുമാണ്. ആദ്യമിരുന്ന സ്ഥലത്തേക്കാണ് ക്രിസ്തുനാഥൻ പോയതു് എന്നു് യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നു (6/63). അവിടുന്നു പോയതു് നമുക്കു സ്ഥലം ഒരുക്കുവാനും പരിശുദ്ധാത്മാവിനെ അയയ്ക്കുവാനുമാണ്. "ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലതു്. കാരണം, ഞാൻ പോകുന്നില്ലെങ്കിൽ പാറക്ലേത്താ നിങ്ങളുടെ പക്കലേയ്ക്കു് വരികയില്ല'' (യോ 16/7) ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം നമ്മുടെ നിത്യജീവനു് അച്ചാരമാണ്.

ജോൺ. എൽ. പുന്നോലിൽ

## ഒക്ടോബർ 29: ശ്ലീഹാക്കാലം 3–ാം ഞായർ: 1 തെസ്സ.5: 1–11

## ഒരുക്കമുള്ളവരായിരിക്കുവിൻ (1തെസ്സ 5:1–11)

വളരെ മാതൃകാപരമായിരുന്നു തെസ്സലോനിക്യരുടെ ജീവിതമെങ്കിലും കർത്താവിൻെറ രണ്ടാമത്തെ വരവുമായി ബന്ധപ്പെട്ട ചില സംശയങ്ങൾ അവരെ അലട്ടിയിരുന്നു. സംശയ നിവാരണാർത്ഥം ശ്ലീഹാ നൽകുന്ന മറുപടിയാണ് ഈ ഭാഗം.

### പ്രതീക്ഷിതവും അപ്രതീക്ഷിതവും (വാ: 1–5)

യുഗാന്ത്യത്തെക്കുറിച്ച് ചിന്തിച്ചിരിക്കാതെ (cf നട: 1:7) സ്വന്തം ഉത്തരവാദിത്വങ്ങളിലേക്കു നാം തിരിയണം. യുഗാന്ത്യം പെട്ടെന്ന് വരുമെങ്കിലും (മത്താ. 24:42–45, എസ്സക്കി:13:10–16, ജറ:4:10) പ്രതീക്ഷിതമല്ലേ? എത്ര പെട്ടെന്ന് വന്നാലും, നമ്മൾ പകലിൻെറ പുത്രരല്ലോ (cf ലൂക്ക 12;39f)

### രാത്രിയുടെ മക്കളും യോദ്ധാക്കളും (വാക്യം 6–8)

രാത്രിയുടെ മക്കളാണ് ശാരീരിക ദുരാശകൾക്കടിപ്പെട്ടിരിക്കുന്നവർ. (cf റോമ: 13:11–13). എന്നാൽ സുവിശേഷപ്രഭയിൽ ജീവിക്കുന്ന നമ്മൾ ദൈവീകപുണ്യങ്ങളാൽ അലംകൃതരായ യോദ്ധാക്കളാണ്. (cf എഫേ:6:14–17, 2കൊറി. 10:4–6, 1പത്രോ. 5:8)

### രക്ഷിക്കപ്പെട്ടവരും പ്രത്യാശയുള്ളവരും

ക്രിസ്തുവിൽ, ദൈവകോപത്തിൽനിന്ന് രക്ഷിക്കപ്പെട്ടവരാണ് നാം. (റോമ. 5:9, 2 കൊറി. 5:18–21) സ്വയം അന്ധകാരത്തിൻെറ മക്കളാകുന്നവരാണ് ശിക്ഷാർഹർ (യോഹ. 3:18, കൊളോ.3:6). കർത്താവിൽ ജീവിക്കുന്നവരും, നിദ്ര പ്രാപിച്ചവരും (തെസ്സ: 4;16) അവിടുത്തെ രണ്ടാമത്തെ വരവിൽ തന്നോടൊത്ത് ആനന്ദിക്കും. (വാ. 5; 11 ൽ, 4:10–ൽ എന്നപോലെ പരസ്പരം സഹായിക്കുവിൻ എന്ന ഉപദേശമാണ്).

വ്യക്തികളുടെ ജീവിതത്തിൽ മരണനാഴികയാണ് കർത്താവിൻെറ രണ്ടാമത്തെ ആഗമനസമയം. അതിനാൽ നമുക്ക് എപ്പോഴും ഉണർന്നിരിക്കാം.

ദൈവം സ്നേഹിച്ച, രക്ഷിച്ച (യോഹ.3:16f) ഈ ലോകത്തെ നന്മയിലേയ്ക്ക് നയിക്കാൻ നമുക്ക് ശ്രമിക്കാം. നല്ലവരായി ജീവിക്കുന്ന അനേകർ ഇന്നുമുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുകയും, മററുള്ളവരെ ശക്തിപ്പെടുത്തുകയും ചെയ്യുക. ഭൂമിയുടെ ഉപ്പായി, ലോകത്തിൻെറ പ്രകാശമായി (മത്താ:5; 13f) നമുക്ക് എപ്പോഴും ഒരുങ്ങിയിരിക്കാം.

പോൾ വെള്ളക്കുന്നത്തും

www.malankaralibrary.com

## നവമ്പർ 5: പള്ളിക്കൂദാശക്കാലം 1—ാം ഞായർ

1 തെസ്സ: 4, 13—17

ക്രിസ്തുവിൻെറ ആസന്നമായ രണ്ടാമത്തെ വരവിനെ പ്രതീക്ഷയോടെ നോക്കിപ്പാർത്തിരുന്ന തെസലോനിക്കായിലെ വിശ്വാസികളുടെ ഇടയിൽ പൊന്തിവന്ന ഒരു പ്രശ്നമാണ് ഈ ലേഖനഭാഗത്ത് നമ്മൾ ദർശിക്കുന്നത്. ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച എല്ലാവരും അവിടുത്തെ മഹത്വമേറിയ രണ്ടാമത്തെ ആഗമനത്തിന് പങ്ക് പററുമെന്ന ദൃഢമായ വിശ്വാസം അവർക്കുണ്ടായിരുന്നു, എന്നാൽ ക്രിസ്തു വിശ്വാസത്തിൽ ജീവിച്ച് മരിച്ചുപോയ വിശ്വാസികളുടെ കാര്യം എന്താണ്? ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിൽ അവർ ഏതു് വിധത്തിലായിരിക്കും പങ്ക് പററുക; അവർ വീണ്ടും ഉയർത്തെഴുന്നേററു വരുമോ? ഇത്യാദി പ്രശ്നങ്ങൾ തെസലോനിക്കാക്കാരെ ആശയക്കുഴപ്പത്തിലാക്കി.

വി: പൗലോസു തെസലോനിക്കാക്കാരുടെ ഈവിധ ചോദ്യങ്ങൾക്ക് പരിഹാരം കൊടുക്കുകയാണിവിടെ ചെയ്യുന്നത്. മരിച്ചവരും ജീവിച്ചിരിക്കുന്നവരും ഒരുപോലെ ക്രിസ്തുവിൻെറ മഹത്വമേറിയ രണ്ടാമത്തെ ആഗമനത്തിൽ പങ്ക്പററുമെന്നു അദ്ദേഹം അവരെ ധരിപ്പിക്കുന്നു. മരിച്ചുപോയ ഓരോ വിശ്വാസിയും ആഗതനാകുന്ന ക്രിസ്തുവിനെ എതിരേൽക്കുവാനും അവിടുത്തെ മഹത്വത്തിൽ പങ്കു പററുവാനും ഉയിർത്തെഴുന്നേൽക്കുമെന്ന യാഥാർത്ഥ്യത്തിലേയ്ക്കു് വി: ശ്ലീഹാ അവരെ കൊണ്ടുവരികയാണ്. ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ ഫലം ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച ഓരോ വ്യക്തിയ്ക്കും അനുഭവിക്കുവാൻ സാധിക്കുമെന്ന ദൃഢമായ ബോദ്ധ്യമാണ് ശ്ലീഹായുടെ ഉപദേശത്തിൻെറ സാരസംഗ്രഹം.

ക്രിസ്തുവിൻെറ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിൻെറ അച്ചാരമാണ്. വിജാതീയർ വിശ്വസിക്കുംപോലെ മരിച്ചവർ നിത്യമായ നിദ്രയിലാണ്ടുപോകുന്നില്ലായെന്നു' തെസലോനിക്കാക്കാരെ ബോദ്ധ്യപ്പെടുത്തുകയാണ് വി. ശ്ലീഹാ ഇവിടെ. ക്രിസ്തു മിന്നൽപിണർപ്പോലെ വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ അവിടുത്തെ എതിരേല്ക്കുവാൻ മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും ഒരുപോലെ സാധിക്കുമെന്നും; അതുകൊണ്ടു നിരാശരാകാതെ ക്രിസ്തീയ വിശ്വാസത്തിൽ അടിപതറാതെ മുന്നോട്ടു പോകുവാൻ വി. പൗലോസു തെസലോനിക്കായിലെ സഭയെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ജോസ് എടാട്ടുകാരൻ

## നവമ്പർ 12. പള്ളിക്കൂദാശാക്കാലം 2—ാം ഞായർ

വെളി: 19: 6—9

### കുഞ്ഞാടിൻെറ വിവാഹവിരുന്ന് (വെളി. 19:6—9)

യഹൂദചിന്താഗതിയനുസരിച്ച് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം വിവാഹബന്ധത്തിനു സമാനമാണ്. (cfr: ഐസ 56:5–6;

www.malankaralibrary.com

62:5, എസക്കി 16:6–14; ഹോസയാ 2: 19–20). ഈ വിധമുള്ള ഒരു വിവാഹകീർത്തനം ഉത്തമഗീതത്തിലും കാണാം. (ഉത്ത. 4:10)

താദൃശമായ ഒരു ബന്ധത്തിൻെറ വിവരണമാണു യോഹന്നാനും നൽകുന്നതു് (വെളി. 19:6–9). ഇവിടെ വരൻ സ്വർഗ്ഗീയകുഞ്ഞാടും വധു തിരുസഭയുമാകുന്നു. കോറീന്തിലെ സഭയെ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്തിരിക്കുന്നതായി വി. പൗലോസു് പ്രസ്താവിക്കുന്നു. (2 Cor: 11: 2) ഇതിൻെറ മററു സൂചനകൾ പുതിയ നിയമത്തിൽ പലയിടത്തും കാണാം. (cfr. Mt. 25:1–13; 22: 1–14) താൻ വരനായും തൻെറ ശിഷ്യവൃന്ദം വിവാഹവിരുന്നിലെ പരിചാരകരായും അവിടുന്നു് വിശേഷിപ്പിക്കുന്നുണ്ടു്. (Mk. 2:19–20)

### യുഗാന്ത്യോന്മുഖത

സ്വർഗ്ഗീയകുഞ്ഞാടും സഭയും തമ്മിലുള്ള ബന്ധം സക്ഷാത്കരിക്കപ്പെടുന്നതു് ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിലാണു്. തൻെറ മണവാട്ടിയെ പൂർണ്ണമായും സ്വീകരിക്കുവാൻ ക്രിസ്തുനാഥൻ വരുവാനിരിക്കുന്നു

### തിന്മയെ ജയിച്ചവൾ

റോമാ നഗരത്തെയും, ദുർവൃത്തരും അവിശ്വാസികളുമായ കാമുകന്മാരുമായുള്ള അവളുടെ ബന്ധങ്ങളെയും എതിർത്തു തോല്പിച്ചവളാണു് കുഞ്ഞാടിൻെറ വധുവായ സഭ. സ്വർഗ്ഗീയ ജറുസലം എന്നാണു് അവൾ വിശേഷിപ്പിക്കപ്പെടുന്നതു് (വെളി. 21:11).

### അലംകൃത

തൻെറ വധു നിർമ്മല വസ്ത്രവിഭൂഷിതയായിരിക്കണമെന്നു് കുഞ്ഞാടു് ആഗ്രഹിക്കുന്നു. ശുഭ്രവും നിർമ്മലവും മൃദുലവുമായ വസ്ത്രങ്ങളാൽ അവൻ അവളെ അണിയിക്കുന്നു. വിശുദ്ധാത്മാക്കളുടെ സദ്‌വൃത്തികളാണു് ഈ വിശേഷവസ്ത്രങ്ങളും ഭൂഷണങ്ങളും.

### ക്ഷണം

യോഹന്നാൻ നമ്മെ ഓരോരുത്തരേയും കുഞ്ഞാടിൻെറ വിവാഹവിരുന്നിലേയ്ക്കു് (യുഗാന്ത്യത്തിൽ നടക്കുവാനിരിക്കുന്ന) ക്ഷണിക്കുന്നു. ഈ ക്ഷണം ദൈവത്തിൽനിന്നും ഉള്ളതാകുന്നു. (വെളി. 19:9)

അലക്സ് പാലമറം

## നവംബർ 19: പള്ളിക്കൂദാശാക്കാലം 3–ാം ഞായർ

(II കൊറ. 4, 16–5,5)

ഈ ലേഖനഭാഗത്തു് വി. അപ്പസ്തോലൻ തൻെറ കരിശുകൾ വഴി പ്രാപിക്കാനിരിക്കുന്ന മഹത്വത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു. ആ

www.malankaralibrary.com

മഹത്വം പ്രാപിക്കാം എന്ന പ്രത്യാശ ക്ലേശങ്ങരം സഹിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കുകയും ചെയ്യുന്നു.

ക്രിസ്ത്യാനിയുടെ ജീവിതം പ്രത്യാശയുടേതാണ്. കഷ്ടപ്പാടുകളും കരിശുകളും കൊണ്ടു് നിരാശരാകുവാൻ ഉള്ളവരല്ല ക്രിസ്ത്യാനികരം. ശോക നൈരാശ്യങ്ങളുടെയും അർത്ഥശൂന്യതയുടെയും ദുഃഖദുരിതങ്ങളുടെയും മററു വികാര വിക്ഷോഭങ്ങളുടെയും ഇരുട്ടുമുറിയിൽ കിടന്നു വീർപ്പുമുട്ടി നിരാശാഭരിതരാകേണ്ടവരല്ല അവർ. അവരുടെ ലോകം പ്രതീക്ഷാനിർഭരമാണു്; ശോഭനമായ ഒരു ഭാവിയെ മുന്നിൽ കണ്ടുകൊണ്ടു്, ആ ലക്ഷ്യത്തിലേക്കു് തീർത്ഥാടനം ചെയ്യുന്നവരാണവർ.

ഈ ജീവിതയാത്രയിലെ ക്ലേശങ്ങളിൽപ്പെട്ടു് (2 കൊറി. 4,8–10) നമ്മുടെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുന്നു എങ്കിലും, ആന്തരികമനുഷ്യൻ ശക്തിപ്പെട്ടുകയാണു്, നവീകരിക്കപ്പെട്ടുകയാണു്. ഗോതമ്പുമണി നിലത്തു വീണു് അഴിഞ്ഞു് പുതിയ ചെടി ഉണ്ടാകുന്നതുപോലെ നമ്മുടെ അനുദിന ക്ലേശങ്ങളിലൂടെ നമ്മുടെ ആന്തരികമനുഷ്യൻ നവീകരിക്കപ്പെടുന്നു. അങ്ങനെ അവ നമുക്കു് അനുഗ്രഹദായകമായിത്തീരുന്നു.

അനശ്വരവും അതുല്യവുമായ മഹത്വത്തെ ദർശിക്കുന്ന അപ്പസ്തോലനു് ഈ കഷ്ടപ്പാടുകരം എത്ര ക്ഷണികവും നിസ്സാരവും എന്നു് ബോദ്ധ്യപ്പെട്ടുകയാണു്. നിത്യമായ മഹത്വത്തെ പ്രാപിക്കാനുള്ള മാർഗ്ഗമാണു്, ചവിട്ടുപടിയാണു് ദൃശ്യമായ കഷ്ടപ്പാടുകരം. യാതനയുടെ ചെങ്കടൽ കടന്നു ചെന്നാൽ നിത്യാനന്ദത്തിൻെറ പാലും തേനും ഒഴുകുന്ന കാനാൻ ദേശത്തേക്കു് കടന്നു ചെല്ലാം. അഗ്നി, സ്വർണ്ണത്തെ എന്ന പോലെ ഈ ദുഃഖദുരിതങ്ങരം നമ്മുടെ ആന്തരികമനുഷ്യനെയും ശുദ്ധീകരിക്കും. അങ്ങനെ നിത്യമഹത്വത്തിനു് നാം അർഹരാകും.

അപ്പസ്തോലൻ തൻെറ ശരീരത്തെ ഒരു കൂടാരമായി വീക്ഷിക്കുന്നു, ഒരു താൽക്കാലിക ഭവനം. ശരീരത്തെ നികൃഷ്ടമായി കണക്കാക്കുന്ന ഗ്രേക്കോ – റോമൻ ചിന്താഗതിക്കു് സമാനമായ ഒരു വീക്ഷണമാണു് യഹൂദർക്കും ഉണ്ടായിരുന്നതു് (വിജ്ഞാ. 9, 15), എന്നാൽ വി. ശ്ലീഹായ്ക്കു് വിഭിന്നമായ വീക്ഷണമാണു് ഉള്ളതു്. സ്വർഗ്ഗത്തിലും ദൈവത്തിനു് ആരാധനയും, ശുശ്രൂഷയും അർപ്പിക്കുവാൻ സാധിക്കുന്ന, ഒരു ആത്മീയ ശരീരം, ഒരു നവ്യശരീരം, ദൈവം തനിക്കു നൽകുന്ന ദിനം കാത്തു കഴിയുകയാണു് അദ്ദേഹം. ദൈവം നമുക്കു് അച്ചാരമായി നൽകിയിരിക്കുന്ന ആത്മാവു തന്നെയാണു് ആ വരുവാനിരിക്കുന്ന നവജീവിതത്തിൻെറ, സൗഭാഗ്യത്തിൻെറ അച്ചാരവും. മിശിഹായിൽ നമ്മെ എപ്പോഴും വിജയത്തിലേക്കു നയിക്കുന്നവനായ ആ ദൈവാത്മാവിൻെറ നമ്മിലുള്ള അധിവാസമാണു് നമ്മെ ആ ജീവിതത്തിലേക്കു നയിക്കുക.

S. നെല്ലിക്കാട്ടു്

www.malankaralibrary.com

## നവംബർ 26. പള്ളിക്കൂദാശാകാലം. 4–ാം ഞായർ

## 1 കോറി. 15:20–28.

ക്രിസ്തു ഉയിർത്തെഴുന്നേററു എന്നതു് ഒരു സത്യമാണ്. ശ്ലീഹന്മാർ അനുഭവിച്ചറിഞ്ഞ യഥാർത്ഥ്യമായിരുന്നു അതു്. വി. പൗലോസും ആ യാഥാർത്ഥ്യം വ്യക്തിപരമായി അനുഭവിച്ചറിഞ്ഞു. സ്വന്തം അനുഭവത്തിൽ നിന്നു കൊണ്ടു് വിശ്വാസികളുടെ ഉയിർപ്പിനെപ്പററി കോറിന്തിലെ ക്രിസ്ത്യാനികളെ വി. ശ്ലീഹാ പഠിപ്പിക്കുന്നു.

### ക്രിസ്തു മരിച്ചവരുടെ ആദ്യഫലം

വിളവുമുഴുവൻ ദൈവത്തിനു സമർപ്പിക്കുന്നതിൻെറ പ്രതീകമായിട്ടാണ് ആദ്യ ഫലങ്ങൾ ദൈവത്തിനു സമർപ്പിച്ചിരുന്നതു് (റോമ. 11:16) ഇപ്രകാരം തന്നെ ക്രിസ്തു തൻെറ ഉയിർപ്പിലൂടെ മരിച്ചവരുടെ ആദ്യഫലമായിതീർന്നിരിക്കുന്നു. കാരണം ഉയിർത്തെഴുന്നേററ മിശിഹായുടെ മേൽ മരണത്തിനു യാതൊരു അധികാരവും ഇല്ലായിരുന്നു. ക്രിസ്തു തൻെറ ജീവിതകാലത്തു് പലരേയും ഉയിർപ്പിച്ചു. എന്നാൽ അവർ വീണ്ടും മരണ വിധേയരായിരുന്നു. അതിനാൽ അവർ മരിച്ചവരുടെ ആദ്യഫലമാകുന്നില്ല.

### ആദവും മിശിഹായും

ആദത്തിൻെറ അനുസരണമില്ലായ്മയുടെ ഫലമായി മരണം ആധിപത്യം നടത്തുന്നു (ഉല്പ. 3:17–19). എന്നാൽ മരണത്തെ പരാജയപ്പെടുത്തിക്കൊണ്ടു് ക്രിസ്തു മരിച്ചവരുടെ ആദ്യഫലമായി. വിശ്വാസവും മാമ്മോദീസായും വഴി ക്രിസ്തുവിനോടു് ഐക്യപ്പെട്ടിരിക്കുന്ന എല്ലാവരും അവിടുത്തെ ഉയിർപ്പിൽ പങ്കുകാരാകും. എന്തുകൊണ്ടെന്നാൽ പാപം ചെയ്യാതിരിക്കുമ്പോൾ, അവർ മിശിഹായുടെ മൗതിക ശരീരത്തിൻെറ അംഗങ്ങളാണ്. മിശിഹാ മഹത്വത്തോടുകൂടി പ്രത്യക്ഷപ്പെട്ടമ്പോൾ അവിടുത്തോടു് ഐക്യപ്പെട്ടിരിക്കുന്നവരും അവിടുത്തെ മഹത്വത്തിൽ പങ്കുകാരാകും. എന്നാൽ ഇതിനു മുമ്പായി എല്ലാ അധികാരവും ശക്തിയും, ഭരണവും മിശിഹായ്ക്കു വിധേയമാക്കപ്പെടേണ്ടിയിരിക്കുന്നു. അവസാന ശത്രുവായ മരണവും അവിടുത്തേയ്ക്കു വിധേയമാക്കപ്പെടേണ്ടിയിരിക്കുന്നു. ഈ പ്രവൃത്തി അന്ത്യനാളുകളിൽ മാത്രമേ അതിൻെറ പൂർണ്ണതയിലെത്തുന്നുള്ളു. സകലവും പുത്രനു വിധേയമായിക്കഴിയുമ്പോൾ പുത്രൻ പിതാവിനു സ്വയം സമർപ്പിക്കുന്നു. അങ്ങനെ പുത്രൻെറ ദൗത്യം പൂർണ്ണമാകുന്നു.

ക്രിസ്ത്യാനി മരണത്തിലൂടെ നിത്യജീവിതത്തിലേയ്ക്കു പ്രവേശിക്കുന്നു. അതിനാൽ മരണത്തെ ഭയപ്പെടേണ്ട ആവശ്യമില്ല.

സെബാസ്റ്റ്യൻ പേഴും തൊട്ടിയിൽ

www.malankaralibrary.com

## ഡിസംബർ 3: ആഗമനകാലം 1-ാം ഞായർ II തെസ്സ. 2, 3-10

### വ്യാജോപദേഷ്ടാക്കളെ സൂക്ഷിക്കുക

ചരിത്രാദികാലം മുതലേ മനുഷ്യനെ അവന്റെ സൽപഥത്തിൽ നിന്ന് വ്യതിചലിപ്പിക്കുകയും ദുഷ്കൃത്യങ്ങളിലേക്കു നയിക്കുകയും ചെയ്യുന്ന അന്തിക്രിസ്തുവിന്റെയും അനുയായികളുടെയും അബദ്ധസിദ്ധാന്തങ്ങളിൽനിന്നും അകന്നു നിൽക്കാൻ വി. പൗലോസ് അപ്പസ്തോലൻ തെസലോണിയാക്കാരെ ഉപദേശിക്കുകയാണ് ഈ ലേഖനഭാഗത്തിലൂടെ.

### അന്തിക്രിസ്തു വന്നിട്ടില്ല, വരുന്നതേയുള്ളു (V. 6-7)

ആരംഭത്തിലെ കൊലയാളിയും മനുഷ്യജീവിതത്തെ വികലമാക്കിയവനുമായ അന്ധകാരശക്തിയുടെ പരിപൂർണ്ണ പ്രഭാവത്തോടെയുള്ള ആഗമനം വരാനിരിക്കുന്നതേയുള്ളു. വർത്തമാനകാലത്ത് ഈ ശക്തി പ്രകടമാകുകില്ല. എന്നാൽ ഭാവിയിൽ ആവിർഭവിക്കും. ലോകാന്ത്യത്തിൽ അന്തിക്രിസ്തു ദൈവത്തിന് വിധേയനായിത്തീരും. രക്ഷാകര ചരിത്രത്തിൽ അന്തിക്രിസ്തുവിന്റെ പ്രവർത്തനം ദൈവവിധേയമാണ്. കാരണം ദൈവമാണ് ചരിത്രത്തെ രൂപപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതും. രക്ഷാകരചരിത്രത്തിൽ തന്റേതായ സ്ഥാനത്തെക്കുറിച്ച് ബോധവാനായിക്കൊണ്ട് ഓരോ വിശ്വാസിക്കും ധൈര്യപൂർവ്വം ജീവിക്കാം. അവന്റെ ജീവിതം ദൈവേഷ്ടത്തിന് വിധേയമായിരിക്കണമെന്നുമാത്രം.

### അന്തിക്രിസ്തുവിന്റെ അവസാനആവിർഭാവവുംനാശവും(വാ:8)

അവസാനനാളുകളിൽ അന്തിക്രിസ്തു തന്റെ സകലവിധ ശക്തികളോടും കൂടെ വ്യാപരിക്കും. സർവ്വരേയും വഴി തെറ്റിക്കുകയും അതിശയിപ്പിക്കുകയും ചെയ്യും. സാത്താന്റെ ശക്തിയും അടയാളങ്ങളും മനുഷ്യനെ ദുഷ്കർമ്മങ്ങളിലേക്ക് നയിക്കും (വെളി: 13.10). എന്നാൽ ജീവന്റെ നാഥൻ, ലോകനിയന്താവ് ആഗതനാകുമ്പോൾ എല്ലാം ശക്തിഹീനമാകും. അവൻ നാശമടയുകയും ചെയ്യും.

### അവിശ്വാസിയുടെ അനന്തരഫലം

ദൈവം അവസാനമായി വിജയിക്കും. വിനാശത്തിന്റെ ശക്തി നശിക്കും. വിശ്വാസിയാകട്ടെ തന്നെത്തന്നെ നിത്യരക്ഷയ്ക്കായി തയ്യാറാക്കേണ്ടിയിരിക്കുന്നു. അനുനിമിഷം ദൈവികാടയാളങ്ങളെയും പിശാചിന്റെ അത്ഭുതനാട്യങ്ങളെയും വേർതിരിച്ചറിയുവാൻ പ്രാപ്തനായിരിക്കണം ഒരു വിശ്വാസി. ക്രിസ്തുവിന്റെ ആവിർഭാവവും അവിടുത്തെ സന്ദേശത്തിന്റെ പ്രഘോഷണവും മനുഷ്യരെ രണ്ടു ചേരികളായി തിരിക്കും; ഒന്നുകിൽ ജീവന്റെ അല്ലെങ്കിൽ മരണത്തിന്റെ (1 കൊറ-

www.malankaralibrary.com

1. 18). രക്ഷയുടെ സന്ദേശത്തെ അവഗണിക്കുക വഴി ദൈവവുമായുള്ള ഐക്യം അവർ തിരസ്കരിക്കുന്നു. ഈ ജീവനാകട്ടെ സത്യം തന്നെയായ ക്രിസ്തുവിലൂടെ കൈവന്നതും.

സത്യത്തോടുള്ള സ്നേഹം സുവിശേഷത്തെ സ്വീകരിക്കാനുള്ള സദ്മനോഭാവവും തയ്യാറാകലുമാണ്, മനഃപൂർവ്വം ഇതിൽനിന്നു പിന്മാറുന്ന മനുഷ്യൻ സത്യത്തെ തിരസ്കരിക്കുന്നു. ഈ സത്യമാകട്ടെ ജീവനാണ്. വിനയത്തിലും വിധേയത്വത്തിലും ജീവിക്കുന്നവനേ ഈ സത്യത്തെ സ്വീകരിക്കാനാകൂ. ശിശുക്കളുടേയും ദരിദ്രരുടേതുമായ ഈ മനോഭാവത്തെ നമുക്കും സ്വീകരിക്കാം. അതു വഴി രക്ഷ പ്രാപിക്കുകയും ചെയ്യാം.

ആൻഡ്രൂസ് തെക്കേൽ

## ഡിസംബർ 10: ആഗമന കാലം 1—ാം ഞായർ എബ്രാ: 10, 1—10

പുതിയ നിയമത്തിലെ ബലിയുടെ പൂർണ്ണതയും ഏകതാനതയും വ്യക്തമാക്കുന്ന ഭാഗമാണിത്. ബലിവസ്തുവും ബലിയർപ്പകനുമായ ക്രിസ്തു തന്റെ ഫലദായകമായ അർപ്പണം വഴി പഴയ നിയമത്തിലെ ആവർത്തന വിരസവും ഫലരഹിതവുമായ ബലിക്ക് അന്ത്യം കുറിക്കുകയും —പുതിയ ഉടമ്പടിയുടെ ലക്ഷ്യം — പാപമോചനം – ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുകയും ചെയ്തു. പുതിയനിയമ ഗ്രന്ഥങ്ങളിൽ പല ഭാഗത്തും നിഴലിക്കുന്ന ഈ ആശയം വർണ്ണപ്പൊലിമയോടെ പ്രവചനപരമായ ശൈലിയിൽ ഇവിടെ ആവിഷ്ക്കരിച്ചിരിക്കുന്നു.

### (1) പഴയ നിയമത്തിലെ ബലി (1—4)

ദൈവ മനുഷ്യ സമാഗമം, ഐക്യം ഇതാണ് എല്ലാമതങ്ങളുടേയും, പൂജാവിധികളുടേയും ലക്ഷ്യം. പഴയ നിയമ ബലികൾക്ക് മനുഷ്യനെ പൂർണ്ണനാക്കാനോ, പാപവിമുക്തനാക്കി ദൈവവുമായി ഗാഢമായ ഐക്യത്തിലേയ്ക്ക് നയിക്കുവാനോ കഴിഞ്ഞില്ല പഴയനിയമബലി പുതിയ നിയമ ബലിയുടെ നിഴൽ മാത്രമാണ്. അതു അപൂർണ്ണവുമാണ്. പാപം അപരിമിത പ്രതാപവാനായ ദൈവത്തോട് ചെയ്യുന്നതാകയാൽ അതിൽ നിന്നും മുക്തി ലഭിക്കുന്നുവെങ്കിൽ, അപരിമിതമായ ബലി വസ്തു വേണം. കാളകളുടേയും കോലാടുകളുടേയും രക്തത്തിനു മനുഷ്യന്റെ പാപങ്ങൾ നീക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് മൂശയുടെ നിയമ പ്രകാരമുള്ള ബലികൾ ആവർത്തിക്കപ്പെട്ടിരുന്നതു്. എങ്കിലും മനുഷ്യന്റെ പാപാവസ്ഥയ്ക്ക് മാററം വന്നില്ല. നിയമാനുഷ്ഠാന കേന്ദ്രീകൃതമായ ജീവിതം നിഷേധാത്മകമാണെന്നും, മറിച്ചു കരുണാമയനായ ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടു ജീവിക്കുകയാണ് കരണീയമെന്നുമുള്ള വി. പൗലോസിന്റെ ചിന്തകൾക്കിവിടെ സാംഗത്യമുണ്ടു് (റോമ. 7). ഇതേ ആശയം തന്നെ വേറൊരു രൂപത്തിലിവിടെ

www.malankaralibrary.com

വിവരിക്കുന്നു. നിഷ്ഫലവും അപൂർണ്ണവുമായ ബലിയുടെയല്ല പ്രത്യുത പൂർണ്ണവും രക്ഷാകരവുമായ —ക്രിസ്തുവിന്റെ രക്തം ചിന്തിയുള്ള—ബലിയിലൂടെ മാത്രമെ ദൈവമനുഷ്യ ഐക്യം സാധിതമാവുകയുള്ളു.

## (2) പുതിയനിയമ ബലി 5—10

ദൈവ മനുഷ്യ സഖ്യത്തിനു് വിഘാതമായി വരുന്ന പാപപ്പരിഹാരം പൂർണ്ണമായും ക്രിസ്തുവിന്റെ ബലിയിലാണു് നടന്നതു്. മനുഷ്യനെ രക്ഷിക്കുവാൻ ക്രിസ്തുവിന്റെ രക്തബലിക്കു മാത്രമെ കഴിയൂ. ദൈവേഷ്ടത്തിനു് പൂർണ്ണമായും സമർപ്പിക്കുന്നതാണു് യഥാർത്ഥബലി. മനുഷ്യൻ തന്റെ സ്ഥാപിത താല്പര്യങ്ങൾ ഉപേക്ഷിച്ചു് ദൈവത്തെ പൂർണ്ണമായി അനുസരിക്കുമ്പോൾ ബലി ഒരു മഹനീയ കൃത്യമാകും, ഫലദായകമാകും. ബലി സ്നേഹത്തിന്റേയും ഭക്തിയുടേയും ബഹിർസ്ഫുരണമായിരിക്കണം. ഈ ദൃശ ചിന്താഗതികൾ പഴയനിയമത്തിൽ പല ഭാഗത്തും കാണാം (I Sam 15' 22 ;Psl. 50,14; Hosea 6,6, IS.1:10–20; Mich 6, 6-8 )

### സമാപനം

ക്രിസ്തു പൂർണ്ണമായും ദൈവത്തിന്റെ തിരുവിഷ്ടം നിറവേററി. അവിടുത്തെ പൂർണ്ണമായ അനുസരണം വഴിയുള്ള ബലിയർപ്പണത്തിലൂടെ നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ അതേ ബലിതന്നെയാണു് നാമിന്നും അർപ്പിക്കുന്നതു്. ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതു്. നമ്മുടെ 'അഹ'ത്തേയും അതിന്റെ ഇച്ഛകളേയും പരിത്യജിച്ചുകൊണ്ടു് (മക്കോ. 8:34) ദൈവത്തിനു് പൂർണ്ണമായി സമർപ്പിക്കുവാനാണു്.

ജോസഫ് പാനാമ്പുഴ

### ഡിസംബർ 17: ആഗമനകാലം 3ാം ഞായർ എഫേ. 3: 1–6

വി. പൗലോസ് ഈ ലേഖനം എഴുതുമ്പോൾ നീറോയുടെ മുമ്പിൽ വിചാരണ ചെയ്യപ്പെടുവാൻ, ജയിലിൽ കഴിയുകയായിരുന്നു. സംഘടിതമായ മതമർദ്ദനം ഇതുവരെയും ആരംഭിച്ചിട്ടില്ലായിരുന്നു. ഏതു പ്രകാരം വി. പൗലോസ് ഈ അവസ്ഥയെ നേരിട്ടു എന്നതു് ക്രൈസ്തവനു് എക്കാലത്തും പ്രചോദനമരുളുന്നതാണു്,

ക്രൂശിതനായ മിശിഹായെപ്രസംഗിച്ച വി. ശ്ലീഹാ (1 കോറി.1,23) ക്രിസ്തുവിന്റെ തടവുകാരനായതിൽ (എഫേ. 3,1; ഫിലേ 1,9) സന്തോഷിക്കുന്നു. മനുഷ്യരെല്ലാം ഒന്നിന്റെ അല്ലെങ്കിൽ മറെറാന്നിന്റെ തടവുകാരാണു്. ഏഷണത്രയ (ലോക, പുത്ര, വിത്ത) ങ്ങളോ, അഹം

www.malankaralibrary.com

ഭാവമൊ ഒക്കെ നമ്മെ തടവുകാരാക്കുന്നു. എന്നാൽ പുറജാതികളും അപ്പസ്തോലനെപ്പോലെ നാം ഓരോരുത്തരും മിശിഹായുടെ തടവുകാരാകണം. അതുവഴി ഉന്നതമായ ലക്ഷ്യമാണ് പൗലോസ് നേട്ടിയതു് —പുറജാതികളുടെ മാനസാന്തരം. അതുപോലെ ക്രിസ്തനാഥൻെറ സുവിശേഷം, അർത്ഥശൂന്യത നമ്മിൽനിന്നകററി, സദ്ഭാർത്ഥയായി പരിലസിക്കട്ടെ.

വി. പൗലോസ് തൻെറ ജീവിത ലക്ഷ്യമായി കണ്ടതു്, ദൈവജനത്തിനു പ്രസാദവരം പകർന്നുകൊടുക്കുന്ന ഒരു ചാനലായി വർത്തിക്കുക എന്നതിലായിരുന്നു; ഇലക്ട്രിക് കമ്പിയിലൂടെ പകർന്ന വൈദ്യുതി, കമ്പിക്കല്ലല്ലൊ. ക്രൈസ്തവ ജീവിതത്തിൽ, ക്രിസ്തു അനുഭവത്തിൻെറ വററാത്ത നീരുറവ നമുക്കു നൽകപ്പെട്ടിരിക്കുന്നതു് മടിയനു കിട്ടിയ നിധിപോലെ സൂക്ഷിച്ചുവെക്കാനല്ല. മററുള്ളവർക്കു പകർന്നു കൊടുക്കാനാണ്.

ക്രിസ്തുവിനുവേണ്ടി പഠിപ്പിക്കുന്നതിലും, പാടുന്നതിലും 'ഭരണം' നടത്തുന്നതിലും പ്രസംഗിക്കുന്നതിലും, സ്വജീവിതത്തിൻെറ ഓരോ നിമിഷവും ചിലവിടുന്നതിലും — തന്നെ അവിടുത്തേക്കു് തടവുകാരനാക്കുന്നതിലും — പൗലോസ് ജീവിത സായൂജ്യം കണ്ടെത്തി. തൻെറ സേവനത്തിൻെറ പാത, പുഷ്പങ്ങൾ വിരിച്ചതാകണമെന്നാഗ്രഹിച്ചില്ല. തന്നെത്തന്നെ പരിപൂർണ്ണമായി ഒരു ഉപകരണമാക്കി, ദൈവതൃക്കരങ്ങളിൽ. അതു തന്നെയല്ലേ നാമും ചെയ്യേണ്ടതു്?

തടത്തിൽ

## ഡിസംബർ 24: ആഗമനകാലം 4—ാം ഞായർ റോമാ. 15:7–13

## ഐകമത്യം ക്രിസ്തുശിഷ്യൻെറ മുഖമുദ്ര

റോമാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് അപ്പസ്തോലൻ, ക്രിസ്തുശിഷ്യൻെറ പ്രഥമവും പ്രധാനവുമായ കടമ ക്രിസ്തുവിലുള്ള ഐകമത്യമാണെന്നു് വ്യക്തമാക്കുന്നു.

### ആത്മദാനം

ക്രിസ്തു ശിരസ്സായുള്ള മൗതീകശരീരത്തിലെ അംഗങ്ങളായ നാം പരസ്പരം സഹകരിക്കുവാനും സമർപ്പിക്കുവാനും കടപ്പെട്ടവരാകുന്നു. ജ്ഞാനസ്നാനത്തിലൂടെ ഒരേ ശരീരത്തിലെ വിവിധ അവയവങ്ങളായിത്തീർന്ന നാം ആത്മദാനത്തിലൂടെ മാത്രമേ പരിപോഷിതരാകുകയുള്ളൂ. ശരീരശാസ്ത്രദൃഷ്ട്യാ, ഒരു ശരീരത്തിൽ വിഭിന്നങ്ങളായ അവയവങ്ങളുണ്ടെങ്കിലും അവ പരസ്പരം യോജിച്ചിരിക്കുന്നതുകൊണ്ടാണ് അതു് ഏക ശരീ

www.malankaralibrary.com

രമായി നിലകൊള്ളുന്നത്. (1 കൊറി 12) അതുകൊണ്ട് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഒന്നായിരിക്കുന്ന നാം അന്യോന്യം ആത്മാർപ്പണം ചെയ്താലേ നമ്മുടെ ക്രൈസ്തവത്വം മൂല്യമുള്ളതാകുകയുള്ളു. ശ്ലൈഹികകാലസഭയുടെ പ്രത്യേകത അതായിരുന്നു. അവർ ഒരുമിച്ചുകൂടി എവുക്കാറെസ്തിയ മുറിക്കുകയും, ഓരോരുത്തനും ആവശ്യമായവ പരസ്പരം നൽകുകയും ചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു (നടപടി 2: 42-45).

## ദൈവമഹത്വം

ക്രിസ്തുശിഷ്യൻെറ മുഖമുദ്രയായ സഹവർത്തിത്വം, കൂട്ടായ്മ, ഐകമത്യം, ആത്മദാനം തുടങ്ങിയവ ദൈവമഹത്വത്തെ പ്രതിഫലിപ്പിക്കുന്നു. ദൈവമഹത്വമാണ് ദൈവാരൂപിയുടെ ചൈതന്യത്താൽ നയിക്കപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്.

## ക്രിസ്തു നമ്മുടെ മാതൃക

സഹവർത്തിത്വത്തിനുള്ള ആധാരരേഖയായി വി. ശ്ലീഹാ ചൂണ്ടിക്കാട്ടുന്നത് മററുള്ളവർക്കുവേണ്ടി സ്വയം ഹോമിക്കപ്പെട്ട ക്രിസ്തുവിനെയാണ്. ദൈവത്തിൻെറ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരിക്കുന്നതിനുവേണ്ടി, ക്രിസ്തു പരിഛേദനത്തിനുപോലും വിധേയനായി. ക്രിസ്തുവിൻെറ സദ്വാർത്ത വിജാതീയർക്കും നൽകുകയെന്നത് ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ ഉൾപ്പെട്ടിരുന്നതാണെന്നു പ്രസ്താവിക്കുവാൻ അപ്പസ്തോലൻ പഴയനിയമത്തെ ഉദ്ധരിക്കുന്നു. (സങ്കീ: 13/49, ദിനവൃത്താന്തം 32/43, സങ്കീ: 117/1, ഐസ. 11/10 ) നിയമവും പ്രവാചകന്മാരും, വിജാതീയർക്കും ദൈവരാജ്യത്തിൽ അംഗത്വം കല്പിച്ചിരുന്നുവെന്ന് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു. തന്മൂലം ദൈവീകപദ്ധതിയിൽ വിജാതീയരെന്നോ, സ്വജാതീയരെന്നോ, യഹൂദന്മാരെന്നോ വിവേചനമില്ലാത്തതുകൊണ്ട്, സർവ്വരും പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് വി. ശ്ലീഹാ ആഹ്വാനം ചെയ്യുന്നു.

ജേക്കബ് വടക്കേൽ.

## ഡിസംബർ 25: ന. ക. പിറവിത്തിരുനാൾ യോഹ: 1, 1—4

ഈ ലേഖനഭാഗത്ത് ഗ്രന്ഥകർത്താവിൻെറ ഉദ്ദേശ്യം, അനുഭവം, തനിക്കു നൽകുവാനുള്ള അടിസ്ഥാനപരമായ സന്ദേശം എന്നിവ പ്രതിപാദിച്ചിരിക്കുന്നു.

1 ഉദ്ദേശ്യം :

(a) ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും തമ്മിലുണ്ടായിരിക്കേണ്ട സൗഹൃദം പ്രഘോഷിക്കുക. ദൈവോന്മുഖവും പരോന്മുഖവു

www.malankaralibrary.com

മായ സ്നേഹമാണ് ക്രിസ്തുമതത്തിൻെറ അന്തസ്സത്ത. ക്രിസ്തീയജീവിതം ഒരനുഭവമാണ്. പരസ്പരമുള്ള സൗഹൃദാവസ്ഥയിലൂടെയുള്ള ഒരു തുടർച്ചയാണതു് (Becoming). (b) ക്രിസ്തീയജീവിതം ആനന്ദനിർഭരമാക്കുവാനാണ് ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നതു്. (c) തനിക്കു് അനുഭവവേദ്യമായ നിത്യജീവനെ അനുവാചകർക്ക് പങ്കുവയ്ക്കുകയാണ് ഗ്രന്ഥകർത്താവിൻെറ മറെറാരു ഉദ്ദേശ്യം.

## II ക്രിസ്ത്വാനുഭവം

1–4 വരെയുള്ള വാക്യങ്ങൾ നാലാമത്തെ സുവിശേഷത്തിൻെറ ആമുഖമായും, ഉത്പത്തി ആദ്യദ്ധ്യായങ്ങളുമായും ബന്ധമുണ്ട്. (Jn 1:2). 'കേൾക്കുക', 'കാണുക', 'നോക്കുക', 'സ്പർശിക്കുക' എന്നീ ക്രിയകൾ ശ്രദ്ധേയമാണിവിടെ. അനുഭവത്തിൽ നിന്നാണ് താനെഴുതുന്നതെന്ന് ശ്ലീഹാ തറപ്പിച്ചു പറയുന്നു (Act 22:15). 'കാണുകയും' (Horam) 'നോക്കുകയും' (Thesthai) എന്നിവയ്ക്കു് അർത്ഥത്തിൽ അന്തരമുണ്ട്. 'നോക്കുക' യെന്നതു് ക്രിസ്തുവിൽ വെളിവായ രഹസ്യങ്ങളറിയുവാനുള്ള അന്വേഷണനിരതയെയാണ് സൂചിപ്പിക്കുന്നതു്. അതു് കേവലം 'കാണൽ' അല്ല. (Jn 1:14; Lk 7, 24) 'ഞങ്ങൾ' എന്നതുകൊണ്ട് ക്രിസ്തു സംഭവങ്ങൾക്ക് ദൃക്സാക്ഷിയായ ഒരു സമൂഹത്തെയോ, അഥവാ എല്ലാ വിശ്വാസികളെയോ വിവക്ഷിച്ചേക്കാമെന്നാണ് പണ്ഡിതമതം. 'സ്പർശിക്കുക' എന്ന പ്രയോഗത്തിലൂടെ 'ക്രിസ്തു' എന്നതു് ഒരു മിഥ്യയല്ലെന്നും, ക്രിസ്തീയസന്ദേശം വസ്തുനിഷ്ഠമായ ചരിത്രത്തിലൂടെയും; കർതൃനിഷ്ഠമായ അനുഭവത്തിലൂടെയും സത്യമാണെന്ന് വ്യക്തമാക്കാമെന്നും ഇവിടെ സ്പഷ്ടമാക്കുന്നു.

## III ക്രിസ്തുവിൽ ദൈവം സ്വയം വെളിപ്പെടുത്തി – അടിസ്ഥാന സന്ദേശം

ദൈവം ക്രിസ്തുവിലൂടെ വെളിപ്പെടുത്തുവാൻ സ്വയം തീരുമാനിച്ചു. ക്രിസ്തു അങ്ങനെ ചരിത്രത്തിൻെറ കേന്ദ്രബിന്ദുവായി, യുഗാന്ത്യമായി (Jn 19:30). പഴയ യുഗത്തിൻെറ സ്ഥാനത്തു് പുതിയൊരു യുഗമങ്ങനെ ഉദയം ചെയ്തു. നിത്യജീവനെന്നതു് മരണാനന്തര യാഥാർത്ഥ്യം മാത്രമായി തരംതാഴ്ത്തരുതു്. ഇപ്പോൾമുതൽ ഉൾക്കൊള്ളേണ്ട അനുഭവിക്കേണ്ട ഒന്നാണ് (1 Jn 5,13). നിത്യജീവനെന്നതു് ദൈവികവും മാനുഷികവുമായ സൗഹൃദത്തിലാണ് സ്ഥിതിചെയ്യുന്നതു്. മനുഷ്യൻ സ്വഭാവത്താലെ സൗഹൃദത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സ്നേഹത്തിൽ വസിക്കുമ്പോൾ നിത്യജീവൻ യാഥാർത്ഥ്യമാകുവാൻ തുടങ്ങുന്നു (1 Jn 3, 11–18). സഭയിലുണ്ടായിരിക്കേണ്ട സൗഹൃദത്തെപ്പററി ക്രിസ്തു സുവിശേഷത്തിൽ പല ഭാഗത്തും പ്രസ്താവിക്കുന്നുണ്ട് (Jn 15, 1–6; Rom 12; 4–15). ഇപ്രകാരം സ്നേഹത്തിലും സഹവർത്തിത്വത്തിലും ജീവിക്കുമ്പോൾ

www.malankaralibrary.com

ക്രിസ്തീയജീവിതം ആനന്ദദായകമായിത്തീരും, അനുഭവമായിത്തീരും. മനുഷ്യനിലുള്ള അമർത്ത്യതയുടെ ബീജം വളരുവാൻ തുടങ്ങും.

ജോസഫ് പാനാമ്പുഴ

## ഡിസം: 31: പിറവി 1—ാം ഞായർ ഗലാ 4: 21—31

## നിത്യരക്ഷക്കടിസ്ഥാനം മിശിഹായിലുള്ള വിശ്വാസം

മോശയുടെ നിയമങ്ങളനുസരിച്ചതുകൊണ്ടുമാത്രം ഒരുവന് നിത്യരക്ഷ പ്രാപിക്കുകയില്ല, പ്രത്യുത മിശിഹായിലുള്ള വിശ്വാസമാണ് അതിന് അനിവാര്യമായിരിക്കേണ്ടത് എന്ന് ഗലാത്തിയരെ ഉദ്ബോധിപ്പിക്കുകയാണ് ഈ ലേഖനഭാഗത്തിലൂടെ വി. പൗലോസ് ചെയ്യുന്നത്. മശിഹായിലൂടെ നിയമത്തിന്റെ ആധിപത്യത്തിൽനിന്നുള്ള മോചനസമയവും ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യയുഗവും ആരംഭിച്ചിരിക്കുകയാണ്. നിയമത്തിൽമാത്രം ആശ്രയിക്കുന്നവർക്ക് എന്തു സംഭവിക്കുന്നു എന്ന് കാണിക്കുന്നതിനുവേണ്ടി വി. പൗലോസ് പഴയനിയമത്തിൽനിന്നും (ഉത്പത്തി 16—17) ഒരു കഥ വിവരിക്കുന്നു.

### കഥാസംഗ്രഹം:

അബ്രാഹവും സാറായും വൃദ്ധരായിട്ടും മക്കളില്ല. ഒരു കുട്ടിയുണ്ടാകുന്നതിനുവേണ്ടി അബ്രാഹത്തെ ദാസിയായ ഹാഗാറിന്റെ അടുക്കലേയ്ക്ക് സാറാ വിടുന്നു. അന്നത്തെ നിയമം അതനുവദിച്ചിരുന്നു. അങ്ങനെ ഇസ്മായേൽ ജനിക്കുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ദൈവത്തിന്റെ വാഗ്ദാനപ്രകാരം സാറായിൽനിന്നും ഇസഹാക്ക് ജനിക്കുന്നു. കുട്ടികൾ രണ്ടും വളർന്നു. ഹാഗാർ വന്ധ്യയായിരുന്ന സാറായെ പരിഹസിച്ചിരുന്നു. ഇസ്മായേൽ ഇസഹാക്കിനെ ദ്രോഹിക്കുവാൻ തുടങ്ങി. അതിനാൽ അവർ നിഷ്ക്കാസിതരാക്കപ്പെട്ടു.

ഇസ്മായേലിന്റേതു് സ്വാഭാവിക ജനനമായിരുന്നു. എന്നാൽ ദൈവത്തിന്റെ വാഗ്ദാനപ്രകാരമാണ് ഇസഹാക്ക് ജനിച്ചത്. ഹാഗാർ അടിമയായിരുന്നു; സാറാ സ്വതന്ത്രയും. പൗലോസിന്റെ വീക്ഷണത്തിൽ ഹാഗാർ സീനായ് മലയിലെ ഉടമ്പടിയുടെ പ്രതീകവും, സാറാ ക്രിസ്തുവിലുള്ള പുതിയ ഉടമ്പടിയുടെ പ്രതീകവുമാണ്. ഇവിടെ ദൈവം മനുഷ്യരുമായി ഇടപെടുന്നതു് നിയമം വഴിയല്ല പ്രത്യുത പ്രസാദവരം വഴിയാണ്.

ഹാഗാർ=അടിമ=സീനായ്= നിയമം=ജഡികം=ഭൗമിക ജറുസലം = അടിമകളുടെ അമ്മ.

സാറാ= സ്വതന്ത്ര=വാഗ്ദാനം= വിശ്വാസം= അരൂപി=സ്വർഗ്ഗീയ ജറുസലം = സ്വതന്ത്രരുടെ മാതാവ്.

ക്രിസ്ത്യാനികളായ നാമെല്ലാവരും ഇസഹാക്കിനേപ്പോലെ വാഗ്ദാനത്തിന്റെ സന്തതികളാണ്. (4: 28) നാമെല്ലാം സ്വതന്ത്രയുടെ

www.malankaralibrary.com

മക്കളാണ്. ഈ പുതിയ ഉടമ്പടിയിൽ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നു. നിയമത്തിന് അടിമകളായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ഹാഗാറിന്റെ സന്തതികളും ക്രിസ്തുവിൽ ജീവിക്കുന്നവർ സാറായുടെ സന്തതികളുമാണ്. നിയമം ജീവിതതത്വമായി എടുത്തിരിക്കുന്ന ഒരു വ്യക്തി എന്നും അടിമയാണ്. എന്നാൽ പ്രസാദവരം ജീവിതാടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്ന ഒരാൾ സ്നേഹത്തിൽ വളരുന്നവനാണ്. അവൻ സ്വതന്ത്രനാണ്. നമ്മെ നേർവഴിക്ക് നയിക്കുന്നത് നിയമത്തിന്റെ ശക്തിയല്ല പ്രത്യുത സ്നേഹത്തിന്റെ ശക്തിയാണ്.

ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും അവിടുത്തോടുള്ള വിധേയത്വവും മൂലമാണ് അബ്രാഹത്തെ ഇസ്രായേൽ ജനതയുടെ പിതാവായി ദൈവം തെരഞ്ഞെടുത്തത്. തൊണ്ണൂറ് വയസ്സായ സാറാ ഗർഭിണിയാകുന്നത് അവളുടെ വിശ്വാസം മൂലമാണ്.

അന്ന് ഇസ്മായേൽ സ്വതന്ത്രയുടെ പുത്രനെ പീഡിപ്പിച്ചതുപോലെ (4: 29-30), ഇന്ന് ദൈവത്തിൽ വിശ്വസിക്കാത്തവരും ഈശ്വരനിഷേധികളും സഭാതനയരെ പീഡിപ്പിക്കുന്നുണ്ട്. ലോകത്തിൽനിന്ന് വിവിധ തരത്തിലുള്ള പീഡനങ്ങളാണ് സഭ ഇന്ന് അഭിമുഖീകരിക്കുന്നത്. എന്നാൽ അടിമയും അവളുടെ പുത്രനും ബഹിഷ്കൃതരാക്കപ്പെട്ടതുപോലെ അവസാനം ജഡത്തിന്റെ സന്തതികളും ദൈവത്തിൽനിന്ന് പുറത്താക്കപ്പെടും.

തോമസ് കണ്ണാങ്കൽ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com